KOTTAYAM PUBLIC LIBRARY

Call No MF2 Acc. No 4595

Author രാമൻ നമ്പ്യാർ, കെ

Title ഗോദവർമ്മ

No: 4595

# ശോഭവൎമ്മാ

പുസ്തകം 2.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

KOTTAYAM PUBLIC LIBRARY

By

K. RAMAN NAMBIAR.

*Printed & Published by*

**M. LONA, MALIAMMAVU.**

Proprietor:

**BHARATHA VILASAM PRESS & BOOK-DEPOT,**

**TRICHUR.**

1950.

വില 1—4—0.

(Copy-Right Reserved)

HF2

# മുഖവുര

ഗോദവമ്മ രണ്ടാംപുസ്തകം സജ്ജനസമക്ഷം സമപ്പിച്ചുകൊള്ളട്ടെ. ഒന്നാംപുസ്തകത്തിൻെറയും വെള്ളിമുദ്രയുടെയും പ്രസിദ്ധീകരണങ്ങൾക്കശേഷം കാലദൈർഘ്യം അശേഷം കൂടാതെ മറെറാന്നിൽ കടന്നു കൈവെച്ച ചാപലത്തിന്നു ഒന്നാംപുസ്തകത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ള സമാധാനങ്ങൾ മാത്രമെ എനിക്കു് ഇപ്പോഴും എടുത്തു പറവാനുള്ളു. പുസ്തകം വായിച്ചു് "മുഷിച്ചൽ" തോന്നുവാൻ തുടങ്ങുമ്പോഴക്കും കഥാവസ്തു കലാശിക്കുംവിധം ഉള്ള ചെറുപുസ്തകങ്ങൾ അനുകരണരീത്യാ എഴുതുന്നതു് സാഹിത്യരസികന്മാക്കു സംതൃപ്തികരമായിത്തീരുമെന്നു തന്നെ ഞാൻ അവ്യാജമായി വിശ്വസിക്കുന്നു.

ഈ പുസ്തകം ഒന്നാംപുസ്തകത്തിൻെറ തുടച്ചയല്ല: പ്രസ്തുതകഥ വായിക്കുന്നതിന്നു് ഒന്നാംപുസ്തകം അപേക്ഷിക്കപ്പെടേണ്ടതായിട്ടില്ലതാനും. ഇതിലെ കഥാകാലം അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതിനെക്കാൾ കുറെ മുമ്പാണു്.

എൻെറ ബദ്ധപ്പെടുത്തൽനിമിത്തം അങ്ങുമിങ്ങുമായി അച്ചടിപ്പിഴവുകൾ ക്ഷന്തവ്യസീമയേയും കടന്നു നില്ക്കുന്നുണ്ടു്. അവയെ മാന്യസഹൃദയന്മാർ സദയം ക്ഷമിച്ചു് ഈ പുസ്തകത്തെ അനുഗ്രഹിപ്പാൻ വിനയപൂവ്വം അപേക്ഷിച്ചുകൊള്ളുന്നു.

എന്നു്

K. RAMAN NAMBIAR.

# ഗോദവർമ്മാ

(രണ്ടാം പുസ്തകം)

## I

താതന്നിന്നരചെയ്തവണ്ണം ഞാൻ ചെയ്തീടുവ-
നേതുമിന്നതിനില്ല സംശയമറിഞ്ഞാലും.

അവരോധസമയത്തു ബ്രാഹ്മണസംഘത്തിനോടു ചെയ്ത പ്രതിജ്ഞകളാൽ ബദ്ധന്മാരായ പെരുമാക്കന്മാർ ബ്രാഹ്മണരുടെ ആഗ്രഹങ്ങൾക്കു് അടിമപ്പെടുത്തീട്ടുള്ള ഭരണസമ്പ്രദായത്തെ സ്വീകരിച്ചു് കുറേക്കാലം കേരളത്തെ ഭരിച്ചു. കേരളം തങ്ങളുടെ പൂർവ്വസ്വത്താണെന്നും ഇതരവർഗ്ഗങ്ങൾ തങ്ങളുടെ ആജ്ഞാകരന്മാരായ അടിമവർഗ്ഗങ്ങൾ മാത്രമാണെന്നും ഉണ്ടായ ഒരു ബോധം കാലചക്രത്തിന്റെ അനേകഭ്രമണങ്ങൾ കഴിഞ്ഞതിന്നു ശേഷവും അവരുടെ മനസ്സിൽനിന്നു നിഃശ്ശേഷം മാഞ്ഞുപോയിട്ടുണ്ടായിരുന്നില്ല. മുമ്പു അവരാൽ നിർമ്മിതമായ ഭരണനയത്തെ അവലംബമാക്കി ഭരിച്ചുവന്ന പെരുമാക്കന്മാരാൽ, ആശാസ്യങ്ങളല്ലാത്ത ചില നീതിനിയമങ്ങൾ നിലനിർത്തേണ്ടതായി വന്നിരുന്നു. ബ്രാഹ്മണർക്കും, അവർക്കു പ്രിയപ്പെട്ട മറ്റുചിലർക്കും, ശിക്ഷാനിയമത്തിൽ ഇടമനുവദിക്കപ്പെട്ടിരുന്നില്ല. ബന്ധാർഹന്മാരായിരുന്ന പാതകികൾ രാജദണ്ഡനത്തിന്റെ നിപാതത്തിൽനിന്നു ഒഴിഞ്ഞു പരമാനന്ദം അനുഭവിക്കുകയും, പ്രത്യുത നിരപരാധരായ പുരുഷരത്നങ്ങൾ അഹേതുകമായി മരണശിക്ഷ അനുഭവിക്കേണ്ടിവരികയും ചെയ്തു. പൂ

ൎവ്വാൎജ്ജിതമായോ സ്വാൎജ്ജിതമായോ ഉള്ള സ്വത്തി
ന്റെ പരിപുഷ്ടി, സാഹിത്യകുശലത, ജനസമ്മതി,
പരാപേക്ഷാരഹിതമായ ഉപജീവനം എന്നിങ്ങിനെ
യുള്ള എനങ്ങൾ ബ്രാഹ്മണേതരന്മാരിൽ സംഘടിച്ചു
പ്രത്യക്ഷപ്പെട്ടുന്നതാണ് അന്നത്തെ ബ്രാഹ്മണരിൽ
ചിലൎക്കു ഹൃദയോന്മേഷത്തെ ഭഗ്നമാക്കിയിരുന്നതു്.
ഒരാൾ എത്രതന്നെ സദാചാരനിരതനായിരുന്നാലും
ബ്രാഹ്മണരുടെ കോപം ആയാളുടെ തേജോവധത്തി
ന്നു ഹേതുവാകുമാറുണ്ടായിരുന്നു. മാന്യപദവിയോ
ടും സമ്പൽസമൃദ്ധിയോടുംകൂടി പുലൎന്നുപോന്നിരുന്ന
കുടുംബങ്ങൾ നിസ്വസ്ഥിതിയിലേയ്ക്കു അധഃപതി
ക്കുകയും, നിസ്വന്മാരും 'സേവാ'തന്ത്രങ്ങളിൽ പാ
ണ്ഡിത്യം സിദ്ധിച്ചവരുമായവർ കുബേരഹൎമ്മ്യങ്ങളി
ലേയ്ക്കു കേറുകയും ചെയ്തു. ബ്രാഹ്മണഭരണത്തെ ഗൎഹി
ച്ചു പരദേശികന്മാരെ ചെങ്കോൽ ഏല്പിപ്പാൻ ബദ്ധ
കങ്കണന്മാരായി പ്രസംഗങ്ങൾ നടത്തി കാൎയ്യസിദ്ധി
വരുത്തിയ പൌരപ്രധാനന്മാരിൽ പകവീളുന്ന പ്ര
കാരം ബ്രാഹ്മണർ പെരുമാക്കന്മാരെക്കൊണ്ടു വിവി
ധപ്രകാരങ്ങളിലുള്ള ദ്രോഹകൃത്യങ്ങൾ പ്രവൎത്തിപ്പി
ച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. സാഹസിക
ത്വം, മനഃകാഠിന്യം എന്നിവയിൽ വിജയം നേടി
യവർ ഭരണനിൎവ്വഹണങ്ങളിൽ പങ്കുകൊള്ളുവാൻ
അൎഹരായിരുന്നു. അങ്ങിനെയുള്ള ഗുണപൂൎണ്ണത നിമി
ത്തം ബ്രാഹ്മണസംഘത്തിന്റെ സുസ്ഥിരപ്രണയത്തി
ന്നു പ്രഥമഭാജനങ്ങളായ്ച്ചമഞ്ഞതു് പ്രമത്തൻനമ്പൂ
തിരിയും ശേഖരക്കുറുപ്പുമായിരുന്നു ഗോദവൎമ്മ ഒന്നാം
പുസ്തകം വായിച്ചിട്ടുള്ളവൎക്കു പ്രമത്തൻനമ്പൂതിരി
യെപ്പററി അറിവുണ്ടായിരിക്കുന്നതാണ്. എന്നാൽ

സർവാധികാരി എന്ന നില നമ്പൂതിരിക്കു ഇപ്പോളില്ല. തിരുനാവായക്കു സമീപമുള്ള ആറങ്ങൽ ശേഖരക്കുറുപ്പു് ഒരു വലുതായ തറവാട്ടിലെ അംഗമാണു്. അക്കാലത്തു പ്രചാരമുണ്ടായിരുന്ന അഭ്യാസമുറകളിൽ അതിസമൎത്ഥനും ബ്രാഹ്മണസംഘത്തിന്നു പൊതുവെ പ്രിയനുമായിരുന്നു. ലോകവ്യവഹാരങ്ങളിൽ വിദഗ്ദ്ധനാണു്. യജമാനപ്രീതിക്കുവേണ്ടി എന്തുതന്നെ ചെയ്യാനും സന്നദ്ധനായിരുന്നു. ബ്രാഹ്മണപക്ഷക്കാരനായിരുന്നതിനാൽ പൗരപ്രധാനന്മാൎക്കു പരക്കെ അദ്ദേഹത്തോടു് രസമുണ്ടായിരുന്നില്ല. പ്രബലമായുള്ള പിൻതാങ്ങുണ്ടായിരുന്നതിനാലും സ്വന്തമായുള്ള തന്ത്രകൗശലതയാലും അവരുടെ രസക്ഷയം കൊണ്ടു ശേഖരക്കുറുപ്പു കലുങ്ങിയില്ല. പ്രമത്തൻനമ്പൂതിരിയും കുറുപ്പും, പെരുമാളുടെ ഭരണസീമയ്ക്കുള്ളിൽ ബ്രാഹ്മണർ വഴിയ്ക്കു തങ്ങൾക്കു ലബ്ധമായ അധികാരത്തെ അതികഠിനമായ നിലയിൽതന്നെ നിൎവഹിച്ചു. ഇവർ രണ്ടുപേരും രണ്ടു ധൂമകേതുക്കളെപ്പോലെ പൗരജനത്തെ സന്ത്രസിപ്പിച്ചു. അവരുടെ മൎദ്ദനത്തെ ഭയപ്പെട്ടു പൗരപ്രധാനന്മാരിൽ മിക്കപേൎക്കും തങ്ങൾക്കു അത്യന്തം പ്രിയമായുള്ളവരെ ഗൂഢസ്ഥലങ്ങളിലും മറവും മറച്ചു സംരക്ഷിക്കേണ്ടിവന്നു. രാജശാസനാപത്രമില്ലാതെ ആരും അതിൎത്തി വിട്ടുപോകാതിരിപ്പാൻ വേണ്ടുന്ന "കരുതലും കാവലും" ഊൎജ്ജിതമായുണ്ടായിരുന്നു. ദ്രവ്യാൎപ്പണംകൊണ്ടും ദേഹാൎപ്പണംകൊണ്ടും പ്രഭുകുടുംബക്കാരിൽ അസംഖ്യംപേൎക്കു അവരെ സന്തൎപ്പിക്കേണ്ടിവന്നു. പെരുമാളുടെ തിരുമുമ്പിൽ ചെന്നുള്ള ആവലാധിനിവേദനംപോലും നമ്പൂതിരിയുടേയും കുറുപ്പിന്റെയും ദുൎന്നയങ്ങളു

ടെ നിവൃത്തിസാധകമായിരുന്നില്ല. "കേൾപ്പോരും കേൾവിയും" ഇല്ലാത്ത വാഴ്ചക്കാലത്തു ജനങ്ങൾക്ക ആത്മരക്ഷയ്ക്കു മാത്രമായി അല്പമായുള്ള ആയുധാഭ്യാസവും കളരികളിൽ പയററും അത്യാവശ്യകങ്ങളാണെന്നുള്ള ബോധംവന്നു. "കയ്യൂക്കുള്ളവൻകാൎയ്യക്കാൻ" എന്ന നിലയാണു് അവർ അന്നു കണ്ടതു്. ഈവക പയററുകൾക്കും, ആയുധാഭ്യാസങ്ങൾക്കും, അക്കാലത്തു കടത്തനാട്ടു് ഒരു മുഖ്യസങ്കേതസ്ഥാനമായിതീൎന്നു. കോഴിക്കോട്ടു്, തലശ്ശേരി, പാലക്കാട്ടു് എന്ന ഇന്നുള്ള വിഭാഗങ്ങളൊട്ടുകൂടിയ രാജ്യാംശങ്ങളിൽനിന്നും യുവജനങ്ങൾ മേൽപറഞ്ഞ സ്ഥലത്തുചെന്നു ശസ്ത്രകലകളിൽ വൈദഗ്ദ്ധ്യം നേടിവന്നു. അങ്ങിനെ കാലങ്ങൾ കഴിഞ്ഞതിന്നുശേഷം യുദ്ധമുറ ശീലിച്ചിട്ടില്ലാത്ത യുവജനങ്ങൾ രാജ്യത്തിന്റെ ഒരു കോണിലും ഇല്ലെന്നുള്ള നിലയിലായി. എന്നാൽ രാജ്യവിസ്തൃതിയെ വൎദ്ധിപ്പിക്കേണ്ടതിന്നു വേണ്ടിവരുന്ന സംഗ്രാമസംരംഭങ്ങളിൽ ഗണ്യമായ സഹകരണത്തിന്നു തക്ക ശൌൎയ്യപൌഷ്കല്യം പൂണ്ടിരുന്ന ഇവരെ ഭരണാധികാരികൾ പ്രോത്സാഹിപ്പിക്കുകയോ അഭിനന്ദിക്കുകയോ ചെയ്തില്ല. കാലഗതിയ്ക്കു തടവു് എൾടും തന്നെ ഉണ്ടാകുന്നതല്ലല്ലൊ. രണകൌശലവും, യൌവനവും, ധൈൎയ്യവും തികഞ്ഞ യുവാക്കന്മാരിൽ മിക്കപേൎക്കും അക്കാലത്തു അലസന്മാരായിരിക്കേണ്ടിവന്നതിനാൽ അനാശാസ്യങ്ങളായുള്ള വിഷയങ്ങളിലേയ്ക്കാണു് അവർ മനോവ്യാപാരത്തെ തിരിച്ചതു്. ദേഹനാശകരങ്ങളായ ഒട്ടധികം ദുഷ്കൃത്യങ്ങളിൽ അവർ ഉത്സുകചിത്തന്മാരായിതീൎന്നു. ആരുംതന്നെ എതിരില്ലാത്ത നിലകൈക്കൊണ്ടിരുന്നതിനാൽ സാ

ഹാസികന്മാരായ അവക്കു തങ്ങളിൽ തങ്ങളിൽ ദുരഭിമാനജന്യങ്ങളായ വൈരജന്യങ്ങൾ വഴിക്കു, യാദവന്മാർക്കെന്നപോലെ, നാശത്തെ തുടങ്ങുകയാണുണ്ടായതു്. അവർ ചൂതാട്ടം, മദ്യപാനം എന്നിവയിൽ സക്തന്മാരായി, ഗൂഢസ്ഥലങ്ങളിൽ സംഘം സംഘമായി ചെന്നു കാലയാപനം ചെയ്വാൻ തുടങ്ങി. തത്തൽ സ്ഥലങ്ങളിൽ സമ്മേളിച്ച സഭാംഗങ്ങൾ തങ്ങളിൽ ലഘുവായി സംഭവിക്കുന്ന ആശയവ്യത്യാസങ്ങൾ നിമിത്തം വാക്കലഹങ്ങൾ പുറപ്പെട്ടു, മദ്യവികൃതി കൊണ്ടു ദ്വിഗുണീഭവിച്ച ദുരഭിമാനലഹരിവഴിയ്ക്കു വാശി മുറുകി, പ്രായേണ അവ കൊലപാതകങ്ങളിൽ കലാശിക്കുമാറുണ്ടായിരുന്നു. ദാർഢ്യത്തനം, ദുർവ്വൃത്തനം, അക്കാലങ്ങളിൽ അഭിമാനധനന്തന്നെ ആയിരുന്നു എന്നുകൂടി പ്രസ്താവിച്ചു നമുക്കു കഥയിലേയ്ക്കു പ്രവേശിക്കാം.

തലശ്ശേരി തീവണ്ടിആപ്പീസ്സിന്റെ സമീപസ്ഥലങ്ങളിൽ ഇന്നു് മുഹമ്മദീയരുടെ മാന്യകുടുംബങ്ങളാണല്ലൊ പ്രായേണ നാം കണ്ടുവരുന്നതു്. എന്നാൽ മുഹമ്മദീയർ മലബാറിൽ എത്തുന്നതിന്നു് എത്രയോ മുമ്പു് ആവക സ്ഥലങ്ങൾ രണദൈവങ്ങളുടെ നർത്തനരംഗങ്ങളും, വീരബലികൾക്കുള്ള ശിലാതളിമങ്ങളുമായിരുന്നു. സർവ്വജീവികളിലും നവമായ ഉന്മേഷത്തെ ഉൽപാദിപ്പിക്കുന്ന ശരൽക്കാലത്തു് ഒരുദിവസം അവിടെ സായന്തനസൂര്യന്റെ ശാന്തകിരണങ്ങളിൽ മജ്ജിച്ചു ശോഭിച്ചുകൊണ്ടിരുന്ന ഒരു ചെറുമൈതാനഭൂമിയിൽ സുവേഷന്മാരായ എട്ടുപത്തുപേർ സന്നിഹിതന്മാരായിട്ടുണ്ടു്. അവരുടെ സമ്മേളനം ആ സ്ഥലത്തു് അന്നു് ആദ്യമാ

യുണ്ടായതല്ല. പ്രഭുജനങ്ങളെ ബലാൽക്കാരേണ ആധീന്യത്തിൽ അകപ്പെടുത്തുവാൻ ആബദ്ധവാഗ്രന്മാരായ വ്യാധന്മാരെപ്പോലെ പൎയ്യടനം ചെയ്യുന്ന രാജകീയഭടന്മാരുടെ അജാഗ്രതയാലൊ, അവരുടെ ദൃഷ്ടിപഥത്തിലെത്താതെ തെററിയൊഴിഞ്ഞു നിൽക്കുക നിമിത്തമോ, ചില ഏടത്തരക്കാരായ പ്രഭുക്കന്മാർ രാജബന്ധനങ്ങൾക്കുൾപ്പെടാതെ പുലൎന്നുപോരുന്നുണ്ടായിരുന്നു. അപ്രകാരമുള്ള കുടുംബങ്ങളിലെ ചില യുവജനങ്ങളുടെ സമിതിയാണു് നാം അവിടെ കാണുന്നതു്. അവരെല്ലാവരും രണശൂരന്മാരും, പയററുറച്ചവരും, സാഹസികന്മാരുമായിരുന്നു. രാജ്യതന്ത്രം, സാഹിത്യം തുടങ്ങിയ വിഷയങ്ങളെപ്പററിയും മററുമുള്ള വിവാദത്തിലുള്ള രസത്താൽ സമയയാപനം ചെയ്യാൻ ഉദ്ദേശിച്ചു് മേൽപറഞ്ഞവർ ആ സ്ഥലത്തു് സംഘം കൂടുക പതിവായിരുന്നു. അന്നു് അവിടെ ഉണ്ടായിരുന്നവരിൽ എല്ലാവരിലുംവെച്ചു് ബലിഷ്ഠതയിലും സൌഭാഗ്യത്തിലും മുന്തിയിരുന്നതു് കുമാരൻ അടിയോടി തന്നെ. അദ്ദേഹത്തിന്റെ സ്വന്തം ഭവനം കണ്ണൂരിലാണു്. സ്വഭാവത്തിലും സൌശീല്യത്തിലും അടിയോടിയോടു് കിടനില്പാൻ അധികംപേർ ഉണ്ടായിരുന്നില്ല. കായികാഭ്യാസം നിമിത്തം മുഴപ്പു് ചേൎന്ന ശരീരത്തിൽ, ഓജോഹരങ്ങളായ വ്യാപാരങ്ങളിൽ അശേഷംപോലും സക്തനല്ലാതിരുന്നതിനാൽ താരുണ്യത്തിന്റെയും, പ്രകൃതിയാൽ ദത്തമായ സൌഭാഗ്യഗുണത്തിന്റേയും കാന്തിവിശേഷം പരിലസിച്ചു് കാണപ്പെട്ടിരുന്നു. നൎമ്മസംഭാഷണങ്ങളിൽ അതിചതുരനാണു്. എവിടെ ചെന്നു ചേൎന്നാലും വക്താ

വു താനും മററുള്ളവർ ശ്രോതാക്കളുമായി തീരും. ഹൃദയശുദ്ധി ഇത്ര തികഞ്ഞു് അവിടെ കൂടിയിട്ടുള്ളവരിൽ ആരുംതന്നെയില്ലെന്നു് ഖണ്ഡിച്ചു പറയാം. അടിയോടി പ്രസ്തുത സംഘത്തിലെ ഒരു സ്ഥിരസാമാജികനല്ല. സഭാംഗങ്ങൾക്കു് എല്ലാവൎക്കും പരിചിതനും അല്ല. ഒരു കാൎയ്യഭാരമേററു് തലശ്ശേരി വന്നപ്പോൾ അവരിൽ ചിലരുടെ സ്വാഗതസൽക്കാരങ്ങളെ സ്വീകരിച്ചു് അന്നവിടെ വന്നു ചേൎന്നതാണു്. സഭാംഗങ്ങളിൽ മററാരാൾ കൂടി നമുക്കു് പരിചിതനാകാനുണ്ടു്. കൈപ്പിള്ളി എടത്തിൽ പൈതൽ കുറുപ്പു്, അക്കാലത്തെ എടപ്രഭുക്കന്മാരിൽവെച്ചു് ആഭിജാത്യംകൊണ്ടും സമ്പൽസമൃദ്ധികൊണ്ടും പ്രഥമസ്ഥാനം വഹിച്ചിരുന്ന കൂടശ്ശേരി ചന്തുക്കുറുപ്പിൻെറ സീമന്തപുത്രനാണു്. ചന്തുക്കുറുപ്പിന്നു് ഉററവരോ ദായാദികളോ ഉണ്ടായിരുന്നില്ല. പ്രായപൂൎണ്ണതയെത്തിയതിന്നു ശേഷം, ശീലവയോരൂപാദികളിൽ ആനുരൂപ്യമുള്ളൊരു സ്ത്രീയെ മാന്യകുടുംബത്തിൽനിന്നു് പത്നിയാസ്വീകരിച്ചു്, കേവലം മക്കത്തായമാൎഗ്ഗത്തെ അനുസരിച്ചുപോരുന്ന ആളാണു്. കുറുപ്പിൻെറ ഭാൎയ്യ ഒരു പുരുഷപ്രജയേയും സ്ത്രീപ്രജയേയും ഭൎത്താവിങ്കൽ ഭരമേല്പിച്ചു് കഠിനമായ ഒരു രോഗത്താൻ ഗ്രസ്തയായി കാലധൎമ്മം പ്രാപിച്ചു. കുറുപ്പിന്നു് തൻെറ പ്രണയിനിയുമായുണ്ടായ ശാശ്വതവിയോഗം ഹൃദയഗ്രന്ഥികളെ തകൎത്തു ജീവധാരണത്തിൽ നിൎവ്വേദം ജനിപ്പിച്ചു. ആ സ്ത്രീ മരിക്കുന്നതിന്നു് പത്തു നിമിഷങ്ങൾക്കു് മുമ്പെ ഭൎത്താവിനോടു് അവസാനയാത്ര പറയുന്നതോടുകൂടി— "എൻെറ കുട്ടികൾ — എനിക്കു് ലാളിച്ചു് മ

തിവന്നില്ല—അവർ വലയരുതെ!'' എന്നു കണ്ണുകളിൽ വഴിഞ്ഞുനിന്ന അശ്രുക്കളോടുകൂടി പറഞ്ഞിട്ടുണ്ടായിരുന്നു. കുറുപ്പിന്റെ പിന്നീടുള്ള ഇരിപ്പ് തന്റെ സന്താനങ്ങൾക്കുവേണ്ടി മാത്രമായിട്ടാണെന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ട്. അദ്ദേഹം വമ്പിച്ച ധനത്തിന്റെയും, വളരെ വസ്തുവഹകളുടേയും ഏകാവകാശിയാണ്. കൊട്ടാരംപോലെയുള്ള വലുതായ കെട്ടിടം പണിചെയ്യിച്ച്, അതിൽ കാര്യസ്ഥന്മാരും ഭൃത്യന്മാരും ആയ അനേകം പേരെ സംരക്ഷിച്ച്, കുറുപ്പ് രാജപദവിയോടുകൂടി കഴിഞ്ഞുപോന്നിരുന്നു. പ്രമത്തൻനമ്പൂതിരി മുതലായവരുടെ ശ്രദ്ധ അദ്ദേഹത്തിൽ പതിയാതിരുന്നില്ല. ശേഖരക്കുറുപ്പിന്ന് സ്വതേ ചന്തുക്കുറുപ്പിനോട് സ്പൎദ്ധയുണ്ടായിരുന്നു. ആഭിജാത്യംകൊണ്ട് തന്നേക്കാൾ അധികനാണെന്നു ചന്തുക്കുറുപ്പ് ഭാവിച്ചിരുന്നതിനാൽ തരംകിട്ടുന്ന അവസരങ്ങളിലെല്ലാം അദ്ദേഹത്തിന്ന് ദ്രോഹങ്ങൾ ഉണ്ടാക്കുവാൻ ശേഖരക്കുറുപ്പ് പരിശ്രമിക്കാറുണ്ട്. എന്നാൽ ചന്തുക്കുറുപ്പ് ദ്രവ്യാൎപ്പണംകൊണ്ട് അവരെ സംതൃപ്തരാക്കി സ്വൈരമായി കാലയാപനം ചെയ്യുകയാണ്. ഇത്രയൊക്കെ സമ്പന്നനാണെങ്കിലും ധനപ്രമത്തത അദ്ദേഹത്തിൽ ഒരു കാലത്തും ആരും ആരോപിച്ചിട്ടില്ല. നമ്മുടെ കഥാകാലത്ത് അദ്ദേഹം ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടു കഴിഞ്ഞിരിക്കുന്നു. സർവ്വേന്ദ്രിയങ്ങളും ശിഥിലങ്ങളായി. പ്രായാധിക്യത്തിന്നു പുറമെ പക്ഷവാതപീഡയാൽ കുറെ കാലത്തോളമായി അദ്ദേഹം ഭീഷ്മരുടെ ശരശയനത്തോട് സമാവസ്ഥ കലന്നു, ഇളകു

വൻ പാടില്ലാതെ കിടപ്പാണ്. അച്ഛൻെറ ഗുണങ്ങളൊന്നും പൈതൽകുറപ്പിനുണ്ടായിരുന്നില്ല. പൈതൽ കുറപ്പ് പ്രായംകൊണ്ടു് പൈതൽതന്നെയായിരുന്നു. യൌവനാരംഭമായ ഇരുപതാമത്തെ വയസ്സിൽ ആയാഠം ദുർവൃത്തികളിൽ പ്രൌഢത സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. മദ്യപാനം, സ്ത്രീസേവ മുതലായവയിലുള്ള ലോലുപത്വം നിമിത്തം ആയാഠം അനുഭവിച്ചിരുന്ന നാശങ്ങളെപ്പററിയും മററും ചന്തുക്കുറുപ്പു കേഠക്കാറുണ്ടു്. അപ്പോഠളൊക്കെയും വൃദ്ധൻ കഠിനമായി ദുഃഖിയ്ക്കും. പുത്രവാത്സല്യത്താൽ തൎജ്ജനത്തിന്നും അദ്ദേഹത്തിന്നു് ത്രാണിയുണ്ടായിരുന്നില്ല. പൈതൽ കുറപ്പ് മുൻപറഞ്ഞ സംഘങ്ങളിൽ സന്നിഹിതനാവാറുണ്ടു്. ആയാളുടെ സാന്നിദ്ധ്യം ശേഷമുള്ളവൎക്കൊക്കും രുചിച്ചിരുന്നില്ലെങ്കിലും ചന്തുക്കുറുപ്പിനോടുള്ള ബഹുമാനാദരങ്ങളാൽ ആയാളോടാരും വിപ്രിയം നടിച്ചിരുന്നില്ല. മദിരോന്മാദത്താൽ പുറപ്പെടുന്ന അസംബന്ധപ്രലാപങ്ങഠകൊണ്ടു് പലപ്പോഴും ആ യുവാവ് അവരുടെ അനുസ്യൂതമായ നൎമ്മാലാപത്തെ തടസ്ഥപ്പെടുത്തി പോന്നിരുന്നു. പ്രസ്തുതദിവസം അവിടെ പൈതൽ കുറപ്പ് ഹാജരുണ്ടു്. യുവസഭാസ്താരന്മാരുടെ അന്നത്തെ പ്രസംഗം, വിഷയങ്ങഠ മാറി മാറി അടുത്തകാലത്ത് ആ ദിക്കിൽ പാൎപ്പുറപ്പിച്ച ഒരു സ്ത്രീയുടെ ചരിത്രത്തിലേക്കു് തിരിഞ്ഞു. ജുഗുപ്സാവഹമായുള്ള ആചാരഭേദത്താൽ 'കലട' എന്നുള്ള പേരിനു് അവഠ അൎഹയായി ചമഞ്ഞിട്ടുണ്ടു്. അവളുടെ കുടുംബം പൂൎവ്വമായി കണ്ണൂരിൽ ആയിരുന്നു. അടിയോടിക്കു് അ

വളെപ്പററിയും കുഡുംബസ്ഥിതികളെപ്പററിയും നല്ലവണ്ണം കേട്ടറിവുണ്ടു്. അവളുടെ സ്വഭാവത്തെപ്പററി വെറുപ്പോടുകൂടി അദ്ദേഹം അല്പം അതിരു കവിഞ്ഞുതന്നെ അന്നു ചിലതു് പ്രസ്താവിച്ചു. പൈതൽ കുറുപ്പു് അക്കാലം അവളുടെ രൂപാമൃതത്തിൽ മുഴുകി അതിജളനായിത്തീൎന്നിട്ടുണ്ടായിരുന്നു. തന്റെ ആരാധനയ്ക്കു് വിഷയമായ അവളെക്കുറിച്ചു് അന്യനായ ഒരാൾ അപവാദം പറയുന്നതു് കേട്ടു കുറുപ്പു കുപിതനായിത്തീൎന്നു.

കുറു:—അമ്മപെങ്ങന്മാരുള്ളവർ ഇങ്ങിനെ പറയില്ല.

അടി:—സ്ത്രീകൾ ഇങ്ങിനെയായാലും കേടാണു്.

കുറു:—നിങ്ങൾക്കെന്താ കേടു്? നിങ്ങളുടെ കഴിച്ചലുണ്ടോ?

അടി:—അതില്ല. എന്നാൽ അങ്ങിനെ ഒരുമ്പെടരുതു്.

കുറു:—നിങ്ങൾക്കെന്താ നിശ്ചയം?

അടി:—നിശ്ചയമോ, ഞാൻ ധാരാളം അറിയും. ഇങ്ങിനെ വ്യവസ്ഥയില്ലാത്ത വൎഗ്ഗം ദൈവസൃഷ്ടിയിലില്ല. നാട്ടിന്റെ വില കളഞ്ഞു.

കുറുപ്പിന്നു് ക്ഷമ കുറഞ്ഞു.

കുറു:—എടാ! നീയാരാണു്? ഞാനാണു് അവളുടെ ഭൎത്താവു്. കരുതിപ്പറഞ്ഞോ!

അടി:—അതു് ഞാനറിഞ്ഞില്ല. ഇനിയൊന്നും പറയുന്നുമില്ല.

കുറു:—അതു് പറഞ്ഞാൽ മതിയോ? പറഞ്ഞതു് തെററിപ്പോയെന്നു പറയണം.

അടി:—പറഞ്ഞതിലൊന്നും തെററില്ല. പക്ഷെ ഞാൻ വ്യസനിക്കുന്നു. ആ സ്ത്രീ നിങ്ങളുടെ ഭാൎയ്യയാണെന്നു ഞാനറിഞ്ഞിരുന്നുവെങ്കിൽ ഒന്നും പറയില്ലായിരുന്നു.

കുറ:—വ്യസനിച്ചാൽ പോര. എന്നോടു് മാപ്പുചോദിക്കണം.

ഈ വാക്കലഹം കേട്ടുനിന്നിരുന്ന സഭ്യന്മാർ, ആ ദുരഹങ്കാരിയുടെ മദം ഒന്നു് ശമിപ്പിക്കാൻ ഇതു തന്നെയാണു് അവസരം എന്നു് നിശ്ചയിച്ചു, കുറുപ്പിനേക്കാൾ എത്രയോ ദേഹബലം കൂടിയ അടിയോടിയോടു് ഒരു കയ്യാങ്കളിക്കു് കുറുപ്പിനെ സന്നദ്ധനാക്കുവാൻ നാരദപ്രയോഗങ്ങൾ തുടങ്ങി.

ഒരാൾ:—അതു് അങ്ങനെ തന്നെയാണു് വേണ്ടതു്. ചെകിടത്തു് അടികഴിഞ്ഞിട്ടു വ്യസനിക്കുന്നു എന്നു പറഞ്ഞാൽ പോരാ.

ഇതു കേട്ടപ്പോൾ അവിടെ കൂടിയവരെല്ലാം തന്റെ പക്ഷപാതികളാണെന്നു് കുറുപ്പു തെററിദ്ധരിച്ചു. ആയാൾക്കു ചൊടി കൂടി.

കുറ:—താൻ മാപ്പു ചോദിച്ചിട്ടില്ലെങ്കിൽ വന്നപോലെ പോവില്ല.

അടി:—ഞാൻ ആരോടും മാപ്പു ചോദിപ്പാൻ ഒരുക്കമില്ല. നിങ്ങളോടു മല്ലിനു നില്ലാനും ഭാവമില്ല.

മററുള്ളവർ:—അതു ചോരത്വമാണു്. നിങ്ങൾ ഭീരുവാണോ?

അടി:—ഭീരുതയല്ല. എന്റെ കയ്യൂക്കിനു യോഗ്യതയില്ലാത്ത ആളോടു ഞാനെന്തു മല്ലിടാനാണു്?

കുറ:—(ആയും തലയും മുറുക്കി) നീ നോക്കു്, ഇരയുണ്ടോ എന്നു്.

സഭ്യന്മാർ ആ ശൌൎയ്യപ്രകടനത്തെ പ്രശംസിക്കുംപ്രകാരം ഹസ്തതാഡനങ്ങളോടുകൂടിയും മററും ഒന്നായി ആൎത്തു. അടിയോടി എന്നിട്ടും കോപരസത്തെ പ്രകടിപ്പിച്ചില്ല മദ്യത്തിൻെറ ലഹരിയും കോപവുംകൂടി തലയ്ക്കു പിടിച്ചു് ഉന്മത്തചിത്തനായിരുന്ന കുറുപ്പു് പ്രതിയോഗിയുടെ ബലം അറിയാതെ പെട്ടെന്നു ചെന്നു് ഒന്നു് ആഞ്ഞടിപ്പാൻ ചെയ്ത ഉദ്യമം അടിയോടിയുടെ സാമൎത്ഥ്യത്താൽ വിഫലമായിത്തീൎന്നു. രണ്ടാമത്തും അതിവേഗത്തിൽ കുറുപ്പു് ചീറിയുംകൊണ്ടടുത്തപ്പോൾ അടിയോടി കളിയായി കൈകൊണ്ടു നീക്കി നിൎത്തി. മൂന്നാമത്തെ പുറപ്പാടിൽ കുറുപ്പു് അടിയോടിയുടെ സാമാന്യം നീളമുണ്ടായിരുന്ന കുടുമപിടിച്ചു കാലിന്നിടയിൽ അമൎത്തിവെച്ചു കണ്ഠത്തിൽ മുറുകെ പിടിച്ചു. അടിയോടി അല്പം അവശനായി തീൎന്നു. കുറുപ്പിനോടു യാതൊരു കോപവും അടിയോടിക്കുണ്ടായിരുന്നില്ല. അന്നവിടെ എത്തിച്ചേരുവാൻ സംഗതിയുണ്ടാക്കിയ സംഭവത്തെ അടിയോടി മനസ്സുകൊണ്ടു ശപിച്ചു. പ്രതിയോഗിയുടെ ഔദാസീന്യം കുറുപ്പിൻെറ ധൈൎയ്യത്തെയും സാഹസികതയേയും പ്രവൃദ്ധങ്ങളാക്കി; ആയാളുടെ മൎദ്ദനം ഗാഢമായിത്തുടങ്ങി. അവിടെയുള്ളവരിൽ ആരുംതന്നെ അവരെ സന്ധിപ്പിക്കുന്നതിന്നു സമുദ്യമിച്ചതുമില്ല. കണ്ഠത്തിലുള്ള പിടി മുറുകി ശ്വാസരോധം തുടങ്ങിയപ്പോൾ മരണവികൃതി കൊണ്ടെന്നപോലെ അടിയോടി ഒന്നു കുതറി കുറുപ്പിനെ ശക്തിയോടുകൂടി നിലത്തു പതിപ്പിച്ചു. കുറുപ്പിനെ വീഴ്ത്തി അടിയോടി ആശ്വസ്തനായി നിവൎന്നിന്നശേഷം, നിലത്തു വീണപാടേ കിടക്കുന്ന

എതിരാളിയെ ഒന്നു നോക്കി. ആയാളിൽ അപ്പോഠം ആലസ്യലക്ഷണം മാത്രമല്ല ആലക്ഷ്യമായിരുന്നുള്ളു. അടിയോടിയാൽ പ്രയോഗിക്കപ്പെട്ട അവസാനകയ്യ് അബദ്ധത്തിൽ കറുപ്പിൻെറ മമ്മത്തിൽ തട്ടി ആയാഠം ദീർഘനിദ്ര അടഞ്ഞുകഴിഞ്ഞു. അടിയോടി കാര്യസ്വഭാവം ഗ്രഹിച്ച് പെട്ടെന്നു മുഖം തിരിച്ചു പശ്ചാത്താപപാരവശ്യത്തോടുകൂടി ഇരുന്നുപോയി. അവിടെ കൂടിയവക്കും തങ്ങളുടെ കളി കാര്യത്തിൽ കലാശിച്ചതിനാൽ കരകവിഞ്ഞുള്ള വ്യഥയുണ്ടായി.

അടി:—ഞാൻ കല്പിച്ചുകൂട്ടി ഒന്നും ചെയ്തിട്ടില്ല. ദൈവം സാക്ഷിയുണ്ട്.

ഇത്രമാത്രം പറഞ്ഞു് തീവ്രദുഃഖത്തോടുകൂടി വേഗത്തിൽ ആ സ്ഥലം വിട്ടുപോയി.

സൌവണ്ണകാന്തിയോടുകൂടിയ സൂര്യൻ ആ കഠിനക്കാഴ്ചയാൽ സ്തബ്ധനായി കുറച്ചുനേരം നിന്നു് കടലിന്നടിയിൽ മറഞ്ഞു. രാജ്യഹാനി നിമിത്തം ശ്രീനിയത കുറഞ്ഞു വന്നിരുന്നെങ്കിലും യൌവനശ്രീ മാഞ്ഞുപോയിട്ടില്ലാത്ത പൈതൽ കറുപ്പിൻെറ ജഡകളേബരത്തെ താരങ്ങഠം ആകാശവീഥിയിൽനിന്നു എത്തിനോക്കിത്തുടങ്ങി. വൃക്ഷലതാദികഠംപോലും നിശ്ചേഷ്ടനിലയിൽ നിന്നു. ഭയത്തെ ഉല്പാദിപ്പിക്കുന്ന ഒരു നിശ്ശബ്ദത വിളയാടി. ദിക്കെങ്ങും ശാന്തമായി. മാംസചക്ഷുസ്സുകഠംക്കു് അദൃശ്യാകൃതിയായി ജനഹൃദയങ്ങളിൽ ഗാഢഭയത്തെ കുടികൊള്ളിക്കുന്ന ഏതോ ഒരു ശക്തി അപ്പോഠം ആ സ്ഥലത്തു നിലകൊണ്ടു. അടിയോടി പോയതിൽപിന്നെ, ശേഷിച്ചവർ അനന്തരകൃത്യം ആലോചിച്ചുറച്ചു. അവരിൽ ഒരാഠം

തന്നെ ഉടമസ്ഥന്റെ നിലയിൽ ശവശരീരമെടുപ്പിച്ച ചന്തുക്കുറുപ്പിന്റെ ഗൃഹത്തിലേയ്ക്കു നടന്നു. അവർ കുറുപ്പിന്റെ ഗൃഹത്തിൽ എത്തുമ്പോൾ പത്തുനാഴിക രാവു ചെന്നിരിക്കുന്നു. പൈതൽ കുറുപ്പു മരിച്ചതിന്നു ശേഷം അവിടെ കൂടിയവരുടെ പരിഭ്രമം, പശ്ചാത്താപം, വാഹകന്മാരെ കിട്ടാനുണ്ടായ വിളംബം, ആ സ്ഥലത്തുനിന്നു് കുറുപ്പിന്റെ വസതിയിലേയ്ക്കുള്ള മൂന്നു നാഴിക അകൽച്ച, ഇതുകൾ നിമിത്തമാണ്, ഇത്രമാത്രം വിളംബം നേരിട്ടതു്. രാത്രിയുടെ ദ്വിതീയയാമത്തിലുള്ള നിശ്ശബ്ദതയെ ഭേദിക്കുന്ന അവരുടെ കാൽപ്പെരുമാറ്റങ്ങളാൽ, ആ ഗൃഹത്തിലുള്ളവരിൽ ആദ്യമായി ഉണർന്നതു് പൈതൽ കുറുപ്പിന്റെ സഹോദരി ദേവകിയാണ്. അവൾക്കു് അപ്പോൾ പതിന്നാലുവയസ്സു പ്രായമുണ്ടു്. ജ്യേഷ്ഠന്റെ സ്ഥിതിയറിഞ്ഞു് അവൾ വാവിട്ടു കരഞ്ഞുപോയി. കുറുപ്പിന്റെ പരിചാരകന്മാരിൽ പ്രായവും വകതിരിവും കൂടിയവർ അവളെ സമാധാനപ്പെടുത്തിത്തുടങ്ങി. എന്നാൽ വിവരം ചന്തുക്കുറുപ്പിനോടു് ആർ പറയും? എങ്ങിനെ പറയാതിരിക്കും? ഒടുവിൽ കാര്യസ്ഥന്മാരിൽ ഒരാൾ മനസ്സുറപ്പിച്ചു് കുറുപ്പിന്റെ മുമ്പിൽ ചെന്നുനിന്നു. കുറുപ്പു് ഉറങ്ങീട്ടില്ലായിരുന്നു. വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കി. "എനിക്കൊന്നു കാണണം" എന്നു പറഞ്ഞു. മൃതശരീരം അദ്ദേഹം കിടക്കുന്ന മുറിയിലേയ്ക്കു് എടുത്തു കൊണ്ടുപോയി മുമ്പിൽ കിടത്തി. തന്റെ കണ്ണിലുണ്ണിയായ പുത്രന്റെ ജഡശരീരത്തെ തെല്ലിട നോക്കി ഒരു ദീർഘനിശ്വാസം വിടുകമാത്രം ചെയ്തു. കാര്യസ്ഥന്മാർ ശവം എടുത്തു് അന

ന്തരക്രിയകൾക്കാരംഭിച്ചു. പുത്രശരീരത്തെ നീക്കം ചെയ്തതിന്നു ശേഷം കുറുപ്പ് "കൂലിക്കാർ വഴിയിൽ കണ്ടെടുത്തുകൊണ്ടു് പോന്നതാണോ?" എന്നു് ചോദിച്ചു.

കാര്യസ്ഥൻ:—അല്ല. കൂടെ മേലേടത്തു് കുഞ്ഞിരാമൻനായരുണ്ടു്.

കുറു:—ആരാണിതു് ചെയ്തതു്!

കാര്യ:—കുമാരൻ അടിയോടി—എന്നാൽ കല്പിച്ചുകൂട്ടിയിട്ടല്ല എന്നാണ് കുഞ്ഞിരാമൻനായർ പറഞ്ഞതു്. കുഞ്ഞിരാമൻനായർ ഇവിടെ ഉണ്ടു്.

കുറു:—കളിയായിട്ടാരും കൊലപാതകം ചെയ്യാറില്ല. കൂടെ വന്നതിന്നു് കുഞ്ഞിരാമൻനായരോടു് എൻെറ നന്ദി പറയണം.

ഈ സംഭവം കഴിഞ്ഞു് രണ്ടുദിവസങ്ങൾക്കു് ശേഷം കുറുപ്പ് ദേവകിയെ വിളിക്കാൻ പറഞ്ഞു. അന്നുമാത്രമേ അദ്ദേഹം അതിന്നുശേഷം എന്തെങ്കിലും പറയുകയുണ്ടായിട്ടുള്ളു. ദേവകി അച്ഛൻെറ മുമ്പിൽ ചെന്നു നിന്നു.

കുറുപ്പ്:—(ദേവകിയെ അടുത്തിരുത്തി) ആക്രിയ ചെയ്തവൻ ഇന്നവനാണെന്നു നീയറിഞ്ഞില്ലേ?

ദേവ:—ഉവ്വ്.

കുറു:—നീ അതിൻെറ പ്രതിക്രിയ കഴിക്കണം.

ദേവ:—ഞാനോ! അച്ഛാ, എങ്ങിനെ?

കുറു:—നിണക്കു് സാധിക്കും. എൻെറ—അനുഗ്രഹമുണ്ടു്—ഇതെൻെറ മരണ—ശാ—സ—ന—മാ—അവസാനാക്ഷരം പുറപ്പെടുവിക്കുവാൻ കഴിഞ്ഞില്ല. ഇത്രത്തോളം പറഞ്ഞു മരവടിക്കെന്നപോലെ മകളുടെ മുഖത്തേയ്ക്കു നോക്കി.

ദേവകി: — അച്ഛൻെറ അനുഗ്രഹമുണ്ടെങ്കിൽ ഞാൻ നിവത്തിച്ചുകൊള്ളാം''

ലഘുവയെയൊരു പ്രകാശം ചന്തുക്കുറുപ്പിൻെറ മുഖത്തു ക്ഷണഭംഗുരമായി അവൾ കണ്ടു. പടുതിരി പോലെ അതു് കത്തിക്കലൊശിച്ചു. ചന്തുക്കുറുപ്പ് തൻെറ മകനെ പിന്തുടന്നു.

II

ശില്പകാരികേ ശുഭേ എന്നുടെ സമീപത്തു
ശില്പമാശ്ശസിക്ക നീ ഖേദവും ത്യജിക്ക നീ.

വഷങ്ങൾ പത്തു കഴിഞ്ഞു. പൈതൽകുറുപ്പിൻെറയും വന്ദ്യവയോധികനായിരുന്ന ചന്തുക്കുറുപ്പിൻെറയും മരണവൃത്താന്തങ്ങൾ ഭൂതകാലത്തിൻെറ അടിത്തട്ടിൽ ആണ്ടുകഴിഞ്ഞു. നാം അന്നു കണ്ട ചെറുബാലികയായ ദേവകി പ്രൌഢവയസ്സിൽ എത്തിയിരിക്കുന്നു. ഉററവരായി ആ സ്ത്രീരത്നത്തിന്നു് അപ്പോൾ ആരും ഇല്ല. തൻെറ മനോരഥഗതിക്കു് സദൃശിയായുള്ള സദാചാരപദ്ധതിയെ പുത്രൻ അനുസരിക്കാതിരുന്നതു് കണ്ടപ്പോൾ വമ്പിച്ച സ്വത്തിൻെറ വഴിപോലുള്ള ഭരണത്തിന്നു ദേവകിയെത്തന്നെ സമത്ഥയാക്കിത്തീക്കുവാൻ ചന്തുക്കുറുപ്പ് വേണ്ടുംവണ്ണം പരിശ്രമിച്ചു. പത്തുവയസ്സുമുതൽ പതിന്നാലു വയസ്സുവരെ അവളുടെ ബുദ്ധിവികാസത്തിനൊത്ത സദുപദേശങ്ങളെക്കൊണ്ടു് മനഃസംസ്കാരം വരുത്തീട്ടുണ്ടായിരുന്നു. ശൈശവം മുതൽതന്നെ സമവയസ്കകളായ ബാലികകളേക്കാൾ ദേവകി എത്രയോ സൌശീല്യവും ബുദ്ധിവിലാസവും പ്രദശിപ്പിച്ചുപോന്നു. പൈതൽ കുറുപ്പ് പരമദുർവൃത്തനായിരുന്നുവെങ്കിലും ദേവകിക്കു് ജ്യേഷ്ഠനെ വലിയ സ്നേഹമാണു്. അമ്മയുടെ മരണാനന്ത

ന്തരം അച്ഛന്റെയും ജ്യേഷ്ഠന്റെയും ഭക്ഷണകാൎയ്യത്തിലും മററും അവൾ കുറച്ചല്ല ശ്രദ്ധിച്ചിരുന്നതു്. യഥാൎത്ഥത്തിൽ അമ്മ മരിച്ചതു് നിമിത്തം പൈതൽകുറുപ്പിന്നു് ദിനചൎയ്യകളിൽ യാതൊന്നിന്നും യാതൊരു ബുദ്ധിമുട്ടും അനുഭവിപ്പാൻ ഇടവന്നിട്ടില്ല. ബുദ്ധിപൂൎവ്വമായാലോചിച്ചു് അയാളു കാൎയ്യങ്ങളെ യഥാവസരം ശരിപ്പെടുത്താൻ ത്രാണിയുള്ളവളാണു് ദേവകി. പൈതൽകുറുപ്പു് ചിലപ്പോളൊക്കെ ശുണ്ഠിയെടുക്കുകയും അവളെ കഠിനമായി ശാസിക്കുകയും ചെയ്യും. എന്നാൽ അതുകൊണ്ടൊന്നും ദേവകിക്കു യാതൊരു പരിഭവവും തോന്നാറില്ല. ക്ഷമാശക്തിയും സഹനശക്തിയും ചെറുപ്പത്തിൽതന്നെ അവൾക്കു് സ്വാധീനങ്ങളായിരുന്നു. യൌവനശ്രീകൊണ്ടു് പ്രപ്രവൃദ്ധമായ നൈസൎഗ്ഗികസൌഭാഗ്യത്തോടും പ്രശംസാൎഹമായ ചാരിത്ര്യത്തോടും ഇതാ ഇപ്പോൾ അവൾ ലോകരംഗത്തിൽ പ്രത്യക്ഷയാകുന്നു. ആഭിജാത്യത്തിലും ദ്രവ്യപുഷ്ടിയിലും ചന്തുക്കുറുപ്പു തന്നേക്കാൾ അധികനാണെന്നുള്ള വിശ്വാസംകൊണ്ടു ശേഖരക്കുറുപ്പിന്നു അദ്ദേഹത്തിൽ സ്പൎദ്ധയുണ്ടായി എന്നു പറഞ്ഞുവല്ലോ. പ്രകൃത്യാലോഭിയായ പ്രമത്തൻനമ്പൂതിരിയുടെ ദുരപ്പിശാചിന്റെ ഗതിയെ ശേഖരക്കുറുപ്പു് ചന്തുക്കുറുപ്പിന്റെ ഭവനത്തിലേക്കു തിരിച്ചിട്ടുണ്ടായിരുന്നു. ആൾക്കൂട്ടത്തിന്നിടയിൽ വന്നു വ്യാഘ്രത്തിന്നു മനുഷ്യരക്തമാസ്വാദിപ്പാൻ ഒരിക്കൽ സംഗതികൂടിയാൽ അതു കൂടക്കൂടെ ഗ്രാമങ്ങളിലേക്കു കടന്നുവരുന്നതുപോലെ,നമ്പൂതിരി പലപ്പോഴും ചന്തുക്കുറുപ്പിനോടു ദ്രവ്യം പിടിച്ചുപറിച്ചിട്ടുണ്ടു്. അദ്ദേഹം മരിച്ചതന്നു ശേഷവും ശേഖരക്കുറുപ്പിന്റെ അസൂയാചില

സം മന്ദീഭവിച്ചില്ല. ചന്തുക്കുറുപ്പിന്റെ സ്വത്തുക്കളെല്ലാം "ഒരു നിധി കിട്ടിയ വഴിക്കുണ്ടായതാണെന്നും അതിനാൽ അതു രാജഭണ്ഡാരത്തിലേക്കടക്കേണ്ടതാണെന്നും" ഉള്ള ഒരു "കഥ" നിൎമ്മിച്ചു, ദേവകിയുടെ പിതൃാൎജ്ജിതമായ മുതലുകളെല്ലാം പിടിച്ചെടുത്തു. വലുതായ ആ വീടും നിത്യപ്പൊറുതിക്കു മാത്രമുള്ള സ്വത്തും തിരിച്ചുകൊടുത്തു. ധീരയായിത്തന്നെ അവൾ ആ ദുൎന്നയത്തെ സഹിച്ചു. വയോധികയായ ഒരു ദാസിയേയും ഒരു ഭൃത്യനേയും സഹായത്തിന്നു നിൎത്തി ആ ഗൃഹത്തിൽ തന്നെ താമസിച്ചു. കഴിഞ്ഞ പത്തുകൊല്ലങ്ങൾക്കപ്പുറമുണ്ടായ ദുൎവ്വിധിവിപാകത്തെ സ്മൃതിപഥത്തിൽനിന്നു നീക്കിവെയ്ക്കുവാൻ കാലയന്ത്രത്തിന്റെ സാഹായ്യത്താൽ കഴിയുമെങ്കിൽതന്നെയും എന്തോ ഒരു വിചാരം അവളുടെ പ്രായത്തിലുള്ളവരിൽ കുടികൊള്ളേണ്ടതായ ഹൃദയോല്ലാസത്തെ ശൂന്യമാക്കുന്നുണ്ടെന്നു ദേവകിയുടെ മുഖവികാരത്തിൽ നിന്നു ഊഹിക്കേണ്ടിയിരിക്കുന്നു. അച്ഛന്റെ മരണശാസനത്തെ അവൾ എങ്ങിനെ നിൎവ്വഹിക്കും? എങ്ങിനെ നിൎവ്വഹിക്കാതിരിക്കും? ലോകതന്ത്രജ്ഞരായ പുരുഷസിംഹങ്ങൾക്കുപോലും പ്രതിക്രിയാനിൎവ്വഹണം സുസാദ്ധ്യമല്ലാതിരിക്കെ പ്രകൃത്യാ അബലയും ലോകത്തിൽ ഏകാകിനിയുമായ അവൾ എന്തു ചെയ്യും? എതിരാളിയോ—കുമാരനടിയോടി—ലോകതന്ത്രങ്ങളിൽ കുശലൻ, ആയുധവിദ്യയിൽ അദ്വിതീയൻ, കീരിയും പാമ്പുംപോലെ ഇടഞ്ഞുനിൽക്കുന്നവൻ, ഭരണാധികാരികൾക്കും പൌരപ്രധാനന്മാൎക്കും ഒരുപോലെ ആദരണീയൻ, മികച്ച സമ്പന്നൻ! ഇങ്ങിനെയുള്ള അടിയോടിയോടു നേരിട്ടിട്ടുള്ള പടപുറപ്പാ

ടിന്നാണ് അവൾ സന്നദ്ധയാകേണ്ടത്. പ്രതിയോഗിയുടെ വിഭവപുഷ്ടി നിമിത്തം ഉദാസീനയായിരുന്നാലൊ—ശാന്തം പാപം!—ലോകർ തന്നെയും ആ വന്ദ്യവയോധികനെ ഈശ്വരനെപ്പോലെ വിചാരിച്ചിരുന്ന അദ്ദേഹത്തിൻെറ— പ്രിയപിതാവിൻെറ —പരമാജ്ഞയെ- എങ്ങിനെ നിറവേററാതിരിക്കും? ലോകചരിത്രത്തിലുള്ള വിഷമപാഠങ്ങളെ ഒരു നിലയ്ക്കും പരിശീലിയ്ക്കേണ്ടുന്ന ആവശ്യമില്ലാത്ത ആ യുവതി ചിന്താസന്തതികളാൽ അത്യന്തം സന്തപിച്ചു. അത്ര പരിശുദ്ധനിലയിൽ കരുതിവെച്ചിട്ടുള്ള ശപഥവും, അതിൻെറ നിർവ്വഹണത്തിന്നു സംഗതികളുടെ സംയോഗത്താൽ സംഭവിച്ചിട്ടുള്ള തൻെറ അപടുത്വവും വിചാരിച്ചു വിചാരിച്ചു അവളുടെ മനസ്സു വിദീർണ്ണമായി. ദീർഘകാലം ലോകത്തിൽ ചരിചയിച്ചു, കഷ്ടപ്പാടുകളേയും പരാജയങ്ങളേയും പലപ്രകാരങ്ങളിലും അനുഭവിച്ചു മനസ്സു മരവിച്ചുപോയാൽ പിന്നീടുണ്ടാകുന്ന പോലുള്ള ഒരു ശാന്തത അവളിൽ പ്രത്യക്ഷപ്പെട്ടു. അന്നത്തെ രാജ്യഭരണത്തിലെ അചനയങ്ങൾ നിമിത്തം പ്രജകളനുഭവിക്കേണ്ടിവന്നിൎന്ന ആപദ്ഗണങ്ങളെ നാം കാഞ്ഞൊന്നറിഞ്ഞിട്ടുണ്ടല്ലൊ. ഭരണകാര്യം കയ്യേററവർ, അവരുടെ ബന്ധുക്കൾ, ആശ്രിതന്മാർ, ഇങ്ങിനെ കിഴിഞ്ഞുകിഴിഞ്ഞു അപമര്യാദയോടുകൂടിയ ആരും, ഭരണപ്രവൎത്തകന്മാരുടെ ആഭിമുഖ്യം സമ്പാദിച്ചാൽ, അക്രമങ്ങൾ പ്രവൎത്തിപ്പാൻ അവകാശികളായിത്തീരും എന്ന നിലയായി. ജനസംഘത്തിൽ നിന്നകന്നു കേവലം ഒരു ഉൾനാട്ടിൽ സ്ഥിതിചെയ്യുന്ന വലുതായ ഗൃഹത്തിൽ സൌന്ദര്യധോരണിയോടുകൂടി പരിലസിക്കു

ന്ന ദേവകിയിൽ ദുൎമ്മാൎഗ്ഗികളും നിരംകുശന്മാരുമായുള്ള യുവാക്കന്മാരുടെ ദൃഷ്ടി സദാ പതിഞ്ഞുകൊണ്ടിരുന്നു. ആദ്യത്തിലൊക്കെ ദ്രവ്യാൎത്ഥികളുടെ നിലയിൽ ചെന്നിരുന്ന അവരെ, അവൾ കാലഗതി മനസ്സിലാക്കി, അപ്പോളപ്പോൾ തന്നെക്കൊണ്ടു സാധ്യമായ ദ്രവ്യവിതരണത്താൽ സന്തൃപ്തന്മാരാക്കി അയച്ചുപോന്നു. ക്രമേണ അവരുടെ കത്ഥനങ്ങൾ കൂടിക്കൂടിവരികയും ആവശ്യങ്ങൾക്കും അപേക്ഷകൾക്കും സമ്പ്രദായവ്യത്യാസങ്ങൾ സംഭവിച്ചുതുടങ്ങുകയും ചെയ്തു. രാജാധികാരികളോടൊ രാജസമക്ഷം തന്നെയൊ ചെയ്യുന്ന സങ്കടനിവേദനം വനരോദനംപോലെ ആയിരുന്നുവല്ലൊ. അവൾ, ആ ഗൃഹത്തിൽ അല്പകാലംകൂടി താമസിക്കുന്ന പക്ഷം സംഭവിച്ചേയ്ക്കാവുന്ന വിപത്തുകൾ മനോദൃഷ്ടികൾക്കുപോലും വിഷയീഭവിക്കുന്നവയല്ലായിരുന്നു. ചാത്തുക്കുറുപ്പിന്റെ കാലത്തു മൂൎഖന്മാരും വികൃതികളും ആ സ്ഥലത്തെ മനസ്സുകൊണ്ടുപോലും സ്പൎശിച്ചിട്ടില്ല. ഇപ്പോൾ അങ്ങിനെയല്ലല്ലൊ. എല്ലാം ഉപേക്ഷിച്ചും ചാരിത്രംതന്നെയാണ് പരിരക്ഷണീയം എന്നവൾ ഉറച്ചു. ആത്മമാത്രമാണല്ലൊ അവൾക്കിപ്പോഴുള്ള ഒരു മുതൽ.

ഒരു രാത്രി രണ്ടാമത്തെ യാമത്തിൽ മദിരാഗന്ധത്തെ വമിച്ചുംകൊണ്ടു നാലഞ്ചുപേർ ദേവകിയുടെ ഗൃഹാങ്കണത്തിലെത്തി ശാസനാസ്വരത്തിൽ വാതിൽക്കൽ തട്ടിവിളിച്ചു. വാതിൽ തുറക്കാതെ അവരുടെ ആഗമനോദ്ദേശത്തെ അവൾ ചോദിച്ചു. ആഗതരായവർ തങ്ങളുടെ അന്തൎഗ്ഗതങ്ങളെ അതിഹീനഭാഷയിൽ ഉച്ചരിച്ചു. ക്ഷണപ്രബുദ്ധമായുള്ള പ്രതിഭാവിലാസത്താൽ അവൾ തിലോത്തമയെപ്പോലെ

അവരിൽ ഒരാളെ വരിക്കാമെന്നുള്ള പ്രത്യുക്തിവഴിക്ക തൃതീയോപായത്തെത്തന്നെ ശരണമാശ്വരിച്ച അവരിൽ പ്രയോഗിച്ചു. അതുനിമിത്തം അവർ അന്നു തങ്ങളിൽ തച്ചുപിരികയാണുണ്ടായതു്. അനപേക്ഷിതന്മാരായ ആ അതിഥികൾ വിട്ടുപോയതിനുശേഷം അവൾ ഗാഢമായുള്ള ഹൃദയശല്യത്തോടുകൂടി ശയ്യയിന്മേൽ ചെന്നു കിടന്നു. തകൎന്നുപോകുവാൻ തുടങ്ങുന്ന ഹൃദയത്തെ ബന്ധിച്ചുനിൎത്തുവാനെന്നപോലെ ഹസ്തങ്ങളെക്കൊണ്ടു് മാറിടത്തെ അമൎത്തിപ്പിടിച്ചു കട്ടികളെപ്പോലെ തെല്ലിട അവൾ തേങ്ങിക്കരഞ്ഞു. അശ്രുരൂപേണ ഗളിച്ചുപോയ ശോകവേഗത്തിന്റെ അവശേഷത്തെ വഹിച്ചുംകൊണ്ടു താല്ക്കാലികസ്ഥിതിയെപ്പററി അവൾ പരിചിന്തനംചെയ്തു. ജ്യേഷ്ഠന്റെ അകാലമരണം, അനന്തരമുണ്ടായ അച്ഛന്റെ നിൎയ്യാണം ഇവ രണ്ടും സഹിച്ചു അനാഥയായുള്ള ഈ നിലയിൽ ജീവധാരണം ചെയ്യുന്നതു്, അച്ഛനോടു് അവസാനം ചെയ്തുപോയിട്ടുള്ള പ്രതിജ്ഞ നിറവേററുന്നതിന്നാണു്. അതിന്നുള്ള മാൎഗ്ഗങ്ങൾ അന്നേവരെക്കും ഒന്നുംതന്നെ ബുദ്ധിയിൽ തോന്നീട്ടുണ്ടായിരുന്നില്ലെങ്കിലും, ജീവിതോദ്ദേശ്യം അതുമാത്രമായി കരുതുന്നതിനാൽ വല്ലവഴിയും തുറന്നുകാണുമെന്നുതന്നെ അവൾ ആശിച്ചു. എന്നാൽ അന്നത്തെ സംഭവങ്ങൾ ആശാലതയുടെ നാരായവേരിന്മേൽതന്നെയാണു് കത്തിവെച്ചതു്. അപ്രകാരമുള്ള ആപത്തിന്നിടയിൽ അവിടെ അല്പനേരംപോലും താമസിപ്പാൻ അവൾ ധൈൎയ്യപ്പെട്ടില്ല. മദ്യലഹരി വിട്ടു് സ്വബുദ്ധിക്കുണൎച്ചയുണ്ടായാൽ തലേദിവസം തങ്ങളിൽ സംഭവിച്ച കലഹത്തെപ്പററി

പശ്ചാത്തപിച്ചു, അവളെ ബലാൽക്കാരേണ സ്വാധീനയാക്കുവാൻ തക്ക മനോനിശ്ചയത്തോടും ജനസംഘത്തോടുംകൂടി അവർ വീണ്ടും വരുമെന്നുതന്നെ അവൾ തീർച്ചപ്പെടുത്തി. തങ്ങളുടെ ദുർന്നയങ്ങൾ ഫലോദയത്തിൽ പര്യവസാനിപ്പിക്കുവാൻ വേണ്ടുന്ന ദൃഢനിശ്ചയവും മനഃകാഠിന്യവും അവർക്കുണ്ടെന്നു് അവൾ കണ്ടു. ആത്മഹത്യ ചെയ്കയോ? ജ്യേഷ്ഠനും അവൾക്കും അപ്രകൃതങ്ങളായുള്ള മരണങ്ങൾ അപ്രകാരങ്ങളിലായിരിപ്പാനോ വിധിനിശ്ചയം? വിക്രമതികളെ ഭയപ്പെട്ടു ആത്മനാശം ചെയ്കയോ? അതു് വയ്യ. അച്ഛനോടു് ഏററുപറഞ്ഞ വാക്കെവിടെ വെയ്ക്കും! ഇത്രയും ഇതിലധികവും വ്യാപത്സംഘതികളിൽപെട്ടു രക്ഷാമാർഗ്ഗങ്ങളറിയാതെ വലഞ്ഞ സന്ദർഭങ്ങളിലും ധീരകളായുള്ള എത്രയെത്ര തരുണികൾ ദേഹത്തേയും ചാരിത്രത്തേയും പരിത്രാണം ചെയ്തിട്ടുണ്ടു്! ആകസ്മികങ്ങളായുണ്ടായ മനോഭംഗഹേതുക്കളെ ധൈര്യപൂർവം പരിഹരിച്ചു സത്യസംരക്ഷണത്തിന്നു് വേണ്ടുന്ന മനോബലത്തെ സജ്ജീകരിക്കുവാൻ തന്നെ അവൾ ഉറച്ചു. ഇപ്രകാരമുള്ള മനോവ്യാപാരത്താൽ രാവു മുക്കാലും ഉറക്കമിളച്ചു അന്ത്യയാമാരംഭത്തോടുകൂടി അർദ്ധനിദ്രാവസ്ഥപോലുള്ളൊരു മയക്കം ബാധിച്ചു സൂര്യോദയംവരെ ശയ്യയിൽ കിടന്നു. പുലർന്നതിന്നുശേഷം കർത്തവ്യം എന്തെന്നാലോചിച്ചു. ഒന്നും അവൾക്കു ഉള്ളിൽ തോന്നിയില്ല. പകൽ മുഴുവനും ഭയോൽപാദകങ്ങളായ വിചാരങ്ങളാൽ മനഃശല്യത്തോടുകൂടിയിരുന്നു. സന്ധ്യ സമീപിച്ചപ്പോൾ മനസ്സമാധാനം തീരെ നഷ്ടമായി. ധിക്കാരത്തോടുകൂടി തന്നെ ദ്രോഹിപ്പാനുള്ള

അവരുടെ സമാഗമത്തെ വിചാരിച്ചു അവാം ഭയാകുലയായി. കട്ടംക്രിയകാം ചെയ്യുന്നവരുടെ കണ്ണുകളെ തെളിയിക്കുന്ന തമസ്സ് നിബിഡതയോടുകൂടി വ്യാപിച്ചതു് കണ്ടപ്പോാം അവാംക്കവിടെ ഇരിക്കുവാൻ ധൈര്യമുണ്ടായില്ല. അവർ വന്നെത്തിയാൽ തന്നെ കണ്ടെത്തിപ്പോംകരുതെന്നുള്ള ഏകവിചാരത്തോടുകൂടി, ശൈശവത്തിൽ എടുത്തു വളത്തിയ വയോധികയായ ദാസിയേയും കൂട്ടി ദേവകി താൻ ജനിച്ചുവളന്നതായ ആ ശ്രേഷ്ഠഗൃഹത്തെ വിട്ടിറങ്ങി. ഒരു ഭൃത്യനുള്ളവനെ വീട്ടുകാവലിന്നു ഭരമേല്പിച്ചു. അവിടെ നിത്യോത്സവനിലയിൽ കഴിഞ്ഞുകൂടിയ കാലങ്ങളെ അവാം സ്മരിച്ചു. കഠിനമായ ശോകാതിരേകത്താൽ ബാഷ്പജലം കണ്ണുകളിൽ നിന്നു് വഴിഞ്ഞൊഴുകി. സ്വന്തം ഗൃഹവും പരിസരസ്ഥലങ്ങളും മനുഷ്യദൃഷ്ടിക്കു് എപ്പോഴും അമൃതധാരയെ ചെയ്യുന്നതു് തന്നെയാണു്. ബാല്യം മുതൽ യൌവനാരംഭം വരെ വിഹാരസ്ഥാനങ്ങളായി വിലസിയിരുന്ന ഭവനാന്തർഭാഗങ്ങാം, ദൂരസ്ഥിതന്നു് വിചിന്തന മാത്രത്താൽ മനോമുകരത്തിൽ വ്യക്തമായി നിഴലിക്കുന്നതിനാലുണ്ടാകുന്ന പരമാനന്ദം എന്തു പറയട്ടെ! ആലോചനയ്ക്കു വിഷയമാകുമ്പോാം കൂടിയും ഹൃദയോന്മേഷത്തെ പ്രവൃദ്ധമാക്കുവാൻ തക്കവണ്ണം അന്തഃകരണത്തോടു് അനുബന്ധിക്കപ്പെട്ട സ്വന്തഭവനത്തെ ആർ ത്യജിക്കും? പരിഷ്ക്കാരസാമഗ്രികളാൽ പരിപൂണ്ണമായ അന്യന്റെ ഏഴുനിലമാടത്തിന്റെ ശില്പവിശേഷത്തേക്കാാം ഒരാാംക്കു് സ്വന്തഭവനത്തിന്റെ തുലോം പരിമിതമായുള്ള ശില്പവൈചിത്ര്യമാണു് ഹൃദയംഗമമായിരിക്കുക. വാസ്തവസ്ഥിതി

ഇങ്ങനെയിരിക്കെ കഴിഞ്ഞുകൂടുവാൻ അത്യുൽക്കടമായ മനഃശല്യം നിമിത്തമോ അഭിമാനഭംഗം നേരിടുമെന്ന ഭയംനിമിത്തമോ അല്ലാതെ യാതൊരാളും സ്വഗൃഹത്തെ പരിത്യജിപ്പാൻ സംഗതിയുള്ളതല്ല. അങ്ങിനെയുള്ള ഒരു സന്ദർഭമാണ് ദേവകിക്കപ്പോൾ സംഘടിച്ചത്. അവൾ പുറത്തേയ്ക്കിറങ്ങുന്നതിന്നു മുമ്പു, ചന്തുക്കുറുപ്പിന്റെ ചരമഗതിക്കുശേഷം അടച്ചുപൂട്ടിത്തന്നെയിട്ടിരുന്ന അറ തുറന്നു കടന്ന് അവിടെ നിലത്ത് ഒരു ദീർഘനമസ്കൃതി ചെയ്തു. പടി കടന്നു സ്വല്പദൂരം മുന്നോട്ടു ചെന്നതിന്നു ശേഷം മാത്രമേ നാട്ടുവഴി തുടങ്ങുന്നുള്ളു. പടിയിറങ്ങി നാട്ടുവഴിയിൽ ചേരുന്നതിന്നിടക്ക് പലതവണയും അവൾ ആർത്തിയോടുകൂടി ഭവനത്തെ പിന്തിരിഞ്ഞു നോക്കി. ഇന്ന ദിക്കിലെത്തി അഭയം പ്രാപിക്കാമെന്നു നിർണ്ണയിച്ചിട്ടില്ലല്ലോ. മദ്യലഹരിയാൽ പൈശാചസ്വരൂപം ഇരട്ടിച്ച് അവർ വന്നെത്തി അപനയങ്ങൾ തുടങ്ങുന്നതിന്നുമുമ്പ് ആ സ്ഥലം വിട്ടുപോകേണം എന്നു മാത്രമാണല്ലോ അപ്പോളുണ്ടായ ആലോചന. സ്വന്തഭവനത്തിന്റെ പരിസരപ്രദേശങ്ങളൊഴികെ അന്യസ്ഥലങ്ങളിൽ അവളുടെ പാദങ്ങൾ ആ നിമിഷംവരെ പരിചയിച്ചിട്ടില്ല. അന്നു രാജമാർഗ്ഗങ്ങളും, പാന്ഥന്മാരുടെ സ്വൈരസഞ്ചാരങ്ങളും ഉണ്ടായിരുന്നില്ല. തട്ടിപ്പറി, കൊലപാതകം, തുടങ്ങിയ കടുംക്രിയകൾ സാമാന്യേന നടന്നുവന്നിരുന്നതിനാൽ സൂര്യാസ്തമയത്തിന്നു ശേഷം ആ വക ക്രിയകളിൽ ഉദ്യുക്തന്മാരല്ലാത്തവരെല്ലാം സ്വഗൃഹങ്ങളിൽ അടങ്ങിപ്പാർക്കുകയാണ് പതിവ്. അഭിമുഖമായി വരുന്നവർക്കു വഴിമാറുവാൻപോലും ഇട

മില്ലാത്തവിധം കുടുസ്സായി ഒററയടിപ്പാതപോലുള്ള വഴിയിലൂടെ, നക്ഷത്രപ്രകാശം പോലുമില്ലാത്ത രാവിൽ, ദേവകി, തുണക്കാരത്തിയോടുകൂടി രണ്ടു നാഴികദ്ദൂരം നടന്നു. ദുർഗ്ഗമമായുള്ള ആ മാർഗ്ഗം അതേ സ്വഭാവത്തിൽത്തന്നെ രണ്ടുനാഴികകൂടി നീണ്ടുകിടന്നു് വിശാലമായ ഒരു നെൽവയലിൻെറ കരയ്ക്കുവന്നവസാനിക്കുന്നു.

ഇതിന്നിടക്കു് അന്നത്തെ ദിവസം മദ്യവിക്രയശാലയുടെ സമീപത്തുപോലും ചെല്ലുന്നതല്ലെന്നു ശപഥം ചെയ്തു്, ശാന്തകൾ കൊണ്ടൊഴിയുവാൻ നോക്കുന്ന അവളെ ബലാൽ പിടിച്ചുകൊണ്ടു പോകുവാനുറച്ചു്, സന്ധ്യയായതോടുകൂടിത്തന്നെ നിഷ്ഠുരന്മാരായ അവർ സന്നദ്ധന്മാരായിക്കഴിഞ്ഞിരിക്കുന്നു. ദേവകി ആ ഗൃഹം വിട്ടു രണ്ടുനാഴിക കഴിയുന്നതിനു മുമ്പ് അവർ അവിടെ എത്തിക്കഴിഞ്ഞു. ഉദ്ദേശനിവൃത്തി പ്രത്യൂഹപ്പെട്ടു കണ്ടതിനാൽ വാശിമുറുകി അവളെ പിന്തുടരുവാനുറച്ചു. ദൃഷ്ടിപഥത്തിൽനിന്നു് വിട്ടൊഴിഞ്ഞുപോയ മാൻപേടയുടെ പിന്നാലെ വ്യാധന്മാരെന്നപോലെ അവർ അവളെ ആരാഞ്ഞു് പാഞ്ഞുതുടങ്ങി. ഗൃഹത്തെയും സമീപസ്ഥലങ്ങളേയും വിട്ടൊഴിഞ്ഞു കുറെദൂരം പോന്നു കഴിഞ്ഞതിനാൽ അവൾ ആപദ്ഭയത്തെ മുക്കാലും ഹൃദയത്തിൽനിന്നു അകററിയിട്ടുണ്ടായിരുന്നു. പോകുന്ന വഴിക്കു് പൈതൽ കുറുപ്പിൻെറ കൊലക്കളമായിരുന്ന മൈതാനത്തെ, കൂടെയുള്ള വയോധിക അവൾക്കു് കാണിച്ചുകൊടുത്തു. അവൾ അവിടേയ്ക്കൊന്നു നോക്കി ദീർഘമായി നിശ്വസിച്ചു. പിന്നെയും മുന്നോട്ടു അരനാഴികദ്ദൂരം നടന്നു. അപ്പോൾ പി

നിൽനിന്നു് അതിഭയങ്കരങ്ങളായ ആർപ്പുവിളികളും ഉഗ്രതയോടുകൂടി പാഞ്ഞെത്തുന്ന പാദന്യാസശബ്ദങ്ങളും കേട്ടുതുടങ്ങി. പാപികൾ തങ്ങളെ പിന്തുടന്നു വരികയാണെന്നു അവർ ക്ഷണേന ഗ്രഹിച്ചു എന്നു് പറയേണ്ടതില്ലല്ലോ. ക്ഷീണവും, ഭയവും, മാർഗ്ഗദുർഗ്ഗമതയും അനുവദിച്ചിടത്തോളം വേഗത്തിൽ വൃദ്ധയേയും പിടിച്ചു് അവർ ഓടിത്തുടങ്ങി. അപ്പോൾ മുന്നിൽ ആരുടേയോ ഒരു രൂപം പ്രത്യക്ഷപ്പെട്ടു. ശത്രുക്കൾ മുൻവശത്തു് നിന്നും രോധിക്കയാണെന്നുറച്ചു് പെട്ടെന്നു് നിന്നു്, ആ രണ്ടു സ്ത്രീകളും അതിദയനീയസ്വരത്തിൽ "അയ്യോ" എന്നു നിലവിളിച്ചു. പിന്നിലൂടെ വന്നവരിൽ ഒരുവൻ അപ്പോൾ അടുത്തെത്തി ദേവകിയെ പിടിപ്പാൻ കൈനീട്ടി. അതു കണ്ടു് മുന്നിലൂടെ വന്ന ആൾ "തൊടരുതു്" എന്നു പറഞ്ഞു കയ്യിലുണ്ടായിരുന്ന മച്ചാൻവടികൊണ്ടു നീട്ടിയ കയ്യിനെ ബലേന നീക്കി. എതിരാളി ഏകൻ മാത്രമാണെന്നു് കണ്ടതിനാൽ പിന്നിൽനിന്നു് വന്നവർക്കു് കുസലുണ്ടായില്ല. അവർ ആഗതനായ ആളെ ധിക്കരിച്ചു ദേവകിയെ പിടിപ്പാൻ പിന്നേയും മുതിർന്നു. അപരിചിതൻ സ്ത്രീകളെ തന്റെ പിൻപുറത്തേക്കു നിർത്തി മുമ്പിൽ കാണപ്പെട്ടവരോടെതിർത്തു. അവർ അഭ്യാസവഴിക്കു സിദ്ധമായിരുന്ന ഓരോ അടവും പയററിനോക്കി. അപരിചിതൻ അതെല്ലാം തടുത്തു് അവർക്കു് തടുക്കുവാൻ നിർവ്വാഹമില്ലാത്ത ചില അടവുകൾ പ്രയോഗിച്ചു, ഒററയ്ക്കു നിന്നു പൊരുതി തെല്ലിടകൊണ്ടു ആ അക്രമികളെ പരാജിതന്മാരാക്കി. ഏകനായി അത്രനേരം പൊരുതി തങ്ങളെ തോല്പിച്ച ആളിൽ ഉ

ണ്ടായ ബഹുമാനഭേദങ്ങളാൽ അവർ, ഇരുട്ടിൽതന്നെയെങ്കിലും, പ്രതിയോഗിയുടെ പ്രത്യംഗപരിശോധന കഴിച്ചു. അപ്പോൾ അവൎക്കു ആളെ മനസ്സിലായി. "ഞങ്ങൾ ആളെ അറിഞ്ഞില്ല" എന്നു പറഞ്ഞു വിടവാങ്ങി പിന്തിരിഞ്ഞുനടന്നു.

അപരിചിതൻ:—അവർ പൊയ്യൊഴിഞ്ഞു. ഇനിയെന്താലോചിക്കുന്നു?

ദേവകി:—ഞങ്ങളെ രക്ഷിക്കണം. അവർ ഇനിയും പിടിപ്പാൻ വരും.

അപരി:—ഞാൻ വീട്ടിലെയ്ക്കെത്തിച്ചു—

ദേവകി, അതു മുഴമിപ്പാനയക്കാതെ, "തിരിച്ചു ഞാൻ വീട്ടിലെയ്ക്കില്ല. എനിക്കു ഉററവരാരുമില്ല" എന്നു ഗദ്ഗദാക്ഷരമായി പറഞ്ഞു.

അപരി:—വിരോധമില്ലെങ്കിൽ എന്റെ വീട്ടിൽതാമസിക്കാം. നാട്ടിൽ അഴിമതികളൊന്നൊതുങ്ങട്ടെ. വീട്ടിൽ എന്റെ അമ്മയുണ്ടു.

മുഷ്കരന്മാരായ അക്രമികളുടെ ആക്രമണം നിമിത്തം ദേവകിയുടെ മനസ്സിന്നു മാന്ദ്യം സംഭവിച്ചിരിക്കുന്നു. അഗാധമായുള്ള ആപൽക്കയത്തിന്നടിയിൽ നിന്നു അവളിപ്പോൾ കരയേറിയതു അതൎക്കിതമായി കൈവന്ന ഒരവലംബത്താലാണല്ലോ. അവളെ സംബന്ധിക്കുന്ന യാതൊരു കാൎയ്യത്തിലും സ്വയം ആലോചിച്ചു ഒരു തീൎപ്പു കല്പിക്കുക അവൾക്കു ശക്യമായിരുന്നില്ല. അടുത്തുണ്ടായ ഭയങ്കരസംഭവത്തിന്റെ സ്മരണ അപ്പോഴും അവളെ ഭീരുവാക്കുന്നുണ്ടു. അപരിചിതനാകട്ടെ, താൻ ക്ഷണിച്ചതിന്നു മറുവടി ഒന്നുംതന്നെ ഉരിയാടാതെയും അതു കഠിനമായ ആപത്തിൽനിന്നു രക്ഷപ്പെടുത്തിയതു ആരെന്നുള്ള അന്വേ

ഷണംപോലും ചെയ്യാതെയും സ്തബ്ധചിത്തയായിനിന്ന ആ കന്യകയെക്കണ്ടു് ത്സടിതിയിൽ കത്തവ്യം നിശ്ചയിച്ചു. ഒരു വാഹനം കിട്ടാവുന്നിടത്തോളം ദൂരം ആ സ്ത്രീകളെ നടത്തിക്കൊണ്ടുപോയി, അനന്തരം രണ്ടുപേരേയും വാഹനത്തിലിരുത്തി സ്വഗൃഹത്തിലെത്തിച്ചു്, അമ്മയെ വിളിച്ചു ഭരമേല്പിച്ചു.

കുഞ്ഞുകുട്ടിഅമ്മക്ക അപ്പോഠം അറുപതുവയസ്സു പ്രായമാണു്. ബുദ്ധിഗുണവും ഔദാൎയ്യവും തികഞ്ഞിട്ടുള്ള ഒരു വിശിഷ്ടയായ തറവാട്ടമ്മയാണു്. ഭത്താവു ഒരു തമ്പുരാനായിരുന്നു. അദ്ദേഹം കൊടുത്ത വകയും,തറവാട്ടുവകയുമായി സീമയററുള്ള സ്വത്തിന്നുടമസ്ഥയായ കുഞ്ഞുകുട്ടിഅമ്മക്ക അധികം സന്താനങ്ങളെ പരിലാളനം ചെയ്വാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. സന്താനനാശക്ലേശം അനുഭവിക്കേണ്ടിവന്നിട്ടുമില്ല. ഒരു സന്താനത്തെമാത്രം ഓമനിച്ചുണ്ടാകുന്ന സംതൃപ്തി നേടുവാനേ ദൈവം അനുവദിച്ചുള്ളു കുമാരൻ അടിയോടി അവരുടെ ഏകസന്താനമാണു്. ഒരു പുത്രീമുഖം കാണുവാൻ കുഞ്ഞുകുട്ടിഅമ്മ വളരെ കൊതിച്ചു. ദൈവമതം ദുൎജ്ഞേയമല്ലേ? ഭഗവത്സേവ മുതലായ സൽക്കമ്മങ്ങഠം പുത്രീലാഭത്തെ ഉളവാക്കിയില്ല. മകൻെറ ഗുണഗണങ്ങളെപ്പററി പലരും വാഴ്ത്തി പറയുന്നതു അമ്മ കേഠക്കാറുണ്ടു. തൻെറ ഏകപുത്രൻെറ ഗുണാതിരേകത്താൻ വേറെ സന്താനങ്ങളില്ലാത്ത. വ്യഥ ആ സ്ത്രീ മറന്നിരിക്കുന്നു. കായികാഭ്യാസത്തിലും ലോകതന്ത്രത്തിലും തൻെറ പുത്രൻ കുശലനാണെന്നു ബോധംവരികയാലും, ശൌൎയ്യാരാധകമായ കാലഭേദത്തിൻെറവിലാസത്താൽ അപ്പോളപ്പോളായി ആയുധദാനം ചെയ്യാറുള്ള

വേളകളിൽ പുത്രന്റെ അപദാനങ്ങളെ അന്യന്മാർ ശ്ലാഘിക്കുന്നതു കേട്ടിരുന്നതിനാലും ഒരു വീരസൂനുവിനുണ്ടാകുന്ന ആത്മാഭിമാനത്തെ ആ അമ്മ കൈക്കൊണ്ടിരുന്നു. അടിയോടി, അമ്മയോടു ദേവകിയെ സംബന്ധിച്ചുള്ള എല്ലാ കഥകളും ഗൂഢമായി പറഞ്ഞു. കുഞ്ഞുകുട്ടി അമ്മക്കു ദേവകിയിൽ കനിവുതോന്നി. കണ്ടപ്പോളെഴുനീററു ചെന്നു രണ്ടു കൈകൊണ്ടും പ്രേമപുരസ്സരം ആശ്ലേഷിച്ചു.

കുഞ്ഞുകുട്ടിയമ്മ:—മകളേ! നീ ഒന്നുകൊണ്ടും വ്യസനിക്കേണ്ട. ഇവിടെ താമസിക്കു. ആ ദുഷ്ടന്മാർ കഷ്ടപ്പെടുത്തുമായിരുന്നു. കുട്ടൻ അപ്പോഴെക്കെത്തിയതു ഭാഗ്യം. ഇതാണ് മേലിൽ മകളുടെ ഗൃഹം.

## III

നിന്തിരുവടിയുടെ കാരുണ്യമുണ്ടെങ്കിൽ ഞാൻ
അന്തമില്ല സാധിപ്പിച്ചുകൂടുവനല്ലോ.

താരുണ്യദശയിലേക്കു് കാലെടുത്തുവെച്ച മാണിക്കം പിറേറന്നു കാലത്തു് ദേവകിയുടെ സമീപത്തേക്കു ചെന്നു. കുറച്ചൊരു കൂനും കാൽമുടന്തലും ഉള്ളതിനാൽ മനോഹരാംഗി എന്ന അഭിധാനത്തിന്നു അർഹയല്ലെങ്കിലും, മാണിക്കം സ്ത്രീസാമാന്യമായുള്ള ശ്രീപൌഷ്കല്യം കലർന്നവളാണ്. അവൾ ആ ഗൃഹത്തിലെ ഒരംഗമായിതീർന്നതിനുണ്ടായ സംഗതിയെ സംബന്ധിച്ചോ അവിടെ അവളുടെ സ്ഥാനം ഇന്നതാണെന്നുള്ളതിനെപ്പററിയോ പരിചാരകന്മാർക്കുപോലും യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ഗൃഹനായികക്കും അടിയോടിക്കും അവളെ വളരെ വാത്സല്യമുണ്ടെന്നുള്ള വാസ്തവം എല്ലാവക്കും

അറിയാം. എജമാനത്തിയല്ല, അത്തരക്കാർ ചെയ്യുന്നതിലും കിഴിഞ്ഞ ഗൃഹജോലികൾ അവൾ ചെയ്യാറുണ്ടു്. വെറും ദാസിയല്ല. നടപ്പിലും ഉടുപ്പിലും പെരുമാററങ്ങളിലും അവൾ ദാസികളിലും വളരെ കവിഞ്ഞുള്ള നിലയിലാണു്. അംഗവൈകല്യത്തോടുകൂടി, അന്യന്മാരുടെ ഗൃഹജോലികൾ ചെയ്തു പുലന്നുപോരുന്ന ഒരു സാധുപെൺകുട്ടി എന്നു നിണ്ണയിപ്പാൻ പ്രതിബന്ധങ്ങളായുള്ള ചില ലക്ഷണങ്ങൾ അവളിൽ പ്രത്യക്ഷങ്ങളായിട്ടുണ്ടു്. ഒന്നുകൊണ്ടും ഒരു കുലുക്കമില്ലായ്മ, ആരോടും സ്മിതപൂവ്വമായ സംഭാഷണം, സ്വന്തചരിത്രങ്ങളെപ്പററി ചോദ്യങ്ങൾ വരുമ്പോൾ പൃച്ഛകന്മാക്കു് അലൌകികംകൂടാതെ വിഷയത്തെ അന്യമാഗ്ഗങ്ങളിലേയ്ക്കു തിരിക്കുവാനുള്ള അതിസാമത്ഥ്യം എന്നീ ഗുണങ്ങൾ അവൾ നേടിവെച്ചിട്ടുണ്ടു്. ആവക ഗുണങ്ങൾ തനിയേ തന്നെ പ്രദശിപ്പിച്ചിരുന്നതിനാൽ പ്രേക്ഷകന്മാക്കു് അവളിൽ അനുകമ്പ ഉണ്ടാകുമോ എന്നു കായ്യത്തിൽ തീച്ചയായും പക്ഷാന്തരമുണ്ടു്. വിശാലമായ ഫാലവും സദാ സജീവങ്ങളായ നെടിയ നേത്രങ്ങളും നാസികയുടെ സൃഷ്ടിവൈചിത്ര്യവും മുഖാകൃതിയും അഗാധാശയതയെ ദ്യോതിപ്പിക്കുന്നവയാണെന്നു് ചില സാമുദ്രികാശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടാറുണ്ടു. അയൽവാസികളെല്ലാം അവളെ അറിയും. സരസവാക്കുകളെക്കൊണ്ടു ആരെയും രഞ്ജിപ്പിക്കുവാൻ അവൾക്കു് കഴിവുണ്ടായിരുന്നതിനാൽ അവളുടെ സംനിധ്യം എല്ലാവക്കും സന്തോഷാവഹമായിരുന്നു. അവൾ ദേവകിയുടെ സമീപത്തു ചെന്നുനിന്നു ചിര

പരിചിതയെന്നപോലെ, "ചല്ലതെപ്പ കഴിഞ്ഞില്ലല്ലൊ, കഞ്ഞി തെയ്യാറായിരിക്കുന്നു" എന്നു പറഞ്ഞു.

ദേവ:— വേഗം കഴിക്കാം. എന്നെ രക്ഷിച്ചതാരാണ്? ഇതാരുടെ വീടാണ്?

മാണി:— കുമാരനടിയോടി. ഇതദ്ദേഹത്തിൻെറ ഭവനമാണ്.

ദേവകി ഇതു കേട്ടപ്പോൾ ഒന്നു ഞെട്ടി. ഉള്ളിൽ വളൎന്നുതിങ്ങിയ വിചാരഭേദങ്ങളാൽ വിവശഭാവത്തോടുകൂടിയ മുഖവികാരത്തെ ഗോപനംചെയ്വാൻ അവൾ തെല്ലും ശക്തയായില്ല. അടിയോടിയുടെ നാമോച്ചാരണത്താൽ ദേവകിക്കുണ്ടായ വിവശതകൾ, മാണിക്കത്തിൻെറ മനോരാജ്യപഥങ്ങളിലൂടെ കേവലം ഉപരിപ്ലവങ്ങളായി പോവുകയല്ല ഉണ്ടായതു്; അടിയോടിയും അവളും തമ്മിലുള്ള പരിചയം, അവൾ നടിക്കുംപോലെ ഇദംപ്രഥമമായി മാത്രം ഉണ്ടായിട്ടുള്ളതല്ലെന്നും, അവർ തമ്മിലുള്ള പെരുമാററങ്ങളെ വഴിപോലെ കണ്ടറിയേണമെന്നും മാണിക്കം മനസ്സുകൊണ്ടുറച്ചു.

അടിയോടി ഒരു തമ്പുരാൻെറ മകനാണല്ലൊ. ആകൃതികൊണ്ടും പ്രകൃതികൊണ്ടും അദ്ദേഹം ഒരു തമ്പുരാൻതന്നെയാണ്. മുപ്പത്തഞ്ചാമത്തെ വയസ്സ് അദ്ദേഹത്തിന്നു അപ്പോൾ തികഞ്ഞിട്ടേയുള്ളു. ദേഹനാശകരങ്ങളായ വസ്തുക്കളിൽ ആസക്തിയില്ലാതിരുന്നതിനാലും അമ്മയുടെ മേൽനോട്ടത്തോടുകൂടി ചമയ്ക്കപ്പെടുന്ന ദേഹപോഷകരങ്ങളായ ഭോജ്യങ്ങൾ അനുഭവിച്ചുപോന്നിരുന്നതിനാലും അഭ്യാസമുറകളെക്കൊണ്ടു അംഗങ്ങൾക്കു കരുത്തു വളൎത്തിയിരുന്നതിനാലും അടിയോടി ദൎശനീയതമൻതന്നെ എന്നാരും

സമ്മതിക്കും. വണ്ണം തനിത്തങ്കത്തിന്റേതുതന്നെ. ഏതൊരാളും അദ്ദേഹത്തെ ഒരിക്കൽ കണ്ടാൽ മറക്കുകയില്ല. ആകൎഷം, ക്ഷണമാത്രയിൽ പരിചയപ്പെട്ടു രണ്ടു വാക്കു അദ്ദേഹം പറഞ്ഞുകേൾപ്പാൻ അഭിലാഷം ജനിക്കും. കാൎയ്യത്തിനുള്ള ഗുരുത്വം എത്രതന്നെ ആയിരുന്നാലും തനിക്കു നിൎവ്വഹിക്കുവാനുള്ള വിഷയത്തെപ്പററി പുഞ്ചിരി പൊഴിച്ചുംകൊണ്ടു ലഘുവായ നിലയിൽ സംഭാഷണംചെയ്യുന്നതും കാൎയ്യസിദ്ധി ഗുപ്തേംഗിതനായി എളുപ്പത്തിൽ സാധിപ്പിക്കുന്നതും കേട്ടും കണ്ടും അനുഭവിക്കേണ്ടതുതന്നെയാണു്. ആത്മശ്ലാഘയില്ലായ്മ, ദീനന്മാരിൽ അലിവു്, ധൎമ്മവിഷയങ്ങൾക്കു വേണ്ടിയുള്ള വ്യയശീലം, തന്ത്രപടുക്കളെ പിൻമടക്കുവാനുള്ള നയനിപുണത, ജനരഞ്ജന, ഈവക ഗുണങ്ങളുടെ പരിശീലനത്തിനു അന്യന്മാൎക്കു അദ്ദേഹം ഒരു മാതൃകാമനുഷ്യനാണു്. മാണിക്കത്തിനു ഈ വസ്തുതകളൊക്കെ നല്ലവണ്ണം അറിയാം. അദ്ദേഹത്തിന്റെ ഗുണഗണത്താൽ അവൾ ആകൃഷ്ടയായി കഴിഞ്ഞിട്ടുണ്ടു്. എന്നാൽ അദ്ദേഹത്തെസ്സംബന്ധിച്ചു് അനുരാഗകിരണങ്ങൾ അവളുടെ അഗാധഹൃദയത്തെ സ്പൎശിച്ചിട്ടുണ്ടായിരുന്നുവോ എന്ന വാസ്തവം ആരാഞ്ഞറിയുവാൻ നമുക്കിപ്പോൾ ഇടയില്ല. അംഗവൈകൃതമുള്ള അവൾക്കു അത്ര കോമളശരീരനായ അടിയോടിയിൽ അഭിനിവേശം പാടുണ്ടോ എന്നുള്ള ചോദ്യത്തിനു ന്യായമില്ല. കാണികൾക്കു പക്ഷെ അവരുടെ യോഗത്തിൽ കണ്ണിനു തിരം മതിയായില്ലെന്നു വരാം. അതുകൊണ്ടെന്താണു്? അവളുടെ അംഗവൈകൃതം അത്ര ഘനപ്പെട്ടതായി അവൾക്കു തോന്നിയിരുന്നില്ല. മനുഷ്യലോകത്തിനു പരക്കെയുള്ളതായ ഈയൊരു മ

നോവൃത്തിയിൽനിന്നു മാണിക്കം ഒഴിവായിരുന്നി
ല്ലെന്നു പക്ഷെ സമ്മതിക്കാം. അടിയോടിയെപ്പോ
ലുള്ള ഒരു ഗുണസമ്പന്നനോടൊരുമിച്ച് ഒരു ഗൃഹ
ത്തിൽ ചിരകാലം പെരുമാറുകയും, അദ്ദേഹ
ത്തിൻെറ ഉദാരങ്ങളായ വാക്കുകളും പ്രവൃത്തികളും
കേട്ടും കണ്ടും അറിയുകയും ചെയ്തുപോന്നിരുന്നതി
നാൽ, അങ്ങിനെയുള്ളൊരു വികാരം അവളുടെ ഹൃ
ദയത്തിൽ സ്ഥലം പിടിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ തെ
ററു പറവാനില്ല. ആ കഥയെങ്ങിനെയെങ്കിലും ഇരി
ക്കട്ടെ. ദേവകിക്ക് അടിയോടിയുടെ പേരിൽ അനു
രാഗമുണ്ടാകുന്ന കാര്യ്യം മാണിക്കത്തിന്നു് ഒട്ടും സമ്മ
തമല്ല. സൃഷ്ടിയിൽ മാനുഷഹൃദയത്തിൻെറ പ്രധാന
വികാരങ്ങൾക്ക് ഒരു രീതി കല്പിക്കപ്പെട്ടിട്ടുണ്ട്. ആ
ദിമുതൽ ഇന്നുവരെ ആ രീതിയ്ക്കു യാതൊരു ഭേദവും
വന്നിട്ടില്ല, വരുവാനും പാടുള്ളതല്ല. പഠിപ്പും പരി
ഷ്കാരവും ഇനിയും എത്രയെങ്കിലും വൎദ്ധിക്കട്ടെ. മനു
ഷ്യസ്വഭാവത്തിൻെറ അസ്സൽസ്വരൂപത്തിനു ഗണ്യ
മായ മാററമൊന്നും സംഭവിക്കുന്നതല്ല. തനിക്ക് അഭി
മതനായുള്ള ആളിൽ, പ്രാണസ്നേഹിതതന്നെയായാ
ലും മററൊരുവൾക്ക് ആഭിമുഖ്യം ഉണ്ടാവുകയൊ, അ
യാളെപ്പററി അവൾ ഒരു നല്ല വാക്കു പറയുകയോ
പോലും സ്ത്രീബുദ്ധി സഹിക്കില്ല. പരിഷ്കൃതപ്രദേ
ശങ്ങളിൽ ഇക്കാലത്തും ഈവഴിക്കുള്ള ഗൃഹകലഹങ്ങ
ൾ എത്രയസംഖ്യം ദിവസംപ്രതി കഴിഞ്ഞുകൂടുന്നു. മാ
ണിക്കവും മുൻപറഞ്ഞ ലോകരീതിയെ അനുസരിക്കു
ന്നവൾ തന്നെയാണ്.

"ജ്യേഷ്ഠനെ കൊന്ന ആളൊ? അച്ഛൻെറ കല്പ
നയെ നടത്തേണ്ടതു് ഇദ്ദേഹത്തിലൊ? ഇപ്പോൾ ക

ഴിഞ്ഞ സംഗതികളാൽ അതെങ്ങിനെ നടത്തും? നടത്താതിരിക്കാനും നിവൃത്തിയില്ലല്ലോ. ഇരിക്കട്ടെ— അദ്ദേഹത്തിൻെറ സ്ഥിതികളൊന്നു മനസ്സിലാക്കട്ടെ''.

ഇങ്ങിനെ ആത്മഗതം കഴിഞ്ഞതിന്നു ശേഷം,

ദേവ:—അദ്ദേഹത്തെപ്പററി എനിക്കു് അല്പം ചിലതു അറിവാനുണ്ടു്. ചോദിച്ചോട്ടെ? എന്നെ രക്ഷിച്ച ആളല്ലെ?

മാണി:—നേരം വൈകുന്നു. അമ്മ കഞ്ഞികുടിച്ചിട്ടില്ല. വിളിക്കാൻ പറഞ്ഞു.

എന്നു ദേവകിയുടെ ചോദ്യംകൊണ്ടുണ്ടായ അസൂയാകാലുഷ്യത്തെ വെടുപ്പിൽ മൂടിവെച്ചു മാണിക്കം ഉത്തരംപറഞ്ഞു. മാണിക്കം നിർബ്ബന്ധിച്ചതിനാൽ ദേവകി പല്ലുതേപ്പും മററും കഴിഞ്ഞു കുഞ്ഞുകുട്ടിയമ്മയുടെ സമീപത്തേക്കു ചെന്നു. അവിടെ അമ്മയുടെ മുമ്പിൽ അടിയോടി എന്തോ സംഭാഷണംചെയ്തുംകൊണ്ടു നിൽക്കുന്നുണ്ടു്. ദേവകിയെ കണ്ടപ്പോൾ,

അടി:—ഇന്നലത്തെ അദ്ധ്വാനംകൊണ്ടു ക്ഷീണമൊന്നും ഇല്ലല്ലൊ?

ദേവകി ''ഇല്ല'' എന്നു മാത്രം മറുവടി പറഞ്ഞു.

അടി:—ഇന്നലത്തെ ആളുകൾ നമ്പൂതിരിയുടേയും കുറുപ്പിൻേറയും പ്രധാനസേവകന്മാരാണ്. കുറുപ്പു ദുർബ്ബുദ്ധിയല്ല. ഇന്നലത്തെ പ്രവൃത്തിയ്ക്കു നമ്പൂതിരിയുടെ പ്രേരണയുണ്ടായിരിക്കുമോ? കഥ നന്നെ കുറഞ്ഞ ആളാണ്. ഞാൻ ഇതുവരെ ഒരു കക്ഷിയിലും ചേരാതെ ഇരുകക്ഷികളേയും തൃപ്തിപ്പെടുത്തി പോന്നു. ഈയിടയിൽ എന്നെപ്പററി അവക്കു കുറേശ്ശ ദുശ്ശങ്ക തുടങ്ങീട്ടുണ്ടെന്നുകേട്ടു. ഇന്നലെ കഴിഞ്ഞ സംഗതി

അവരുടെ ദുശ്ശങ്കകളെ ബലപ്പെടുത്തുന്നതിന്നാണ് വഴി. അവർ എന്തെങ്കിലും ചെയ്യട്ടെ.

ഇങ്ങിനെ പറഞ്ഞതിന്നുശേഷം "ഈ സ്ത്രീയെ ഇവിടെ നിൎത്തുന്നതു ക്ഷേമമല്ല. അവർ പക്ഷെ എന്നെയും ശാസിപ്പാൻ വന്നുകൂടെന്നില്ല. എൻെറ ഗൃഹത്തിൽനിന്നു് അന്യയായ ഒരു സ്ത്രീ അപമാനം അനുഭവിക്കേണ്ടിവരുന്നതു വലിയ പോരായ്മയാണ്. ഗോദവൎമ്മത്തമ്പുരാൻ മാത്രമേ ഇവരുടെ അധികാരസീമയ്ക്കുള്ളിൽനിന്ന തെററിച്ച് ആരെയെങ്കിലും പുറത്തേയ്ക്കു കൊണ്ടുപോകുവാൻ ത്രാണിയുള്ളാളായിട്ടുള്ളു! അദ്ദേഹമാണല്ലൊ അനേകംപേരെ ഇവരിൽനിന്നു രക്ഷപ്പെടുത്തീട്ടുള്ളതു്. ഈ സ്ത്രീ തിരുവനന്തപുരത്തു താമസിക്കട്ടെ. അല്ലാതെ മററുവഴി ഞാൻ കാണുന്നില്ല" എന്നിങ്ങനെയുള്ള മനോരാജ്യങ്ങളോടുകൂടി അവിടെനിന്നു പോയി.

കഞ്ഞി കുടിച്ചതിന്നുശേഷം ദേവകി ഒരു മുറിക്കകത്തു ചെന്നിരുന്നു. "ഈശ്വരാ! ഇങ്ങിനെയോ വന്നതു്! ജ്യേഷ്ഠൻെറ രക്തം പുരണ്ട കൈകൊണ്ടു തരുന്ന അന്നമോ ഞാൻ ഭക്ഷിക്കേണ്ടതു്! അച്ഛൻെറ കല്പനയെ ഞാൻ എത്ര നീചനിലയിലാണ് ലംഘിക്കുന്നതു്! ജ്യേഷ്ഠനെക്കൊന്നു് അനുജത്തിയോടു് ഔദാൎയ്യംകാണിക്കുന്ന ഇദ്ദേഹം എത്ര ദുഷ്ടൻ! എന്നെ കാണുമ്പോഴെങ്കിലും ചെയ്ത കൊലയെപ്പററി സ്മരണമൊ പശ്ചാത്താപമൊ ഇല്ലല്ലോ. കഠിനഹൃദയൻ! ഉറുമ്പിനേയോ ഈച്ചയേയോ തച്ചുകൊന്ന ഭാവമല്ലേ ഉള്ളു! അത്ര നിസ്സാരമോ ചെയ്ത കാൎയ്യം? അതു കരുതേണ്ടാ. അച്ഛൻെറ ആജ്ഞ ഞാൻ അക്ഷരംപ്രതി നടത്തും!! പത്തു കൊല്ലങ്ങൾ കഴിഞ്ഞില്ലേ. അതുകൊണ്ടോ?

എന്നെ സംരക്ഷിപ്പാൻ വന്നതു ചെയ്ത പാപ ത്തിൻെറ പ്രായശ്ചിത്തം കഴിപ്പാനൊ? ഇദ്ദേഹ ത്തിൻെറ ഔദാൎയ്യങ്ങളും ധൎമ്മങ്ങളുമൊക്കെ ലോക ത്തെ മിരട്ടാൻ മാത്രം! എന്നെ അറിഞ്ഞില്ലെന്നുവരു മോ? എന്നാൽ സംഗതികഠം മനസ്സിലാക്കേണ്ടത ല്ലെ? അദ്ദേഹത്തിനോടു ശത്രുത്വം ഉള്ളവളല്ലെ ഞാ ൻ? ആതിത്ഥ്യംചെയ്വാനും സ്വീകരിപ്പാനും അപ്പോ ഠംസംഗതിയുണ്ടൊ? ഞാൻ ജീവിച്ചിരിക്കുന്നതുതന്നെ ജ്യേഷ്ഠനെ കൊന്നതിൻെറ പ്രതിക്രിയ ചെയ്വാനല്ലെ? എന്നാൽ—എൻെറ ജീവനുതന്നെയും ഞാൻ അദ്ദേ ഹത്തിന്നു കടപ്പെട്ടുപോയി. ദുഷ്ടന്മാർ എൻെറ കഥ കഴിക്കുമായിരുന്നു. അവർ എന്നെ തൊട്ടു, തൊട്ടില്ല എന്ന നില ആയതല്ലെ? അപ്പോഴക്കും അദ്ദേഹത്തെ അവിടെ എത്തിച്ചതാര്? ദൈവത്തിൻെറ മതം മ റിച്ചായിരിക്കുമോ? എൻെറ പ്രാണനെ രക്ഷിച്ചാളു ടെ നാശത്തിന്നു ശ്രമിക്കുകയോ? അതും വ്യാജവഴി യിൽതന്നെ വേണ്ടെ? സ്ത്രീകഠക്കു അതു ഉചിതമാ ണോ? ഒന്നുതീൎച്ചയാണ്, അദ്ദേഹത്തെ കാണുമ്പോഠം എൻെറ മനസ്സിന്നു ഒരാനന്ദം ഉണ്ടാകുന്നു. ഉപക ൎത്താവായതുകൊണ്ടായിരിക്കാം. തൻെറ ദേഹത്തെ പണയംവെച്ചിട്ടല്ലെ എന്നെ രക്ഷിപ്പാനൊരുമ്പെട്ടതു്! എൻെറ മേൽ വീഴുമായിരുന്ന എത്ര കുത്തും തല്ലും അ ദ്ദേഹം എനിക്കുവേണ്ടി സഹിച്ചു! എത്രയസംഖ്യം ആ ളുകഠം ഇവിടെ ഈ ഒരാഠം നിമിത്തം പുലൎന്നുപോരു ന്നുണ്ടു്. സജ്ജനങ്ങഠംക്കെല്ലാവൎക്കും ബഹു സമ്മതൻ! കുഞ്ഞുകുട്ടിഅമ്മ എത്ര ഭാഗ്യവതി! എന്നെ എന്തു വാത്സല്യം! അവരുടെ വാൎദ്ധക്യകാലത്തു് അവരു ടെ ഏകപുത്രനെ ഞാൻ,—ദൈവമെ, ഞാൻ ഇനി എന്തുവേണം?

ഇപ്രകാരമുള്ള മനോരാജ്യസഞ്ചാരങ്ങളിൽനിന്നു മദ്ധ്യാഹ്നഭക്ഷണത്തിന്നു വന്നു വിളിച്ചപ്പോഠം മാത്രമേ അവഠം നിവൃത്തയായുള്ളു.

വിശേഷസംഭവങ്ങളൊന്നും കൂടാതെതന്നെ കുറെ ദിവസങ്ങഠം കഴിഞ്ഞു. ദിവസത്തിൽ അധികസമയവും അടിയോടി ഗൃഹത്തിൽ ഉണ്ടാവാറില്ല. പരകാൎയ്യപരതന്ത്രനായ അദ്ദേഹത്തിന്നു വിശ്രമത്തിന്നുള്ള അവസരം സ്വല്പംമാത്രമേ ഉണ്ടാകാറുള്ളു. ആ ഗൃഹത്തിൽ പാൎക്കുന്നതിൽ ദേവകിക്കു സ്വല്പവും മുഷിപ്പു തോന്നിയില്ല. കൊട്ടാരംപോലെയുള്ള തന്റെ വലിയ കെട്ടിടത്തിന്നുള്ളിൽ ഒരു വയോധികമാത്രം തുണയായി കഴിഞ്ഞ കാലങ്ങളെ അവഠം അപ്പോഠം സ്മരിച്ചു. രണ്ടു സ്ഥിതികളും തമ്മിൽ എന്തു വ്യത്യാസം! അവിടെ അക്രമികഠം ഇടക്കിടക്കു ശല്യങ്ങഠം ചെയ്യുവാൻ വന്നിരുന്നു. ഇവിടെയോ, പൌരപ്രധാനന്മാരുടെയും വിദ്വാന്മാരുടെയും സാന്നിദ്ധ്യമാണുള്ളതു്. തന്റെ കൃത്യം മേലിൽ എന്തെന്നു തന്നെത്താൻ ചെയ്യുന്ന ചോദ്യങ്ങഠംക്കു് ഉത്തരമൊന്നും തോന്നിയില്ല. ഒരു ദിവസം സായംകാലത്തിന്നു് അല്പം മുമ്പു ഗൃഹത്തിന്റെ പിൻപുറത്തുള്ള വിശാലമായ തെങ്ങിൻതോട്ടത്തിൽ ദേവകി ഏകയായി ചെന്നുനിന്നു. അങ്ങിനെ കുറെനേരം നിന്നപ്പോഠം, അടിയോടി ആ വഴിയ്ക്കുവന്നു് അവളുടെ മുമ്പിൽ നിന്നു.

അടി:— അമ്മ അന്വേഷിക്കുന്നുണ്ടു്. ഇവിടെ തനിച്ചു നിൽക്കുന്നതെന്താണു്?

ദേ:— വെറുതെ വന്നുനിന്നു.

അടി:—എവിടെ? എന്നന്വേഷിച്ചു് അമ്മ പരിഭ്രമിച്ചുനടക്കുന്നു.

ദേവ:— എന്നാൽ വേഗംചെല്ലട്ടെ. ഇവിടെയുള്ളവൎക്കു ഞാൻ ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടു്.

ദേവകിക്കു് യഥാൎത്ഥത്തിൽ അടിയോടിയെ നേരിട്ടുകണ്ടു സംസാരിച്ചു നില്പാനോ കണ്ണുകൾ തങ്ങളിലിടയുവാനുള്ള അവസരം കൊടുപ്പാനോ ധൈൎയ്യമുണ്ടായില്ല. അടിയോടിയുടെ കരുണാമസൃണങ്ങളായ വീക്ഷണങ്ങളും, സൌഹാൎദ്ദമധുരങ്ങളായ വാക്കുകളും, തൻെറ പ്രതിജ്ഞാപാലനത്തിന്നുള്ള മനോനിശ്ചയത്തെ ഇളക്കിത്തീൎക്കുമോ എന്നവൾ ഭയപ്പെട്ടു. പുരുഷജാതിയിൽ അടിയോടിയെപ്പോലുള്ള രൂപയൌവന സുശീലാദി ഗുണങ്ങൾ തികഞ്ഞ മറെറാരാളെ അവൾ കണ്ടിട്ടില്ല. സ്നേഹമോ ദ്വേഷമോ ഒന്നു്, അന്നു സംസാരിച്ചു നിന്നാൽ ദൃഢമായി വേരൂന്നിക്കഴിയും എന്നു തീൎച്ചപ്പെടുത്തി ദീൎഘസംഭാഷണം ഒഴിക്കുവാനാണു് അവൾ നോക്കിയതു്.

അടി:— ബുദ്ധിമുട്ടുകളോ! കൃതജ്ഞതയ്ക്കാണു് അവകാശമുണ്ടാക്കിയതു്.

ദേവ:—അതെങ്ങിനെ?

അടി:— നിങ്ങളുടെ കുടുംബത്തിൽ ആൎക്കെങ്കിലും ഒരാൾക്കു് ഒരു ഉപകാരം ചെയ്യാൻ യോഗം വരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

ദേവ:—ദുഷ്ടന്മാരിൽനിന്നു് എന്നെ രക്ഷിച്ചതു് അങ്ങുന്നാണു്. അതിനാൽ കൃതജ്ഞത എനിക്കല്ലെ വേണ്ടതു്?

അടി:— എനിക്കു മുമ്പു് ഒരു കയ്യബദ്ധം വന്നതു് അറിവുണ്ടോ? ജ്യേഷ്ഠനെപ്പററിയാണു് ഞാൻ പറയുന്നതു്.

അവൾ ഒന്നും ഉത്തരം പറഞ്ഞില്ല. ക്ഷണനേരം ഒരു കോപച്ഛായ മുഖത്തു പ്രകാശിച്ചു.

അടിയോടി തുടൎന്നു പറഞ്ഞു: “അന്നു പോരുമ്പോൾ വഴിയിൽവെച്ചു തന്നെ ഞാൻ ആരാണെന്നു പറയേണ്ടതായിരുന്നു. വിവരങ്ങൾ പിന്നെ അറിയുമ്പോൾ ഞാൻ ചതിച്ചതാണെന്നു തോന്നരുതല്ലൊ. പക്ഷെ അപ്പോൾ അതിന്നു തരമായില്ല. ആ സന്ദൎഭവും അതിന്നു പററിയതല്ലായിരുന്നുവല്ലൊ. ഇപ്പോഴും ഇതു പറയുവാനുള്ള എൻെറ വ്യഥ എങ്ങിനെ പറഞ്ഞറിയിക്കും? ഒന്നു ഞാൻ സത്യമായും പറയാം. എനിക്കു കയ്യബദ്ധം വന്നതാണ്.

ദേ:— എന്നോടിതെല്ലാം ഇപ്പോൾ പറയുന്നതെന്തിനാണ്? (അല്പംഭാവഭേദത്തോടുകൂടി) കയ്യബദ്ധം വന്നതല്ലെന്നു ജ്യേഷ്ഠൻഇനിവന്നു പറയില്ലനിശ്ചയം.

എന്ന് അവളുടെ മനോവ്യഥയുടെ പ്രതിമയെ അടിയോടിക്കല്പം കാണിച്ചുകൊടുത്തു. എന്നാൽ ഇതു പറഞ്ഞുകഴിഞ്ഞ ഉടനെ അവൾ പശ്ചാത്തപിപ്പാൻ തുടങ്ങി. അടിയോടിക്ക് പരിഭവം തോന്നിയില്ല. ജ്യേഷ്ഠൻെറ മരണത്തെപ്പററി അവൾക്ക് ഉള്ളിലുള്ള കഠിനദുഃഖത്തിൻെറ അഗാധത മനസ്സിലാക്കി; പൈതൽകുറുപ്പിൻെറ മരണത്തിന്നു കാരണഭൂതനായ തന്നെ അഭിമുഖനായി കാണുന്നതിനാൽ അവൾക്കുണ്ടാകാവുന്ന ഹൃദയശല്യത്തെ വിചാരിച്ച് അടിയോടി വ്യാകുലിതനായി. സ്വതേയുള്ള അദ്ദേഹത്തിൻെറ മുഖപ്രസന്നതയെ ചിത്തവികാരം ഗ്ലാനിപ്പെടുത്തി. പാതിരാവിൽ പരിചയമില്ലാത്ത ചിലർ ജ്യേഷ്ഠൻെറ ശവശരീരത്തെ താങ്ങിയെടുത്തു വന്നു വീട്ടിൽ കിടത്തിയതും, പ്രതിക്രിയക്കു തന്നെ

കൊണ്ടു് അച്ഛൻ ശപഥം ചെയ്യിച്ചതും, നാഥനി ല്ലാത്ത നില കണ്ടു് അക്രമികൾ അപമാനിപ്പാനോ അപായപ്പെടുത്തുവാനോ തുടങ്ങിയപ്പോൾ അടിയോടി അവരിൽ നിന്നു രക്ഷിച്ചതും, ഒന്നായി മിന്നൽ പോലെ മനസ്സിൽ ക്ഷണം വ്യാപരിച്ചതു നിമിത്തം ഉൽഭൂതങ്ങളായ വികാരങ്ങളെ താങ്ങുവാൻ അവൾ അശക്തയായി. അവിടെ ആ നിലയിൽ കുറച്ചുനേരം കൂടി താമസിച്ചു നില്പാൻ ശക്തി പോരാതെ, "ഞാൻ പോകട്ടെ. എൻെറ വല്ല വാക്കും സുഖക്കേ—"

അടി:— അതു പറയരുതു്. കഴിഞ്ഞ കഥക ളൊക്കെ മറക്കണം.

ദേവ:—ഞാൻ ഇവിടെ പാൎക്കുന്നതു് ഒന്നുകൊ ണ്ടും നന്നല്ല. എന്നെ അയച്ചു തരണം.

അടി:— എന്താണിങ്ങിനെ തോന്നാൻ? അമ്മ യ്ക്കു് അതു് ഒട്ടും സുഖമാവില്ല. പിന്നെ രാജ്യത്തിൽ അക്രമങ്ങൾ കൂടിക്കൂടി വരികയാണു്—

അപ്പോഴൊരു ഭൃത്യൻ വന്നു് "പോററി തിരുമ നസ്സുകൊണ്ടെഴുന്നെള്ളിയിരിക്കുന്നു" എന്നു പറഞ്ഞു.

അടി:— എന്നാൽ ഞാൻ അങ്ങോട്ടു ചെല്ലട്ടെ. എന്നുപറഞ്ഞു് പൂമുഖത്തേക്കു നടന്നു. പോററി എ ന്ന അഭിധാനത്താൽ ആ ദിക്കിലെങ്ങും അറിയപ്പെ ടുന്ന ഗോദവൎമ്മത്തമ്പുരാൻ പൂമുഖത്തു് ഇരിക്കു ന്നുണ്ടു്.

അടിയോടി (കണ്ടഉടനെ)— എന്താണീ പുറ പ്പാടിൻെറ അൎത്ഥം? പണ്ടത്തെ കറകൾ ഭരണാധി കാരികൾ മറന്നിരിക്കും എന്നു വിചാരിക്കുന്നുണ്ടോ?

തമ്പു:—അതില്ല. ഞാനെത്തിയ വിവരം അ വരെ അറിയിച്ചിട്ടുണ്ടു്.

അടി:— അവിടേയ്ക്കു ഭ്രാന്തുണ്ടോ?

തമ്പു:— മുഴവൻ ഭ്രാന്തല്ല. നേരംപോക്കൊന്നുമില്ലാതെ മുഷിഞ്ഞു. അപ്പോൾ പുറപ്പെട്ടു.

അടി:—ഇവിടെ നേരംപോക്കോ?

തമ്പു:—പ്രമത്തനേയും കുറുപ്പിനേയും കളിപ്പിപ്പാൻ തരം കിട്ടുമോ? എന്നാൽ നേരംപോക്കായി. ആട്ടെ, നിങ്ങളുടെ പരിശ്രമങ്ങൾ എന്തായി?

അടി:—ഞാൻ പണികളെല്ലാം ആലോചിച്ചുവെച്ചിട്ടുണ്ടു്. അവിടുന്നെങ്ങിനെ അറിഞ്ഞു?

തമ്പു:— രാമവർമ്മൻതമ്പാനെ തടവിലിട്ട കഥ ഞാൻ കേട്ടു. അടിയോടിയും സ്നേഹിതന്മാരും അതു കണ്ടു വെറുതെ ഇരിക്കില്ലെന്നും ഞാൻ ഊഹിച്ചു. എന്നാൽ ഞാൻ ഇവിടെ എത്തി വിവരം അവരെ അറിയിച്ചാൽ പ്രമത്തന്റെയും കുറുപ്പിന്റെയും ശ്രദ്ധ മുഴവൻ എന്നെ കണ്ടു പിടിക്കാനായിരിക്കും. അപ്പോൾ നിങ്ങളുടെ പ്രവൃത്തി നിങ്ങൾക്കു സൈ്വരമായി ചെയ്യാം. നിങ്ങളെപ്പററി ദുശ്ശങ്കയും അവർക്കുണ്ടാകില്ല. ഇങ്ങിനെ ആലോചിച്ചു പുറപ്പെട്ടതാണു്.

അടി:—എന്തു് അക്രമമാണവർ ചെയ്തതു്? അദ്ദേഹത്തിന്റെ സ്വത്തെല്ലാം ആദ്യം അപഹരിച്ചു. അതിന്നുശേഷം പെരുമാളോടു ദുരുപദേശംചെയ്തു എന്നു കുററം സ്ഥാപിച്ചു തടവിലിട്ടിരിക്കുകയാണു്. ഇനി കഴുവേററാനാണത്രെ ഭാവം.

തമ്പു:—അയാൾ അങ്ങിനെ വല്ലതും ചെയ്തുവോ?

അടി:— സങ്കടം സഹിക്ക വയ്യാതായപ്പോൾ പെരുമാളുടെ മുമ്പിൽ ചെന്നു, "ബ്രാഹ്മണസംഘ

ത്തിൻെറ വാക്കു കേട്ടു എല്ലാം പ്രവൎത്തിച്ചാൽ രാജ്യം കുട്ടിച്ചോറാവും'' എന്നോ മറേറാ പറഞ്ഞുവത്രെ.

തമ്പു:—നിങ്ങളുടെ പരിശ്രമത്തിന്നു് എൻെറ സഹായം ആവശ്യമുണ്ടോ?

അടി:— ഇതിന്നുവേണ്ടി, അവിടുന്നു ബുദ്ധിമുട്ടേണ്ട.

തമ്പു:— എന്താണു് ഭാവം?

അടി:—ഒരു ഭൃത്യനെക്കൂട്ടി ജേലിൽ ചെല്ലണം. ഞാൻ മടങ്ങുമ്പോൾ എൻെറ ഭൃത്യൻ തമ്പുരാനായിരിക്കും.

തമ്പു:— ഒരുത്തനെ ബലികഴിക്കണം, അല്ലെ?

അടി:— അതു വേണ്ടിവരില്ല. അതിന്നും വഴിയുണ്ടാവും. തമ്പുരാനല്ലെന്നു കാണുമ്പോൾ അവനെ വെറുതെ കൊല്ലുമോ? എനിക്കു സംശയമില്ല. തമ്പുരാനെ ഞാൻ തടവിൽനിന്നു കൊണ്ടുപോന്നു കൊള്ളാം. അതിൎത്തി കടത്തി കൊണ്ടുപോകാനാണു് വിഷമം. ഇന്നിന്ന ദിക്കുകളിൽ ഇന്നിന്ന സമയത്തു തമ്പുരാൻ എത്തുമെന്നും അഭയ സ്ഥലങ്ങളിൽ പാൎപ്പിക്കേണമെന്നും ആവശ്യപ്പെട്ടു് അതാതു ദിക്കിലുള്ള സ്നേഹിതന്മാൎക്കു ഞാൻ കുറിപ്പുകൾ എഴുതിവെച്ചിട്ടുണ്ടു്.

തമ്പു:— എഴുത്തുകളെഴുതി സൂക്ഷിക്കുന്നതെന്തിനാണു്? അയക്കായിരുന്നില്ലെ? രേഖകളൊന്നും കൈവശം വെക്കരുതു്. കാലം നന്നല്ല.

അടി:— ഞാൻ നന്നെ കരുതീട്ടുതന്നെയാണു്. എൻെറ വിശ്വസ്തന്മാർ ചിലർ മററു ദിക്കുകളിൽ പോയിരിക്കുന്നതിനാൽ രേഖകളയപ്പാൻ തരം വന്നി

അ വർ എത്തിയ ഉടനെ അയയ്ക്കും. സൂക്ഷിച്ചു

വെച്ചിട്ടുണ്ട്. കിടപ്പറയിൽതന്നെ കട്ടിലിന്റെ ചുവട്ടിൽ ഉള്ള പെട്ടിക്കടിയിൽ വെച്ചിരിക്കയാണ്.

തമ്പുരാൻ ഒന്നും പറയാതെ തെക്കിനിയിലേക്കൊന്നുനോക്കി. അവിടെ വാതിലിന്റെപിന്നിൽ ആരോ ഉണ്ടെന്നു തോന്നി "ആരാ അവിടെ" എന്നു ചോദിച്ചു.

അപ്പോൾ ദേവകി വാതിൽക്കൽ വന്ന് അടിയോടിയോട്, "അമ്മ വിളിക്കുന്നുണ്ട്. അതു പറവാൻ വന്നതാണ്" എന്നു പറഞ്ഞു.

അടി:— (തമ്പുരാനോട്) ചന്തുക്കുറുപ്പിന്റെ മകളാണ്. കുറെ ദിവസങ്ങളായി ഇവിടെ അമ്മയ്ക്കു മകളുടെ സ്ഥാനം വഹിച്ചിരിയ്ക്കുകയാണ്.

തമ്പുരാൻ ദേവകിയുടെ മുഖത്തേയ്ക്കു സൂക്ഷിച്ച് ഒന്നു നോക്കി, "അതു നന്നായി. അമ്മയ്ക്കങ്ങിനെ ഒരാൾ ആവശ്യമാണ്," എന്നു മാത്രം പറഞ്ഞു. അനന്തരം ദേവകി അകത്തേയ്ക്കു പോയി.

തമ്പു:— ആ സ്ത്രീ തെക്കിനിയിൽനിന്നു പോയില്ലേ?

അടി:— ഉവ്വ്. എന്തിനാ?

തമ്പു:— ഒന്നിനുമല്ല, രാമവർമ്മനെ സംബന്ധിക്കുന്ന രേഖകൾ നശിപ്പിക്കണം. ഇനി നിമിഷം പോലും അതു വെച്ചേയ്ക്കരുത്.

അടി:— ശരി; ശരി. എനിക്കു മനസ്സിലായി. എന്നാൽ അവിടുത്തെ ശ്ശങ്ക വെറുതെയാണ്. ആ സ്ത്രീ പരമസാധുവാണ്.

തമ്പു:— എന്താ അവളെ വിവാഹം കഴിപ്പാൻ വിചാരിക്കുന്നുണ്ടോ?

അടി:— അങ്ങിനെ ഊഹിക്കുന്നതിൽ തെററില്ല. പക്ഷെ അർദ്ധസമ്മതം മാത്രമാണെ.

തമ്പു:— അങ്ങിനെ പറയു. ഞാൻ അതു സംശയിച്ചു. എന്നാൽ ഒന്നു ചോദിക്കട്ടെ. ആ സ്ത്രീ പരമസാധുവല്ലെ? അടിയോടി അങ്ങിനെയല്ലല്ലോ. മനക്കരുത്തും നയകുശലതയും തികഞ്ഞ ആളല്ലെ? ദാമ്പത്യസുഖം അനുഭവിപ്പാൻ സ്ത്രീപുരുഷന്മാർ തുല്യ മനോവൃത്തികളോടുകൂടിയവരായിരിക്കണ്ടേ? പക്ഷെ അതു അഭിപ്രായവ്യത്യാസമുണ്ടാക്കുന്ന വിഷയമാണ്. അതെന്തെങ്കിലുമാവട്ടെ. ഞാൻ പറഞ്ഞപോലെ ചെയ്യണം. രേഖകൾ നശിപ്പിക്കു.

അടി:—അവിടുന്നു് അതിനെപ്പററി ഭയപ്പെടേണ്ട. രാമവൎമ്മൻതമ്പുരാനെ ഞാൻ രക്ഷപ്പെടുത്താം. അവിടുത്തെ മനസ്സുണ്ടെങ്കിൽ അതു സാധിപ്പിക്കാം.

---

## IV

മന്നവൻ മോഹം കൈക്കൊണ്ടന്നേരമവൾതന്നോ-
ടെന്നുടെ വല്ലഭയായിവിടെയിരിക്കെന്നാൻ.

പ്രമത്തൻ നമ്പൂതിരിയും ശേഖരക്കുറുപ്പും പ്രജാമർദ്ദനത്തെ അതികഠിനമായ നിലയിൽ പ്രചരിപ്പിക്കുന്നു. നിസ്സാരന്മാരെന്നുപേക്ഷിക്കപ്പെട്ടിരുന്ന കട്ടയികം എടപ്രഭുക്കന്മാരെ ശത്രുപക്ഷപാതികളെന്ന ശങ്കയാൽ കഴുമരത്തിന്മേൽ ഇടുന്നു. പരദേശത്തുനിന്നു് ഇവിടെ എത്തി ഭരണഭാരം കയ്യേററതിന്നുശേഷം, മനസ്സാക്ഷിക്കു തീരെ ഹൃദ്യകളല്ലാത്ത കടുംക്രിയകൾ ചെയ്യേണ്ടിവന്നതിൽ, പെരുമാക്കന്മാരിൽ പലൎക്കും മനശ്ചാഞ്ചല്യമുണ്ടായിട്ടുണ്ടു്. പ്രതിജ്ഞയാൽ ബദ്ധ

ന്മാരായിരുന്നതിനാലും, സ്വാതന്ത്ര്യങ്ങൾക്ക സൌഖ്യം ലഭിപ്പാൻ തരപ്പെടാതിരിക്കത്തക്കവണ്ണം ഭരണയന്ത്രത്തിൻെറ സൂക്ഷ്മചക്രങ്ങളെ ബ്രാഹ്മണസംഘത്തിൻെറ കൈപ്പിടിക്കുള്ളിൽ ഒതുക്കിയിരുന്നതിനാലും, വിഷണ്ണന്മാരായ പെരുമാക്കന്മാർ കണ്ണു ചിമ്മി സകല കാര്യ്യങ്ങളും സമ്മതിച്ചു. വജ്രസൂചികൾ അറച്ചിട്ടുള്ള ആ വലുതായ നകത്തെ തരംകിട്ടുമ്പോൾ കുടഞ്ഞുകളഞ്ഞു തങ്ങളുടെ ക്ഷാത്രപ്രഭാവത്തെ പ്രകാശിപ്പിക്കുവാൻ പെരുമാക്കന്മാൎക്കു് അഭിലാഷമുണ്ടായിരുന്നു. ബ്രാഹ്മണസംഘം അതു മനസ്സിലാക്കാതിരുന്നില്ല. തങ്ങളെ ധിക്കരിച്ചു പെരുമാക്കന്മാർ എപ്പോളെങ്കിലും സ്വാതന്ത്ര്യങ്ങൾ തുടങ്ങുവാനാണ് വഴി എന്നവർ കരുതിയിരുന്നു. പ്രബലന്മാരായ പൌരന്മാരുടെ ദുരുപദേശം വഴിയ്ക്കു് അങ്ങിനെ വന്നേയ്ക്കാമെന്നും അവർ കണ്ടിട്ടുണ്ടു്. പെരുമാക്കന്മാരെയോ പൌരന്മാരെയൊ സഹായിപ്പാൻ അന്യരാജ്യത്തു നിന്നു ജനസംഘം വന്നുചേരാതിരിപ്പാൻ വേണ്ടുന്ന കരുതലുകൾ അവർ ആദ്യമെ ചെയ്തുവെച്ചിട്ടുണ്ടല്ലൊ. രാജകിങ്കരന്മാർ ചെയ്ത അഴിമതികൾ നിമിത്തം നിസ്വനായിത്തീൎന്ന രാമവൎമ്മൻതമ്പുരാൻ, പെരുമാൾസമക്ഷം ചെയ്ത സങ്കടനിവേദനത്തിൻെറ ഫലമായിട്ടാണ്, തടവിൽ കിടക്കേണ്ടിവന്നിട്ടുള്ളതു്. ബ്രാഹ്മണസംഘത്തിന്നു കഠിനസ്വൽയുണ്ടാക്കിയ അദ്ദേഹം കഴുവിന്മേൽ കയറുവാനുള്ള ദിവസം കാത്തിരിക്കുകയാണ്. അദ്ദേഹത്തിൻെറ വധക്രീയാനിൎവ്വഹണത്തിന്നു നമ്പൂതിരി മുതലായവർ ബദ്ധപ്പെടുന്നു. പരിചിതന്മാരെപ്പോലും മാൎഗ്ഗമദ്ധ്യത്തിൽ വെച്ചു കാണുമ്പോൾ, രാജകിങ്കരന്മാർ പരിശോധന

ങ്ങൾക്കു ശേഷമെ വിടുന്നുള്ളു. നമ്പൂതിരിയും കുറുപ്പും നന്നെ പരിഭ്രമിച്ച് അസ്വാസ്ഥന്മാരായിത്തീന്നിരിക്കുന്നു. അവരുടെ തല്ക്കാലമായുണ്ടായ മനോരോഗത്തിന്നു കാരണം "ഞാൻ ഇവിടെ എത്തീട്ടുണ്ട്, ഗോദവമ്മ" എന്നു് ഓലനറുക്കിലുള്ള ഒരു ചെറുനിവേദനം മാത്രമാണ്. അതു കിട്ടിയതിന്നുശേഷം അവൎക്കു രണ്ടുപേൎക്കും വാസ്തവത്തിൽ സുബോധമുണ്ടായിട്ടില്ല. തമ്പുരാനെത്തിയിരിക്കുന്നതിനാൽ രാമവമ്മൻ തമ്പുരാനെ ഉദ്ദേശിച്ചുള്ള അവരുടെ മനോഗതം വിഫലമായിപ്പോകുമോ എന്നുള്ള ശങ്കയും ബലമായുണ്ടു്.

അവരുടെ കഠിനക്രിയകൾ നടക്കട്ടെ. ലോകമഹാഗ്രന്ഥം എത്രമാത്രം വിചിത്രങ്ങളായുള്ള അദ്ധ്യായങ്ങളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു! പാതകികളും ഭരണാധികാരികളും മനുഷ്യരക്തത്തെ വഷിപ്പിച്ചു രാജ്യത്തെ വിറകൊള്ളിക്കുന്ന ആ അവസരത്തിലും, പ്രണയശപഥങ്ങൾക്കും, അനുരാഗഭംഗത്താൽ ഹൃദയങ്ങൾ വ്രണപ്പെടുന്നതിന്നും, പ്രണയകലഹങ്ങൾക്കും, വിവാഹോത്സവങ്ങൾക്കും മനുഷ്യൎക്കു ഇടകിട്ടുന്നുണ്ടല്ലൊ. മാണിക്കത്തിന്നു മനോരാജ്യങ്ങൾ മുറുകിത്തുടങ്ങിയിരിക്കുന്നു. ദേവകിയോടവൾക്കുള്ള വെറുപ്പു പരമകാഷ്ഠയിൽ എത്തി. ദേവകി ആ ഗൃഹത്തിൽ വന്നുചേന്നതു തന്റെ ഹതവിധിയാൽ പ്രേരിതയായിട്ടാണെന്നു് അവൾ വിചാരിച്ചു. ദേവകിയുടെ വാക്കും പ്രവൃത്തിയും എന്നുവേണ്ട, എല്ലാംതന്നെ അവൾക്കു് അസഹ്യമായി തോന്നി. അടിയോടിക്കു ദേവകിയോടു് അത്യാദരം ഉണ്ടെന്നു മാണിക്കം മനസ്സിലാക്കി. തന്നോടുള്ള പെരുമാററത്തിൽ യാതൊരു വ്യത്യാസവും അടിയോ

ടി വരുത്തീട്ടില്ലെന്നും അവൾക്കറിയാം. അതുകൊണ്ടെന്താണ്? അദ്ദേഹം തന്ത്രജ്ഞനല്ലെ? സന്ദർഭാനുരൂപമായി ആനനവിക്രിയകളെ നിയന്ത്രിപ്പാൻ അദ്ദേഹം ശക്തനല്ലാതെ വരുമോ? എല്ലാംകൊണ്ടും ദേവകി അപരാധിനിതന്നെയെന്ന് അവൾ തീർപ്പ് കല്പിച്ചു. ദേവകിയെ അവിടെനിന്നു ബഹിഷ്ക്കരിപ്പാൻ വഴിയെന്ത്? ഇങ്ങിനെ വിചാരിച്ചു നില്ക്കുമ്പോൾ ഗോദവർമ്മതമ്പുരാൻ അവിടെ കയറിച്ചെന്നു. അടിയോടിയെ കാണ്മാനായി അദ്ദേഹം പലപ്പോഴും അവിടെ ചെല്ലാറുണ്ടായിരുന്നതിനാൽ, മാണിക്കത്തിന്നു 'പോററി'യെ നല്ലവണ്ണം പരിചയമുണ്ട്. അടിയോടി അവിടെ ഉണ്ടായിരുന്നില്ല. അടിയോടി ഇല്ലെന്നു കണ്ടതിനാൽ യാത്രോദ്യതനായ തമ്പുരാനോട്, "ഒന്നു പറവാനുണ്ട്," എന്നുപറഞ്ഞു മാണിക്കം പൂമുഖത്തുനിന്നു പടിവരെ ഒരുമിച്ചു പോയി.

മാണി:—ഈ ദേവകി ആരാണ്? അവിടേക്കറിവുണ്ടോ? ഇവിടെ കടന്നുകൂടിയതെന്തിനാണ്?

തമ്പു:—കടന്നുകൂടിയതാണോ? ശിശുപാലാദികളെവെന്ന് അടിയോടി ഇങ്ങോട്ടു കൊണ്ടുപോന്നതല്ലെ?

മാണി:—അതല്ല. ഇവിടെ കടന്നുകൂട്വാൻ ഉത്സാഹിച്ചിട്ടുണ്ട്. പോവാൻ വന്നവളല്ല. എന്നാൽ പോവില്ലെ?

തമ്പു:—ഈയാളിൽ അവൾക്ക് അനുരാഗമുണ്ടോ?

മാണി:—ഇല്ല. എന്നാൽ—എന്താണ് പറയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. അദ്ദേഹത്തെ കാണു

മ്പോൾ, ചില സമയങ്ങളിലൊക്കെ അവൾ പ്രസന്നയാകുന്നുണ്ട്. മററു ചില സമയങ്ങളിൽ ഈർഷ്യാകലുഷമായുള്ള ഒരു വികാരവും മുഖത്തു സ്ഫുരിക്കാറുണ്ട്.

ഈ സമ്പ്രദായത്തിലുള്ള അനുരാഗം അദ്ദേഹത്തിന്നു ക്ഷേമകരമല്ല. അതു ഞാൻ പറയാം.

തമ്പു:— എന്തിനാണങ്ങിനെ വിചാരിക്കുന്നതു്?

മാണി:—അതെനിക്കറിയാം. അവിടുന്നദ്ദേഹത്തിൻെറ ഉററ സ്നേഹിതനല്ലേ? അവളെ പറഞ്ഞയപ്പിക്കണം.

തമ്പു:—അതിന്നെനിക്കു നിവ്വാഹമില്ല. ഈയാൾ അവളിൽ അനുരാഗിയായി കഴിഞ്ഞിരിക്കുന്നു.

മാണിക്കത്തിൻെറ മനോരാജ്യങ്ങളിൽ മാന്മഥപ്രചാരം തമ്പുരാൻ കണ്ടിട്ടുണ്ട്. തൻെറ വാക്കുകൾ അവളുടെ ഹൃദ്ഭേദം ചെയ്യുമെന്നും അറിയായ്കയില്ല. സംഗതികളുടെ സ്വഭാവം താൻ അറിഞ്ഞിരിക്കെ, കാൎയ്യങ്ങൾ തിരിഞ്ഞുവരുമ്പോൾ ആ സാധു കന്യക പെട്ടെന്നു കഷ്ടപ്പെടേണ്ട എന്നു വിചാരിച്ചു് പറഞ്ഞതാണ്. അവൾക്കു്, ഗരളരൂക്ഷങ്ങളായുള്ള വാക്കുകൾ ഉച്ചരിക്കുന്നതിന്നു് വൈമനസ്യം ഉണ്ടായിരുന്നുതാനും. സ്വല്പസമയംകൊണ്ടു ദേവകിയെ സംബന്ധിച്ചു മാണിക്കത്തിന്നുണ്ടായിരുന്ന അഭിപ്രായങ്ങളെ അദ്ദേഹവും മനസാ സ്വീകരിച്ചിട്ടുണ്ടായിരുന്നു. അവൾവഴിക്കു്, വല്ല ആപത്തും അകപ്പെടുന്നതായാൽപോലും ദേവകിയെ അകററുവാൻ ശക്തനല്ലാതിരിക്കത്തക്കവണ്ണം അടിയോടി അവളിൽ സക്തനായിത്തീൎന്നിരിക്കുന്നുവെന്നും തമ്പുരാൻ വിശ്വസിച്ചിട്ടുണ്ട്.

മാണി:—അദ്ദേഹം അവളിൽ അനുരാഗിയാണോ! അവിടേക്കറിയാമോ?

തമ്പു:—അതങ്ങിനെ തന്നെയാണ്. സംശയമില്ല.

മാണി:—അവൾ അദ്ദേഹത്തിലോ—അനുരാഗിണിയാണോ?

തമ്പു:—പുരുഷൻെറ കാൎയ്യമല്ലെ എനിക്കറിയാവു; അതു ഞാൻ പറഞ്ഞില്ലെ?

മാണി:—അവൾ ചതിക്കും!

തമ്പു:—ചതിക്കട്ടെ.

മാണി:—അദ്ദേഹം കഷ്ടപ്പെടട്ടെ, എന്നോ?

തമ്പു:—അതല്ല. വല്ല വഴിയും ഉണ്ടാവില്ലെ? ഇങ്ങിനെ പറഞ്ഞു് തമ്പുരാൻ പോയി.

മാണിക്കം തിരിച്ചുപോരുമ്പോൾ, "അല്ലാ, ഇതാണോ എൻെറ അനുഭവം! ഇത്രകാലം അദ്ദേഹം എന്നെ വഞ്ചിക്കയാണ് ചെയ്തതു്. അല്ലെങ്കിൽ അദ്ദേഹത്തിനെ എന്തിനു കുററം പറയുന്നു. ശിരോലിഖിതം മാററിക്കളയാമോ?കഷ്ടം! അദ്ദേഹം എത്ര സാധുവാണ്! ആപത്തുകളൊന്നും അനുഭവിക്കാതിരിക്കട്ടെ,'' എന്നാണ് മനസാ പ്രാൎത്ഥിച്ചതു്.

ദേവകി എവിടെ? അടിയോടിയും തമ്പുരാനും തമ്മിലുള്ള സംഭാഷണത്തിന്ന് അല്പം വിഘ്നമുണ്ടാക്കി, അവിടെ നിന്നു പോയതിന്നുശേഷം ദേവകി ചില ചിന്തകളോടുകൂടി ഒരിടത്തു ഇരുന്നു. അടിയോടിയോടു് അനുരാഗവും,പകയും, കൃതജ്ഞതയും ഇടകലൎന്നുണ്ടായ വിചാരങ്ങളെ താങ്ങുവാൻ അവൾക്കു കഴിഞ്ഞില്ല. വിരുദ്ധങ്ങളായുള്ള വിചാരഭേദങ്ങൾ തുല്യശക്തി കലൎന്നു അവളുടെ മനസ്സിനെ മഥിച്ചുതുട-

ങ്ങി. അത്രമാത്രം അരിമപ്പെട്ടു വളൎത്തിക്കൊണ്ടുപോന്ന തൻെറ കുട്ടിയെ തച്ചുകൊന്നതിന്നു്, അച്ഛൻ ആ സ്ഥിതിയിൽ ആയിപ്പോയതിനാൽ അടിയോടിയോടു് ഒന്നും തന്നെ ചോദിപ്പാൻ കഴിഞ്ഞില്ല. പ്രായാധിക്യത്താലും രോഗം നിമിത്തവും അവശനായി കിടന്നിരുന്ന അച്ഛൻ, പുത്രനാശത്താൽ തട്ടിയ ഗാഢവ്യഥയാലാണു് പെട്ടെന്നു കാലവശനായതു്. ആ രണ്ടുപേരുടേയും മൃതികൾക്കു, അവളുടെ ദൃഷ്ടിയിൽ,കാരണഭൂതൻ അടിയോടിതന്നെയാണു്. "എന്താണീ ചെയ്തതു്?" എന്ന ചോദ്യത്തിന്നുപോലും ഉടമസ്ഥനില്ലാതാകയോ? കാലഭടന്മാരെപ്പോലെ പിന്തുടൎന്നെത്തിയ ദുഷ്ടന്മാരുടെ കയ്യാൽ മൃതി സംഭവിക്കുന്നതായിരുന്നു ശോഭനം എന്നു അവൾക്കു തോന്നി. നിശ്ചേതനമായുള്ള ജ്യേഷ്ഠൻെറ ശരീരം, പ്രതിക്രിയ ചെയ്വാൻ ശാസിച്ചു് പ്രത്യക്ഷീക്കുവേണ്ടി തൻെറ മുഖത്തെക്കു മങ്ങിയ നയനദ്യുതിയോടുകൂടിയ അച്ഛൻെറ നോട്ടം, ഇവ രണ്ടും മനോനേത്രത്തിൽ പ്രാദുൎഭവിച്ചു് സുവ്യക്തങ്ങളാകുന്നതിന്നിടയിൽ, അവളുടെ നേൎമ്മയോടുകൂടിയ ഒരാവരണമെന്നപോലെ അടിയോടിയുടെ ഔദാൎയ്യം, ആത്മരക്ഷകരുതാതെ തന്നെ സംരക്ഷിച്ച സംഗതി, ഇത്യാദികൾ പ്രത്യക്ഷപ്പെട്ടു. പത്ഥ്യമായുള്ളതു ചോദിപ്പാനൊ ഉപദേശിച്ചു കൊടുപ്പാനൊ ആരും ബന്ധുവില്ല. സംഭവങ്ങൾ കഴിഞ്ഞതു പത്തുകൊല്ലങ്ങൾക്കപ്പുറമാണു്. അടിയോടി എന്ന പേരറിയാമെന്നല്ലാതെ അതുവരെ അവൾക്കു കണ്ടു പരിചയമില്ല. ആ സമയത്തു് രണ്ടുപേരെയും ദൈവം അത്ര അടുപ്പിച്ചതു പരിശുദ്ധമായ ശപഥകാൎയ്യത്തിൻെറ നിൎവ്വഹണത്തിന്നു വേണ്ട സൌകൎയ്യം കൊ

ടുപ്പാൻ തന്നെയല്ലെ? അവൾക്കുള്ള കൃത്യം അപരി ഹാൎയ്യമാണെന്നുള്ള ബോധത്തോടുകൂടിത്തന്നേ കഠി നവും പാപകരവുമാണെന്നുള്ള ബുദ്ധിയും ഉള്ളിലുദി ച്ചു. "അദ്ദേഹത്തിൻെറ ഉചിതശിക്ഷക്കു നിയതി യെ ഭരമേല്പിച്ചാലലൊ. അവിടുന്നുള്ള ശിക്ഷക്കായിരി ക്കും വെടിപ്പും ഗുണവും കൂടിയിരിക്കുക" എന്നൊരി ക്കൽതോന്നി. "അതുപോര. സത്യത്തെ താൻ തന്നേ നിറവേററണം. അതിന്നു വഴിയെന്ത്?" എന്നു പി ന്നീടു തോന്നി.

രാത്രി ഭക്ഷണം മുതലായതുകഴിഞ്ഞ് ഉറങ്ങു വാൻ കിടന്നിട്ടും ആലോചനകൾ വിട്ടുപോയില്ല "ദൈവമെ! എന്നെ രക്ഷിച്ച അദ്ദേഹത്തെ ഞാനെ ങ്ങിനെ ചതിക്കും! എത്ര വിശിഷ്ട ഹൃദയൻ!" എന്നു തോന്നി. പെട്ടെന്നു ഒരു ഓൎമ്മവന്നു. "ദൈവം എന്നെ അതിനല്ല ഇവിടെ എത്തിച്ചത്. മനസ്സേ, നിണക്കിത്ര ഭീരുതയൊ? പോററിയും അടിയോടി യും തമ്മിലുള്ള സംഭാഷണം മുഴുവൻ ഞാൻ കേട്ടി ല്ലെ. ഞാൻ അതെന്തിന്നു കേട്ടു? ഭരണാധികാരികൾ ക്ക് അദ്ദേഹത്തിൽ ശങ്ക തുടങ്ങീട്ടുണ്ടെന്നല്ലെ പറ ഞ്ഞത്. അദ്ദേഹത്തിൻെറ ഇപ്പോഴത്തെ പുറപ്പാട് അവർ അറിഞ്ഞാൽ കഴുമരം തന്നെയല്ലെ പിന്നെ ഗതി. ഇപ്പോഴെനിക്കു വഴികിട്ടി. അച്ഛൻെറയും ജ്യേഷ്ഠൻെറയും അനുഗ്രഹമാണ്. അധികാരസ്ഥ ന്മാരെ എങ്ങിനെ അറിയിക്കും? എനിക്കറിവുള്ള വിവരങ്ങൾ എഴുതി ഈ വഴിയിലൂടെ പാറാവായി നടക്കുന്ന രാജഭടൻ വശം ഏല്പിക്കാം. ഇത്ര നല്ല അവസരം തെററിച്ചുകൂട." മേൽപ്രകാരം നിശ്ച യിച്ച്, എഴുത്തെഴുതി.

"പ്രമത്തൻനമ്പൂതിരിയെ തിരുമനസ്സുണർത്തിപ്പാൻ,

കുമാരനടിയോടിയെ സൂക്ഷിക്കണം. തടവിലുള്ള തമ്പുരാനെ വിടുവിക്കുവാൻ വഴിനോക്കുന്നുണ്ടു്. സംഗതികളെ തെളിയിക്കുന്ന രേഖകൾ ഉടനെ വീടു പരിശോധിച്ചാൽ കിട്ടുന്നതാണു്."

ഇതെഴുതി ഒന്നു വായിച്ചുനോക്കി. "ഇതു കയ്യിൽ കിട്ടിയാൽ ഭടന്മാരോടുകൂടി നമ്പൂതിരിവരും. ബലാല്ക്കാരേണ പിടിച്ചു കഴുവിന്മേലേററിക്കും. ഞാൻ നിമിത്തമല്ലെ അതു സംഭവിക്കുന്നതു്. എന്റെ സത്യം സഫലമാവില്ലെ? അച്ഛനും ജ്യേഷ്ഠനും വേണ്ടി, ഈ ജന്മത്തിൽ ഞാൻ ചെയ്യേണ്ടതു ചെയ്തുകഴിയും. ആവു! മനസ്സിന്നു കനം നീങ്ങി. ഭടന്മാർ വന്നു പിടിക്കുമ്പോൾ അദ്ദേഹം എതിർക്കില്ല. എതിർത്തിട്ടു ഫലമുണ്ടോ? രാജകല്പനയല്ലെ. അമ്മയുടെ അപ്പോഴത്തെ കഥയെന്താവും? അയ്യോ! അതു വിചാരിക്കവയ്യ. അവരുടെ ദുഃഖം ഞാൻ എങ്ങിനെ കാണും. വന്നന്നു മുതല്ക്കേ എന്നോടു് എന്തു വാത്സല്യമാണു്. മകന്റെ കാളരാത്രിയെയാണു് അവർ വെച്ചു പോററുന്നതെന്നവൎക്കറിവുണ്ടോ? ഞാൻ ജീവനെ രക്ഷിച്ചതന്നതിന്റെ പ്രതിഫലമാണൊ, എന്നുള്ള ഭാവത്തിൽ എന്റെ നേൎക്കുള്ള അദ്ദേഹത്തിന്റെ നോട്ടം എങ്ങിനെ സഹിക്കും! പെട്ടെന്നുണ്ടായ ക്ഷോഭത്തിൽ ഒരു ചെറുകുട്ടിയായിരുന്ന എന്നെക്കൊണ്ടു് അച്ഛൻ അങ്ങിനെ പറയിച്ചതിന്നു് എനിക്കിത്ര വാശി വേണമോ? ഞാൻ ഒരു സ്ത്രീയല്ലെ. ഒരു പുരുഷന്റെ നാശത്തിന്നു കരവെച്ചു ശ്രമിക്കാമൊ? ഇതയച്ചുകൂടാ."

എന്നാലോചിച്ച് എഴുത്തു കെട്ടഴിച്ച് ഒന്നുകൂടി വായിച്ചു.

“അച്ഛന്റെ ആഗ്രഹം—മരണശാസനം—ഇതയച്ചാൽ സാദ്ധ്യമാകും. ഇത്രയൊക്കെ സൌകര്യങ്ങൾ ഒത്തു കൂടിയ സ്ഥിതിക്ക് ഞാൻ മനഃപൂർവ്വമായി വേണ്ടെന്നുവെച്ചാൽ അച്ഛനെ ധിക്കരിക്കുകയല്ലെ? അമ്മ മരിച്ചതിന്നു ശേഷം എന്നെ പരിരക്ഷിച്ച അച്ഛൻ മരിക്കുന്ന സമയം പറഞ്ഞ വാക്കു ഞാൻ തെററി നടക്കില്ല. ക്രിയ നടക്കട്ടെ. ആലോചനകൾക്കിടകൊടുത്തുകൂടാ.”

ഇങ്ങിനെ അവസാനനിശ്ചയം കഴിച്ച് എഴുത്തു സൂക്ഷിച്ചു. രാത്രി ഒരുവിധം കഴിച്ചുകൂട്ടി, രാവിലെത്തന്നെ, താൻ ആലോചിച്ചിരുന്നപ്രകാരം എഴുത്ത് ഒരു ഭടൻ വശം ഏല്പിച്ചു.

അവൾ ചിരസഞ്ചിതമായുള്ള മനോദുഃഖത്തിന്റെ മറുകരയിൽ എത്തി. അച്ഛനോടു ചെയ്ത പ്രതിജ്ഞ നിർവ്വഹിച്ചു. ജ്യേഷ്ഠനെക്കൊന്നതിന്റെ പകവീട്ടി. ദേവകി ചരിതാൎത്ഥയായി. എന്നാൽ എഴുത്തയച്ചതോടുകൂടി അവൾ പശ്ചാത്തപിപ്പാൻ തുടങ്ങി. മനസ്സ്വാസ്ഥ്യത്തെ ജഗന്നിയന്താവു ചിലരിൽ ഒരിക്കലും സംഘടിപ്പിക്കയില്ലെന്നോ? അവളുടെ ജീവചരിത്രം സൂക്ഷ്മമായി ഗ്രഹിച്ചവർ എങ്ങിനെ സഹതപിക്കാതിരിക്കും? താൻ അപ്പോൾ ചെയ്ത ക്രിയ എന്തെന്നുള്ള ചോദ്യത്തിന്നു സമാധാനം ഒന്നും അവൾക്കുണ്ടായില്ല. അത്യാപത്തിൽ നിന്നു രക്ഷിച്ച് കുടുംബത്തിലെ ഒരംഗമാക്കി സ്വീകരിച്ച ഒരാളെ അവൾ കഴുവിന്മേലെക്കു യാത്രയാക്കുകയല്ലെ ചെയ്തതു്! ഭരണാധികാരികൾക്കു കത്തു കിട്ടി

യാൽ പിന്നെ വിളംബം ഒന്നുംതന്നെ ഉണ്ടാകില്ല ല്ലൊ. ഉപകൎത്താവായ ആൾക്ക് ഉപകൃതയായ അ വൾ അങ്ങിനെയോ ചെയ്യേണ്ടതു്. മറെറാരവലം ബം അവൾക്കപ്പോഴും ഇല്ലല്ലൊ. അവൾ കാലെടു ത്തു വെച്ചതുനിമിത്തം ആ തറവാടുതന്നെ നശിച്ചു പോവാനുള്ള വഴിയല്ലെ എടുത്തതു്? ഈവക സംഗ തികളെപ്പററി ആലോചിച്ചു് അവളുടെ പ്രവൃത്തി യുടെ ഫലം ആ വീട്ടുകാർ അനുഭവിപ്പാൻ തുടങ്ങുന്ന തിന്നു മുമ്പു് ആ സ്ഥലം വിട്ടുപോകണം എന്നവൾ ഉ റച്ചു. എന്നാൽ പോകുന്നതെവിടെക്കു്? രാജശാസ നാപത്രവും പണവുമില്ലാതെ അവിടെ നിന്നു മുററ ത്തേക്കിറങ്ങുവാൻപോലും തരമില്ല, എന്നുള്ള സ്ഥി തി അല്ലെ? അതു രണ്ടും അവളുടെ കൈവശം ഉണ്ടാ യിരുന്നതുമില്ല. പോററിയെ ശരണമായാശ്രയിച്ചാ ലൊ, എന്നവൾക്കു പെട്ടെന്നൊരു യുക്തിതോന്നി. അദ്ദേഹം ഒരു ധീരനാണെന്നവൾ കണ്ടമാത്രയിൽ ഗണിച്ചു. എന്നാൽ പോററിയെ എങ്ങിനെ കാണും? അവൾക്കു വേണ്ടപ്പെട്ട എല്ലാം അന്വേഷണങ്ങളും ആ വീട്ടുകാർ ചെയ്തുകൊണ്ടിരിക്കെ— ഒരന്യനോടു്— അഹേതുവായി—സഹായമാവശ്യപ്പെടുന്നതിൽ അ നൌചിത്യമില്ലെ? അടിയോടിയോടു് എങ്ങിനെ സ ഹായമാവശ്യപ്പെടും! അദ്ദേഹത്തെ നേരിട്ടു കാണ്മാ നിടവരാതെ അവിടെനിന്നു വിടുവാൻ സാധിച്ചാ ൽ ഭാഗ്യമായി എന്നവൾ വിചാരിച്ചു. ചന്തുക്കുറു പ്പിൻെറ സന്തതിയല്ലെ. ആ വീട്ടുകാരുടെ സൽക്കാ രങ്ങളെ മേലിൽ അനുഭവിപ്പാൻ ആത്മാഭിമാനം അ വളെ സമ്മതിച്ചില്ല. ദേവകി വയോധികയെ വിളി ച്ചു് ഇങ്ങിനെ പറഞ്ഞു.

ദേവ:— നമ്മൾക്കിവിടം വിടണം. ഉടനെ തന്നെ വേണം.

വയോധികക്ക് ഇതു രസിച്ചില്ല. ദേവകിയുടെ ഗൃഹത്തിൽ പണി വേണ്ടുവോളം ഉണ്ടായിരുന്നു. ഇവിടെ വന്നതിന്നു ശേഷമോ, ഒരു വിരുന്നുകാരിയായി ആ ഗൃഹത്തിൽ കുഞ്ഞുക്കുട്ടിഅമ്മയുടെ പദവിതന്നെ ആയമ്മ അനുഭവിക്കുകയാണ്.

വൃദ്ധ:—ഇവിടം വിട്ടുപോകയോ? എവിടെയ്ക്ക്?

ദേവ:— അതാലോചിക്കാം.

വൃദ്ധ:— അതാലോചിച്ചിട്ടല്ലെ പുറപ്പെടേണ്ടത്?

ദേവ:— ഞാൻ ഇപ്പോൾ വരാം.

എന്നുപറഞ്ഞു് അവൾ പരിചിതമായുള്ള തോട്ടത്തിൽ പോയിനിന്നു. അവിടെ നിന്നാൽ പാന്ഥന്മാരുടെയും മററും ഗതാഗതങ്ങൾ കാണ്മാൻ കഴിയും. അവിടെവെച്ചാണ് മുമ്പ് അടിയോടിയുമായി ഒരു ചെറിയ സംഭാഷണം നടന്നത്. അടിയോടിക്കു ദ്രോഹകരമായുള്ള എഴുത്തു് അന്നു രാവിലെ രാജഭടൻ വശം ഏല്പിച്ചതും അവിടെവെച്ചു തന്നെ. തെല്ലിട പോററിയുടെ വരവു് ഉണ്ടായെങ്കിലൊ എന്നാശിച്ചു പാന്ഥന്മാരുടെ പോക്കുവരവുകളെ നോക്കിക്കൊണ്ടു നിന്നു. അപ്പോൾ അടിയോടി പെട്ടെന്നു മുമ്പിൽ പ്രത്യക്ഷനായി. അദ്ദേഹത്തെ കണ്ടപ്പോൾ അവളൊന്നഞ്ചി. താൻ അനുഭവിക്കുന്ന മനോവേദനകൾക്കെല്ലാം ഹേതുഭൂതനായ അദ്ദേഹം തൻെറ പരിഭ്രമങ്ങൾ കാണുവാൻ അർഹനല്ലെന്നു അവൾ നിനച്ചു. വേഗത്തിൽ വീട്ടിലേക്കു മടങ്ങുവാൻ അവൾ ആഗ്രഹിച്ചു. ആരുടെ വീട്ടിലേക്ക്! അതിനെപ്പററി ഇ

പ്പോൾ ചിന്തിച്ചിട്ട് എന്ത്? മടങ്ങുവാൻ ഇടകിട്ടിയില്ല.

അടി:—എന്താണാലോചിക്കുന്നത്?

ദേവ:— ഒന്നുമല്ല. എനിക്കിവിടെനിന്നുപോകണം.

അടി:— ഇവിടെ പാക്കുന്നതു് ആക്കും ക്ഷേമകരമല്ലെന്നു ഞാൻ കണ്ടിട്ടുണ്ട്. നമ്മളെല്ലാവരും തിരുവനന്തപുരത്തെക്കു പോകുന്നതാണുത്തമം. അതിന്നുവേണ്ട ഏപ്പ്ാടുകൾ ഞാൻ ചെയ്യുന്നുണ്ട്. ഇപ്പോൾ ഞാൻ ഒരു ചെറിയ യാത്ര പറയുവാൻ വന്നതാണ്. എൻെറ വക ഒരു കളംകായ്യത്തിന്നു വേണ്ടി പോകണം. പത്തുദിവസങ്ങൾക്കുള്ളിൽ വരും. അതിൻെറ ശേഷം യാത്രയുറക്കാം. എൻെറ ക്ഷേമത്തിന്നു് ആശംസിക്കണം.

അവൾ അടിയോടിയുടെ ക്ഷേമത്തിന്നു് ആശംസിക്കുകയോ! കഴവിന്മേലേക്കയപ്പാനല്ലെ അവൾ പരിശ്രമിച്ചുവെച്ചിട്ടുള്ളത്. അടിയോടിയുടെ ആപ്രാത്ഥനക്കു് അവൾ എന്തുത്തരം പറയും? അവൾ മറുവടിപറവാൻ കുഴങ്ങി. ഒടുവിൽ ''പത്തുദിവസമല്ലെ താമസമുള്ളൂ'' എന്നൊരു വിധം ചോദിച്ചു കഴിച്ചുകൂട്ടി.

അടി:—അതെ. എന്നാൽ പത്തുദിവസമെന്നു് ഈ ലഹളക്കാലത്തു പറയുന്നതിന്നു്, അത്ഥമൊന്നുമില്ല. ആക്കെങ്കിലും എപ്പോഴെങ്കിലും കഴവിന്മേൽ കയറാം. യാത്രപറയുമ്പോഴൊക്കയും അവസാന യാത്രയായിത്തന്നെ ഗണിക്കണം.

ദേവ:— എനിക്കു പത്തുദിവസം കഴിഞ്ഞിട്ടു പോയാൽ പോര.

അടി:—അതുവരെ ക്ഷമിക്കണം. പോററി അങ്ങുന്നു് എല്ലാം ഏപ്പാടുകളും ചെയ്യുന്നുണ്ടു്. നമ്മാം ക്കെല്ലാവക്കും പോകാം. ഒരുമിച്ചു്, ഒരു ദിക്കിലേക്കു്.

ദേവ:—എനിക്കുവേണ്ടി അങ്ങുന്നു് ഇനി ബുദ്ധിമുട്ടേണ്ട. കുറെ അധികം ബുദ്ധിമുട്ടിയില്ലേ? അതുമതി. എന്റെ ഒരു കാര്യം മാത്രമല്ലല്ലൊ ഉള്ളു.

അടി:— എന്നാൽ ആ കാര്യം ഞാൻ വളരെ ഉപരിയായിട്ടാണു് വെച്ചിട്ടുള്ളതു്. എന്റെ ഹൃദയം രഞ്ജിപ്പിക്കുന്നവക്കു വേണ്ടിയല്ലേ എന്റെ എല്ലാ പരിശ്രമങ്ങളും?

ദേവകിയുടെ മുഖം ഒന്നു വിളറി. പ്രേമസൂചകമായ അദ്ദേഹത്തിന്റെ വാക്കും അവളുടെ ക്രിയയും കൂടി ആലോചിച്ചു ഉള്ളുനടുങ്ങി നിന്നുപോയി.

ദേവ:— ഈ വീട്ടുകാരുടെ ദയ ഞാൻ കണക്കിലേറെ അനുഭവിച്ചുകഴിഞ്ഞു. ഇനി ഞാൻ അതിന്നു് ഹയല്ല.

അടി:— എനിക്കതു തോന്നീട്ടില്ല. എന്റെ ഹൃദയനായികയും ഈ ഗൃഹത്തിലെ ഒരംഗവുമായി—

ശേഷം കേറംപ്പാൻ അവറം ശക്തയായില്ല. പ്രണയമധുരമായുള്ള വാക്കു് അന്നാണവറം ഒന്നാമതായി കേറംക്കുന്നതു്. അടിയോടിയെ ഉദ്ദേശിച്ചു് അനുരാഗബീജങ്ങറം അവറം അകത്തു് ആദ്യമായി പാവീട്ടുണ്ടായിരുന്നു. മററു സംഗതികളുടെ സംഘട്ടനത്താൽ അവയ്ക്കു ശുശ്രൂഷാലോപം നിമിത്തം വാട്ടം തട്ടീട്ടുണ്ടായിരുന്നു. അടിയോടിയുടെ വാഗമൃതംകൊണ്ടുള്ള ആസേചനത്താൽ അവ പെട്ടെന്നു പുനജ്ജീവിച്ചുവെങ്കിലും അവളുടെ കടുംക്രിയയെപ്പററിയുള്ള പശ്ചാ

ത്താപോഷ്മാവിൽ വീണ്ടും മൃതപ്രായങ്ങളാവുന്നതു കണ്ടു് അവൾക്കു് ആ നിലയിൽ നിൽക്കുവാൻ കഴിഞ്ഞില്ല. ഉത്തരം ഒന്നും പറയാതെ ധൃതിയോടുകൂടി നടന്നു് അവൾ വീട്ടിന്നുള്ളിൽ മറഞ്ഞു.

---

## V

മുമ്പിൽ ഭവാൻ ചെയ്ത കർമ്മങ്ങൾ തൻഫല-
മന്പോടശേഷമനുഭവിച്ചു ചിരം
വമ്പിച്ചൊരിപ്പാപകർമ്മഫലമതും
കമ്പംവെടിഞ്ഞുടൻ കാണ്മാനസ്സുതാ ദൃഢം.

അടിയോടിയുടെ പ്രണയവാക്കുകൾക്കൊന്നിന്നും മറുവടി പറയാതേയും, അന്നവിടെ കാത്തുനിന്നതിന്റെ ഉദ്ദേശലബ്ധികൂടാതേയും, ദേവകി അവളുടെ മുറിക്കകത്തു കടന്നു, ഒരു ശയ്യയിന്മേൽ കിടന്നു. അടിയോടിയെ വരനായി കിട്ടുവാൻ ഏതു കന്യകയും കൊതിക്കും. സ്പൃഹണീയമായുള്ള ആ ഭാഗ്യം അവളെ അന്വേഷിച്ചുതന്നെ ഇതാ അഭിമുഖഗമനം ചെയ്യുന്നു. സ്ത്രീലോകത്തിന്നൊട്ടുക്കു ഹൃദയംഗമമായുള്ള അതുപോലുള്ള അവസരത്തെ ആശ്ലേഷിപ്പാൻ വിധിവൈപരീത്യം അവളെ അനുവദിക്കുന്നില്ല. അടിയോടിയുടെ പ്രണയസ്ഫുരണത്താൽ അവൾ കുഴങ്ങി. അനുരാഗദ്രുമത്തിന്റെ നവാങ്കുരങ്ങളെ നിശ്ശേഷം അവൾ നശിപ്പിക്കേണ്ടതായിട്ടാണു വന്നുകൂടിയതു്. കഠിനക്രിയ ചെയ്തുകഴിഞ്ഞതിന്നുശേഷം അവൾ ഒരു കേവലയുവതി തന്നെയായിക്കഴിഞ്ഞു. ജീവലോകത്തിന്നു പ്രകൃതിയാൽ കല്പിക്കപ്പെട്ട ആഗ്രഹങ്ങളും കാമാഭിമാനാദികളും അവളുടെ ഹൃദയത്തിൽ സ്ഥലം

പിടിപ്പാൻ തുടങ്ങിയിരിക്കുന്നു. സുമുഖനും, സുശീലനും, സമ്പന്നനും, യൌവനപൂൎണ്ണനുമായ ഒരാൾ പ്രണയമധുരങ്ങളായ വാക്കുകളോടുകൂടി സമീപത്തു വന്നുനിന്നാൽ, യൗവനാരൂഢയും പരിശുദ്ധമായ കന്യകാത്വത്തെ വിച്ഛേദനം ചെയ്യുന്ന വിചാരങ്ങളാലൊന്നും ഇതുവരെയ്ക്കും അഭിഭൂതയായിട്ടില്ലാത്തവളുമായ ഒരുവളിൽ ഉൽഭൂതങ്ങളാകുന്ന വികാരവിശേഷങ്ങൾ വളൎന്നു് അവളെ അസ്വാസ്ഥയാക്കുന്നു. "ഞാൻ അങ്ങയുടെ ദാസിയാണ്. എന്നെ പത്നിയാക്കി സ്വീകരിക്കണം" എന്ന പ്രത്യക്ഷാപേക്ഷയോടുകൂടി അടിയോടിയുടെ പാദങ്ങളിൽ വീഴുവാൻ അവൾ ആഗ്രഹിച്ചു. ചെയ്ത അപരാധത്തെ അറിയിച്ചു ക്ഷമായാചനം ചെയ്യെങ്കിലൊ എന്നവൾക്കു തോന്നി, അതിന്നു ധൈൎയ്യമുണ്ടായില്ല. അങ്ങിനെ ചെയ്താൽ അദ്ദേഹം ക്ഷമിക്കും എന്നവൾക്കറിയാം. അടിയോടിയെ ഏതു വിധവും അവൾക്കു വരനായി കിട്ടുന്നതല്ലല്ലൊ. അദ്ദേഹത്തിന്റെ മരണദിവസത്തെ വിരലുകളെക്കൊണ്ടു ഗണിക്കാവുന്ന പാകത്തിൽ അവൾ കാൎയ്യങ്ങളെ ഘടിപ്പിച്ചുവെച്ചിരിക്കയല്ലെ. അടിയോടിയെസംബന്ധിച്ചു് അവൾക്കു് ആധിതുടങ്ങി. ആ വിശിഷ്ടാത്മാവിന്റെ നാശത്തെ — താൻ വരുത്തിക്കൂട്ടുന്ന മൃതിയെ — ഓൎത്തു് അവൾ നിൎവ്യാജമായി പശ്ചാത്തപിച്ചു. അടിയോടിക്കുവേണ്ടി അവളുടെ ദേഹം ഭരണാധികാരികൾക്കു് അൎപ്പിപ്പാൻ അവൾ വാഞ്ഛിച്ചു.

പ്രമത്തൻനമ്പൂതിരിയും മൃഗപ്രായന്മാരായ ഭടന്മാരും അഹങ്കാരത്തോടുകൂടി വന്നു നിന്ദാകലുഷങ്ങളായ വാക്കുകളോടുകൂടി അടിയോടിയെ പിടിക്കു

ന്നതും ബന്ധിക്കുന്നതും അവളുടെ ഏന്നേത്രങ്ങൾക്കു ഗോചരീഭവിപ്പാൻ തുടങ്ങി. ആ ദുസ്സഹക്കാഴ്ചയെ തിരോധാനം ചെയ്യിക്കുവാൻ അവൾ ജ്യേഷ്ഠൻെറ മൃതശരീരത്തെയും, മരണശാസനത്തെ പറഞ്ഞവസാനിപ്പിക്കുവാൻ ശക്തികുറഞ്ഞു തൻെറ മുഖത്തേക്കുണ്ടായ അച്ഛൻെറ നോട്ടത്തേയും സ്മൃതിയിങ്കലേയ്ക്കു ബലേന ആകർഷിച്ചുനോക്കി. പക്ഷെ പ്രയത്നം ഫലിച്ചില്ല. ഋണമോചനത്തിന്നു ശേഷം ഋണദാതാവിനോടുള്ള ബന്ധദാർഢ്യം അയഞ്ഞു പോകുന്നതുപോലെ ആ കഥകൾ അവളുടെ മനസ്സിൽ നിന്നു മാഞ്ഞുപോയിരിക്കുന്നു. അപ്പോഴുള്ള അവളുടെ എല്ലാ വിചാരങ്ങളും അടിയോടിയെ സംബന്ധിച്ചു തന്നെ ആയിക്കഴിഞ്ഞു. ശാന്തമായുള്ള ആ ഗൃഹത്തിനകത്തു് അപമൎയ്യാദയോടും അധികാരത്തോടുംകൂടി കടന്നുവന്ന ഭടന്മാർ എന്തെല്ലാം അക്രമങ്ങളെ കാണിക്കും! ആദരത്തോടും മൎയ്യാദയോടുംകൂടിയല്ലാതെ ഒരു വാക്കോ ഒരു ഭാവമെങ്കിലുമോ ആരിൽനിന്നും കുഞ്ഞുക്കുട്ടിഅമ്മ പരിചയിച്ചിട്ടില്ല. അത്രമാനമൎയ്യാദകളോടുകൂടി പുലൎന്നുപോന്നിരുന്ന അവൾക്കു വലുതായ ആപത്തും അവമതിയും സംഭവിക്കുമല്ലൊ. ഇവയ്ക്കെല്ലാംകൂടെ കാരണഭൂതയായതു് അവൾ കുരുത്തിയല്ലെ. അവൾ ഇത്ര ദുർഭഗയായയല്ലൊ. അത്യുഗ്രമായ പശ്ചാത്താപപരിക്ലേശം നിമേഷമാത്രംകൊണ്ടു പാപമോക്ഷത്തെ പ്രദാനം ചെയ്യാൻ ശക്തമാകുമെങ്കിൽ, ദേവകി അപ്പോൾ വഹിക്കുന്ന തീവ്രവ്യഥയുടെ ആധിക്യത്താൽ അതിന്നൎഹയായികഴിഞ്ഞിരിക്കുന്നു, നിശ്ചയം. ഭടന്മാരുടെ ആഗമനത്തെത്തന്നെ ഭയത്തോടുകൂടി വിചാരിച്ചിരി

ക്കുന്ന അവൾ ഒരു ഇലയനങ്ങുമ്പോൾകൂടി നടുങ്ങു വാൻ തുടങ്ങി. അടിയോടിയുടെ പ്രണയനിഷ്യന്ദികളായ വചനങ്ങൾ അപ്പോഴും അവളുടെ കണ്ണുകളിൽ വിംല്ലുണ്ണനം ചെയ്യുന്നുണ്ടായിരുന്നു. അതേവരെ പരിചയിച്ചിട്ടില്ലാത്ത ഒരു നവമായ വികാരത്തിൽ മഗ്നയായിക്കഴിഞ്ഞതിനാൽ മനോനിർവൃതിക്ക് അവൾ അടിയോടിയെ വരിക്കുന്നതല്ലാതെ മറ്റു മാൎഗ്ഗങ്ങളൊന്നും കണ്ടില്ല. ആ നിവൃത്തിമാൎഗ്ഗം കൊണ്ടു നിൎവ്വാണം അനുഭവിപ്പാനുള്ള അവകാശവും അവൾക്കില്ലാതായിരിക്കുന്നു. അത്ര കനിവോടുകൂടി തന്നോടു പറഞ്ഞ പ്രണയവാക്കുകൾക്കൊന്നും മറുവടി പറയാതെ പെട്ടെന്നു പോന്നതിനാൽ വിപ്രിയം തോന്നിയിരിക്കുമോ എന്നവൾ ശങ്കിച്ചു. പ്രതികൂലവാക്ക് ഒന്നുംതന്നെ പറയുവാനില്ലല്ലൊ. അനുകൂലവാക്ക് എങ്ങിനെ പറയും. ശുദ്ധഹൃദയനായ അദ്ദേഹം കഥകളൊന്നുമറിഞ്ഞിട്ടില്ലല്ലൊ. അദ്ദേഹത്തിൻെറ മരണദിവസത്തെ കണക്കാക്കി നിൽക്കുന്ന അവൾ എന്തു പറയാനാണ്?

മദ്ധ്യാഹ്നസമയമായി; ദേവകിയുടെ നിരൎഗ്ഗളമായുള്ള ചിന്താപ്രവാഹത്തെ, അടിയോടിയെ അന്വേഷിച്ചു ഗൃഹത്തിന്നുള്ളിൽ അങ്ങോട്ടും ഇങ്ങോട്ടും പരിഭ്രമിച്ചുനടക്കുന്ന മാണിക്കത്തിൻെറ പ്രശ്നോത്തരസംഭരം വിഘ്നപ്പെടുത്തി. ദേവകിയ്ക്കു കാൎയ്യസംഭവം ക്ഷണേന മനസ്സിലുദിച്ചു. അവൾ ജീവച്ഛവം പോലെ കുറച്ചുനേരം ഇരുന്നു. അനന്തരം ജനവാതിലൂടെ ഒന്നു പുറത്തെയ്ക്കു നോക്കി. അവിടെ ശേഖരക്കുറുപ്പും അഞ്ചു ഭടന്മാരും, അടിയോടിയെ വിളിപ്പാനയച്ച മാണിക്കത്തിൻെറ വരവു കാത്തു് ഉമ്മറമ

ററത്തു നില്ക്കുന്നതായി കണ്ടു. അവഠം ഭയംകൊണ്ടു വിഹ്വലചിത്തയായി. പെട്ടെന്നു ചില ആലോചനകളോടുകൂടി അവഠം മുറിയിൽ നിന്നു പുറത്തേക്കുപോയി.

മാണിക്കം വസ്തുതകളറിയിച്ചതിനാൽ അടിയോടി രാജപുരുഷന്മാൎക്കു സൽക്കാരാദികഠം ചെയ്വാൻ പൂമുഖത്തെക്കെത്തിയിരിക്കുന്നു. അവരുടെ ആകസ്മികമായുണ്ടായ ആഗമനത്തിൻെറ കാരണം ഒന്നുംതന്നെ ഊഹിപ്പാനുണ്ടായിരുന്നില്ലല്ലോ. കുറുപ്പുമായി അടിയോടി നന്നെ സ്നേഹമായിട്ടാണ്. കാൎയ്യാന്തരത്താൽ ആ വഴിയെ പോകുമ്പോഠം വെറും ലൌകികത്തിന്നു് അവിടെ ചെന്നതാണെന്നേ അദ്ദേഹം വിചാരിച്ചുള്ളു. കുറുപ്പിനെ വെടിപ്പിൽ മാനിച്ചു് ഒരു മാന്യസ്ഥാനത്തിരുത്തി, ഭടന്മാരോടു യഥോചിതം സൽക്കാരഭാവത്തെ പ്രദശിപ്പിച്ചു. തന്നെ കാണുന്ന സമയങ്ങളിൽ സാധാരണമായി ഉണ്ടാകാറുള്ള പ്രസന്നഭാവമല്ല കുറുപ്പിൻെറ മുഖത്തു് അന്നു അടിയോടി കണ്ടതു്. അധികാരവഴിക്കുള്ള ഒരു വരവാണെന്നു കുറുപ്പിൻെറ 'സലജ്ജോഹം' നിമിത്തം അടിയോടിക്കു തോന്നി; എന്നാൽ ആ ഭാവമാററം കൊണ്ടു് അദ്ദേഹത്തിന്നു യാതൊരു മനശ്ചാഞ്ചല്യവുമുണ്ടായില്ല. രണ്ടുപേരും നല്ലവണ്ണം ഇടപഴകീട്ടുണ്ടായിരുന്നതിനാൽ ഇരുപേരുടേയും ഗുണാഗുണങ്ങളെ അന്യോന്യം ഗ്രഹിച്ചിട്ടുണ്ടു്. ധീരന്മാരും തന്ത്രജ്ഞന്മാരുമായ അവർ രണ്ടു സിംഹങ്ങഠം ഇടഞ്ഞുനില്ക്കുംപോലെ അഭിമുഖവീക്ഷണങ്ങളോടുകൂടി അല്പനേരം മൌനമുദ്രയെ വഹിച്ചിരുന്നു. ധീരനും ഉദാരനും ജനസമ്മതനുമായ അടിയോടിയെ ഒ

രു കേവലപൌരനെന്നനിലയിൽ രാജദ്രോഹക്കുററം ചുമത്തി ദണ്ഡനീതിയുടെ ചണ്ഡനിബന്ധനകാംക്കു് അടിമപ്പെടുത്തുന്നതു് അനുചിതമായിരിക്കയില്ല യോ എന്നും, അടിയോടി നിയമത്തെ ഉല്ലംഘനം ചെയ്തതായി കണ്ടുവെങ്കിൽതന്നെയും സാന്ത്വവചനങ്ങളാൽ വശീകരിച്ചു സാരമായുള്ള സഹകരണം സമ്പാദിക്കുകയല്ലെ വേണ്ടതു് എന്നും മററുമുള്ള ആലോചനകളോടുകൂടി കുറുപ്പും; തന്നെ സംബന്ധിച്ചുണ്ടായ ദുശ്ശങ്കകളാൽ തന്നിൽ മർദ്ദനം നടത്തുവാൻ കുറുപ്പു വന്നിരിക്കുന്നതാണെങ്കിൽ ധീരനായി അനുഭവിക്കുന്നതല്ലാതെ കിഴിഞ്ഞപേക്ഷിക്കുന്നതു പുരുഷധമ്മമല്ലെന്നും മററുമുള്ള ചിന്തകളോടുകൂടി അടിയോടിയും കുറെനേരം ഇരുന്നു. അതിന്നുശേഷം,

കുറുപ്പു:—വഞ്ചനകാം ഒരിക്കൽ പുറത്തു വരും. അടിയോടി അതറിഞ്ഞിട്ടില്ലെ? ഭരണാധികാരികളുടെ ആപ്തമിത്രം എന്ന നില നടിച്ചു നിങ്ങാം അവരെ ഇതുവരെ വഞ്ചിച്ചു. എന്നാൽ സത്യം ഇപ്പോാം പ്രത്യക്ഷമായി. നിങ്ങാം രാജദ്രോഹിയാണു്. നിങ്ങളുടെ, രാജദ്രോഹപ്രവൃത്തികളെ തെളിയിക്കുന്ന രേഖകാം ഈ വീടു പരിശോധിച്ചു് എടുപ്പാനാണു് ഞാൻ വന്നിരിക്കുന്നതു്.

അടി:—വിരോധം ഒന്നും ഇല്ലല്ലൊ.

എന്നു കുറുപ്പിൻെറ ആവശ്യങ്ങാംക്കു് അനുകൂലനിലയിലുള്ള മറുപടി പറഞ്ഞു പകുതി അടഞ്ഞുനിന്നിരുന്ന പൂമുഖവാതിലിനെ തുറന്നിട്ടുകൊടുത്തു. തന്ത്രഭേദങ്ങളാൽ തന്നിലും സമത്ഥനെന്നു നടിക്കുന്ന അടിയോടിയുടെ കുലുക്കമില്ലായ്മ കണ്ടു് കുറുപ്പു് ഈഷ്യാകലുഷനായി. ആദ്യമുണ്ടായ മനോഗതങ്ങാം-മ

ന്നു. നമ്പൂതിരിയുടെ ആജ്ഞയെ തന്നാൽ കഴിയും വിധം കഠിനരൂപത്തിൽതന്നെ നടത്തുവാൻ നിശ്ച യിച്ചു. ഭടന്മാരോടു കൂടി അകത്തേയ്ക്കു കടന്നു.

അടിയോടികൾ കാര്യം മനസ്സിലായി. രാമവ ർമ്മൻ തമ്പുരാനെ സംബന്ധിച്ച രേഖകളെപ്പററി പെ ട്ടെന്നു ഓർമ്മവന്നു. ഗോദവർമ്മത്തമ്പുരാൻ ദീൎഘദ ശിതന്നെ. അദ്ദേഹത്തിൻെറ വാക്കു അപ്പോഠം ത ന്നെ അനുസരിക്കേണ്ടതായിരുന്നു. കുറുപ്പിനെയും ഭടന്മാരെയും മറച്ചു് അപ്പോഠം ഒന്നും തന്നെ ചെയ്യാ നും തരമില്ല. രേഖകഠം കണ്ടെത്തിയാൽ ഉണ്ടാകു ന്ന ഫലം അടിയോടി അപ്പോഠംതന്നെ മനസ്സുകൊ ണ്ടു് അനുഭവിപ്പാൻ തുടങ്ങി. പ്രമത്തൻനമ്പൂതിരി യുടെ കാര്യസഭാമണ്ഡപവും, ആജ്ഞാക്ഷരങ്ങളും, കഴുമരവും, തന്നെ കണ്ടാൽ ബഹുമാനാദരങ്ങളോടുകൂ ടി വണങ്ങി ഒഴിഞ്ഞുപോകുന്ന ഭടന്മാർ ഇന്നു നേരി ട്ടെത്തി ഭേദ്യംചെയ്യുന്ന പ്രകാരവും എല്ലാം മനസ്സു കൊണ്ടു കണ്ടും കേട്ടും അനുഭവിച്ചു. മകൻെറ അവി വേകംമൂലം നേരിട്ട തീവ്രാവമാനത്തിൽ വാൎദ്ധക്യഗ്ര സ്തയായ കുഞ്ഞുകുട്ടിയമ്മയ്ക്കുണ്ടാകുന്ന മനോവ്യഥ എ ന്തെന്തിനെ സംഭവിപ്പിയ്ക്കുകയില്ല?

അപ്പോഠം ദേവകി, തൻെറ അകത്തുനിന്നു വന്നു തെക്കിനിയുടെ ഒരു കോണിൽനിന്നു. അവഠം പ്ര സന്നഭാവത്തോടുകൂടി തൻെറ നേരെ നോക്കുന്നതു് അടിയോടി കണ്ടു. അവളുടെ ആ വീക്ഷണങ്ങളിൽ പ്രേമം പ്രത്യക്ഷപ്പെടുന്നുണ്ടെന്നു് അദ്ദേഹത്തിന്നു തോന്നി. അതിനാൽ അദ്ദേഹത്തിൻെറ ഹൃദയം സന്ദൎഭത്തിൻെറ അനുചിതത്വത്തെ വിസ്മരിച്ചു. ത ന്നെക്കുറിച്ചു പ്രേമവിഷയത്തിൽ അവളുടെ ഹൃദയ

സ്ഥിതി എന്തെന്നു് അടിയോടിക്കു് അറിവുണ്ടായി രുന്നില്ല. ഒടുവിൽ താൻചെയ്ത പ്രണയപ്രകാശന ത്തിന്നു പ്രത്യുക്തി ഒന്നും ഉണ്ടായിട്ടില്ല. അന്നവൾ ക്കുണ്ടായ ഭാവഭേദങ്ങളുടെ അൎത്ഥം അനൂഹ്യവുമായി രുന്നു. എന്നാൽ ഇപ്പോൾ അവളുടെ പ്രേമം സുവ്യ ക്തമായിട്ടുണ്ടു്. അടിയോടി പരിതഃസ്ഥിതികളെ മറന്നു നിൎല്ലയമായുള്ള ചില്ലയത്താലെന്നപോലെ പരമ നിർവൃതനായി. തമ്പുരാനെ സംബന്ധി ക്കുന്ന രേഖകൾ— തന്നെ കഴുവിന്മേലെക്കയപ്പാന്നു ള്ള ലക്ഷ്യങ്ങൾ—സ്മരണത്തിൽനിന്നു മാഞ്ഞു.

മഹാലക്ഷ്മിയെപ്പോലെ ഐശ്വൎയ്യവതിയായ കുഞ്ഞുകുട്ടിയമ്മയുടെ നിഷ്കൎഷത്തോടുകൂടിയ ശുശ്രൂഷ കളാൽ നിലംകണ്ണാടിപോലെ മിന്നുന്ന തെക്കിനി യും മററം കുറുപ്പിന്റെ ഭടന്മാർ പൊടിയും ചളിയും നിറഞ്ഞ കാലടികൾകൊണ്ടു മലിനമാക്കിത്തീൎത്തു. അടിയോടി അവരോടൊപ്പം അകത്തെയ്ക്കു കടന്നു് "ഇതിന്നകത്തു സ്ത്രീകളുണ്ടു്. അമ്മക്കു വയസ്സുകാല മാണു്. അവൎക്കാൎക്കും അസഹ്യതയുണ്ടാക്കരുതു്. ഈ ഒരപേക്ഷ എനിക്കുണ്ടു്" എന്നു മാത്രം പറഞ്ഞു.

കുറുപ്പു്:— ഒന്നു വിചാരിക്കേണ്ട. ഞാനോ ഭട ന്മാരോ സ്ത്രീകളെ അപമാനിക്കില്ല. ആവശ്യത്തിൽ കവിഞ്ഞു് എനിക്കു യാതൊന്നും പ്രവൃത്തിക്കേണ്ട തില്ല. ഞങ്ങളെ ബുദ്ധിമുട്ടിക്കാതെ രേഖകളെടുത്തു തന്നാൽ രണ്ടുകൂട്ടൎക്കും ഗുണമാവും.

അടി:— എന്തിനെ പ്രമാണിച്ചാണു് നിങ്ങളു ടെ വരവു്? എന്തു രേഖകളാണു് വേണ്ടതു്?

കുറു:— ഞങ്ങളുടെ വിരോധികൾക്കു നിങ്ങൾ സഹായംചെയ്യുന്നുണ്ടു്. രാമവൎമ്മൻതമ്പുരാനെ തട

വിൽനിന്നു കൊണ്ടുപോരുവാൻ നിങ്ങൾ ശ്രമിക്കു ന്നില്ലേ? അതിനെ സംബന്ധിച്ച ചില രേഖകൾ നിങ്ങളുടെ പക്കൽ ഉള്ളതു് എനിക്കു കിട്ടണം.

അടി:— ഞാൻ ആരെയും സഹായിക്കുന്നില്ല. എന്റെ കൈവശം ഒരു രേഖയുമില്ല.

കുറ:— ഞങ്ങൾക്കു് ഒരു വാറോല കിട്ടീട്ടുണ്ടു്. അതിൽ സംഗതികളെല്ലാമുണ്ടു്.

അടി:— ഇതാണോ ആസ്പദം? അധികാരസ്ഥ ന്മാരോടു് എനിക്കുണ്ടായിരുന്ന സ്നേഹത്തിന്റെ വി ല വേണ്ടില്ല.

കുറപ്പ് ഇതുകൊണ്ടൊഴിഞ്ഞില്ല. പരിശോധ ന തുടങ്ങുവാൻ ഭടന്മാക്കാജ്ഞകൊടുത്തു. അവർ മു ക്കിലും, മൂലയിലും, തട്ടിൻപുറത്തും, തഴുതിൻപഴുതു കളിലും, പെട്ടിക്കുള്ളിലും, എവിടെയും, ഉരുവിനെ തിരയുന്ന നായാട്ടുനായ്ക്കളെപ്പോലെ തിരയുവാൻ തു ടങ്ങി.

കുഞ്ഞുക്കുട്ടിയമ്മയോടു വിവരങ്ങൾ പറഞ്ഞ പ്പോൾ ലേശംപോലും പരിഭ്രമമില്ലാതെ, താക്കോലു കളെടുത്തു മച്ചും മററു പൂട്ടറകളും തുറന്നുകൊടുത്തു. മക ന്റെ രാഷ്ട്രീയകൃത്യങ്ങളെപ്പററി അമ്മക്കു് ഒന്നും അ റിവുണ്ടായിരുന്നില്ല. തന്റെ മകൻ ഒരു പാതകിയ ല്ലെന്നും രാജശിക്ഷയിൽ പെടുവാൻ അഹനല്ലെന്നും അറിയാം. രാജപുരുഷന്മാർ മിഥ്യാധാരണനിമി ത്തം വന്നതായിരിക്കണമെന്നും അവരുടെ ആവശ്യ ങ്ങൾ വേഗത്തിൽ കഴിച്ചു് അവരെ തിരിച്ചയച്ച സ്ഥലം വീണ്ടും വൃത്തിയാക്കിവെക്കണം എന്നും മാ ത്രമേ വിചാരമുണ്ടായിരുന്നുള്ളു. അതുകൊണ്ടാണു്

വേഗത്തിൽ അവൎക്ക വേണ്ട ഒത്താശകൾക്കൊരുങ്ങിയത്രു്.

ഭടന്മാർ പാത്രങ്ങളും പെട്ടികളും മററും എടുത്തെറിഞ്ഞും കാലുകൊണ്ടു തട്ടി നീക്കിയും മററും ദുസ്സഹമായ സമ്പ്രദായത്തിൽ പരിശോധന നടത്തി. ആ വക ക്രിയകളാൽ അല്പംപോലും സൌമുഖ്യത്തിന്നു ഭാവഭേദം വരാതെ അടിയോടിയും ഗൃഹനായികയും കണ്ടുനിന്നു. കണ്ടുകിട്ടിയ ഓലയെഴുത്തുകളെല്ലാം കുറുപ്പിന്റെ വശം കൊടുത്തു. കുറുപ്പ് അതെല്ലാം സശ്രദ്ധം വായിച്ചു. അടിയോടിയെ കുററപ്പെടുത്തുന്ന യാതൊരു ലക്ഷ്യവും രണ്ടുനാലു നാഴികനേരം തിരഞ്ഞിട്ടും ലബ്ധമായില്ല. വലുതായ ഗൃഹത്തിന്നുള്ളിൽ പ്രധാനഭാഗങ്ങളെല്ലാം നോക്കിക്കഴിഞ്ഞു. കുറുപ്പിന്നും ഭടന്മാൎക്കും മനശ്ചാഞ്ചല്യങ്ങൾ തുടങ്ങി. തങ്ങളുടെ വരവു വ്യൎത്ഥമായിപ്പോകുമോ എന്നുള്ള വിചാരമായി. കുററക്കാരനാണെന്നു ബലമായുള്ള തെളിവുകൂടാതെ അടിയോടിയോടു യാതൊന്നും പ്രവൃത്തിപ്പാൻ പാടുള്ളതല്ലെന്നു കുറുപ്പിന്നു നല്ല നിശ്ചയമുണ്ടു്. പൌരന്മാൎക്ക പരക്കെ അടിയോടിയുടെ പേരിൽ സ്നേഹബഹുമാനങ്ങളുണ്ടെന്നും, അദ്ദേഹത്തിന്റെ ഒരു നോട്ടത്താൽ പൌരന്മാരിളകി തങ്ങളെ ദുരവസ്ഥയിൽപെടുത്തിയേക്കാമെന്നും തന്ത്രജ്ഞനായ കുറുപ്പ് ആലോചിച്ചു. ഒരു വാറോല മാത്രം ആസ്പദമാക്കി സ്വാധികാരത്തിൽ അത്യധികമായുള്ള ദുരഭിമാനം കരുതി ആ കൃത്യത്തിന്നു തന്നെ പ്രേരിപ്പിച്ചയച്ച പ്രമത്തൻ നമ്പൂതിരിയുടെ ബുദ്ധിമാന്ദ്യത്തെ കുറുപ്പു നിന്ദിച്ചു. എന്നാൽ വാറോല അയച്ചതു് ആരു്, എന്നായി കുറുപ്പിന്റെ പിന്നത്തെ ആലോച-

ന. തന്നോടൊരുമിച്ച് അപ്പോളുള്ള ഭടന്മാരിൽ ഒരുവനാണ് വാറോല പ്രമത്തൻ നമ്പൂതിരിക്കു സമൎപ്പിച്ചതെന്നും, അതു് അവൻ വശം ഈ വീട്ടിന്റെ വളപ്പിൽനിന്നുതന്നെ ഒരു സ്ത്രീ ഏല്പിച്ചതായിട്ടാണ് അവൻ അപ്പോൾ പറഞ്ഞതെന്നും ഉള്ള സംഗതികൾ ഓൎമ്മയിൽ വന്നു. എന്നാൽ ആ ഗൃഹത്തിൽ അടിയോടിയോടു ശത്രുതയുള്ളവർ ഉണ്ടാവണം, എന്നുറച്ചു ഭടനോടു ക്രുദ്ധമായി "തന്റെവശം ആ ഓല തന്നതു് ആരാണ്?" എന്നു ചോദിച്ചു.

ഭടൻ:— തെക്കിനിയിൽ ചമഞ്ഞുനിന്നിരുന്നില്ലെ ഒരു ചെറുപ്പക്കാരിഅമ്മ, ആ അമ്മ.

കുറുപ്പ് ചിലതെല്ലാം വേഗം മനസ്സുകൊണ്ടുറച്ചു. അടിയോടിയോട് "ഞങ്ങൾ ഈ വീടെല്ലാം പരിശോധിച്ചു. നിങ്ങളുടെ കിടപ്പറമാത്രമെ ഇനി ബാക്കിയുള്ളു. അതിനകം പരിശോധിക്കണം" എന്നു പറഞ്ഞു.

അടിയോടി നിൎജ്ജീവനായിനിന്നു. പക്ഷെ വികാരഭേദമൊന്നും മുഖത്തു പ്രകാശിപ്പിച്ചില്ല. "അതായിട്ടെന്തിനു ബാക്കിവെക്കുന്നു, അതും കഴിയട്ടെ" എന്നു താലുശോഷത്താലുണ്ടായ ഇടൎച്ചയെ വ്യക്തമാക്കാതെ അദ്ദേഹം പറഞ്ഞു. ഭടന്മാർ അതിൽ കടക്കുന്ന മാത്രക്കും അവർ അന്വേഷിക്കുന്ന രേഖകൾ കണ്ടെത്തുമല്ലൊ. കഠിനമായുള്ള രാജശിക്ഷയ്ക്കും അവമതിയ്ക്കും താൻ പാത്രമാകുമല്ലൊ. യാതൊരു സംഗതിയുമറിയാത്ത അമ്മയുടെ മേലിലുള്ള ഇരിപ്പ് എത്ര ദുസ്സഹം. അക്രമികളെ ഭയപ്പെട്ടു തന്നെ അഭയംപ്രാപിച്ച ആ കന്യകയുടെ സ്ഥിതിയെന്താവും. ഉത്തമനും ജനസമ്മതനുമാണെന്നു ഗണിച്ച തന്റെ ഗൃഹ

ത്തിൽ പാൎത്തുപോരുന്ന തരുണീരത്നത്തിന്നു, താൻ രാജദ്രോഹിയാണെന്നു വെളിപ്പെട്ടമ്പോഠം എത്രമാത്രം ജുഗുപ്സയുണ്ടാകും! രൂപവതിയും യൌവനയുക്തയുമായ അവളുടെ നവാനുരാഗത്തിൻെറ പ്രദൎശനംകൊണ്ടുണ്ടാവുന്ന അമൃതോപമമായ ആനന്ദത്തെ ആസ്വാദിപ്പാനുള്ള അവസരം ആസന്നമായ മുഹൂൎത്തത്തിലോ തന്നെ ദുൎവ്വിധി അഭവ്യാവസ്ഥയിൽ പെടുത്തുന്നതു്? ഭടന്മാരുടെ തിരച്ചിലിന്നിടയിൽ തൻെറ നേൎക്കുണ്ടായ നോട്ടങ്ങളിൽ കണ്ട പ്രണയപ്രവാഹം കഴവിന്മേൽ കേറുവാൻ കാൽപൊന്തിച്ചു നിൽക്കുമ്പോഴും തന്നിക്കു് ഉഠംകളിമ്മയുണ്ടാക്കി. കിടപ്പറയിലുള്ള കട്ടിലിൻെറ ചുവട്ടിൽനിന്നു ഭടന്മാർ പെട്ടിയെ നിരക്കി അതിലുള്ളവയെ ഓരോന്നായി എടുത്തു പുറത്തേക്കിട്ടുതുടങ്ങി. പുറത്തേക്കിടുന്ന ഓരോ സാധനവും തൻെറ രാജദ്രോഹകുററത്തെ വിളിച്ചുപറയുന്നുണ്ടെന്നു് അടിയോടിക്കുതോന്നി. പെട്ടിയുടെ അടി കണ്ടു. യാതൊരു രേഖയും അതിലില്ലായിരുന്നു!!

കുറുപ്പിൻെറ ആനനപ്രഭ മങ്ങി. ഭടന്മാർ ആ പെട്ടിയിന്മേൽകൈവെച്ചപ്പോഠം, വെടിപ്പിൽ ശോധനം ചെയ്തിരുന്നുവെങ്കിലും അടിയോടിയുടെ മനോവ്യാകുലത മുഖത്തല്പം വെളിപ്പെട്ടുപോയതു കണ്ടറിഞ്ഞു്, ആ തന്ത്രജ്ഞൻ കാൎയ്യലാഭം അസന്ദിഗ്ദ്ധമല്ലെന്നു് ഉന്മേഷവാനായിട്ടുണ്ടായിരുന്നു. കലാശം ആശയ്ക്കനുഗുണമല്ലായിരുന്നുവല്ലോ; എന്നാൽ ആ ഭാവം അശേഷം പ്രകാശിപ്പിക്കാതെ ബലാൽക്കാരേണ സജ്ജീകരിച്ച ഒരു മന്ദഹാസത്തോടുകൂടി കുറുപ്പു "രേഖകഠം തരില്ല അല്ലെ? വേണ്ട. നിങ്ങഠം ഞങ്ങളോടൊപ്പം പോരണം. രാജദ്രോഹിയാണെന്ന സം

ശയം ജനിച്ചിരിക്കുന്നതിനാൽ, രേഖകളോടുകൂടി യോ തനിച്ചോ അടിയോടിയെ ഹാജരാക്കുവാനാണ്, മേലധികാരത്തിലെ കല്പന. ബലങ്ങളൊന്നും പ്രയോഗിക്കുവാൻ ഇടയാക്കാതിരുന്നാൽ നന്ന്'' എന്നരിയാടി.

അടി:— ഞാൻ രാജശാസനത്തെ എപ്പോഴും അനുസരിക്കുന്നവനാണ്. എവിടെയ്ക്കു വേണമെങ്കിലും പോരാനൊരുക്കമാണ്. (തിരിഞ്ഞു് കുഞ്ഞുകുട്ടിയമ്മയോട്) അമ്മ വ്യസനിക്കരുത്. ഞാൻ കുററമൊന്നും ചെയ്തിട്ടില്ല. വേഗം മടങ്ങിവരാം. ഇവിടെ ശേഷമുള്ളവരേയും അമ്മതന്നെ സമാധാനിപ്പിക്കണം.

എന്നു പറഞ്ഞു് അല്പം അകലെയായി നിന്നിരുന്ന ദേവകിയെ ഒന്നു കടാക്ഷിച്ചു കുറുപ്പിനോടുകൂടി പോയി.

എന്നാൽ രേഖകൾ എവിടെ മറഞ്ഞു? ആൎക്കറിയാം! അടിയോടി എത്ര തന്നെ ആലോചിച്ചിട്ടും അതു പോയ വഴി മനസ്സിലായില്ല. പൌരപ്രധാനന്മാരിൽ ആദ്യനായ അടിയോടിയെ പൌരന്മാരിൽ പലരും അനുഗമിച്ചു. അടിയോടിയെ മുമ്പിലെത്തിച്ചപ്പോൾ നമ്പൂതിരി ഞെളിഞ്ഞിരുന്ന് ''അടിയോടിയെ കാണുമ്പോൾ പേടിയാകുന്നു'' എന്നു പറഞ്ഞു.

അടി:— അവിടുത്തെ മുമ്പിൽ വരുമ്പോൾ എനിക്കും പേടിയുണ്ടു്.

പ്രമ: ന:— എന്താ, രാമവൎമ്മൻതമ്പാനെ വിട്ടുകൊണ്ടു പോണം അല്ലെ?

അടി:— എനിക്കാവശ്യമില്ല.

പ്രമ: ന:— കുറുപ്പെ! എടുക്കു, ആ രേഖകൾ വിടുവിക്കാനുള്ള ഉപായങ്ങൾ എന്തെല്ലാമെന്നു നോക്കട്ടെ. ഗോദവൎമ്മൻതമ്പാനും സഹായത്തിന്നു് എത്തീട്ടുണ്ടു്, അല്ലെ?

കുറു:— രേഖകളൊന്നും കിട്ടീട്ടില്ല—

പ്രമ: ന:— കുറുപ്പ് അവിടെ എന്തുചെയ്തു? അടിയോടിയെ കാണാൻ കൊണ്ടുപോന്നതാണൊ?

കുറു:—വീടു മുഴുവൻ പരിശോധിച്ചു. ഒന്നും കണ്ടില്ല.

പ്രമ: ന— ഉണ്ടാവാതെ വരില്ല. ഇനിയും ചെന്നുനോക്കു. ഭടന്മാരെ കുറെക്കൂടി വിളിച്ചോളു.

കുറു:—ഇനി അവിടെയെങ്ങും നോക്കാനില്ല.

പ്രമ: ന:—എന്താ, കുറുപ്പിന്നു മടി തുടങ്ങിയോ? കാൎയ്യത്തിൻെറ ഗുരുലഘുത്വം നിരീച്ചു നോക്കു.

കുറു:—ആരുപോയാലും എത്ര തിരഞ്ഞാലും രേഖകളൊന്നും കിട്ടില്ല;

എന്നു പറഞ്ഞു് അടിയോടിയെ കൊണ്ടുചെന്നതിൻെറ ഉദ്ദേശം ഗൂഢമായറിയിച്ചു.

---

# VI

എന്നെക്കണക്കെ പിരിഞ്ഞിതോ നിങ്ങളും
തന്വംഗിയാകിയ വൈദേഹിയോടഴോം!

രാഹുകേതുക്കളെപ്പോലുള്ള ആ രണ്ടു പാപവാന്മാരാൽ അടിയോടി സ്വല്പനേരത്തേക്കു മാത്രമെ ഗ്രസ്തനായുള്ളു. പൌരന്മാൎക്കു കണ്ണിലുണ്ണിയായ അടിയോടിയെ, അഹേതുകമായി രാജശിക്ഷക്കു പാത്രമാക്കിയാൽ അവരുടെ ഇടയിൽ ക്ഷോഭം പ്രബലമായുണ്ടാ-

കുന്നതാണെന്നും, അതു തല്ക്കാലസ്ഥിതികളാൽ ക്ഷേമകരമായിരിക്കില്ലെന്നും, ഗോദവർമ്മത്തമ്പുരാന്റെ ആഗമം ഉണ്ടായിരിക്കുന്നതിനാൽ തങ്ങൾ അവിവേകങ്ങൾ ഒന്നും ചെയ്യാതെ ബുദ്ധിപൂർവ്വമായാലോചിച്ചു കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതാണെന്നും മററും കുറുപ്പു നമ്പൂതിരിയോടുപദേശിച്ചു. നമ്പൂതിരി കുറുപ്പിന്റെ അഭിപ്രായങ്ങളെ ഒടുവിൽ സമ്മതിച്ചു.

പ്രമ:ന:—തീയില്ലാതെ പുകയുണ്ടാവില്ല. അതു കുറുപ്പു കേട്ടിട്ടില്ലേ? വാറോലക്കാര്യം വെറുതെ വിട്ടുകൂടാ.

കുറ:—അതു ഞാനും ഉറച്ചിട്ടുണ്ട്. ഞാൻ ഇപ്പോൾ പറഞ്ഞ വഴിയെടുത്താൽ അതിന്റെ കാര്യം വെളിവിൽ വരും. നിശ്ചയമാണ്.

പ്രമ:ന:—എന്നാൽ അതു നടക്കട്ടെ. കാര്യം എങ്ങനെങ്കിലും തീർച്ചപ്പെടണം.

കുറ:—എന്നാൽ ഞാൻ ഇറങ്ങട്ടെ. ഞാൻ വന്നതിന്നുശേഷം അടിയോടിയെ വിട്ടയച്ചാൽ മതി.

ഇങ്ങിനെ തമ്മിൽ ഗൂഢമായി പറഞ്ഞു് കുറുപ്പ് അവിടെനിന്നു പോയി. അടിയോടിയോട്ട് ഒന്നും തന്നെ ഉരിയാടാതെ നമ്പൂതിരി കാര്യാന്തരങ്ങളിൽ പ്രവേശിച്ചു. നമ്പൂതിരിയുടെയും കുറുപ്പിന്റെയും 'രഹസ്യകാര്യ' സംഭാഷണസമയത്തു് പ്രത്യക്ഷപ്പെട്ട ഭാവഭേദങ്ങളാലും മററും തനിക്കൊരു ശിക്ഷ കല്പിപ്പാൻ തക്ക ന്യായങ്ങൾ അവർ കണ്ടിട്ടില്ലെന്നു് അടിയോടി മനസ്സിലാക്കി. അവ്യവസ്ഥിതഹൃദയനായ നമ്പൂതിരിയുടെ നികടത്തിൽ എത്രനേരം നില്ക്കേണ്ടി വരുമെന്നുള്ള നിർണ്ണയമില്ലാതെ അദ്ദേഹം അവിടെ ഒരിടത്തിൽ സ്ഥിതി ചെയ്തു. ബന്ധമോക്ഷമ

ലഭിച്ച ഗൃഹാഗതനാകുന്ന തന്നെ, വാത്സല്യതരംഗങ്ങളാൽ ഉപലാളിപ്പാനടുക്കുന്ന അമ്മയുടെ ആനന്ദപ്രസാദം കണ്ടനുഭവിപ്പാൻ അദ്ദേഹത്തിൻെറ മനസ്സുഴറി. അലൂനകിസലയംപോലെ അഭിരാമമായുള്ള ആ തരുണീരത്നത്തിൻെറ—അശിക്ഷിതമായുള്ള വീക്ഷണഭേദത്താൽ മാത്രം തന്നോടു പ്രണയശപഥം നിർവ്വഹിച്ച ഹൃദയനായികയുടെ—മധുരസ്മിതത്താൽ സ്നിഗ്ദ്ധമായ വദനത്തിൻെറ സൌകുമാര്യം അദ്ദേഹത്തിൻെറ മനോനയനങ്ങളെ വിസ്താരിതങ്ങളാക്കിത്തുടങ്ങി. അങ്ങിനെയുള്ള മനോരാജ്യസഞ്ചാരങ്ങളിൽ വ്യാകുലനായിരിക്കുന്ന അടിയോടിക്ക് അവിടെ വ്യർത്ഥനിലയിൽ നില്ക്കേണ്ടിവന്നതുകൊണ്ടു് മുഷിച്ചൽ ഒട്ടും തോന്നിയില്ല.

"അടിയ്യോടിയെ വിട്ടയക്കു" എന്ന മിതാക്ഷരത്തിലുള്ള ആജ്ഞാവാക്യം പ്രമത്തൻ നമ്പൂതിരി ഒടുവിൽ പുറപ്പെടുവിച്ചു. കുറുപ്പ് അവിടെ തിരിച്ചെത്തി ഹാജരുണ്ടായിരുന്നു. കുറുപ്പിൻെറ മുഖത്ത് അകാരണമായുള്ള ഒരു കൃതകൃത്യതാഭാവം അടിയോടി കണ്ടു.

അദ്ദേഹം തിരിച്ചു വീട്ടിലെത്തിയപ്പോഴേക്കു ഏകദേശം സന്ധ്യയായി. അമ്മ പടിക്കലേക്കുതന്നെ കണ്ണിമക്കാതെ നോക്കിനില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹം അടുത്തെത്തിയ ഉടനെ കുഞ്ഞുകുട്ടിയമ്മ "ആവു, കുട്ടൻവന്നുവല്ലൊ. ഇനി എന്തെങ്കിലുമാവട്ടെ" എന്നുപറഞ്ഞു. അടിയോടി പൂമുഖത്തു കയറി നിന്നതിന്നുശേഷം,

കുഞ്ഞു:—നമുക്കു ഒരു പോരായ്മ പററി, അല്ലേ?

അടി:—ഇതിലെന്താ പോരായ്മ?

കുഞ്ഞു:—എന്താ കുട്ടൻ അങ്ങിനെ പറയുന്നത്?

അടി:—രാജാവിൻെറ കല്പനക്കെതിരുണ്ടോ?

കുഞ്ഞു:—അതില്ല, എന്നാലും നമ്മുടെ തറവാട്ടിന്നുള്ളിൽ വന്ന് അന്യനൊരുത്തൻ പിടിച്ചു കൊണ്ടു പോയില്ലേ?

അടി:—അതുകൊണ്ടെന്താ, കുററക്കാരനല്ലെന്നിലക്ക ഞാൻ മടങ്ങി വരികയും ചെയ്തുവല്ലോ.

കുഞ്ഞു:—ഞാൻ അതിനെപ്പററിയല്ല പറയുന്നത്. കഥകളൊന്നുമറിഞ്ഞില്ലേ?

അടി:—എന്താ വിശേഷം?

കുഞ്ഞു:—ഞാൻ പറഞ്ഞത് ആ സാധു പെൺകുട്ടിയെ പററിയാണ്. കുട്ടനൊന്നുമറിഞ്ഞില്ലേ?

അടി:—ദേവകിയേയൊ! ആർ പിടിച്ചുകൊണ്ടു പോയി.

കുഞ്ഞു:—കുട്ടനെ കൊണ്ടുപോയില്ലേ? അവർതന്നെ വീണ്ടും ഇവിടെവന്ന് അവളെ കൊണ്ടുപോയി.

അടിയോടി ഇതു കേട്ടപ്പോൾ അവിടെത്തന്നെ ഇരുന്നു. കുറച്ചുനേരം കഴിഞ്ഞ് കുഞ്ഞുകുട്ടിയമ്മ "എന്താ കുട്ടൻ ഒന്നും പറയാത്തത്" എന്നുചോദിച്ചു. അടിയോടി "എന്നോടിപ്പോൾ ആരും ഒന്നും പറയരുത്" എന്നു പറഞ്ഞ് അവിടെ നിന്നെഴുനേററുപോയി അകം തുറന്ന് നിലത്തു സാഷ്ടാംഗമായി വീണു.

മകൻെറ പാരവശ്യങ്ങൾ കണ്ടപ്പോൾ മകൻെറയും ദേവകിയുടെയും ഐക്യത്തിൻെറ സമ്പ്രദായത്തെപ്പററി കുഞ്ഞുകുട്ടി അമ്മ ചിലതൊക്കെ ഊഹിച്ചു.

അപ്പോൾ കണ്ട ആലസ്യത്തിന്ന് അല്പം ശമനം വന്നശേഷമല്ലാതെ അസഹ്യതയുണ്ടാക്കേണ്ട എന്നു നിശ്ചയിച്ചു. ഏതു തരം രോഗത്തിന്നും മൂകരത്തിൽ ചെയ്യപ്പെടുന്ന ശാന്ത്യുപചാരങ്ങൾ ഫലശൂന്യങ്ങളായേ വരികയുള്ളു. മനോവ്യാധികളുടേയും നില ഇതു തന്നെയാണ്. ദുസ്സഹമായ ശോകാവേഗത്തിൽ ചെയ്യുന്ന സാന്ത്വവചനങ്ങൾ ഒരിടത്തും ഫലിച്ചുകണ്ടിട്ടില്ല. ഒരുത്തന്റെ മനോഗതിയെ പ്രാരംഭത്തിൽ നിരോധിപ്പാൻ അന്യന്നു കഴിയുമെന്നു വിചാരിക്കുന്നതു വെറും മൂഢത്വമാണ്. ജ്വലിക്കുന്ന അഗ്നിക്കു തൈലസേകം പോലെ പ്രാരംഭത്തിലുള്ള സാന്ത്വവാക്കുകൾ ഹൃദയദുഃഖത്തെ പ്രവൃദ്ധമാക്കിയേക്കും. സുപ്രസിദ്ധന്മാരായ ഭിഷഗ്വരന്മാരുടെ ദിവ്യൗഷധങ്ങൾപോലും രോഗമൂർച്ഛയിൽ രോഗാർത്തന്നു സ്വാസ്ഥ്യസാധകങ്ങളായി തീരാതിരിക്കുന്നതിന്നുള്ള പരമരഹസ്യവും ഇതുതന്നെയാണ്. അത്യുൽക്കടമായുള്ള ദുഃഖത്താൽ സന്തപിക്കുമ്പോൾ സമാധാനിപ്പിപ്പാൻ പെട്ടന്നുദ്യമിക്കാതെ ദുഃഖാക്രാന്തനെ തനിയേ വിടുന്നതായിരിക്കും ബുദ്ധിപൂർവ്വമായുള്ള കൃത്യം. ഏകാന്തത്തിൽ മുമുക്ഷുവിനെപ്പോലെ തെല്ലിട പരിചയിച്ചാൽ പ്രകൃതിരഹസ്യത്തിന്റെ സ്വഭാവജ്ഞാനം സ്വയമേവ ഉള്ളിലുദിച്ചു ശാന്തസന്താപനാകുവാൻ തുടങ്ങും. അപ്പോൾ പ്രയോഗിക്കപ്പെടുന്ന സാന്ത്വവചനങ്ങൾ ഫലപ്രദങ്ങളായി പരിണമിക്കുകയും ചെയ്യും.

കുഞ്ഞുകുട്ടി അമ്മക്ക് ഈ തത്വമറിയാം. കുറെ നേരം കഴിഞ്ഞതിന്നുശേഷം അടിയോടി പുറത്തേക്കു

വന്നു് ഉണ്ടായ സംഗതികാം എന്തെല്ലാമാണെന്നു ചോദിക്കുന്നവിധം അമ്മയുടെ മുഖത്തേക്കു നോക്കി.

കുഞ്ഞു:—എനിക്കൊന്നും മനസ്സിലായില്ല. കുട്ടനേയും കൊണ്ടവര് പോയതിന്നു ശേഷം ഞാന് എന്റെ അറയില്തന്നെ ഓരോന്നു വിചാരിച്ചും കരഞ്ഞും കൊണ്ടിരുന്നു. പോകുമ്പോാം പറഞ്ഞതു വേഗം വരാമെന്നല്ലെ? എന്നാല് കുട്ടന് വന്നിട്ടുമതി ഇനി എല്ലാം എന്നുറച്ചു് ഇരിക്കയായിരുന്നു. അപ്പോാം മാണിക്കം വന്നെന്നെ വിളിച്ചു്, 'ദേവകിയെ ഭടന്മാരതാ കൊണ്ടുപോകുന്നു' എന്നു പറഞ്ഞു. ഞാന് ബദ്ധപ്പെട്ടു പൂമുഖത്തെത്തുമ്പോഴക്കും അവര് പടിക്കലെത്തിക്കഴിഞ്ഞിരുന്നു. തിരിഞ്ഞുനോക്കി ആ സാധുകുട്ടി "അമ്മേ, ഞാന് ഒരു തെററും ചെയ്തിട്ടില്ലേ" എന്നു ഇടറിക്കൊണ്ടു പറഞ്ഞു. എനിക്കതു വിചാരിക്കുമ്പോാം ഇടനെഞ്ഞുപൊട്ടുന്നു. പാവം! എത്ര നല്ല കുട്ടി! കണ്ണിന്റെ മുമ്പില് ഇപ്പോഴും ഉള്ളപോലെ തോന്നുന്നു.

തന്റെ പേരില് ഒരു കുററം ചുമത്തി, അവിടെ നിന്നു് അല്പനേരത്തേക്കു് അകററി, ദേവകിയെ അവിടെനിന്നു കൊണ്ടുപോകേണ്ടതായിരുന്നു അവരുടെ ഉദ്ദേശമെന്നു അടിയോടി ക്ഷണം ഊഹിച്ചു. എന്നാല് അതിന്റെ ആവശ്യം എന്താണെന്നു മനസ്സിലായില്ല. അമ്മയേയും മററും അറിയിക്കാതെയും അസഹ്യതപ്പെടുത്താതെയും കാര്യം എളുപ്പത്തില് സാധിച്ചതു നിമിത്തമായിരിക്കണം കുറുപ്പിന്റെ മുഖത്തു താന് കണ്ട പ്രസന്നത എന്നും അടിയോടി നിശ്ചയിച്ചു. അക്രമികളില്നിന്നു താന് അവളെ അന്നു രക്ഷിച്ചതിന്റെ ഫലം ഇപ്പോാം എന്തായി! സംഗ

തികഠം മുഴുവൻ അറിയുക തന്നെ എന്നു നിശ്ചയിച്ചു "മാണിക്കം എവിടെ" എന്നു ചോദിച്ചു.

കുഞ്ഞു:— അവളോടു ചോദിക്കു. അവഠംക്കു കുറെക്കൂടി വിവരമറിയാം.

അടിയോടി മാണിക്കത്തിനെ അന്വേഷിച്ചു് അകത്തേക്കു പോയി. അവഠം, അദ്ദേഹം വന്നു കയറുമ്പോഠം പൂമുഖത്തുതന്നെ ഉണ്ടായിരുന്നു. ദേവകിയുടെ കഥ കേട്ടപ്പോഠം കാണിച്ച വിവശതകഠം അവഠംക്കു കുറെ വിനോദമുണ്ടാക്കി. എങ്കിലും അടിയോടി ഭ്രദൃഷ്ടത്തിൻെറ സ്പർശംകൂടാതെ സ്വതന്ത്രനായി മടങ്ങിയെത്തിയതിൽ അവഠം അനുമോദിച്ചു. ദേവകിയുടെ അപരാധങ്ങളെ വെളിവിൽ പ്രകാശിപ്പിക്കുവാൻ മുതിന്നു്, ഒരു പ്രസിദ്ധനായ പോലീസുദ്യോഗസ്ഥൻെറ ഗൌരവത്തോടുകൂടി അവഠം അടിയോടിയുടെ മുമ്പിൽ വന്നുനിന്നു.

അടി:— എന്താണിവിടെ അക്രമങ്ങഠം നടന്നതു്?

മാണി:— അക്രമങ്ങളൊന്നും ഉണ്ടായില്ല.

അടി:— പിന്നെ?

മാണി:— അവക്കു് ഉപദ്രവമുണ്ടാക്കിയ ആളെ അല്ല ആദ്യം പിടിച്ചതു്. അതു മനസ്സിലായപ്പോഠം നേർവഴിക്കു തിരിഞ്ഞു.

അടി:— ആരാണവക്കു് ഉപദ്രവമുണ്ടാക്കിയതു്?

മാണി:— അവരെ ഇങ്ങോട്ടു വൃഥാ നടത്തിയതിനുള്ള കോപമാണു് കണ്ടതു്.

അടി:— ആരാണങ്ങിനെ ചെയ്തതു്?

മാണി:— ദേവകി.

അടി:— ദേവകിയൊ!

മാണി:—അതെ. ദേവകിതന്നെ.

അടിയോടിക്കു തന്റെ ശ്രവണേന്ദ്രിയം അതിന്റെ പ്രവൃത്തി വേണ്ടതുപോലെ ചെയ്യാതിരിക്കുന്നുണ്ടോ എന്നു ശങ്ക തോന്നി. "ദേവകിയൊ?" എന്നു പിന്നെയും ചോദിച്ചു.

മാണി:—അതെ. ഇത്ര വേഗം ആളെ മറന്നതെങ്ങിനെ? അന്നു യമകിങ്കരന്മാരിൽനിന്നു രക്ഷപ്പെടുത്തിയില്ലെ?

അടി:—ദേവകി എന്താണു് ചെയ്തതു്?

മാണി:—രാജദ്രോഹം സംബന്ധിച്ച ചില ലക്ഷ്യങ്ങൾ ഇവിടെയുണ്ടെന്നു് അവൎക്കു വാറോല അയച്ചു.

അടിയോടിയുടെ ശങ്കകളെല്ലാം തീൎന്നു. അദ്ദേഹത്തിന്നു കാൎയ്യസ്വഭാവം മുഴുവൻ മനസ്സിലായി. ദേവകിയെ പെട്ടെന്നു സ്മരിച്ചു. പ്രണയസ്നിഗ്ദ്ധമായിട്ടുള്ള ആകാരമല്ല അപ്പോൾ തന്റെ മനോനേത്രത്തിന്റെ മുന്നിൽ കണ്ടതു്. ദേവകിയെ അല്ല, കഠിനപ്രതിക്രിയയ്ക്കുള്ള കരവാളം ഏന്തിനിൽക്കുന്ന ഒരു ചണ്ഡികാദേവിയെയാണു് കാണുന്നതെന്നു തോന്നി. ഹൃദയംകൊണ്ടു് അവളെ പഞ്ചധാ വിഭജിച്ചു പരിശോധിക്കുവാൻ കഴിയുമെങ്കിൽ, അവളുടെ പ്രതികാരേച്ഛ പ്രതിഭ്രൂതം പ്രത്യക്ഷപ്പെട്ടു കാണാമെന്നു് അടിയോടിക്കു തോന്നി. നിൎവ്യാജമായുള്ള തന്റെ സുസ്ഥിരപ്രണയത്തിന്നു് ഏകഭാജനമായി താൻ കരുതിയ ആ യുവതിയെ കാലദൂതിയെപ്പോലെ ഭയപ്പെടുവാനുള്ള സന്ദൎഭംവന്നതു വിചാരിച്ചു് അദ്ദേഹം അത്യൽക്കടമായ ദുഃഖത്തിന്നു് അധീനനായി. ഉടമസ്ഥനില്ലാതിരിക്കെ ഉഗ്രഭയങ്കരന്മാരായ ചിലരുടെ

ആക്രമണത്തിൽനിന്നു രക്ഷിച്ചു, സ്വഗൃഹത്തിൽ സർവ്വസംരക്ഷണങ്ങളും ചെയ്തു നിവസിപ്പിച്ചതിനാലുണ്ടായ ഫലം ഓർത്തു് അടിയോടി ആശ്ചര്യപ്പെട്ടു. "കഷ്ടം! എനിക്കു വന്ന കഷ്ടബാധത്തെ ഈ യുവതി മറന്നിട്ടില്ല. ക്ഷമായാചനംകൊണ്ടും സാന്ത്വിതയായിട്ടില്ല. ഭടന്മാരുടെ പരിശോധനങ്ങൾക്കിടയിൽ പ്രസന്നയായി നിന്നിരുന്നതു തന്റെ പ്രവൃത്തി ഫലിച്ചതിനാൽ തന്നെയല്ലെ? പ്രണയലക്ഷണം എന്നു ധരിച്ചതു് എന്തബദ്ധം! സ്ത്രീചിത്തം ഇത്ര കഠിനമോ?"

തന്റെ പ്രണയം അപാത്രത്തിലായതു നിനച്ചു് അടിയോടി പശ്ചാത്തപിച്ചു. അല്പനിമിഷങ്ങളെക്കൊണ്ടു് അനേക സംവത്സരങ്ങളെ സംതരിച്ചാലുള്ളപോലെ ഒരു വൃദ്ധത്വം, അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടു. ഉജ്ജ്വലത്തായിരുന്ന നയനേന്ദ്രിയത്തിന്റെ ദ്യുതി മങ്ങി. ദേഹത്തിന്റെ ഗുരുത്വം വഹിപ്പാനുള്ള ചരണങ്ങളുടെ ശക്തി ലഘൂഭവിച്ചു. സഹജഗുണങ്ങളായ സഹനശക്തിയും മനോധൈര്യവും അടിയോടിയിൽനിന്നു വിദൂരങ്ങളായിത്തീൎന്നു. അന്യോന്യാനുരാഗം ദൃഢമായി വേരൂന്നിയ വധൂവരന്മാരനുഭവിക്കുന്ന ശൃംഗാരാമൃതത്തെ, സങ്കല്പമാത്രത്താൽ ആസ്വാദിപ്പാൻ തുടങ്ങിയ അടിയോടിക്കു, പ്രണയകഥകളെ സംബന്ധിച്ച സ്മരണങ്ങൾ ഭയങ്കരങ്ങളായി തോന്നി. തടിദ്വേഗത്തെ വെല്ലുംപ്രകാരം ഉടനുടൻ ഉത്ഭവിക്കുന്ന ഓൎമ്മകൾ മനസ്സിൽ അനേകഭ്രമണങ്ങൾ കഴിച്ചുകൊണ്ടിരുന്നതിനാൽ ഹൃദയദാർഢ്യം തളൎന്നു കഴിഞ്ഞു. ഹൃദയം മൃതപ്രായമായി. സകലചേഷ്ടകളും നിന്നു. മനസ്സന്തോഷം എന്നാസ്വോക്ക

മായി അസ്തമിച്ചു. മല്ലിടത്തത്തിന്നോ, തന്ത്രപരീക്ഷണത്തിന്നോ വരുന്ന എതിരാളിയെ പിൻമടക്കുന്ന അടിയോടി ദയനീയാവസ്ഥയിലേക്കു കിഴിഞ്ഞു.

അടിയോടിയുടെ പാരവശ്യപ്രകടനം കണ്ടു മാണിക്കം ഹതാശയായി. തന്നാൽ പ്രയോഗിക്കപ്പെട്ട വാഗസ്ത്രങ്ങൾ അത്ര വിഷദിശ്ധങ്ങളാണെന്നു് അവൾ വിചാരിച്ചില്ല. തന്റെ മുൻസ്ഥിതികളെപ്പററി അവൾ അല്പം ആലോചിച്ചു. അച്ഛനും അമ്മയും ശൈശവത്തിൽ മരിച്ചു ദായാദികളൊ ഉററവരൊ ഇല്ലാതെ വന്നപ്പോൾ കുഞ്ഞുകുട്ടിഅമ്മയുടെ ധർമ്മബുദ്ധി വഴിക്കാണു് താൻ അവിടെ എത്തിച്ചേർന്നതു്. അന്നു് അടിയോടി ഒരു ചെറുബാലനായിരുന്നു. മററു സന്താനങ്ങളൊന്നും ആ തറവാട്ടിലില്ലാത്തതിനാൽ അവളും അടിയോടിയും സഹോദരീസഹോദരന്മാരെപ്പോലെയാണു് വളൎന്നുവന്നതു്. ബുദ്ധിയുറച്ചതിന്നു ശേഷം കുഞ്ഞുകുട്ടിഅമ്മയുടെ പാകംനോക്കിയും ഗ്രഹജോലികൾ ചെയ്തും അവിടെയുള്ള പാപ്പു നിരൎത്ഥകമാക്കാതെ കഴിച്ചുകൂട്ടി. കിഴിഞ്ഞ ഗ്രഹജോലികൾ അവൾ ചെയ്യുന്ന അവസരങ്ങളിലെല്ലാം കുഞ്ഞുകുട്ടിഅമ്മയും അടിയോടിയും അവളെ വിലക്കാറുണ്ടു്. അവൾ അതൊന്നും സമ്മതിച്ചിരുന്നില്ല. പൂൎണ്ണയൌവനമായപ്പോൾ പ്രായഭേദം അതിന്റെ പ്രകൃതിയെ പ്രദൎശിപ്പിക്കാൻ തുടങ്ങി. അടിയോടിയുടെ രൂപശൌൎയ്യാദി ഗുണങ്ങൾ അവളെ ആകൎഷിച്ചു. മനോബലത്തേയും ഭേദിച്ചു ഹൃദയത്തിൽ അനുരാഗബീജങ്ങൾ അങ്കുരിച്ചു. അവളോടുള്ള അടിയോടിയുടെ ഉദാരമധുരങ്ങളായ ഭാ

വവൈചിത്ര്യങ്ങൾ അവളുടെ വിചാരങ്ങൾക്കു വളമായിത്തീർന്നു. അദ്ദേഹത്തിനെ വരനായി സിദ്ധിച്ചുകഴിഞ്ഞു എന്നുതന്നെ അവൾ വിചാരിച്ചു. അവളുടെ പ്രണയസംരംഭങ്ങൾ വിജയാപ്തിയോടു സമീപിച്ചു എന്നു സന്തോഷിച്ചിരിക്കുമ്പോളാണു് ദേവകീയുടെ അചിന്തിതമായിട്ടുള്ള ആഗമനം ഉണ്ടായതു്. ദേവകിയിൽ അടിയോടി കാണിച്ചിരുന്ന ആദരങ്ങളെ മാണിക്കം സൂക്ഷിച്ചു. നവാഗതയായ ദേവകിയെ കണ്ടമുതൽക്കു് അവളുടെ വിജയാശ കുറഞ്ഞുകുറഞ്ഞു വന്നു. പോററിയുമായുണ്ടായ സംഭാഷണത്താൽ, ക്ഷയോന്മുഖമായിരുന്ന പ്രണയദ്രുമത്തിന്റെ നാരായവേരും ഉന്മൂലിതമായി. അവളുടെ ആഗ്രഹങ്ങൾക്കു പ്രത്യൂഹകാരിണിയായ ദേവകിയിൽ സ്പർദ്ധ ജനിച്ചു. അവളെ അകററിക്കിട്ടുവാൻ പോററിയുമായാലോചിച്ചതിലും, ഉദ്ദേശലബ്ധിക്കു മാർഗ്ഗങ്ങൾ തുറന്നുകണ്ടില്ല. അടിയോടിയുടെ ദൃഷ്ടിയിൽ അവളെ അപരാധിനിയാക്കി അവതരിപ്പിച്ചാൽ കാർയ്യസിദ്ധി വന്നെങ്കിലോ എന്നവൾ ആലോചിച്ചു. അതിനു തക്കതായ സന്ദർഭവും സ്വയമേവ സംഭവിച്ചുവല്ലൊ. ദേവകിയെ സംബന്ധിച്ച സംഗതികൾ അടിയോടിയോടറിയിച്ചപ്പോൾ പെട്ടെന്നൊരു പാരുഷ്യപ്രകടനമുണ്ടായി, എങ്കിലും പിന്നീടു കണ്ട പാരവശ്യങ്ങൾ തനിക്കു ക്ഷേമകരങ്ങളായുള്ളവയല്ലെന്നു് അവൾ മനസ്സിലാക്കി. അതോടുകൂടിത്തന്നെ ഈ ജന്മത്തിൽ അടിയോടിയുടെ പത്നിയായിരിപ്പാനുള്ള ഭാഗ്യം അവൾക്കില്ലെന്നു ബോദ്ധ്യവും വന്നു.

അനന്യഗതികയായ നിലയിൽ ആ ഗൃഹത്തിൽ എത്തിച്ചേൎന്നു് കുഞ്ഞുകുട്ടിയമ്മയുടെ വാത്സല്യപൂൎണ്ണങ്ങളായ ലാളനങ്ങളേററു വളൎന്നുപോന്ന അവളുടെ ഹൃദയം, കൃതജ്ഞതകൊണ്ടും അടിയോടിയെ ഉദ്ദേശിച്ചു് അനുരാഗംകൊണ്ടും പൂൎണ്ണമായി എന്നു പറഞ്ഞുവല്ലൊ. അവൾ സമഗ്രമായുള്ള യൌവനപദത്തിൽ അധിരൂഢമായി കഴിയുന്നതുവരെക്കും അവളുടെ ആഹാരവിഹാരാദികളെല്ലാം സുകുമാരശരീരനായ അടിയോടിബാലനോടുകൂടിത്തന്നെ ആയിരുന്നു. അവളുടെ ബാല്യസഖി— കാമോപമനായ ഹൃദയനായകൻ— ഇതാ അവൾക്കിപ്പോൾ അപ്രാപ്യനാകുന്നു. അദ്ദേഹത്തെ ശൂലാരോഹണം ചെയ്യിച്ചു് മരണവേദനകൊണ്ടു കിടന്നു പിടയുന്ന കാഴ്ച കൺകളിക്കു് കാണുവാൻ ബദ്ധോൽക്കണ്ഠയായി സ്ഥിരപ്രയത്നംചെയ്യുന്ന ആ വഞ്ചകിയിൽ— കഷ്ടം!— അദ്ദേഹത്തിന്റെ മനസ്സു മഗ്നമായിരിക്കുന്നു. നിൎമ്മലനും ഉദാരനുമായ അദ്ദേഹത്തെ ദേവകി മധുലിപ്തമായ കടാക്ഷകാകോളത്താൽ സ്തബ്ധപൌരുഷനാക്കിയിരിക്കുന്നു. ഇനി ജീവിച്ചിരുന്നിട്ടു ഫലമെന്തു്? തന്ത്രപടുവായ അദ്ദേഹത്തിന്നു ദേവകിയുടെ ബന്ധമോക്ഷം സമ്പാദിപ്പിക്കുക ലഘുസാദ്ധ്യമായിരിക്കും. അതിന്നുശേഷം പത്നിയായി സ്വീകരിക്കുകയും ചെയ്യും. അവിടം വിട്ടുപോകയോ? മറെറവിടേക്കു പോകും? അവളുടെ ഹൃദയനായകൻ അന്യയായ ഒരുവളെ വരണം ചെയ്യുന്നതിന്നു് ഒരു സാക്ഷിണിയായി എങ്ങിനെ നില്ക്കും! അടിയോടിയുടെ ഗൃഹത്തിൽ എല്ലാ സ്ഥലത്തും സഞ്ചരിപ്പാ

നുള്ള സ്വാതന്ത്ര്യം അവൾക്കുണ്ടായിരുന്നു. അടിയോടിയുടെ കിടപ്പറയിൽക്കൂടിയും അദ്ദേഹം ഇല്ലാതിരിക്കുമ്പോൾ കടന്നുചെല്ലുന്ന അവസരങ്ങളിലെല്ലാം അവളുടെ ഹൃദയം, അവൾക്കു സുശ്രാവ്യമായ രവവിശേഷത്തോടുകൂടി ദ്രുതസ്പന്ദനം ചെയ്യാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശയ്യോപധാനങ്ങളെ പ്രേമത്തോടുകൂടി തടവി അവൾ പലപ്പോഴും ഉൾക്കുളിർമ്മ ഏററിട്ടുണ്ടു്. അവളുടെ ജന്മാന്തരസുകൃതത്തിന്റെ പരിപാകം ആ മരണം അവളെ ആനന്ദധോരികയിൽ ആറാടിക്കുവാൻ അവതരിച്ചിട്ടുള്ള ആളാണ് അടിയോടി എന്നായിരുന്നു അവൾക്കു ദൃഢമായുണ്ടായിരുന്ന മനസ്സങ്കല്പനം. അതു് ഇപ്പോൾ നിഷ്ഫലമായെന്നു മാത്രമല്ല, അവളുടെ സങ്കല്പസൃഷ്ടങ്ങളായ പരമാനന്ദാനുഭവങ്ങൾ ഭുജിപ്പാൻ സ്വസമക്ഷം തന്നെ മറെറാരുവൾ അർഹയായിത്തീരുകയും ചെയ്യുന്നു. മാണിക്കം മേലിൽ അദ്ദേഹത്തോടു് അകലം കണ്ടു് ഒഴിഞ്ഞൊഴിഞ്ഞുനിന്നു പെരുമാറുകവേണ്ടിവരുന്നു. ദേവകി — വന്നന്നു മുതല്ക്കേ അവൾക്കു ഹൃദയശല്യം കുടികൊള്ളിച്ച അപരാധിനി — ഭർത്തൃസുഖമനുഭവിച്ചു സുപ്രസന്നമുഖിയായി ഗൃഹത്തിന്റെ ഏകനായികയായി വാഴ്ന്നുകൊള്ളുന്നതു കണ്ടുംകൊണ്ടുള്ള ഇരിപ്പു് എങ്ങിനെ?

ഇങ്ങിനെയുള്ള വിചാരങ്ങൾ മനസ്സിൽ ഇടതിങ്ങി വളർന്നതിനാൽ കായികവും മാനസികവുമായുള്ള അവളുടെ ബലം നശിച്ചു. നേത്രങ്ങളിലെ കൃഷ്ണമണികൾ നിശ്ചലങ്ങളായി. അടിയോടിയുടെ മുഖത്തേക്കു് ഉററുനോക്കുംപോലെ തെല്ലിട നോക്കി

നിന്നു. മുഖത്തു വിവൎണ്ണത വന്നുചേൎന്നു. അപസ്മാരമിളക്കത്തിൻെറ പ്രാരംഭലക്ഷണങ്ങളോടുകൂടി അവശം നിലത്തു പതിച്ചു. എന്നാൽ അവളുടെ സ്ഥിതിയിൽനിന്നു് അന്യൂനമായ വിവശഭാവത്തോടുകൂടി നിന്നിരുന്ന അടിയോടി മാണിക്കത്തിനെ കൈകൊണ്ടു താങ്ങി ഒരു കിടക്കമേൽ കിടത്തി കുഞ്ഞുകുട്ടിഅമ്മയെ വിളിച്ചു. കുഞ്ഞുകുട്ടി അമ്മ വേഗംവന്നു രോഗിണിയെ ശുശ്രൂഷിപ്പാൻ തുടങ്ങി. മാണിക്കത്തിന്നുണ്ടായ രോഗകാരണമൊന്നും അടിയോടിക്കു മനസ്സിലായില്ല. പ്രണയചേഷ്ടകളെപ്പററിയോ, പ്രണയം മനുഷ്യഹൃദയത്തെ വലപ്പിക്കുന്ന സമ്പ്രദായത്തെപ്പററിയോ ഉള്ള വിഷയങ്ങളിൽ അദ്ദേഹത്തിന്നു വളരെ പാണ്ഡിത്യമില്ല. അത്രകാലം ഒരുമിച്ചു കളിച്ചുവളൎന്ന അവളിൽ അദ്ദേഹത്തിന്നു്, എപ്പോഴെങ്കിലും, സഹോദരീനിൎവ്വിശേഷമായുള്ള വത്സലതാഭാവത്തിൽപരമായുള്ള ഒരു വികാരം ഹൃദയത്തിൽ ക്ഷണനേരത്തേക്കുപോലും ഉദിക്കുകയുണ്ടായിട്ടില്ല. അടിയോടിയുടെ ഹൃദയമഞ്ചത്തിൽ അധിഷ്ഠാനദേവതയായി, ഒരു നായികക്കു മാത്രമേ കുടികൊള്ളുവാനുള്ള ഇടം രചിക്കപ്പെട്ടിട്ടുള്ളു. പ്രായപൂൎത്തി എത്രയോ മുമ്പുതന്നെ എത്തിക്കഴിഞ്ഞിട്ടും, അമ്മയുടെ സസ്നേഹനിൎബ്ബന്ധങ്ങൾ അന്തരാന്തരാ ഉണ്ടായിക്കൊണ്ടിരുന്നിട്ടും, ഇതുവരെക്കും അടിയോടി ഗാൎഹസ്ഥ്യവൃത്തിയെ സ്വീകരിച്ചിട്ടില്ല. ദേവകിയെ കണ്ടുമുട്ടുന്നവരെക്കും, അദ്ദേഹത്തിന്നു, ശൌൎയ്യം, വിജയം ഇത്യാദികളായി കാലഗതിക്കനുസരിച്ചുള്ള പൌരുഷവിചാരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അടിയോടിയെപ്പോലുള്ളവരുടെ ഹൃദയവേദികളിൽ മന്മഥവികാരം

പദമെടുത്തുവെച്ചാൽ അതിന്നു് അഷ്ടബന്ധംകൊണ്ടു
ള്ള ദൃഢീകരണംതന്നെ സിദ്ധമാകുന്നതാണു്. അ
ഷ്ടൈശ്വൎയ്യങ്ങളുടെ അഭാവത്താൽമാത്രം അവതാര
പുരുഷന്മാരിൽനിന്നും ഊനമായ അനുഭാവവിശേഷ
ത്തോടുകൂടിയ അദ്ദേഹം ദാമ്പത്യവിഷയത്തിൽ പ
ക്ഷെ ശ്രീരാമനോടുതന്നെ ഉപമിക്കപ്പെടുവാൻ അൎഹ
നാണു്. സീതാദേവിയെപ്പോലെ, പ്രമത്തപ്രമുഖ
ന്മാരായ രാക്ഷസന്മാരാൽ ബന്ദീകൃതയായിരിക്കുന്ന
ദേവകിയിൽതന്നെ കൎമ്മശക്തികൊണ്ടെന്നപോലെ
അദ്ദേഹം അനുരക്തനായി. ദേവകിയുടെ അതിക്രൂ
രമായ സാഹസകൃത്യം താല്ക്കാലികമായി മാനസോ
ന്മേഷത്തെ ഭഗ്നമാക്കുവാനല്ലാതെ, അവളെ ഉദ്ദേശി
ച്ചു് അടിയോടിയുടെ ഉള്ളിൽ ദൃഢമായി വേരൂന്നിയ
അനുരാഗലതികയെ ആസ്കന്ദനം ചെയ്യുവാൻ പൎയ്യാ
പ്തമായില്ല.

അടിയോടി മാണിക്കത്തിനെ കയ്യിൽ വഹിച്ച
പ്പോൾ അവൾക്കു പ്രജ്ഞയുണ്ടായിരുന്നു. ഹാ! അ
കരസ്പൎശം! അവളുടെ ഹൃദയം ചിദാനന്ദക്കടലിൽ
കളിയാടി. ഒരു വൈദ്യുതശക്തി അംഗങ്ങളിലെ
ങ്ങും വ്യാപരിച്ചാലുള്ളപോലെ ഒരു വികാരഭേദം അ
വൾക്കുണ്ടായി. എന്നാൽ—എന്തു കഷ്ടം! വിദ്യുല്ല
പ്തിപോലെ അതു നിമിഷനേരം മാത്രമേ നിലനിന്നു
ള്ളു. മാണിക്കം ഗാഢമായുള്ള ഒരു ബോധക്ഷയത്തി
ന്നധീനയായി. കുഞ്ഞുക്കുട്ടിയമ്മ മകനോടു് ഏറ
വാങ്ങിയതു മൃതപ്രായമായുള്ള അവളുടെ മൃദുകളേബ
രത്തെയാണു്. അന്നു രാവുമുഴുവനും പിറെറന്നാ
അസ്തമയംവരേയും അവൾ ബോധക്ഷയത്തിൽനിന്നു

ന്നില്ല. ചിരകാലമായി തങ്ങളെ ആശ്രയിച്ചുപോരുന്ന അവളെ ഉദ്ദേശിച്ച് അവൎക്ക രണ്ടുപേൎക്കും കഠിനമായ ശോകമുണ്ടായി. വിദഗ്ദ്ധന്മാരായ വൈദ്യന്മാരെ വരുത്തി ചികിത്സിപ്പിച്ചുതുടങ്ങി. രോഗസ്ഥിതിയെപ്പററി വൈദ്യന്മാരിൽനിന്നു സമാധാനകരമായ അഭിപ്രായമൊന്നും പുറപ്പെട്ടുന്നില്ല. ബോധക്ഷയത്തിൽനിന്നു് ഉണൎന്ന ഉടനെ "അദ്ദേഹം എവിടെ? എന്നെ അദ്ദേഹം എടുത്തിരിക്കയാണോ?" എന്നു മാണിക്കം ചോദിച്ചു. അടിയോടി അവളുടെ അടുത്തുതന്നെ നില്ക്കുന്നുണ്ടായിരുന്നു. അവൾ നയനങ്ങളെ നന്നെ വിടൎത്തി അടിയോടിയുടെ മുഖത്തേക്കുതന്നെ ദൃഷ്ടികൾ പറിക്കാതെ കുറെനേരം നോക്കി, ക്ഷീണമായ ഒരു മന്ദഹാസം പൊഴിച്ച് ഉടനെ ബോധക്ഷയത്തിൽ നിലകൊണ്ടു.

അപ്പോൾ ഒരു ഭൃത്യൻ ആ മുറിയിലേക്കു പാഞ്ഞുചെന്നു ശേഖരക്കുറുപ്പും പട്ടാളങ്ങളും വന്നിരിക്കുന്നു എന്നു്.അടിയോടിയെ അറിയിച്ചു. അടിയോടി സ്തബ്ധചിത്തനായി. ബലാല്ക്കാരേണ തന്നെ പിടിച്ചു കൊണ്ടുപോകേണ്ടതിന്നാണു് സൈന്യനിവഹത്തോടുകൂടി കുറുപ്പു വന്നിട്ടുള്ളതു് എന്നു് അദ്ദേഹം മനസ്സിലാക്കി. ഇതിന്നുമുമ്പു് ഇപ്രകാരമുള്ള ഒരു സന്ദൎഭം വന്നപ്പോൾ തന്നെ അറിയിച്ചതു മാണിക്കമാണു്. അവളുടെ ഈ സമയത്തെ സ്ഥിതിയെന്തു്? ഇങ്ങിനെയുള്ള സ്ഥിതിയിലേക്കു് അവൾ നിപതിച്ചതു താൻ നിമിത്തമാണെന്നു് അടിയോടി അറിയുന്നുണ്ടോ? മാണിക്യത്തിന്റെ രോഗസ്ഥിതി, രാജദ്രോഹി എന്നു തന്നിൽ ചെയ്യപ്പെട്ടിട്ടുള്ള അപരാധാ

രോപണം, അതിന്നു സംഗതിയുണ്ടാക്കിയ ദേവകിയുടെ കട്ടംക്രിയ, അവളിൽ തനിക്കുള്ള അനുരാഗമൂർച്ഛ, അവളുടെ ബന്ധനവാസം, അമ്മക്കു സഹായത്തിന്നാരുമില്ലാതെ ഭൃത്യന്മാരുടെ രക്ഷയിലാക്കി ഭടന്മാരോടുകൂടി ആ ഗൃഹത്തിൽനിന്നു് അപ്പോഠംതന്നെ നിർഗ്ഗമിപ്പാൻ വന്നുകൂടിയ യോഗം, ഇവകളെല്ലാം ആലോചിച്ചു് അടിയോടി അത്യധികം വിവശിതചിത്തനായി.

കുഞ്ഞുക്കുട്ടിഅമ്മ വിവരങ്ങഠം അറിഞ്ഞു്, കാലപാശത്തെ കഴുത്തിലണിയുവാൻ പോകുന്ന പുത്രനെ നോക്കി "കുട്ടാ, എന്നെ ഇട്ടേച്ചുപോകരുതു്. മറെറാരു മുഖം എനിക്കു നോക്കാനുണ്ടോ? ഞാൻ ഇനി—" എന്നു മാത്രംപറഞ്ഞു ശോകമൂർച്ഛിതയായി വീണു. അടിയോടി അടുത്തു ചെന്നു് "അമ്മ ദുഃഖിക്കരുതു്, ഞാൻ വേഗംവരാം. അവർ എന്നെ ഒന്നും ചെയ്യില്ല. അന്നു കണ്ടില്ലെ, എന്നെ കൊണ്ടുപോയിട്ടെന്തുണ്ടായി? എന്നാൽ, പോററി തിരുമനസ്സുകൊണ്ടു് ഇവിടെ വന്നാൽ അദ്ദേഹത്തിൻെറ ഉപദേശങ്ങഠം എല്ലാം അനുസരിക്കണം. പക്ഷെ, ഈ ഗൃഹം വിട്ടുതന്നെ പോകേണ്ടിവന്നേക്കാം. ആ മഹാമനസ്സനെ എന്നെപ്പോലെതന്നെ വിചാരിക്കണം."

ഇത്രമാത്രം പറഞ്ഞു് അടിയോടി പൂമുഖത്തേയ്ക്കു ചെന്നു. പിന്നാലെ അമ്മ പൂമുഖത്തേയ്ക്കു വരുന്നതിന്നുള്ള മകൻെറ ശാഠ്യത്തെ അമ്മ അനുസരിക്കുകതന്നെ വേണ്ടിവന്നു.

---

# VII

ബന്ധുരാംഗിയാളവളല്ലലേശാതെ തന്നെ
ബന്ധഗേഹത്തിൽ പാർത്താൾ ബന്ധുഗേഹത്തിൽ പോലെ.

ബ്രിട്ടീഷ് മലബാർ എന്ന സംജ്ഞകൊണ്ട് നിർദ്ദേശിക്കപ്പെടുന്ന സ്ഥലം മാത്രമാണ് പെരുമാക്കന്മാരുടെ ചെങ്കോലിൻകീഴിൽ അടങ്ങിനിന്നിരുന്നതു്. കേരളത്തിൻെറ മററു ഭാഗങ്ങൾ അന്യന്മാരായ മാടമ്പികളാൽ പരിപാലിക്കപ്പെടുന്ന പ്രകാരത്തിലാണ് ഈ കഥാകല്പനത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അന്നു രാജ്യം ഭരിച്ചിരുന്ന പെരുമാൾ 'തിരുനാവ' എന്ന പ്രദേശത്താണ് സ്ഥിരമായി താമസിച്ചിരുന്നതു്. രണഭാരത്തിൻെറ ലഘൂകരണത്തിന്നുവേണ്ടി, രാജ്യത്തെ പല ഭാഗങ്ങളായി വിഭജിച്ചു്, അവയിൽ പ്രധാനങ്ങളായ ദേശങ്ങളിൽ, കാൎയ്യങ്ങൾ കേട്ടു തീൎപ്പ് കല്പിക്കേണ്ടതിന്നു്, രാജാധികാരിജനങ്ങളും പൌരപ്രധാനന്മാരും ചേൎന്ന പഞ്ചായത്തുകൾ ഏൎപ്പെടുത്തിയിരുന്നു. അതിൽ പ്രധാനനായ ഒരു ഉദ്യോഗസ്ഥനേയും നിയമിച്ചിരുന്നു. ഇന്നുള്ള പോലീസുഭടന്മാരുടെ അധികാരബാദ്ധ്യതകൾക്കു സദൃശങ്ങളായുള്ള നിബന്ധനകളോടുകൂടി ഒരു സൈന്യപംക്തിയേയും പഞ്ചായത്തിന്നു സഹായമായി, നേതാവിൻകീഴിൽ എല്ലാം പ്രധാന സ്ഥലങ്ങളിലും നിയമിച്ചിരുന്നു. അപരാധന്മാൎക്ക് ഉചിതമായ ബന്ധനത്തിന്നു വേണ്ടത്തക്ക ഉപകരണങ്ങളും തത്തൽപ്രദേശങ്ങളിൽ സംഭൃതങ്ങളാക്കിട്ടുണ്ടായിരുന്നു. കായികാഭ്യാസങ്ങളുടെ വിളനിലമായ ഘടോൽക്കചനാട്ടിൽ (കടത്തനാട്ടു്) ശൂരവീരന്മാരുടെ സംഖ്യ മററുള്ള സ്ഥലങ്ങളിലേക്കാൾ

ത്തുലോം കൂടിയിരിക്കുമെന്നു സങ്കല്പിച്ചു്, പൌരസമ്മേളനത്തിൽ കീർത്തിമുദ്ര ലഭിച്ചവരായ പ്രമത്തൻനമ്പൂതിരിയേയും ശേഖരക്കുറുപ്പിനേയും അവിടേയ്ക്കാണു് നിശ്ചയിച്ചിരുന്നതു്. രാജമുദ്ര വഹിച്ചു് അവർ അവിടെ എത്തിയ ഉടനെതന്നെ പ്രാബല്യം; പ്രഭുത്വം, ധനപുഷ്ടി, സൌശീല്യം ഇത്യാദികളാൽ ആ പ്രദേശത്തു പൌരന്മാൎക്കു് ആരാധ്യനായിരുന്ന രാമവൎമ്മൻ തമ്പുരാനോടിടഞ്ഞു് പ്രമത്തൻനമ്പൂതിരിയും കുറുപ്പുംകൂടി ആലോചിച്ചു്, തമ്പുരാൻ രാജദ്രോഹിയാണെന്നു സംശയിക്കേണ്ടിവന്നതിനാൽ പ്രാരംഭശിക്ഷയായി അദ്ദേഹത്തിൻെറ മുതലുകൾ മുഴുവനും രാജഭണ്ഡാരത്തിലേക്കു് എടുക്കുന്നതാണെന്നു വിളംബരം ചെയ്തു. മുതലുകൾ കണ്ടുകെട്ടിയതിനുശേഷം അദ്ദേഹത്തിൽ അവർ കുറെ കാലത്തേക്കു് ഉദാസീനരായി. തമ്പുരാൻ ആ തരത്തിൽ ക്ഷുദ്ധമായി പോയി പെരുമാളുടെ സന്നിധിയിൽ സങ്കടങ്ങളെ അറിയിച്ചു. പെരുമാൾ അതെല്ലാം കേട്ടു കരുണിതനായി. "ആട്ടെ, നിവൃത്തിമാൎഗ്ഗം ആലോചിക്കാം" എന്നു തമ്പുരാൻെറ മനസ്സമാധാനത്തിന്നു മാത്രമായി മറുവടി പറഞ്ഞു. ചാരന്മാർ മുഖേന സംഗതികൾ അറിഞ്ഞു നമ്പൂതിരിയും കുറുപ്പും കൎത്തവ്യം വേഗം നിശ്ചയിച്ചു് "പൌരന്മാരെ കൂട്ടി പെരുമാൾഭരണത്തെ അസ്തംഗമിപ്പിപ്പാൻ തമ്പുരാൻ പടപ്പുറപ്പാടിനൊരുങ്ങുന്നുണ്ടെന്നു്" അപരാധാരോപണം ചെയ്തു് വിചാരണകൾക്കുവേണ്ടി തടവിൽ പാൎപ്പിച്ചു. നമ്പൂതിരിയുടേയും മററു രാജാധികാരിനിവഹത്തിൻേറയും വിധികളുടെ പരിശോധനത്തിന്നധികാരം, രാജാവു്, രാജപുരോഹിതൻ, ശ്രൌതസ്മാൎത്തവിധിക-

ളിൽ പണ്ഡിതൻ എന്ന മൂർത്തിത്രയത്തിന്റെ യോഗത്തിന്നു മാത്രമായിരുന്നു. തങ്ങളുടെ കല്പനക്കെതിരായുള്ളൊരു തീർപ്പു സമ്പാദിക്കാമെന്നു സങ്കല്പിച്ചു പെരുമാളുടെ സമക്ഷം ചെന്നു് ആക്ഷേപം ബോധിപ്പിച്ചതു തമ്പുരാന്റെ ധിക്കാരവും നിന്ദയുമാണെന്നു തോന്നിയതിനാൽ കഠിനശിക്ഷതന്നെ കല്പിക്കേണമെന്നു നമ്പൂതിരി നിശ്ചയിച്ചു. തമ്പുരാനെ അപരാധിയാക്കാൻ വേണ്ടുന്ന തെളിവുകൾ സമ്പാദിപ്പാൻ അവർ ഉത്സാഹം ചെയ്യുന്ന അവസരത്തിലാണു്, അടയോടിയുടെ രാജദ്രോഹപരിശ്രമങ്ങളെ കുറിച്ചുള്ള വാരോല കിട്ടിയതു്. വാരോലലേഖനം കുറുപ്പിന്നു തന്റെ തന്ത്രം ഫലിപ്പിപ്പാൻ ഉപയുക്തമായിത്തീർന്നു. അതിൽ പ്രസ്താപിക്കപ്പെട്ട വിഷയങ്ങളെ പരിശോധിപ്പാനുള്ള അധികാരപത്രം വേഗത്തിൽ വാങ്ങി അടിയോടിയുടെ ഗൃഹം പരിശോധിച്ചു. ഫലസിദ്ധിയുണ്ടായില്ലെങ്കിലും ഭഗ്നോദ്ദേശ്യന്റെ നിലയിൽ സ്വസ്ഥനായിരിപ്പാനല്ല കുറുപ്പു നിശ്ചയിച്ചതു്. വാരോല അയച്ചതു ദേവകിതന്നെയെന്നു ലക്ഷ്യലക്ഷണങ്ങളാൽ കുറുപ്പിന്നു ബോദ്ധ്യംവന്നു. എന്നാൽ തങ്ങളുടെ ഉദ്യമത്തിൽ അപ്രത്യക്ഷമായിട്ടെങ്കിലും അവളുടെ സാഹായ്യമോ, സഹകരണമോ, ആനുകൂല്യമോ ഉണ്ടായില്ല. പെട്ടെന്നുണ്ടായ ഒരു മനഃക്ഷോഭത്തിൽ വാരോല അയച്ചു് അവൾ പശ്ചാത്താപം അനുഭവിക്കുന്നുണ്ടെന്നാണു് കുറുപ്പിന്നു തോന്നിയതു്. വാരോലയിലടങ്ങിയ സംഗതികളുടെ യഥാർത്ഥത്തെപ്പററി അദ്ദേഹത്തിന്നു സംശയമൊന്നും ഉണ്ടായിരുന്നില്ല. ധീരനായ അടിയോടി തമ്പുരാനെ കഴുവിന്മേലിടുന്നതു് അലസനായി കണ്ടുകൊണ്ടിരിക്കില്ലെന്നു തന്നെ

കുരപ്പു വിശ്വസിച്ചു. തിരച്ചിലുകൾക്കിടയിൽ ദേവകിയുടേയും അടിയോടിയുടേയും കടാക്ഷവീക്ഷണങ്ങളിലും ഭാവഭേദങ്ങളിലും മററും ശ്രദ്ധിച്ചിരുന്നതിനാൽ അവരുടെ അനുരാഗസ്ഥിതിയും കുരപ്പ് മനസ്സിലാക്കിയിരുന്നു; അതിനാൽ ദേവകിയെ ബന്ധനത്തിലാക്കിയാൽ അടിയോടിയുടെ പുറപ്പാട് എന്തായിരിക്കുമെന്ന് ഒന്നു പരീക്ഷിപ്പാൻ നിശ്ചയിച്ചു. തൻെറ ഈ "കാഴ്ച"കൾ നമ്പൂതിരിയെ ധരിപ്പിച്ച് അടിയോടിയുടെ പരോക്ഷത്തിൽ അവളെ അപഹരിച്ചു കാരാഗൃഹത്തിലാക്കി. കുരപ്പിൻെറ സാമദാനഭേദോപായങ്ങളൊന്നും വാരോലയെസംബന്ധിച്ചുള്ള വാസ്തവപ്രഖ്യാപനത്തിന്ന് അവൾക്കുണ്ടായ വൈമനസ്യത്തെ ഭേദിക്കുവാൻ പര്യാപ്തമാകാഞ്ഞതിനാൽ അന്തിമോപായത്തെത്തന്നെ പ്രയോഗിക്കേണ്ടിവന്നതാണ്.

കഴുവിന്മേലേക്കു യാത്രയായവർ, ജീവപര്യന്തം ബന്ധക്ലേശമനുഭവിപ്പാനുള്ളവർ, വിചാരണാവസരത്തെ പ്രതീക്ഷിക്കുന്നവർ ഇങ്ങിനെ നാനാതരക്കാരായ അസംഖ്യം ജനങ്ങളെ ദേവകി കാരാഗൃഹത്തിനകത്തു കണ്ടു. വായുവിന്നു വേണ്ടുന്ന ഗതാഗതസൌകര്യം, കാലുയരം ഭിത്തിവണ്ണം ഇത്യാദികളായി ഇക്കാലത്തെ എഞ്ചിനീയർമാർക്കുള്ള ശില്പനൈപുണിയുടെ നിദൎശനങ്ങളൊന്നും പ്രത്യക്ഷപ്പെടാത്തുള്ള ഒരു വലുതായ കെട്ടിടമാണ് കാരാഗൃഹമായി ഉപയോഗിച്ചിരുന്നതു്. അതു രണ്ടു പംക്തികളായി വിഭജിക്കപ്പെട്ടിരുന്നു. ഒന്നിൽ കൊലപാതകപ്പുള്ളികൾ മുതലായവരും മറെറാന്നിൽ രാജദ്രോഹാപരാധികളും ആയിരുന്നു. രണ്ടാമത്തെ പംക്തിയിലു

ണ്ടായിരുന്നവർ പ്രായേണ പ്രബലവംശ്യന്മാരും വലിയ തറവാട്ടുകാരും മാത്രമാണ്. പഞ്ചേന്ദ്രിയങ്ങൾക്കും പരമസങ്കടത്തെ ഉൽപ്പാദിപ്പിക്കുന്ന കാരാഗൃഹസാധാരണങ്ങളായ ക്ലേശങ്ങൾ ആ സ്ഥലത്തെ അത്ര ബാധിച്ചിരുന്നില്ല.

കാരാഗൃഹത്തിൻെറ അങ്കണത്തിൽ ദേവകിയെ കൊണ്ടുപോയി നിൎത്തിയതിന്നുശേഷം കാരാഗൃഹരക്ഷകനെ വിളിച്ചു കുറുപ്പ് "ഇതാ, ഈ സ്ത്രീയെ നല്ല വണ്ണം സൂക്ഷിക്കണം. പ്രധാനമായ ഒരു കാൎയ്യം ഈ സ്ത്രീ വഴിക്കു തെളിഞ്ഞുകിട്ടേണ്ടതായുണ്ട്. ഉദാരതയൊ ഉപേക്ഷയൊ വന്നുപോകരുത്" എന്നു പറഞ്ഞു.

കാരാ: രക്ഷ:— എവിടെയാണ് സൂക്ഷിക്കേണ്ടതു്?

കുറുപ്പ്:— മുറികൾ ഒഴിവില്ലെ?

കാരാ: ഗൃ:— ഇനി ഒന്നെ ഒഴിവുള്ളു.

കുറുപ്പ്:— അതിലാവട്ടെ.

കാരാ: രക്ഷ— വല്ലവരും ഈ സ്ത്രീയെ കണ്ടു സംസാരിക്കണമെന്നാവശ്യപ്പെട്ടാലൊ?

അടിയോടി മടങ്ങിച്ചെന്നു വിവരങ്ങളറിഞ്ഞാൽ പരിഭ്രമത്തിൽ എന്തെല്ലാം ചെയ്യുമെന്ന് അപ്പോൾ ആലോചിയ്ക്കു ശക്യമല്ലാതിരുന്നതിനാൽ, ദേവകിയെ അടിയോടിയുമായി കണ്ടുമുട്ടാൻ സമ്മതിച്ചുകൂടെന്നു ദൃഢമായി നിശ്ചയിച്ചു കുറുപ്പ് ഇങ്ങിനെ പറഞ്ഞു.

കുറു:—മേലധികാരത്തിലെ സമ്മതപത്രമില്ലാതെ ആരും ഇങ്ങോട്ടു കടക്കരുതു്.

കാര: രക്ഷ:—വേണ്ടില്ല. ഞാൻ സൂക്ഷിച്ചു കൊള്ളാം.

കവപ്പ് മേൽപ്രകാരം ഏല്പിച്ച് അവിടെ നിന്നു പോയി.

ആരെയും കാണ്മാൻ പാടില്ലാതെയും ഏകാകിനിയായും വേണം താൻ അവിടെ കഴിച്ചുകൂട്ടുക എന്ന് ഈ സംഭാഷണംകൊണ്ടു ദേവകിക്കു മനസ്സിലായി. അവൾക്ക് അതൊരു അനുഗ്രഹമായിട്ടാണ് അപ്പോൾ തോന്നിയതു്. തന്നെ ഭടന്മാർ കൊണ്ടുപോന്ന വിവരം അടിയോടി അറിയുമ്പോൾ മോചിപ്പിപ്പാനൊ സാന്ത്വനത്തിന്നൊ ധൃതിപ്പെട്ട് അവിടെയെത്തുമെന്ന് അവൾക്കു ആദ്യം ഒരു ആലോചനയുണ്ടായി. അടിയോടിയെ അവസാനം കണ്ടതു പ്രണയമധുരങ്ങളായ വാക്കുകളോടും, സുസ്നിഗ്ദ്ധങ്ങളായ ഭാവങ്ങളോടുംകൂടി ആയിരുന്നുവല്ലോ. അടിയോടിയുടെ ഭവനത്തിൽനിന്ന് അപ്പോൾമാത്രം നിർഗ്ഗമിച്ച അവൾക്കു ഹൃദയത്തിൽ അദ്ദേഹം ഒരു ശൃംഗാരമൂർത്തിയായിട്ടാണ് പരിലസിച്ചിരുന്നതു്. താൻ ചെയ്ത കാര്യങ്ങളെപ്പററിയൊ, അതുകൊണ്ട് ആ വീട്ടുകാരനുഭവിച്ച അവമതികളെപ്പററിയൊ ഒന്നുംതന്നെ അവൾക്കു കുറെ നേരത്തേയ്ക്കു ഓർമ്മവന്നില്ല. അല്പനേരം കഴിഞ്ഞതിന്നുശേഷം, കുഞ്ഞുകുട്ടിഅമ്മ, മാണിക്കം ഇവരിൽനിന്നു അനുഭവിക്കാറുള്ളപോലല്ലാത്ത ഖരപരുഷങ്ങളായ വാക്കുകളും ഭാവങ്ങളും ഭടന്മാരിൽനിന്നു തങ്കൽ നിപതിച്ചുതുടങ്ങുകയാൽ, താൻ ആ സ്ഥിതിയിലേയ്ക്കു കിഴിഞ്ഞതിന്നുള്ള കാരണം അവൾ ഓർത്തു. താൻ വാറോല അയച്ചതുകൊണ്ടല്ലേ, ഇങ്ങിനെയെല്ലാം വന്നതു്?

"ഞാൻ അയച്ചുവെങ്കിലും അദ്ദേഹത്തിന്നു് ആപത്തുകളൊന്നും സംഭവിച്ചില്ലല്ലൊ. അതു ഭാഗ്യംതന്നെ. എന്റെ അപ്പോഴത്തെ യുക്തി എത്ര ഫലിച്ചു! എനിക്കതു തോന്നിയില്ലെങ്കിൽ എത്ര കഠിനദുഃഖത്തിന്നു് ഇടവരുമായിരുന്നു. തടവിൽ കിടക്കുന്നതുകൊണ്ടു് എനിക്കശേഷം ഖേദമില്ല. അത്ര ദയയോടും പ്രണയത്തോടുംകൂടി എന്നെ ആദരിച്ച അദ്ദേഹത്തിന്നു വേണ്ടി എനിക്കിതു് അനുഭവിക്കാം. എന്നെ ഇവർ കഴുവിന്മേലിടുമായിരിക്കാം. കഴുവിന്മേലിടട്ടെ. അദ്ദേഹത്തിനെ അല്ലല്ലൊ. ഞാൻ മരിച്ചാൽ ആൎക്കും ഒരു ദോഷവും തട്ടുവാനില്ല. ആരും ദുഃഖിപ്പാനും ഇല്ല. അദ്ദേഹത്തിന്റെ സ്ഥിതി അങ്ങിനെയല്ല. എന്നാൽ—എന്റെ അപരാധംമാത്രമേ അദ്ദേഹം അറിയുകയുള്ളു. മാണിക്കത്തിന്നു എന്നിൽ സ്പൎദ്ധയുണ്ടോ? അദ്ദേഹത്തിൽ അവൾക്കു് അനുരാഗമുണ്ടോ? മാണിക്കം എന്നോടു പെരുമാറിയിരുന്നതു സമവയസ്സുകളായ സ്ത്രീകൾ തങ്ങളിൽ ഉണ്ടാകാറുള്ള നിൎവ്യാജസ്നേഹത്തോടു കൂടിയല്ലെന്നു് എനിക്കു പലപ്പോഴും തോന്നിപ്പോയിട്ടുണ്ടു്. മാണിക്കം അദ്ദേഹത്തിൽ പ്രണയിനി ആണെന്നു വരുന്നപക്ഷം എന്റെ അപരാധങ്ങളെ അവൾ നിശ്ചയമായും അദ്ദേഹത്തിന്നു പതിന്മടങ്ങായി പ്രത്യക്ഷപ്പെടുത്തിക്കൊടുക്കും. അദ്ദേഹം മരണപൎയ്യന്തം എന്നെ അപരാധിനി എന്നു വിശ്വസിക്കുകയും ചെയ്യും. ഞാൻ അപരാധിനി എന്നു അദ്ദേഹം തീൎച്ചപ്പെടുത്തിയാൽ പരത്തിലും എനിക്കു ഗതിയുണ്ടോ? അങ്ങിനെ വരുമോ? സൎവ്വസാക്ഷിയായ ദൈവംതന്നെ എല്ലാം നേരെയാക്കട്ടെ."

അച്ഛനോടും ജ്യേഷ്ഠനോടും ഉണ്ടായിരുന്ന കടമ താൻ തീൎത്തു എന്നു അവൾ പൂൎണ്ണമായി വിശ്വസിച്ചു. അടിയോടിക്കുവേണ്ടി അവൾ തടവിൽ കിടക്കുന്നു എന്നുള്ള ബോധം അവൾക്കു പരമാനന്ദം ഉണ്ടാക്കി. അടിയോടിയുടെ അമൃതമധുരങ്ങളായ പ്രണയപ്രതിജ്ഞകൾ അന്തഃകരണത്തെ കുളിൎപ്പിച്ചു. വാസ്തവസ്ഥിതി അറിയുമ്പോൾ തനിക്കുവേണ്ടി പ്രണയാതിരേകംനിമിത്തം അവൾ ദേഹാൎപ്പണം ചെയ്തതാണെന്നു് അടിയോടി മനസ്സിലാക്കും. അദ്ദേഹം അങ്ങിനെ മനസ്സിലാക്കുമെന്നുള്ള വിചാരംപോലും അവൾക്കു മനോനിർവൃതിയുണ്ടാക്കി. കഠിനമായ തന്റെ ശപഥത്തെ നിൎവ്വഹിച്ചുകഴിഞ്ഞിട്ടും എതിരാളിയെക്കുറിച്ചു പ്രേമമധുരങ്ങളായ വിചാരങ്ങൾ ഉൽഭൂതങ്ങളാകുന്നതാലോചിച്ചു് അവൾ ആശ്ചൎയ്യപരതന്ത്രയായി. ഏകാകിനിയായിരിപ്പാൻ അവൾ അഭിലഷിച്ചു എന്നു പറഞ്ഞുവല്ലൊ. അടിയോടിയെ കാണ്മാൻ അവൾ ആഗ്രഹിച്ചില്ല. പ്രണയാകുലനായിട്ടാണു് അദ്ദേഹത്തെ അവൾ പിരിയുമ്പോൾ കണ്ടതു്. അദ്ദേഹം താൻ ചെയ്ത അപരാധത്തെ ആ സമയത്തിനുള്ളിൽ അറിഞ്ഞിട്ടുണ്ടായിരിക്കും. അദ്ദേഹം പ്രത്യക്ഷനാകുന്നപക്ഷം പാരുഷ്യത്തോടുകൂടി ആയിരിക്കില്ലെ? പ്രണയമസൃണമല്ലാതുള്ള അദ്ദേഹത്തിന്റെ മുഖവികാരം അവസാനഘട്ടത്തിൽ ഓൎമ്മയിൽ വഹിക്കേണ്ടിവന്നെങ്കിലൊ? അടിയോടിക്കു യശോനാശം, പ്രാണനാശം, ഇവരണ്ടും വരുത്തിക്കൂട്ടുവാൻ വഴിയെടുത്തു കഴിഞ്ഞശേഷം അവളുടെ ഹൃദയം അനുരാഗബദ്ധമായി. ഇപ്പോൾ മൂ

തപ്രായകളായ ഹൃദയനാഡികളെ ധ്യാനമാത്രത്താൽ പുനൎജ്ജീവിപ്പിക്കുന്ന ഹൃദയേശ്വരനെ— പ്രാണനായകനെ—നേരിട്ടുകാണുവാൻ ധൈൎയ്യമില്ല. ഭടന്മാരുടെ ആഗമനമുണ്ടാകുമെന്നു വിചാരിച്ച് അടിയോടിയുടെ ഗൃഹത്തിൽനിന്നു് അനുഭവിച്ച ഭയാകുലത, കാരാഗൃഹത്തിൽവെച്ചു് അടിയോടിയെ കണ്ടെത്തിയാലുള്ള സ്ഥിതികളെ ആലോചിച്ചുവീണ്ടും അവൾ അനുഭവിച്ചു. കഴുവിന്മേലെയ്ക്കു യാത്രയാകുന്നതായ ആജ്ഞാക്ഷരങ്ങളെ പ്രമത്തൻനമ്പൂതിരിയുടെ വദനത്തിൽനിന്നുൽഗളിക്കുന്ന അവസരത്തെ പ്രതീക്ഷിച്ചു് അവൾ കാരാഗൃഹത്തിൽ സ്ഥിതിചെയ്തു. അവൾ തൻെറ ദുഃഖത്തെ, ഒരു പ്രിയസഖിയെ എന്നപോലെ കൈക്കൊണ്ടു.

---

## VIII

ധൎമ്മത്തെ രക്ഷിപ്പതിന്നായുധവുമായ്
നിൎമ്മത്സരം നടക്കുന്നിതു നീളെ ഞാൻ.

സായംകാലം സമാഗതമായി. ഖരപരുഷങ്ങളായ കരങ്ങളെ പതിപ്പിച്ചു് ലോകാക്രോശത്തിനു പാത്രീഭൂതനായിച്ചമഞ്ഞ ചണ്ഡകിരണൻ ശാന്തകിരണനായി സ്വസ്ഥാനത്തുനിന്നു സ്ഖലിച്ചു് ആഴിയുടെ അടിത്തട്ടിലേയ്ക്കു പതിക്കുവാൻ ഉന്നുന്നു. സംസാരശകടത്തിലേറിയുള്ള സഞ്ചാരക്രമത്തിൽ സംഭവിപ്പാനിരിക്കുന്ന സമ്പ്രദായത്തെ ലോകബോധത്തിനുപദേശിക്കുംപോലെ അത്യുച്ചസ്ഥാനഗനായി സൎവ്വോന്മേഷത്തേയും ഭഗ്നമാക്കിത്തീൎക്കുംവിധം ജീവ

ജാലങ്ങളെ സന്തപിപ്പിച്ചതിന്നുശേഷം ഇതാ ഇപ്പോൾ തിഗ്മാംശുഭഗവാൻ ജനനവേളയിലെ മൃദുത്വത്തെ വീണ്ടും കൈക്കൊള്ളുന്നു. തന്റെ ഭയങ്കരാജ്ഞയ്ക്ക് അതുവരെ അടിമപ്പെട്ടു നിന്നിരുന്ന, നിർബ്ബാധമായുള്ള, വ്യോമമണ്ഡലത്തിന്റെ നീലിമ ചേന്നുള്ള മനോഹരത്വത്തെ ആത്തിയോടുകൂടി, അഹസ്കരൻ നോക്കിനില്ക്കുന്നു. രസാംശങ്ങളെ തന്നിൽനിന്ന് അപഹരിച്ചതുനിമിത്തം, സൂൎയ്യദേവന്റെ അപ്പോഴത്തെ ദയനീയസ്ഥിതിയെ പരിഗണിക്കാതെ, ജലരാശി, തിരക്കൈകളാൽ പിടികൂടിത്തുടങ്ങുന്നു. സവ്സാരങ്ങളും ക്ഷയിച്ച് ലോകസാക്ഷികളിൽ ആദ്യനായ ആ ദേവൻ പരന്റെ അധീനതയ്ക്ക് അടിമപ്പെട്ടു് ആണ്ടുപോകുന്നു.

താരങ്ങൾ നഭോമണ്ഡലത്തിൽ ശോഭിപ്പാൻ തുടങ്ങി. അല്ല, രാജാവിന്റെ എഴുനെള്ളത്തിന്നു പ്രകൃതിയുടെ ആജ്ഞാകരന്മാർ വ്യോമമാൎഗ്ഗത്തിൽ വിചിത്രപുഷ്പങ്ങൾ വിരിച്ചു. ഭാസ്കരന്റെ അഭാവത്തിൽ മഞ്ജുസ്മേരമുഖത്തോടും മൃദുകരങ്ങളോടുംകൂടി ആകാശവീഥിയിൽ ഉദിച്ചുപൊങ്ങിയ ചന്ദ്രൻ ജഗന്മണ്ഡലത്തെ സമാശ്വസിപ്പിപ്പാൻ ബദ്ധശ്രദ്ധനായി. ചന്ദ്രനും മററു ജ്യോതിൎഗ്ഗോളങ്ങളും പരോപകാരത്തിന്നുവേണ്ടി ഉദ്യമിച്ചും സഹകരിച്ചും ദിവ്യലോകത്തെ പ്രശാന്തരമണീയമാക്കി വിദ്യോതിപ്പിക്കുന്നു. എന്നാൽ മനുഷ്യലോകത്തിലോ, സ്പൎദ്ധയും ദുരഭിമാനവും നിഷിദ്ധമായ ജീവനസമ്പ്രദായവും കുടികൊള്ളുന്നു. ജനമോദം വളൎത്തുവാൻ ചന്ദ്രന്റെ മുന്നിട്ടെത്തിയ താരങ്ങളോടു് ചന്ദ്രന്നു സ്പൎദ്ധയില്ല. മനുഷ്യൻ

അന്യന്റെ ഉൽക്കഷ്ത്തെ ക്ഷണമാത്രം സഹിക്കുമോ? ലോകഗതി അങ്ങിനെയാണ്.

മദ്യവിക്രയശാലകൾ ആതിത്ഥ്യാചരണത്തിന്നു സന്നദ്ധകളാകുന്നു. ആതതായികളും തസ്കരന്മാരും സ്വൈരവിഹാരങ്ങൾക്ക് ഉപയുക്തങ്ങളായ ഉപകരണങ്ങളെ സജ്ജങ്ങളാക്കുന്നു. പക്ഷിമൃഗാദികൾ ആയാസശമനത്തിന്നു സ്ഥലങ്ങൾ തിരഞ്ഞു പോകുന്നു. രൂപയൌവനാദി ഗുണങ്ങൾ തികഞ്ഞ കുലീനകളായുള്ള തരുണികൾ ഭഗവൽഭജനത്തിന്നു കടലായി കൃഷ്ണന്റെ ക്ഷേത്രത്തിലേയ്ക്കു സംഘം സംഘമായി പോയിത്തുടങ്ങുന്നു. കാമിലോകവും ഈശ്വരഭക്തി കൈക്കൊണ്ടു ദർശനത്തിന്നുവേണ്ടി അവരെ പിന്തുടൎന്നു കോവിലിലേക്കു പ്രവഹിക്കുന്നു. പകൽ നിർവ്വഹിക്കേണ്ട കാർയ്യങ്ങളെല്ലാം സാധിച്ച് ഗൃഹസ്ഥന്മാർ വിശ്രമാർത്ഥം വീടുകളിലേയ്ക്കു തിരിക്കുന്നു. എന്നാൽ കാരാഗൃഹരക്ഷകന്നുമാത്രം വിശ്രമത്തിന്ന് ഇടകിട്ടുന്നില്ല. സജ്ജനസംസർഗ്ഗത്തിന്നൊ, മററു വിനോദങ്ങൾക്കൊ ആയാൾ വഴികാണുന്നുമില്ല. സദാകാലം തടവുകാരോടുകൂടി കാലയാപനം ചെയ്യാനാണ് വിധിലിഖിതം. ബന്ധനവാസത്തിന്ന് ജന്മപർയ്യന്തം ശിക്ഷകിട്ടിയ അനുഭവമാണ് ആയാൾക്കുള്ളതു്.

ദേവകിയെക്കുറിച്ച് ഒരു പ്രത്യേക ശ്രദ്ധ വേണമെന്നു കുറുപ്പ് ആജ്ഞാപിച്ചിരുന്നതിനാൽ അവർ കിടക്കുന്ന മുറിയുടെ മുമ്പിൽനിന്നു കാരാഗൃഹരക്ഷകൻ ഒരിക്കലും വിട്ടുപോയില്ല. ആ സ്ത്രീയെ തടവിലാക്കിയ ദിവസമാകയാൽ അന്നു കാരാഗൃഹരക്ഷ

കൻ തന്നെ ശ്രദ്ധയോടുകൂടിത്തന്നെ മുറിയുമ്മറത്തു് കാത്തിരിക്കുന്നു. ആറേഴുനാഴിക രാവു ചെന്നു. ആൾപ്പെരുമാററം അടങ്ങികഴിഞ്ഞിട്ടില്ല. അപ്പോൾ ആരോ ഒരാൾ കാരാഗൃഹത്തിന്റെ മുററത്തേക്കു് അല്പം മുന്നിട്ടുവന്നു്, പെട്ടെന്നു നിന്നു്, തന്നെ സൂക്ഷിച്ചുനോക്കുന്നതു രക്ഷകൻ കണ്ടു. പ്രാകാരങ്ങളൊ, ചെറുവേലിപോലുമൊ, കാരാഗൃഹത്തിന്റെരക്ഷയ്ക്കു് ഉണ്ടായിരുന്നില്ല. കാരാഗൃഹരക്ഷകൻ "ആരാണതു്" എന്നു ചോദിച്ചു മുററത്തേക്കിറങ്ങി. ആഗതൻ "ഞാൻ തന്നെ" എന്നു് ഉത്തരം പറഞ്ഞു് നിന്ന നിലയിൽത്തന്നെ ഇളകാതെ നിന്നു.

കാ: ര:— ആരു്? ഗോവിന്ദനൊ?

ആഗതൻ:— അല്ല.

കാ: ര:— ആളെ പറഞ്ഞുകൂടെ?

ഇങ്ങിനെ ചോദിച്ചു കുറെകൂടി അടുത്തുചെന്നു, ചന്ദ്രികാപ്രകാശത്തിൽ ആഗതന്റെ മുഖത്തു സൂക്ഷിച്ചുനോക്കി. അപ്പോൾ, സമീപത്തുതന്നെ ഒളിച്ചുനില്പുണ്ടായിരുന്നവരായിരിക്കണം, രണ്ടുപേർകൂടി, ആദ്യനായുള്ളവന്റെ സഹായത്തിനെന്നപോലെ പിറകിലെത്തി. കാരാഗൃഹരക്ഷകൻ ഒന്നു പരിഭ്രമിച്ചു. എങ്കിലും ധൈര്യം നടിച്ചു് "തടവുമുറിയുടെ ഉമ്മറത്തു നിങ്ങൾക്കെന്തു കാര്യം? ഞാൻ കാവല്ക്കാരെ—" ഇത്രയായപ്പോൾ ആദ്യം എത്തിയ ആൾ അരവാളെടുത്തു "ഇനി മിണ്ടിയാൽ ഇതിന്നിര" എന്നുപറഞ്ഞു വാൾ ഒന്നുലച്ചു കാണിച്ചു. ശേഷമുള്ളവർ കാരാഗൃഹരക്ഷകന്റെ കൈകൾ പിന്നിലേക്കു പിടിച്ചുകെട്ടി. വാളിന്റെ ആവിർഭാവത്തിന്നു ശേഷം, രക്ഷകന്നു വായ്തുറപ്പാൻപോലും ധൈ

യ്യുമുണ്ടായില്ല. തടവിന്നകത്തുള്ളവർ, തങ്ങളുടെ സംഭാഷണങ്ങൾ കേൾപ്പാൻ ഇടവരരുതെന്നാലോചിച്ച്, കാരാഗൃഹരക്ഷകനോട് 'നടക്കു' എന്നുപറഞ്ഞ് ആയാളെയും കൊണ്ടുപോയി കാരാഗൃഹത്തിന്ന് അല്പം അകലത്തായി എല്ലാവരും നിന്നു.

അവരുടെ നേതാവ്:— ഇതിന്നകത്ത് ഒരു സ്ത്രീയെ അടച്ച് ഇട്ടിട്ടില്ലെ, ആ സ്ത്രീയെ വിട്ടുതരണം.

കാ: ര:— എനിക്ക് അതിന്നു നിവൃത്തിയില്ലല്ലൊ.

നേതാവ്:— ഞങ്ങൾ കൊണ്ടുപൊയിക്കൊള്ളാം. താക്കോലെവിടെ?

കാ: ര:—താക്കോൽ എൻെറ കയ്യിലല്ല. തിരുമനസ്സിന്നാണ് സന്ധ്യകഴിഞ്ഞാൽ. സൂക്ഷിക്കാറുള്ളത്.

നേതാ:—തിരിയുന്ന മനസ്സ് തനിക്കാണുള്ളത്. താക്കോലെടുക്കു.

കാ: ര:— അയ്യോ, സത്യമാണേ! താക്കോൽ എൻെറ സൂക്ഷിപ്പിലല്ല.

നേതാ:—തന്നില്ലെങ്കിൽ ഞാൻ തല വീശും.

കാ: ര:— എന്നെ കൊല്ലരുതെ, താക്കോൽ എൻെറ കയ്യിലല്ലെ.

നേതാ:— (മററവരോട്) ഇവനെ ഇനി എന്തുവേണം?

ഒരാൾ:— ഈയാൾ ഉരുട്ടിവിട്ടു എന്നു പറഞ്ഞുംകൊണ്ടു ചെന്നാൽ ഏമാൻതന്നെ പുറപ്പെടും. നമ്മൾ പോരാത്തോരാവരുതു്.

ആ സമയത്ത്, ആ വഴിയിലൂടെ വന്ന മററൊ

രാ൦ സമീപത്തു കണ്ട കാഴ്ചയാൽ ആകൃഷ്ടനായി മു ന്നോട്ടുള്ള ഗതി തുടരാതെ അവിടെത്തന്നെ നിന്നു.

കാരാഗൃഹരക്ഷകൻ പാന്ഥനെ കണ്ടപ്പോ൦ "എന്നെ ഇവരിതാ കൊല്ലാൻ തുടങ്ങുന്നു" എന്നു ദീ നസ്വരത്തിൽ പറഞ്ഞു.

നേതാവിന്നു പാന്ഥൻെറ സാന്നിദ്ധ്യം സ്വപ്ര തിജ്ഞാനിർവ്വഹണത്തിന്നു പ്രത്യൂഹമായി എന്നു പറ യേണ്ടതില്ലല്ലൊ.

പാന്ഥൻ അവരുടെ സമീപത്തെയ്ക്കു ചെന്നു. ആയാളിൽ ബ്രഹ്മതേജസ്സ് കളിയാടുന്നുണ്ടായി രുന്നു.

പാന്ഥൻ:—കയ്യ് കെട്ടഴിക്കണം. അയാ൦ സാ ധുവല്ലെ? ഒരുത്തനോട് ഇത്രയധികംപേർ എതിക്ക കയൊ? അതു പൌരുഷമാണൊ?

നേതാ:— ഞങ്ങളുടെ കാൎയ്യം ഞങ്ങ൦ക്ക്. ഒരു വ ഴിക്കു പോകുന്ന ആളല്ലെ? നേരം വൈകിക്കണ്ടാ.

പാന്ഥ:—ഒരു സഹജീവിയെ കഷ്ടപ്പെടുത്തുന്ന തു കണ്ടുംകൊണ്ടെങ്ങിനെ പോകും?

നേതാ:— സങ്കടമുണ്ടെങ്കിൽ പോകേണ്ട. നീ ന്നു കണ്ടോളു. ഇതാ!

ഇങ്ങിനെ പറഞ്ഞു കാരാഗൃഹരക്ഷകൻെറ നേ ൎക്കു തിരിഞ്ഞു "താക്കോൽ തരില്ലെ" എന്നു ചോദി ച്ചു വാ൦ മലത്തി ആയാളുടെ പുറത്ത് ഒന്നാഞ്ഞടി ച്ചു. എന്നാൽ പാന്ഥൻ അതിവേഗത്തിൽ ചെയ്ത പ്രയോഗത്താൽ തല്ല് രക്ഷകന്ന് ഏററില്ലെന്നല്ല, വാ൦ ഓങ്ങിയ കയ്യിൽനിന്നു തെറിയ്ക്കുകയും ചെയ്തു. ഖഡ്ഗം നിലത്തു പതിച്ചതോടുകൂടി പാന്ഥൻ അതു കൈക്കലാക്കി. എല്ലാവരും ആയുധമെടുത്തു പോ

രാത്തതിനെപ്പററി അവർ പശ്ചാത്തപിച്ചു പറഞ്ഞു. ഇക്കാൎയ്യത്തിന്നു മെയ്മിടുക്കുതന്നെ മതി എന്നായിരുന്നു ആ മല്ലത്തലവൻെറ തീരുമാനം.

നേതാ:— ഇങ്ങിനെയാണൊ പുറപ്പാട്? എന്നാൽ ഒരു കയ്യുനോക്കാം. ഞങ്ങളെ വെറുതെയല്ല അടിയോടിയേമാൻ—(അപ്പോഠം മററുള്ളവർ, മിണ്ടരുതെന്ന് ആംഗ്യം കാണിച്ചതിനാൽ വാചകം പൂൎത്തിയാക്കാതെ) ഞങ്ങളും കളരിയിൽ പയററിയവരാണ്.

പാന്ഥ:— പാലുള്ളിയെ നിങ്ങഠം അറിയില്ല. ഈയാളെ വിടുവിക്കാതെ ഞാൻ ഇനി ഇവിടെനിന്നു യാത്രയില്ല.

ഇതു പറഞ്ഞപ്പോഠം ബ്രാഹ്മണനെന്ന ആദരം പോലുമില്ലാതെ കൈയ്ക്കു തട്ടുകൊണ്ടതിനാലുള്ള വേദനയും, ആയുധംപോയ ജാള്യവും കൂടിക്കലൎന്നു കോപാന്ധനെന്ന നിലയിൽ അടുത്തുചെന്നു നേതാവായ ആഠം പാന്ഥനെ ഊക്കോടുകൂടി ഒന്നു തള്ളി.

പാന്ഥൻ നിന്ന നിലയിൽനിന്നു രേഖാമാത്രം പോലും ഇളകിയില്ല. പ്രതിയോഗിയെ ഫലത്താലെങ്കിലും നിലത്തു വീഴ്ത്തുവാൻ വഴി നോക്കുന്നതു കണ്ടിട്ടു കാരാഗൃഹരക്ഷകൻ, ഇവർ യുദ്ധമൎയ്യാദകളാൽ അശേഷം ബദ്ധന്മാരല്ലെന്നു നിശ്ചയിച്ചു. ബദ്ധൻെറ നിലയിൽ രക്ഷകനെ നിൎത്തുന്നതു ക്ഷേമകരമല്ലെന്നു തോന്നി, പാന്ഥൻ വാളുകൊണ്ടു കെട്ടിനെ ഖണ്ഡിച്ചു, ഒരു ലഘുപദാൎത്ഥത്തെ എന്നപോലെ രണ്ടു കൈകൊണ്ടും ആയാളെ പിടിച്ചു പൊന്തിച്ചു "നില്ലേ, ണ്ട ദിക്കിൽ നില്ലൂ" എന്നു പറഞ്ഞു രക്ഷകനെ ത

ടവുമുറിയുടെ മുമ്പിലേക്കെറിഞ്ഞു. ആയാറം ആകാശയാനത്തിലിരുന്നാലുള്ള പ്രയാണസുഖം അനുഭവിച്ച്, മുറിയുമ്മറത്തു് എത്തിച്ചേൎന്നു. കാരാഗൃഹരക്ഷകനെ പൊക്കിയ അവസരത്തിൽ പ്രതിയോഗികറം കുനിഞ്ഞു പാന്ഥൻെറ കാലുകറം വാരി നിലത്തു പതിപ്പിപ്പാൻ തുടങ്ങി. അപ്പോറം അദ്ദേഹം ആയാളെ വഹിച്ചുകൊണ്ടുതന്നെ മേല്പോട്ടു കുതിച്ചു ചാടി; അവരുടെ പരിശ്രമം അങ്ങിനെ വ്യൎത്ഥമാക്കിയതിന്നു പുരമെ അവരിലൊരുവനെ കാലുകൊണ്ടു തട്ടി മൂന്നുരു നിലത്തു കന്ദുകഭ്രമണം ചെയ്യിച്ചു. ചലനം, പതനം, ഉത്ഥാപനം, ഭ്രമണം എന്നിവയിലെ ചാതുൎയ്യത്തെ അവർ വേണ്ടും വണ്ണം പ്രദശിപ്പിച്ചു; എന്നാൽ മികച്ച മെയ്യും അടവുകളിൽ കടന്ന കയ്യും സ്വാധീനങ്ങളായിരുന്ന പാന്ഥനിൽ അതൊന്നും ഫലിയ്ക്കുകയുണ്ടായില്ല. ഒരിക്കൽ മൂന്നുപേരുംകൂടി അദ്ദേഹത്തിൻെറ നേൎക്ക പാഞ്ഞുചെന്നു. അദ്ദേഹം നിലംതൊടാതുള്ള ഒരോദരം മറിച്ചൽകൊണ്ടു് അവരുടെ തലകറക്കു മീതെ പോന്നു് അവരെ പിന്നിലാക്കി, പെട്ടെന്നു തിരിഞ്ഞുനിന്നു. മൂന്നുപേരുംകൂടി തന്നെ ചതിക്കുവാനുള്ള ഒരുക്കങ്ങറം കൂട്ടുന്നതു കണ്ടപ്പോറം അദ്ദേഹം കൈക്കൽകിട്ടിയ അരവാളെടുത്തു വീശി. കാളസൎപ്പംപോലുള്ള അതിൻെറ ചീററത്താൽ അവർ ഭയപ്പെട്ടു് ഒഴിഞ്ഞകന്നു. ഇതിനിടയിൽ, മദ്യത്തിന്നും നിദ്രക്കും അധീനരായി മയക്കംതട്ടി, കലശലിൻെറ കഥയൊന്നും അറിയാതെ കിടന്നിരുന്ന ഭടന്മാരെ കാരാഗൃഹരക്ഷകൻ ഉണൎത്തി. നിദ്രയിൽനിന്നു പൂൎണ്ണമുക്തി സിദ്ധിച്ചുകഴിയാത്ത ഭടന്മാരുടെ

ശകാരങ്ങളും ശപഥങ്ങളും, വാളുകഠം വലിച്ചെടുക്കുന്ന തിൻെറയും വടികഠം കൂട്ടിമുട്ടുന്നതിൻെറയും ശബ്ദങ്ങ ളും മററും കേട്ടു മല്ലത്തലവനും കൂട്ടുകാരും, തങ്ങളോടെ തിരിടുവാൻ ഒരു സൈന്യത്തിൻെറ വരവുണ്ടെന്നു മ നസ്സിലാക്കി,ബ്രാഹ്മണനെവിട്ടു് അവിടെനിന്നു് ഓ ടി മറഞ്ഞു. വിജയവും, ആയോധനകമ്മത്തിൻെറ പ്രാരംഭദക്ഷിണപോലെ അവരുടെ വാളും ബ്രാഹ്മണ ന്നു ലഭിച്ചു.

പ്രമത്തൻ നമ്പൂതിരിയുടെയും ശേഖരക്കുരുപ്പി ൻെറയും വസതികഠം കാരാഗൃഹത്തിൽ നിന്നു കാൽ നാഴിക ദൂരത്താണു്. കാരാഗൃഹരക്ഷകനാൽ പ്രേഷി തന്മാരായ ഭടന്മാരിൽനിന്നു സംഭവങ്ങളറിഞ്ഞു് അ വർ രണ്ടുപേരും സ്ഥലത്തെത്തി. കാരാഗൃഹരക്ഷകൻ നമ്പൂതിരിയുടെ മുമ്പിൽചെന്നു്, "തിരുമേനീ!അടി യനെ കഴുവിന്മേലിടുകയൊ പിരിച്ചുകളകയൊവേ ണം. ഈ ആകാരംമതി," എന്നു പരവശനായിപറ ഞ്ഞു.

പ്ര: ന:— പരിഭ്രമിക്കാതിരിക്കൂ! ഉണ്ടായതൊ ക്കെ കേഠക്കട്ടെ. (അന്യനായ ഒരാളെ കണ്ടിട്ടു്) ആ രാണിതു്?

കാ: ര:— അടിയന്നു് ഒന്നും ഉണത്തിച്ചുകൂടാ. അടിയോടിയുടെ ധിക്കാരം! ഇവിടുന്നൊക്കെയുള്ള പ്പോഠം അദ്ദേഹം ഇത്ര കവിഞ്ഞുവല്ലൊ. ഇതാ, ഈ നില്ക്കുന്ന തിരുമേനിയാണു് അടിയനെ രക്ഷിച്ചതു്.

പ്ര: ന:— (ബ്രാഹ്മണനോടു്) ആരാ? നമ്പൂ രിയാ?

പാന്ഥൻ:— അതെ, പാലുള്ളി.

പ്ര: ന:— കേട്ടിട്ടുണ്ടു്. വലിയ അഭ്യാസികഠം.

പാലുള്ളി:— അങ്ങിനെയൊന്നുമില്ല. കുറേശ്ശ യൊക്കെ ചിലതറിയാം.

കാ: ര:— കുറേശ്ശയൊന്നുമല്ല, തിരുമേനീ അടി യനെ എടുത്തു് ഒരേറ്. കിടക്കമേൽ വീഴുമ്പോലെ യാണു് അടിയൻ ചെന്നുവീണതു്. നിത്തിക്കൊല്ലാ നാണു് അവർ നിന്നിരുന്നതു്.

പ്ര: ന:— എങ്ങിനെ തൽസമയം എത്തി ച്ചേന്നു?

പാലു:— ഈയാളായിട്ടുള്ള എന്തൊ ഒരു ഋണ ബന്ധം.

പ്ര: ന:— ഇവിടെ എന്നു വന്നു?

പാലു:— ഒരു പക്ഷം കഴിഞ്ഞില്ല.

പ്ര: ന:— വിശേഷിച്ചോ?

പാലു:— അസാരം ഇല്ലെന്നില്ല. കച്ചകെട്ടും പ യററം ഒക്കെ ഒന്നു നോക്കണം. ഇല്ലത്തു് അതൊരു പാരമ്പര്യമാണ്. ഞാനായിട്ടു് ഉപേക്ഷയാക്കേണ്ട.

പ്ര: ന:— ഊണും കിടപ്പും ഒക്കെ എവിടെ?

പാലു:— ഊണു് ഒരു എമ്പ്രാൻെറ ലോഗ്യ്യാ ണ്. കിടപ്പ് സ്ഥിരമൊന്നുമില്ല.

പ്ര: ന:— എന്നാൽ ഇനി അങ്ങിനെ പോരാ. വെടിപ്പാവണം. ഇല്ലത്താക്കാം. മുഷിപ്പൊട്ടുമുണ്ടാ വില്ല. പാലുള്ളി ഇവിടെ എത്തിച്ചേന്നത് പെരുമാ ളുടെ ഭാഗ്യാണ്. ഇല്ലത്തെയ്ക്കു പോവുകയല്ലെ?

കാ: ര:— അയ്യോ! തിരുമേനി! കൊണ്ടുപോക രുതെ. അവർ ഇവിടെത്തന്നെ ഒളിച്ചു നിൽക്കുന്നു ണ്ടായിരിക്കും.

പാലു:— ഈയാൾക്കിത്ര പേടിയാണെങ്കിൽ

ഞാൻ ഇന്നു് ഇവിടെ കൂടിക്കൊള്ളം. ഇന്നു് പകലു ണ്ടായിരുന്നു.

പ്ര: ന:— അപ്പോളില്ലത്തേക്കു വരവോ?

പാലു:— കാലത്തു് ഞാൻ ഏതായാലും ക ണ്ടോളാം.

പ്രമത്തൻ നമ്പൂതിരി ഭടന്മാരിൽ ഒരാളെ വി ളിച്ചു് സ്വവസതിയിലെയ്ക്കയച്ചു് പാലുള്ളി നമ്പൂ രിക്കു് കിടപ്പിന്നുള്ള ഉപകരണങ്ങൾ വരുത്തി സ ൽക്കരിച്ചു. കുറുപ്പു് ഭടന്മാർക്കു ജാഗ്രതയോടുകൂടി കാ വൽ നില്പാനും മററും കല്പനകൊടുത്തു് പ്രമത്തൻ ന മ്പൂതിരിയൊരുമിച്ചു് അവിടെ നിന്നുപോയി. പാലു ള്ളി നമ്പൂരി കാരാഗൃഹരക്ഷകൻെറ സമീപത്തുതന്നെ ശയ്യവിരിപ്പിച്ചു് നിദ്രക്കാരംഭിച്ചു. അന്നു രാത്രി പി ന്നെ സംഭ്രമഹേതുക്കളൊന്നും ഉണ്ടായില്ല. നമ്പൂരി യെ അടുത്തുതന്നെ കിട്ടിയതിനാൽ കാരാഗൃഹരക്ഷ കൻ മനസ്സമാധാനത്തോടുകൂടിയിരുന്നു.

പിറേറ ദിവസം മദ്ധ്യാഹ്നത്തിന്നു ശേഷം പാ ലുള്ളി നമ്പൂരി, പ്രമത്തൻ നമ്പൂതിരിയുടെ വസതി യിലേക്കു ചെന്നു. അദ്ദേഹത്തെ യഥോചിതം ആദ രിച്ചിരുത്തിയതിന്നു ശേഷം അപ്പോൾ തന്നെ വന്നു ചേൎന്ന കുറുപ്പിനോടു് "ഇന്നലത്തെ ധിക്കാരത്തിന്നു് മിണ്ടാതിരുന്നാൽ മതിയോ?" എന്നു് പ്രമത്തൻ ന മ്പൂതിരി ചോദിച്ചു.

കുറുപ്പു്:— ഞാനും അതുതന്നെയാണു് ആലോ ചിക്കുന്നതു്. പുലൎന്ന ഉടനെ ഞാൻ ഇങ്ങോട്ടു പുറ പ്പെട്ടു. അപ്പോൾ നമ്മുടെ ആൾക്കാരിൽ ചിലർ, ഗോ ദവൎമ്മൻ തമ്പുരാൻെറ ഗതികളെപ്പററി ചില വിവ രങ്ങൾ വന്നു പറഞ്ഞു. ഇതുവരെ അലഞ്ഞുനടന്നു-

ഒരു ഫലവുമുണ്ടായില്ല. അവക്ക് ആളെ തെററിപ്പോയതാണ്.

പ്ര: ന:— അതെല്ലാം അവിടെ നിൽക്കട്ടെ. ഈ കാൎയ്യം കഴിഞ്ഞിട്ട് ഇനി മററു കാൎയ്യങ്ങളാം. അടിയോടിയെ പിടിച്ചു കെട്ടട്ടെ. പഞ്ചാലനെപ്പോലെ കാക്കൽ വരട്ടെ.

കുറു:— അടിയോടി അസാരനല്ല. എങ്ങിനെയാണ് തുടങ്ങേണ്ടത് എന്നാണ് ആലോചിക്കുന്നതു്.

പ്ര: ന:— അസ്സാരനല്ലെങ്കിലോ? എന്തെങ്കിലും ചെയ്യട്ടെ എന്നോ?

കുറു:— അതല്ല. (പാലുള്ളി നമ്പൂരിയോട്) എന്താണ് അവിടുത്തെ അഭിപ്രായം?

പാലു:—ഇത്രവലിയ ധിക്കാരം മൂപ്പിച്ചുകൂടാ.

പ്ര: ന:— കുറുപ്പ് വേഗം യാത്രയാവു. ഭടന്മാരെ എത്രയെങ്കിലും കൊണ്ടുപോവു.

കുറു:— അടിയോടിയുടെ ആളുകളെപ്പററിയല്ല എൻെറ മനോരാജ്യം. പൌരന്മാരിളകിയാൽ ഇപ്പോഴത്തെ സ്ഥിതിക്ക് നന്നോ?

പ്ര: ന:— പൌരന്മാരെ കഴുവിന്മേലിടു. എനിക്കത്ര പേടിയില്ല. പാലുള്ളിയും കുറുപ്പിൻെറ സഹായത്തിന്നു പോണം. എന്താ?

പാലു:— വിരോധമൊട്ടുമില്ല. എന്നാൽ, ആയാളായിട്ട് ശത്രുനിലയിൽ നേരിട്ടുകാണാൻ അസാരം അസഹ്യതയുണ്ടു്.

പ്ര: ന:— അതെന്താ?

പാലു:— ഇല്ലത്ത് അഥനായിട്ടു നന്നെ വേഴ്

യാണ്. ഒരിക്കലൊ മറെറാ ആയാൾ അവിടെ വ
ന്നിട്ടുമുണ്ടു്.

പ്ര: ന:—അതൊന്നും ഇപ്പോൾ ആലോചിക്ക
രുതു്. രണ്ടുമൂന്നു കാൎയ്യങ്ങൾ ഇവിടെ വേഗത്തിൽ കഴി
യേണ്ടതായുണ്ടു്. അതൊക്കെ കഴിഞ്ഞിട്ടേ ഇനി ഇവി
ടെനിന്നു വിടുള്ളു. അതുറച്ചു.

കറ:— നന്നെ ബദ്ധപ്പെട്ടാൽ മറെറാരു ദോഷ
മുണ്ടു്. അടിയോടിയുമായി പ്രത്യക്ഷത്തിൽ ഇടഞ്ഞു
കഴിഞ്ഞാൽ ആയാൾ തമ്പുരാനെ ശരണം പ്രാപി
ക്കും. ഇവിടെ ഇപ്പോൾ എത്തീട്ടുമുണ്ടല്ലോ. അങ്ങിനെ
പററിയാൽ നമ്മളുടെ വിചാരംപോലെ കാൎയ്യങ്ങളെ
ല്ലാം നടപ്പാൻ പ്രയാസമാവും.

പ്ര: ന:— ആ ശനി മുഹൂൎത്തത്തിന്നെത്തിയതു
നോക്കു! പാലുള്ളി കണ്ടിട്ടുണ്ടോ ഗോദവൎമ്മൻ തമ്പാ
നെ?

പാലു:— ഒരിക്കൽ കണ്ടിട്ടുണ്ടു്. പരിചയപ്പെ
ടാനിട വന്നിട്ടില്ല.

പ്ര: ന:— പരിചയപ്പെടാൻ കൊള്ളില്ല. മഹാ
നീചന്റെ ബുദ്ധിയാണ്. ഇവിടെ പലപ്പോഴും വ
ന്നു വെറുതെയെങ്കിലും സൈ്വരക്കേടുകളുണ്ടാക്കീട്ടു
ണ്ടു്. എന്നാലൊ, കണ്ണിന്റെ മുമ്പിൽ ഇതുവരെ
കാണ്മാൻ കഴിഞ്ഞിട്ടില്ല. അവിടെക്കണ്ടു, ഇവിടെ
ക്കണ്ടു, അതിലെ പോയി, ഇതിലെപോയി, എ
ന്നൊക്കെ ഇവർ പറയാറുണ്ടു്.

പാലു:— അത്ര ജാലമോ?

പ്രമ: ന:— ജാലമോ എന്നോ? ശിവ! ശിവ!
അതൊന്നും പറയേണ്ട. കുറപ്പിന്നു് തമ്പാന്റെ പേ

രു കേട്ടാൽ പനിവരും. എന്നാൽ ഉള്ളതു പറയാ ലൊ, എനിക്കും അസാരം അങ്ങിനെതന്നെയാണ്.

തമ്പുരാനെ സംബന്ധിച്ച് കുറുപ്പിൻെറ പേക്കു കൂടിയുള്ള ഏദ്ഗതപ്രകടനത്തിന്നു കുറുപ്പിന്നു് ആ ക്ഷേപമൊന്നും പറയാനുണ്ടായിരുന്നില്ല. ഇതു കേട്ട പ്പോൾ,

പാലുള്ളി:— ഒന്നെനിക്കു തോന്നുന്നില്ല. ഭര ണാധികാരം തമ്പാനല്ലല്ലൊ. മനസ്സുവെച്ചാൽ പി ടിക്കാം.

പ്രഃ നഃ—പാലുള്ളി ശുദ്ധനാണ്; തമ്പാനെ അ റിയില്ല. അതാണിങ്ങനെ പറയുന്നതു്.

പാലു:—അറിയണ്ട; തമ്പാൻ മനുഷ്യനല്ലേ?

പ്രഃ നഃ— എന്നാൽ പാലുള്ളി ഒന്നു പിടിച്ചുത രു. അതാലോചിക്കണ്ട. വെറുതെ തോന്നുകയാ ണ്. ഞങ്ങളെ പലപ്പോഴും ചെണ്ടകൊട്ടിച്ചതല്ലേ? അതിരിക്കട്ടെ. വഴിയെ ആലോചിക്കാം. ഇന്ന ലത്തെ കാൎയ്യത്തിൻെറ തീൎപ്പു കഴിയട്ടെ. കുറുപ്പി നെന്താ താമസം? പാലുള്ളി ഒരുക്കമല്ലേ?

പാലു:— ഞാൻ തെയാറാണ്.

കുറു:—ഇതിന്നു് അവിടത്തെ ബുദ്ധിമുട്ടിക്കണ്ട. ഭീരുത്വംകൊണ്ടല്ല ഞാൻ പറഞ്ഞതു്. വൈഷമ്യ ങ്ങളാലോചിച്ചു; അത്രമാത്രം.

പ്രഃ നഃ— എന്നാൽ പാലുള്ളി വേണ്ട. ഇന്ന ലെ അദ്ധ്വാനിച്ചതുമല്ലേ. കുറുപ്പ് ക്ഷണം ഇറങ്ങു.

കുറു:— ഇപ്പോഴത്തെ സ്ഥിതിക്കും അത്ര പര സ്യമായി ഒന്നും വയ്യ. അടിയോടി തടവിൽപെട്ട തിന്നു ശേഷമെ വിവരങ്ങൾ ജനങ്ങളറിയാവു. സ ന്ധ്യ സമീപിക്കട്ടെ. അപ്പോഴക്കും ഞാൻ വരാം.

പ്ര: ന:—എന്നാൽ അങ്ങിനെയാവട്ടെ.

കുരപ്പ് അവിടെനിന്നു യാത്രക്കുള്ള ഒരുക്കങ്ങൾക്കായി പോയി.

പ്ര: ന:— കാലത്തു വരുമെന്നു വിചാരിച്ചു. എന്തെ കബളിച്ചത്.

പാലു:— ഇന്നലത്തെ നിശ്ചയംപോലെ നടക്കാൻ അസാരം ദുൎഘടമുണ്ട്. ഗുരുനാഥൻ ഒരു കുരപ്പാണ്. വലിയ കണിശങ്ങളും മററമാണ്. പയററിന്നു സമയത്തു് എത്തിയില്ലെങ്കിൽ കട്ടികളോടു പറയുംപോലെ അലോഗ്യം പറയാൻ തുടങ്ങും. ഇവിടെ ലോഗ്യം സ്വീകരിക്കില്ല, എന്നല്ല. പാപ്പ് ഇവിടെയും പഠിപ്പ് അവിടെയും ആക്കിയാൽ നേരെയാവാൻ പ്രയാസം. ഇപ്പോൾ മുഷിപ്പ് അശേഷമില്ല. എമ്പ്രാന് എൻെറ ശീലം ക്ഷവശം. അങ്ങിനെ നടക്കട്ടെ. പിന്നെ, വേണ്ടിവന്നാൽ ഇവിടെ അലോഗ്യം ഒട്ടും ഇല്ലല്ലൊ.

പ്ര: ന:— എനിക്കതു രസായില്ല, തീച്ച: പക്ഷെ, നിവൃത്തിയില്ലല്ലൊ. പാലുള്ളി എപ്പോഴും ഇവിടെത്തന്നെ ഉണ്ടാവണം. ഇവിടെനിന്നു പോകുന്നില്ലെന്നാണ് എൻെറ നിശ്ചയം.

പാലു—അതങ്ങിനെതന്നെ. എന്നെക്കൊണ്ടുവേണ്ടതിനൊക്കെ ഞാൻ എപ്പോഴും തെയ്യാറാണ്.

പ്ര: ന:— ആ കള്ളൻ തടവിൽ കുടുങ്ങട്ടെ. അവിടുന്നേങ്ങാട്ടു വേണ്ടതിനൊക്കെ പാലുള്ളിതന്നെ വേണം.

പാലു:— ഞാൻ ദിവസേന ഒരിക്കൽ ഇവിടെ വന്നു കണ്ടുപൊയ്ക്കോളാം.

പ്ര: ന:— അതു മതി. തമ്പാൻ എത്തി എന്ന

റിഞ്ഞിട്ടു ഞാൻ നന്നെ പരിഭ്രമിച്ചിരിക്കയാണ്. പാലുള്ളി ഇവിടെ ഉള്ളതുകൊണ്ട് എനിക്കൊക്കെ ഉറപ്പായി. പാലുള്ളി പെരുമാളുടെമുമ്പിൽ പോയിട്ടുണ്ടോ?

പാലു:— ഇല്ല.

പ്ര: ന:— എന്നാൽ ഒന്നു വേണം. പാലുള്ളിക്കു സ്ഥിരം ഇവിടെയാക്കരുതെ? വെറുതെ വേണ്ട. ലഹളക്കാലമായതിനാൽ ഞങ്ങളെ സഹായിപ്പാൻ മതിയായിട്ടൊരാറ്റം വേണം. പാലുള്ളി അതിനൊക്കെ മതി. ഒരു ശമ്പളം പാറി ഇവിടെ കൂടു. ഇല്ലത്തു കാൎയ്യസ്ഥതയുണ്ടോ?

പാലു:— അതൊന്നുമില്ല. ഊണുംകഴിഞ്ഞു വെടിപറഞ്ഞിരിക്കയാണ് പതിവ്. താമരക്കുളം അഫൻ, കൈതമണ്ണോയിക്കൻ, ഇവരും വന്നുചേരും. വലിയ ജാതിയാന്മാരാണ്. എന്നാൽ, തൽക്കാലം വിട്ടുപോരാൻ തരമില്ല.

പ്ര: ന:— അതെന്താ?

പാലു:— മുത്തച്ഛന്നു വയസ്സു നന്നെയായി. എപ്പോഠം, എന്നു രൂപമില്ല. തത്സമയം ഉണ്ടായില്ലെങ്കിൽ ആളുകളുടെ പെലഭ്യം കലശലാവും.

പ്ര: ന:— അതു വയ്യ. ഏതായാലും പാലുള്ളി എന്നെങ്കിലും ഈ ദിക്കിൽതന്നെ സ്ഥിരക്കാരനാവണം.

ഇങ്ങിനെ ഓരോന്നു പറഞ്ഞ് അവർ രണ്ടുപേരും സന്ധ്യവരെ ഇരുന്നു. അപ്പോഠം ശേഖരക്കുറുപ്പു ഭടന്മാരോടുകൂടി അവരുടെ മുമ്പിൽ വന്നുനിന്നു. പ്രമത്തൻനമ്പൂതിരി കുറുപ്പിനെ യാത്രയയച്ചതോടുകൂടി പാലുള്ളി നമ്പൂതിരിയും യാത്രപറഞ്ഞ് ഇറങ്ങി.

മാണിക്കത്തിൻെറ രോഗശയ്യയുടെ സമീപത്തു നിന്നിരുന്ന അടിയോടിയെ കുറുപ്പ് ഭടന്മാരോടുകൂടി വന്നു വീണ്ടും കൊണ്ടുപോകുവാനുണ്ടായ കാരണം ഇപ്പോൾ വ്യക്തമായല്ലൊ.

---

# IX

നല്ലതിവിടെ നിന്നല്ലലൊഴിപ്പതി-
ന്നെല്ലാവരുമൊരുമിച്ചു പുറപ്പെട്ടു
പൊയ്യോൾകവേണമതിശയമംഗലം
വാഴ്കും ശുഭസ്ഥലം നോക്കിസ്സവിദ്രുതം.

ഭടന്മാരോടുകൂടി ചെന്ന ശേഖരക്കുറുപ്പ് അടിയോടിയുടെ സൽക്കാരവാക്കുകൾക്കു ബധിരത്വംഅവലംബിച്ചു് ആസനസ്ഥനാകാതെ ആഗമനോദ്ദേശ്യത്തെ അനിഹ്നുതമായ ക്രൗര്യ്യഭാവത്തോടുകൂടി പ്രസംഗിച്ചു. കുറുപ്പു കോപാവേശംനിമിത്തം പരിക്ഷുബ്ധനായിരിക്കുന്നു എന്നു് അടിയോടി കണ്ടു. രാജപുരുഷന്മാരുടെ ബാണോച്ഛിഷ്ടനായതിന്നുശേഷം ആ ഇടക്കുള്ളിൽ അവക്കു് അപ്രകാരം സീമാതിക്രമണം കലൎന്ന കോപോൽഗമത്തിന്നു സംഗതിയുണ്ടായതു കണ്ടു് അടിയോടിയുടെ മനഃസ്വാസ്ഥ്യം നഷ്ടമായി. കരാളന്മാരായ അവരുടെ കയ്യിലകപ്പെട്ടാൽ കഴുമരം മാത്രമേ അവലംബമുള്ളു എന്നും അദ്ദേഹത്തിന്നറിയാം. പ്രമത്തൻനമ്പൂതിരിയുടെ വിചാരണയും തെളിവെടുക്കലും എല്ലാം കേവലം മിഥ്യാചാരങ്ങളാണെന്നും, അദ്ദേഹവും കുറുപ്പും കൂടി നിശ്ചയിച്ചു തീൎപ്പുതന്നെയാണ്, സംഗതികളുടെ ഗതികൾ എ

തുപ്രകാരത്തിലായാലും, ബലവത്തരമായി ഭവിക്കുക എന്നും പല സന്ദർഭങ്ങളിലും അടിയോടി കണ്ടിട്ടുണ്ട്.

കുറുപ്പു:— ഒരിക്കൽ വിട്ടയച്ചതു ദാക്ഷിണ്യംകൊണ്ടാണെന്നു് അടിയോടി വിചാരിച്ചില്ല. അതു കഷ്ടമായിപ്പോയി.

അടി:— ന്യായമായി പുലൎന്നുവരുന്നവരെ കൂടക്കൂടെ വന്നു് അസഹ്യതപ്പെടുത്തുന്നതെന്തിനാണ്. ഈ ഭരണസമ്പ്രദായത്തിൻെറ അൎത്ഥമെന്താണ്? എൻെറ വീട്ടിൽ കടന്നുവന്നു പരിശോധനകൾ നടത്തി; എന്നെ പ്രമത്തൻനമ്പൂതിരിയുടെ സമീപത്തെയ്ക്കു ഭീഷണിപ്പെടുത്തി കൊണ്ടുപോയി; ഇപ്പോൾ ഇങ്ങിനെ ഒരു പുറപ്പാട്. എൻെറ പുതിയ തെറെറന്താണ്?

കുറു:— അടിയോടിയോടു സമാധാനങ്ങൾ പറഞ്ഞു സമ്മതിപ്പിച്ചു കൊണ്ടുപോകാനല്ല ഞാൻ വന്നിരിക്കുന്നതു്. ഉടനെ പുറപ്പെടണം. രാജദ്രോഹികളോടു പെരുമാറേണ്ട സമ്പ്രദായം എനിക്കറിയാമെന്നു് അടിയോടിക്കു മനസ്സിലായിട്ടില്ലെ?

അടി:— കുററക്കാരനു താൻ ചെയ്ത കുററം എന്താണെന്നറിവാൻ അവകാശമില്ലെ?

കുറു:— എനിക്കു പറവാനുള്ളതു ഞാൻ പറഞ്ഞുകഴിഞ്ഞു. ക്ഷണം പുറപ്പെടണം.

കുറുപ്പു കോപംകൊണ്ടു മലിനചിത്തനായിരിക്കുന്നതിനാൽ അപ്പോൾ വാക്കുകൾക്കൊന്നിനും ഇടവരുത്തുകയല്ല നല്ലതെന്നു നിശ്ചയിച്ചു് അടിയോടി പിന്നെ ഒന്നുംതന്നെ ഉരിയാടാതെ കുറുപ്പിനോടുകൂടി നടന്നു.

"കഷ്ടം! ഉപകൃതിക്ക് ഇത്രമാത്രം അപകൃതിയോ! ദേവകിയിൽ നിന്നു സിദ്ധിച്ച പുത്തനായ വല്ല കോപോദ്ദീപനം മൂലമായിരിക്കണം കുറുപ്പ് ഇപ്പോഠം പുറപ്പെട്ടിരിക്കുന്നത്. എനിക്കു വന്നു പോയ ഒരു കയ്യബദ്ധത്തെപ്പററി ഇത്രയും പക കരുതിയല്ലൊ. ആ കാലത്ത് അവഠം ഒരു ചെറുകന്യകയായിരുന്നു. എന്നാൽ യൌവനദശയിൽ എത്തിക്കഴിഞ്ഞിട്ടും അവഠംക്ക് വിവേകബുദ്ധിയുണ്ടായില്ലല്ലൊ. പ്രാപഞ്ചികങ്ങളായ പല കഷ്ടപ്പാടുകളും ഇതിന്നിടക്ക് അവഠം അനുഭവിച്ചു. എന്നിട്ടും മനസ്സിന്ന് പകപ്പ വന്നില്ലല്ലൊ. ഞങ്ങഠം തമ്മിൽ കണ്ടു മുട്ടിയതാണത്ഭുതം. പൈതൽക്കുറുപ്പിൻെറ മരണശേഷം ഞാൻ തലശ്ശേരിക്കു പോയിട്ടുതന്നെ ഉണ്ടായിരുന്നില്ല. ഈ യുവതിയെ കണ്ട് പരിചയപ്പെടാൻവേണ്ടി മാത്രമാണെന്നുതോന്നും അന്ന് എനിക്ക് അവിടേയ്ക്കു പോകേണ്ടിവന്നത്. എനിക്ക് ആദ്യം ആളെ മനസ്സിലായില്ല. വണ്ടിയിൽ കയറി പോരുന്നവഴിക്ക് വൃദ്ധയുടെ വാക്കിൽ നിന്നാണ് മനസ്സിലായത്. അന്നു ഞാൻ അവിടെ എത്തിയില്ലെങ്കിൽ അവർ അവളെ എന്തെല്ലാം ചെയ്യുമായിരുന്നു! "ഞങ്ങളെ രക്ഷിക്കണം" എന്ന് ഇടനെഞ്ചുപൊട്ടി പറഞ്ഞ വാക്കുകഠം ഓക്കുമ്പോഠം ഇപ്പോഴും എൻെറ ഉള്ള തകരുന്നു. അത്രയെല്ലാം പണിപ്പെട്ടു രക്ഷിച്ചുകൊണ്ടുപോന്ന് ഇവിടെ പാപ്പിച്ചു. അവസാനം ഇങ്ങിനെയല്ലെ ചെയ്തത്! എങ്കിലും എൻെറ ഗൃഹത്തിൽനിന്ന് അധികാരസ്ഥന്മാർ ബലേന കൊണ്ടുപോവുക, അതിന്ന് ഹേതുഭൂതൻ ഞാനായിരിക്കുക. ഇവയെപ്പററി ആ

ലോചിപ്പാൻ പോലും വയ്യ. അതുമല്ല, ആ യുവതിക്കു് അങ്ങിനെ ഒരാപത്തു വന്നതു വിചാരിച്ച മനസ്സുഖമില്ല. എൻെറ ദേഹത്തെ ബലി കഴിച്ചും ദേവകിയെ സംരക്ഷിക്കുന്നതു് എനിക്കു സന്തോഷാവഹമാണ്. വാറോലയെ സംബന്ധിച്ച കാൎയ്യം വെളിവിൽ സമ്മതിച്ചേക്കാം.''

എന്നെല്ലാമായിരുന്നു പോകുന്നവഴിക്കു് അടിയോടിയുടെ മനോഗതങ്ങൾ.

അടിയോടി പ്രമത്തൻനമ്പൂതിരിയുടെ മുമ്പിൽ ചെന്നുനിന്നപ്പോൾ നമ്പൂതിരി വെടിപ്പിൽ ഒന്നു മന്ദഹാസം ചെയ്തു.

പ്രമ: ന:— അടിയോടി! ഇന്നലത്തെ പ്രവൃത്തി വെടിപ്പായി; ഇതു നിരീച്ചില്ല.

അടി:—എന്താണാവൊ ഇന്നലത്തെ പ്രവൃത്തി.

പ്ര: ന:—ഹേ, അതു വേണ്ട. ഇവിടെ പൊട്ടന്മാരല്ല. ആണെങ്കിൽ തന്നെയും അടിയോടിയോടു് ഒരു കല്പന കല്പിക്കാവുന്നവരാണ്. അതു ഓൎമ്മവെച്ചോളൂ.

അടി:—അവിടുന്നു പറയുന്നതിൻെറ സാരമൊന്നും എനിക്കു മനസ്സിലാകുന്നില്ല.

പ്ര: ന:— ഇല്ലെങ്കിൽ വേണ്ട. വലിയ സത്യവാൻ. ഗോദവൎമ്മൻതമ്പാനാണോ ഈ വിദ്യ പഠിപ്പിച്ചുതന്നതു്?

അടി:—ഞാൻ ചെയ്ത കുററമെന്താണ്?

പ്ര: ന:— നിശ്ചയമില്ലെങ്കിൽ ഉടനെ മനസ്സിലാകും. ആട്ടെ, അന്നു വാറോലയിൽ കണ്ട സംഗതികളോ? ഒക്കെ കളവു്, അല്ലേ?

അടി:— രാമവൎമ്മൻതമ്പാനെ ഞാൻ സഹായി ക്കുന്നുണ്ടെന്നല്ലേ?

പ്ര: ന:—അടിയോടി സഹായിക്കുന്നില്ലേ? സത്യം പറയൂ.

അടി:— ഞാൻ സഹായിക്കുന്നുണ്ട്. അദ്ദേഹത്തിനെ തടവിൽനിന്നു വിടുന്നതു എനിക്കു വളരെ സന്തോഷകരമായിട്ടുള്ളതാണ്.

പ്ര: ന:— കുറുപ്പു വന്നു തിരഞ്ഞപ്പോൾ രേഖകളെല്ലാം എവിടെ പോയി?

അടി:— അതെനിക്കറിഞ്ഞുകൂടാ.

പ്ര: ന:—കുറുപ്പേ, അടിയോടിയെ കൊണ്ടുപോയി കാരാഗൃഹത്തിൽ ഏല്പിക്കു. ആ സ്ത്രീയെ കൂടെത്തന്നെ കിട്ടണമെന്നല്ലേ അടിയോടിക്കാവശ്യം. രണ്ടാളും തടവിൽതന്നെയാവട്ടെ.

അടിയോടി കോപാന്ധനായി. നമ്പൂതിരിയുടെ വാക്കുകളുടെ സാരങ്ങളെപ്പററി ചോദിപ്പാനോ ആലോചിപ്പാനോ നില്ക്കാതെ കാരാഗൃഹം നോക്കി നടപ്പാൻ തുടങ്ങി.

കുറുപ്പ് (നമ്പൂതിരിയോടു മന്ദസ്വരത്തിൽ):— അടിയോടി കറാറു സമ്മതിച്ച സ്ഥിതിക്കു് ആ സ്ത്രീയെ ഒരു നിമിഷനേരംപോലും ഇനി തടവിൽ ഇരുത്തുന്നതു ന്യായമല്ല.

പ്ര: ന:—വേണ്ട. വിട്ടയച്ചേക്കട്ടെ.

കുറു:— അനുവാദപത്രം തന്നാൽ നാളെതന്നെ കാലത്തു് ഒരു ഭടനേയുംകൂട്ടി അടിയോടിയുടെ വീട്ടിലേക്കു് എത്തിച്ചുകൊടുക്കാം. അടിയോടി ആ സംഗതി അറിയുകയും വേണ്ട.

പ്ര: ന:— അങ്ങിനെയാവാം.

എന്നു പറഞ്ഞു ദേവകിയെ വിടുവാനുള്ള കല്പനയെഴുതി കയ്യിൽകൊടുത്തു.

ദേവകി അടിയോടിയുടെ ഗൃഹത്തിൽ ചെന്നപ്പോറം കുഞ്ഞുക്കുട്ടിഅമ്മ ഒന്നു് ഉച്ഛ്വസിച്ചു.

കുഞ്ഞു: അമ്മ:—കുട്ടനെവിടെ? ആ പാപികഠം കുട്ടനെ എന്തു ചെയ്തു?

തന്നെ തടവിലാക്കിയതിന്നുശേഷം അടിയോടിയെ വിട്ടയച്ച വിവരം അവഠം എങ്ങിനെയോ അറിഞ്ഞിട്ടുണ്ടായിരുന്നു. രാജപുരുഷന്മാർ വീണ്ടും വന്നു് അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയിരിക്കുന്നു എന്ന വിവരം അവഠം അപ്പോഴാണ് അറിയുന്നതു്. തടവിൽനിന്നു നേരിട്ടുവരുന്ന തനിക്കു് അടിയോടിയെ സംബന്ധിച്ചു യാതൊരു വിവരവുമില്ലെന്നു സമ്മതിച്ചാൽ കുഞ്ഞുക്കുട്ടിഅമ്മ പിന്നെ ജീവനോടുകൂടി ഇരിക്കില്ല. അമ്മ അവളുടെ വാക്കുകൊണ്ടും മകൻ അവളുടെ പ്രവൃത്തികൊണ്ടും പരലോകം പ്രാപിക്കും. ദേവകി വകതിരിവുള്ളവളാണല്ലോ. അവഠം ഇങ്ങിനെ മറുവടി പറഞ്ഞു.

ദേവ:—അദ്ദേഹം വേഗം വരും. അമ്മ ഖേദിക്കണ്ട.

തന്റെ ഏകപുത്രനെ ഉദ്ദേശിച്ചു നിസ്സീമയായുള്ള ശോകമൂർച്ഛയോടുകൂടിയിരിക്കുന്ന കുഞ്ഞുക്കുട്ടിഅമ്മയുടെ പാരവശ്യവും, ആ തറവാടുകാൎക്ക കഠിനവ്യാപത്തിന്നു ഹേതുക്കളായ സ്വന്തചേഷ്ടിതങ്ങളും, ആ അമ്മക്കു തന്നിലുള്ള പുത്രീനിൎവ്വിശേഷമായ പ്രണയവൈചിത്ര്യവും, ഒന്നായാലോചിച്ചു ദേവകിക്കുണ്ടായ അഗാധവ്യഥയുടെ പരിമിതി എങ്ങിനെ വിവരിക്കും!

കുഞ്ഞി:—കുട്ടനോട്ട് എല്ലാ ആളുകാംക്കും അ സൂയയുണ്ട്. അവൻെറ ദേഹമിടുക്കും കാൎയ്യപ്രാപ്തി യും കണ്ടിട്ട് എനിക്കുതന്നെ വല്ലാതെകണ്ടൊക്കെ തോന്നാറുണ്ട്. എപ്പോഠം, എന്തോ, എന്നു എല്ലാ യ്പോഴും ഒരു ആധിയായിരുന്നു. എല്ലാം ഒന്നായി കി ട്ടി. കയ്യിൽ കിട്ടിയാൽ ആ അന്തകന്മാർ വെറുതെ വിടുമോ?

ദേവകി കുഴങ്ങി. എങ്ങിനെയാണ് അവഠം കു ഞ്ഞുകുട്ടിയമ്മയെ സമാധാനിപ്പിക്കുന്നതു്! മകനെ ബന്ധനസ്ഥനാക്കിച്ച് അമ്മയെ ആശ്വസിപ്പിക്കുക യാണ് അവഠംക്കു വേണ്ടിവന്നിരിക്കുന്നതു്. രാജപുരു ഷന്മാരുടെ സ്വഭാവങ്ങഠം ഒട്ടൊക്കെ അറിഞ്ഞിട്ടുള്ള അവഠം അടിയോടിയുടെ പ്രത്യാഗമനത്തെപ്പററി ഭഗ്നാശയായിത്തീന്നിരിക്കുന്നു. പശ്ചാത്താപംകൊ ണ്ടും, തൻെറ പ്രാണദായകൻെറ— പ്രാണനായ കൻെറ— സംഭവിപ്പാൻപോകുന്ന അതികഠിനമായ അകാലമരണത്തെപ്പററിയുള്ള പരിചിന്തനംകൊ ണ്ടും, ദേവകി കുഞ്ഞുകുട്ടി അമ്മയേക്കാഠം തുലോം പരവശയായി. അവളല്ലാതെ ആ വന്ദ്യമാതാവി നെ ആശ്വസിപ്പിപ്പാൻ ആ ഗൃഹത്തിൽ ആരുംതന്നെ ഇല്ല. എത്രതന്നെ അടക്കീട്ടും ഭൃത്യന്മാരുടേയും ദാ സികളുടേയും ഇടനെഞ്ഞു പൊട്ടിപ്പുറപ്പെടുന്ന വിലാ പസ്വരങ്ങഠം ദേവകിയും കുഞ്ഞുകുട്ടിയമ്മയും കേഠം ക്കുന്നുണ്ട്.

ദേവ:—അദ്ദേഹം മടങ്ങിവരും. അവർ അദ്ദേ ഹത്തെ ദണ്ഡിപ്പിക്കില്ല. ഒരാപത്തും ദൈവം വരു ത്തില്ല.

ബോധവും ബോധക്ഷയവും ഇടകലൎന്നനുഭവിക്കുന്ന മാണിക്കം സംഗതികൾ ഒന്നും അറിയുന്നില്ല. പ്രസിദ്ധന്മാരായ വൈദ്യപ്രവരന്മാരാൽ പ്രയുക്തങ്ങളാകുന്ന ദിവ്യൗഷധങ്ങൾ അവളുടെ നഷ്ടമായുള്ള ആരോഗ്യത്തിൻെറ പുനരാനയനത്തിന്നു ശക്തങ്ങളാകുന്നില്ല. ദിവസേന സ്വല്പസമയം സ്വബോധത്തോടുകൂടി കിടക്കുന്ന പതിവും ഭേദപ്പെട്ടുതുടങ്ങി. ബോധക്ഷയം വിട്ടിട്ടുള്ള സമയംതന്നെയും അശനപാനാദികളിൽ അവൾക്ക് അശേഷംപോലും അഭിരുചിയുണ്ടായിരുന്നില്ല. രോഗം അസാദ്ധ്യമാണെന്ന് വൈദ്യന്മാർ അഭിപ്രായപ്പെട്ടുതുടങ്ങി. അങ്ങിനെയുള്ള സന്ദൎഭത്തിലാണ് ദേവകി അവിടെ എത്തിയത്. മാണിക്കത്തിൻെറ രോഗവാൎത്തകൾ ദേവകി, അവിടെ എത്തിയശേഷമാണ് അറിഞ്ഞത്. കുഞ്ഞുക്കുട്ടിയമ്മ, ദേവകിയുടെ സാന്ത്വനവാക്കിന്ന് മറുവടിയായി ഇങ്ങിനെ പറഞ്ഞു "എല്ലാം ദൈവമതംപോലെ വരട്ടെ. എൻെറ കുട്ടനെ ദൈവം കാക്കും. നീ മാണിക്കത്തിൻെറ സ്ഥിതികൾ അറിഞ്ഞില്ലേ? ദൈവം ഒരേ സമയത്താണ് എല്ലാംകൂടി പിണച്ചത്."

ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ ഗോദവൎമ്മത്തമ്പുരാൻ പടികടന്നു ചെന്നു. അദ്ദേഹത്തെ കണ്ടപ്പോൾ കുഞ്ഞുക്കുട്ടി അമ്മ വാവിട്ടുകരഞ്ഞു. പോററിതിരുമനസ്സുകൊണ്ട് അവിടെ ചെല്ലുന്ന അവസരങ്ങളിലൊക്കെയും, തൻെറ മകൻ സന്തോഷോത്സാഹങ്ങളോടുകൂടി അദ്ദേഹത്തെ ആദരിക്കുന്നതും രണ്ടുപേരും കൂടി ഗൂഢമായി ഒരു സ്ഥലത്തു ചെന്നിരുന്ന് ദീൎഘസമയം സല്ലപിക്കുന്നതും കുഞ്ഞുക്കുട്ടി അമ്മ പലപ്പോഴും കണ്ടിട്ടുണ്ട്. പോററിയെ കണ്ടപ്പോൾ ഉള്ളിലുണ്ടാ-

യ ചില സ്മരണങ്ങൾ ആ അമ്മക്ക് കഠിനവ്യസനമു ണ്ടാക്കി.

ഗോദ: തമ്പു:— ഇങ്ങിനെയാണ് വട്ടമെങ്കിൽ ഞാൻ ഇവിടെ നിൽക്കുന്നില്ല.

കുഞ്ഞുകുട്ടിഅമ്മ കരച്ചൽ നിൎത്തി.

കുഞ്ഞു:—അവിടുന്ന് വിവരങ്ങളൊക്കെ അറി ഞ്ഞില്ലെ?

ഗോദ:—ഉവ്വ്. അറിഞ്ഞിട്ടാണ് ഞാൻ വന്നത്.

കുഞ്ഞു:—അവിടുന്നു വരുമെന്നും, കുട്ടൻ അവി ടുന്നാണ് എന്നു വിചാരിക്കണം എന്നും പറഞ്ഞിരി ക്കുന്നു.

ഗോദ:തമ്പു:—മകൻ അങ്ങിനെ പറഞ്ഞിട്ടു ണ്ടെങ്കിലും അമ്മ അതു അശേഷം കൈക്കൊണ്ടിട്ടില്ല, നിശ്ചയം. ഞാൻ വന്നപ്പോൾ കരയാനല്ലെ തുടങ്ങി യതു്?

കുഞ്ഞു:—ഞാൻ എങ്ങിനെ കരയാതിരിക്കും? ഇ ന്നേവരെ ആലശീല് കൂടാതെ കഴിഞ്ഞുകൂടി എനി ക്ക് ഇപ്പോഴല്ലെ ഇതിന്നൊക്കെ ഇടവന്നതു്!

ഗോദ: തമ്പു:— ഇപ്പോഴെന്താണ് വന്നതു്?

കുഞ്ഞു:—കുട്ടനെ അവർ പിടിച്ചുകൊണ്ടുപോ യ കഥ അവിടുന്നു് അറിഞ്ഞില്ലെ?

ഗോദ: തമ്പു:— അതു മുമ്പൊരിക്കലും ഉണ്ടാ യില്ലെ?

കുഞ്ഞു:—അതുപോലെതന്നെയാവും ഇപ്പോഴും എന്നു എന്റെ മനസ്സിൽ തോന്നുന്നില്ല.

ഗോദ: തമ്പു:—അടിയോടിക്കു് ആപത്തൊന്നും വരില്ല.

കുഞ്ഞു:—അവിടുത്തെ വാക്കു കേൾക്കുമ്പോൾ എനിക്കു സമാധാനം തോന്നുന്നുണ്ടു്. പക്ഷെ, അവിടുന്നു് ഒരാൾ വിചാരിച്ചാൽ ഈ ദുഷ്ടന്മാരോടു് എന്തു ചെയ്വാൻ കഴിയും?

ഗോദ: തമ്പു:—ഞാൻ വല്ലതും ചെയ്യുമെന്നു പറഞ്ഞില്ലല്ലോ. അടിയോടിക്കും, അദ്ദേഹത്തെക്കൊണ്ടു കഴിയേണ്ടവക്കും, അത്ര വലിയ ആപത്തനുഭവിപ്പാൻ യോഗമില്ല എന്നുവെച്ചാൽ പോരെ?

ആ സമയം ഒരു ദാസി വന്നു, "പോററി തിരുമനസ്സുകൊണ്ടു വന്നിട്ടുണ്ടോ എന്നു മാണിക്കം ചോദിക്കുന്നു" എന്നു പറഞ്ഞു.

കുഞ്ഞു:—ഈ ദീനം തുടങ്ങിയതിൻെറ ശേഷം ബോധംവരുന്ന സമയങ്ങളിലെല്ലാം ഈ ചോദ്യം ഉണ്ടാകാറുണ്ടു്.

ഗോദ: തമ്പു:— എന്നാൽ ഞാൻ ചെന്നു കാണട്ടെ.

അദ്ദേഹം മാണിക്കം കിടക്കുന്ന അകത്തേക്കു ചെന്നു. തമ്പുരാനെ കണ്ടപ്പോൾ മാണിക്കം "എനിക്കൊന്നു പറവാനുണ്ടു്"എന്നുപറഞ്ഞു പരിചാരികകളുടെ സാന്നിദ്ധ്യം രുചിക്കുന്നില്ലെന്നുള്ള ഭാവത്തിൽ അവരെ നോക്കി.

ഗോദ: തമ്പു:— മാണിക്കത്തിനു എന്നോടു എന്തോ പറവാനുണ്ടു്. നിങ്ങൾ ഞാൻ വിളിക്കുമ്പോൾ വന്നാൽ മതി.

അകത്തു ഉണ്ടായിരുന്നവരെല്ലാം അവിടെനിന്നു പോയി. കാൽനാഴിക കഴിഞ്ഞപ്പോൾ തമ്പുരാൻ ദാസിമാരെ അകത്തേക്കയച്ചു കുഞ്ഞുകുട്ടി അമ്മയുടെ സമീപത്തു ചെന്നു.

കുഞ്ഞു:—എന്താ, വിശേഷം വല്ലതും ഉണ്ടോ?

ഗോദ: തമ്പു:—ഒന്നുമില്ല.

കുഞ്ഞു:— രോഗസ്വഭാവത്തെപ്പററി അവിടേക്കു് എന്തു തോന്നി?

ഗോദ: തമ്പു:—ഒന്നും നിശ്ചയിപ്പാൻ പാടില്ല.

കുഞ്ഞു:—എന്താണു് അവഠം പറഞ്ഞതു്?

ഗോദ: തമ്പു:--ഒന്നുമില്ല. രോഗത്തിൽ കിടക്കുന്നവക്ക് പരിചയം ഉള്ളവരെ കാണണം എന്നു തോന്നില്ലേ? അത്രമാത്രം.

തമ്പുരാൻ ദേവകിയെ കണ്ടു. പശ്ചാത്താപവും, അടിയോടിയുടെ രക്ഷയെപ്പററിയുള്ള ഉൽക്കണ്ഠയും അവളെ പരിക്ലേശിപ്പിക്കുന്നുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്നു് അവളിൽ ആൎദ്രത ജനിച്ചു. ദേവകിയെ ഉദ്ദേശിച്ചു് അടിയോടിക്കു് അഭിപ്രായവ്യത്യാസങ്ങഠം വന്നുപോയിട്ടുണ്ടെങ്കിൽ താൻ പ്രവേശിച്ചു് അവയെ തീൎത്തു ദേവകിക്കു മനസ്സ്വാസ്ഥ്യമുണ്ടാക്കി കൊടുക്കേണമെന്നു നിശ്ചയിച്ചു.

കുഞ്ഞു:—അവിടുന്നു കുട്ടന്റെ വിവരങ്ങഠം അറിഞ്ഞിട്ടു വന്നതാണോ?

തമ്പു:—അതെ. എന്നാൽ കുറച്ചു കാൎയ്യവുംകൂടി ഉണ്ടു്. ഞാൻ നാട്ടിലേക്കു പോകാൻ വിചാരിക്കുന്നു. നിങ്ങഠം എല്ലാവരും എന്റെ ഒരുമിച്ചു പോരണം.

കുഞ്ഞു:—അവിടുന്നു പറയുന്നതിന്റെ സാരമെന്താണു്? കുട്ടനില്ലാതെ ഞാൻ വരികയോ!

തമ്പു:—ഇവിടെ ഇനി പാൎത്തുകൂടാ. നിങ്ങഠം ഇവിടെ പാക്കുന്നതു് അടിയോടിക്കും ദോഷകരമായിരിക്കും. അടിയോടി രക്ഷപ്പെട്ടുകൊള്ളും. ഞാൻ വരു-

ന്നതു് ഏതു സമയത്തായാലും ഉടനെ എന്റെ ഒരുമി ച്ചുവരാൻ ഒരുങ്ങി ഇരിക്കണം.

കുഞ്ഞു:—എനിക്കൊന്നും വിവരമില്ല. കുട്ടൻ പോകുമ്പോൾ പറഞ്ഞതു് അവിടുന്നു പറയുംപോലെ ചെയ്യാനാണു്. ഞങ്ങൾ എവിടേക്കെങ്കിലും പോ രാം. ഇത്രകാലം ഈ വീടു പരിപാലിച്ചു് ഇവിടെ പൊറുത്തു. ഒരു തേച്ചിലോ മാച്ചിലോ എവിടെയെ ങ്കിലും കണ്ടാൽ അതു വെടിപ്പാക്കി കഴിഞ്ഞേ എനി ക്കു കഞ്ഞികുടിക്കാൻ സമാധാനമുള്ളു. "ഇവിടെ ക ണ്ണാടി വേണ്ട. അമ്മ നിലമെല്ലാം കണ്ണാടിയാക്കി വെച്ചിട്ടുണ്ടു്" എന്നു കുട്ടൻ ഇടക്കു പറയാറുണ്ടു്. എന്തു ചെയ്യാം! ഈ പ്രായമായ കാലത്തല്ലെ വീടും കുടിയുംവിട്ടു് ഇറങ്ങേണ്ടിവന്നതു്! പോകാതെ നിവൃ ത്തിയില്ലെന്നല്ലെ അവിടുന്നു പറയുന്നതു്? എന്റെ കുട്ടനെ ഞാൻ ഇരിക്കുന്നേടിക്കിൽ കൊണ്ടുവന്നുതര ണം. എന്നാൽ മതി. ആവൂ! ഏകചക്രയിൽനിന്നും ആളുകൾക്കു് ഒഴിച്ചുപോകേണ്ടിവന്നിട്ടില്ല.

തമ്പു:—നമ്മൾ തിരുവനന്തപുരത്തേക്കു പോക ണം. അതു ധൎമ്മരാജ്യമാണു്. മററുകാൎയ്യങ്ങൾക്കെ ല്ലാം എന്നെ വിശ്വസിക്കു.

---

# X

ദൈവേഗതിക്കഥവാ ഭുവനേസ്മിൻ
നൈവ കവാടനിരോധമൊരേടം.

പെരുമാൾവാഴ്ചയുടെ ചരിത്രത്തിൽ പ്രക്ഷോഭ കരമായ അദ്ധ്യായമെഴുതുന്നതിന്നു വേണ്ട വിഷയം

ചരിത്രകാരന്മാർക്കു പ്രമത്തൻനമ്പൂതിരി സമ്പാദിച്ചു കൊടുത്തു. ഭരണാധികാരികൾ കുപ്രഭുക്കളും നിരങ്കുശന്മാരുമായിത്തീർന്നാൽ, പ്രജകൾക്കുണ്ടാകുന്ന അനുഭവങ്ങൾ ഇന്നിന്നവയെന്നു്, ആബ്രഹ്മതാരം പൌരന്മാരുടെ സ്മൃതികളിൽ നിന്നു് ഉദ്ധൃതമാകുവാൻ ശക്യമല്ലാതുള്ള സംഭവങ്ങൾക്കു് ഒരു മുഖ്യനിദൎശനത്തെ അധികാരികൾ വ്യക്തപ്പെടുത്തി. പൌരലോകത്തിന്നു പരക്കെ നായകന്റെ നില നിൎവ്വഹിച്ചുപോരുന്ന അടിയോടിയുടെ കണ്ഠത്തേയും കാലപാശംകൊണ്ടു വേഷ്ടനം ചെയ്തുകഴിഞ്ഞു. അതുനിമിത്തം ദരിദ്രനും സമ്പന്നനും കഷ്ടത്തിലകപ്പെട്ടു. ഏതുവിധം ആപത്തും എതിരിടുന്നപക്ഷം അതിൽനിന്നു തങ്ങളെ നിവൎത്തിപ്പിക്കുവാൻ തക്ക സഹായി ഉണ്ടെന്നുള്ള ജനങ്ങളുടെ സമാധാനം നഷ്ടമായി. അടിയോടിയുടെ ഔദാൎയ്യസൂചകങ്ങളായ അനാഥമന്ദിരങ്ങൾ, ധൎമ്മചികിത്സാസ്ഥാപനങ്ങൾ, ഇവയുടെ തണലണഞ്ഞു പുലൎന്നിരുന്ന അനാഥന്മാരും രോഗാൎത്തന്മാരും നിരാധാരന്മാരായി. അദ്ദേഹത്തിന്റെ ബന്ധനകഥ വിഷവേഗത്തോടുകൂടി ദിക്കെങ്ങും പരന്നു. അപ്രകാരമുള്ള ഉദാരാശയന്മാരുടെ ബന്ധനവൃത്താന്തം പൌരതതിയുടെ ശ്രവണപുടങ്ങളിൽ ഉദാസീനനിലയിൽ ചെന്നലക്കുകയല്ല പതിവ്. തങ്ങൾ തങ്ങൾ പ്രത്യേകമായനുഭവിക്കുന്ന വിപൽഭേദങ്ങളെന്നു മാത്രമെ ആ വക സംഭവങ്ങളെപ്പററി ജനങ്ങൾ വിചാരിക്കുകയുള്ളൂ. സമൂഢമായുള്ള ആത്മഗുണത്തിന്റെ ബലവത്തരമായ ഓരോ തന്തുവിനെക്കൊണ്ടും ലോകചേതസ്സിനെ ശൃംഖലിതമാക്കീട്ടുള്ള മഹാശയന്മാൎക്കു ദുസ്ഥിതി

കൾ അനുഭൂതകളാകുമ്പോൾ ലോകഗതിക്കു തന്നെ യും വ്യതിചലനം സംഭവിക്കാവുന്നതാണ്. ജന ങ്ങളുടെ മനസ്സു കലുഷമായി. പ്രമത്തൻനമ്പൂതിരി യുടെ കൃത്യനിർവ്വഹണങ്ങളിലുള്ള കാഠിന്യത്തിന്റെ ഫലം അതുവരെ പൌരപ്രധാനന്മാരല്ലാതെ എടത്ത രക്കാരായ ജനങ്ങൾക്കു് അനുഭവിക്കേണ്ടിവന്നിട്ടി ല്ലായിരുന്നു. അപ്പോൾ നടത്തിയ കടുംക്രിയയാൽ, ഒട്ടാകെയുള്ള ജനസാമാന്യത്തിന്നു പ്രമത്തൻനമ്പൂ തിരി അശനിപാതപീഡയെ ജനിപ്പിച്ചു. പുര വാസികൾ ക്ഷോഭത്തോടുകൂടി ഇളകിപ്പുറപ്പെട്ടു കാ രാഗൃഹത്തെ ഭേദിച്ചു് അടിയോടിയെ അതിൽ നിന്നു വിടുവിക്കുവാനാലോചിച്ചു. മദ്യവിക്രയ ശാലയിലും, അങ്ങാടിയിലും, മാൎഗ്ഗമദ്ധ്യത്തിലും മററും, ജനങ്ങൾ കൂട്ടംകൂട്ടമായി കൂടി അധികാരി ജനങ്ങളെപ്പററി അവഹേളനത്തോടുകൂടി ജല്പിപ്പാൻ തുടങ്ങി. 'പൌരന്മാർ സംഘമായി ചേൎന്നുനിന്നു ജനോപദ്രവമുണ്ടാക്കുന്നു' എന്നുണ്ടായ രാജകിങ്കരന്മാ രുടെ നിവേദനം നിമിത്തം, പ്രമത്തൻനമ്പൂതിരി യാൽ ആജ്ഞപ്തന്മാരായ ഭടന്മാരുടെ തൎജ്ജനങ്ങളും ശാസനങ്ങളും, അവർ വിലവെയ്ക്കുന്നതേ ഇല്ല. കാ രാഗൃഹത്തിന്നടുത്തും മററും ആളുകൾ കൂട്ടമായി ആൎത്തും, കൂക്കിയും, അഹംകരിച്ചും നടന്നുതുടങ്ങി. കാരാഗൃഹരക്ഷകൻ ഓരോ രാവും കാളരാത്രിപോലെ കഴിച്ചുകൂട്ടി. രാജകല്പനകളെ ധിക്കരിപ്പാനുള്ള ഒരു ക്കങ്ങൾ, പൌരന്മാർ കാണിച്ചതല്ലാതെ, സാഹസി കതകങ്ങൾ ഒന്നും അവർ ചെയ്തില്ല. ബ്രാഹ്മണർ മുമ്പു് അടിമനിലക്കു ചവിട്ടടിയിൽ അമൎത്തി നി ൎത്തിയിരുന്നതിനാൽ, ബുദ്ധിയേയോ, സ്വശക്തി

യേയൊ മാത്രം ആസ്പദമാക്കി, ഏതെങ്കിലും ഒരു കാൎയ്യത്തിന്നു സന്നദ്ധത കൈക്കൊള്ളുവാൻ തക്ക മനോബലം, അവൎക്കുണ്ടായിരുന്നില്ല. കല്പന കേട്ടു പ്രവൎത്തിപ്പാനല്ലാതെ, കല്പിപ്പാനുള്ള ത്രാണി സാധാരണന്മാൎക്കു സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. ധീരനായുള്ള ഒരു നേതാവിൻകീഴിൽ, എന്തു സാഹസികതചത്തിന്നും, അവർ സന്നദ്ധന്മാരായിരുന്നു താനും. അങ്ങിനെ ഒരു നേതാവു്, അപ്പോഴം, പുറപ്പെടുവാനുണ്ടാകാതിരുന്നതിനാൽ ലഹളകൾക്കൊന്നിന്നും ഇടവന്നില്ല. എന്നാൽ രാജാധികാരിജനങ്ങളൊ, ജനപ്രക്ഷോഭത്തിൻെറ കഥകൾ അറിഞ്ഞതുമുതൽക്കു, ബലമായുള്ള അസ്വാസ്ഥ്യം അനുഭവിപ്പാൻ തുടങ്ങിയിരിക്കുന്നു. പ്രമത്തൻനമ്പൂതിരിയും ശേഖരക്കുറപ്പുമായുള്ള ആലോചനകൾ മുറുകിത്തുടങ്ങി. പാലുള്ളിനമ്പൂരിയും മിക്ക അവസരങ്ങളിലും സന്നിഹിതനാവാറുണ്ടു്. തങ്ങളെ മൎദ്ദിപ്പാനൊരുങ്ങിയ രാജാധികാരികൾ, പെരുമാളുടെ കയ്യോപ്പോടുകൂടിയ അധികാരപത്രം സിദ്ധിക്കാത്ത ഒരു നമ്പൂരിയെക്കൂടി, സഹായത്തിന്നു നിൎത്തിയിരിക്കുന്നു എന്ന വൎത്തമാനം, പൌരന്മാരുടെ കോപത്തെ കഠിനമായി വൎദ്ധിപ്പിച്ചു. ജനപ്രക്ഷോഭത്തിൻെറ ഗതികളറിഞ്ഞതിന്നു ശേഷം മാത്രമെ, വിചാരണ തുടങ്ങാൻ പാടുള്ളു എന്നുള്ള, ശേഖരക്കുറപ്പിൻെറ അഭിപ്രായം സമ്മതിച്ചു, വിചാരണകൾ തുടങ്ങാതെ രാജാധികാരികളെല്ലാം, ഭയപ്പെട്ടുംകൊണ്ടുതന്നെ രണ്ടുനാലു ദിവസങ്ങൾ കഴിച്ചുകൂട്ടി.

അതിന്നുശേഷം ഒരു ദിവസം പ്രമത്തൻനമ്പൂതിരി ശേഖക്കുറപ്പിനെ വരുത്തി.

പ്ര. ന:— കുറുപ്പ് എന്നേക്കാൾ കേമനാണ്. ഇതൊക്കെ പറവുമെന്നു ആദ്യംതന്നെ കണ്ടുവല്ലൊ.

കുറു:— ആട്ടെ. ഇനി വേണ്ടതാലോചിക്കുക.

പ്ര: ന:— എന്താ വേണ്ടതു്?

കുറു:— വിചാരണ വേഗം കഴിക്കണം.

പ്ര ന:— ഈ ബഹളത്തിൽ— എന്തൊക്കെയാണ് വേണ്ടതു, രൂപമില്ല!

കുറു:— വിചാരണ നടത്താം.

പ്ര ന:— എങ്ങിനെയാണ്, എനിക്കു നന്നെ ക്ലേശലുണ്ടു്.

കുറു:— അത്രയൊന്നും പരിഭ്രമിപ്പാനില്ല. ഇതാ പാലുള്ളിനമ്പൂരി വരുന്നുണ്ടു്.

പ്ര ന:— (കണ്ടിട്ടു്) വരു. പാലുള്ളി പാകത്തിനു വന്നു. ഇരിക്കു. എന്തൊക്കെയാണ്വിശേഷം?

പാലു:— തമ്പാനെയും അടിയോടിയെയും വിചാരണചെയ്യുയോ വിടുകയൊ രണ്ടിലൊന്നു വേഗം വേണം.

പ്ര ന:— (കുറുപ്പിനോട്) ഇന്നുതന്നെ വിചാരണ കഴിക്കരുതെ?

പാലു:— ഇന്നുതന്നെ കഴിയണം. ജനങ്ങൾ നന്നെ ഇളകിവശായിരിക്കുന്നു. ചിലർ എന്നെ കലശലുകൂട്ടാൻ വന്നു. ഞാൻ കുലുങ്ങിയില്ല. എന്റെ നില കണ്ടിട്ടായിരിക്കണം, അവർ ഒഴിഞ്ഞു.

കുറു:— വിചാരണ ഇന്നുതന്നെ കഴിയട്ടെ.

പ്ര ന:— പാലുള്ളി വിചാരണക്കെത്തണം. ഇപ്പോൾ യാത്രയുണ്ടോ?

പാലു:— ഞാൻ പോകുന്നതാലോചിക്കേണ്ട.

ണ്ടു കാൎയ്യങ്ങൾ പറവാനാണ് ഞാൻ ഇപ്പോൾ വന്ന
തു്. തരമുള്ളപക്ഷം നേരെയായാൽ നന്നു.

പ്ര ന:—പാലുള്ളി എന്താ ഇത്ര വളഞ്ഞു പറയു
ന്നതു്? ഇഷ്ടം പ്രവൎത്തിക്കരുതെ? ഇത്ര അകന്നു നിൽ
ക്കണൊ?

പാലു:— എമ്പ്രാനൊരാവശ്യം. ബാന്ധവം വാ
രിയത്താണ്. ഇല്ലത്തുകൂടെ ശാസ്താവിൻെറ അമ്പല
ത്തിൽ അവൎക്കൊക്കെ പോകേണ്ട ആവശ്യമുണ്ടത്രെ.
നെയ്ക്കിണ്ടി വെക്കാനാണ്. ഞാൻ ലോഗ്യം കുറ
ച്ചില്ല. ഇല്ലത്താക്കണം താമസം എന്നു കലശലായി
ക്ഷണിച്ചിട്ടുണ്ടു്. ഇന്നുച്ചക്കു പുറപ്പെടണം എന്നാ
ണു പറഞ്ഞതു്. അതിന്നു സമ്മതപത്രം കിട്ടണം.

പ്ര ന:—കൊടുക്കാമല്ലൊ.

കുറ:— ഇവിടുന്നും കൂടെ യാത്രയുണ്ടോ?

പ്ര ന:— അല്ലാ, പാലുള്ളി കബളിക്കുമോ? കു
ന്നിച്ചു പുറപ്പെടുമോ?

പാലു:— വരട്ടെ. മറെറകാൎയ്യം ഞാൻ പറ
ഞ്ഞില്ലല്ലൊ. വിചാരണക്ക് ഞാൻ എത്താം; എ
ന്നാൽ രണ്ടുനാലാളെ— ഭടന്മാരെ— എനിക്കു സ
ഹായത്തിനു വേണം. അല്ലാതെ ഈ ബഹളത്തിൽ
അവിടെ ചാടിവീഴാൻ ഞെരുക്കം. എന്നുതന്നെ
യല്ല, ഈ കൂറാണെന്നറിഞ്ഞിട്ടു് ആളുകൾ എന്നോടു
വല്ല വിദ്ധ്വിത്തവും കാട്ടാൻ വരും.

പ്ര: ന:— ഞാൻ അതു ശങ്കിച്ചിട്ടുണ്ടു്. പാലു
ള്ളിയുടെ ഒററക്കുള്ള നടത്തംതന്നെ എനിക്കു പിടി
ച്ചിട്ടില്ല. അഭ്യാസമൊക്കെ കടുകട്ടിതന്നെ. "ഒളി
യമ്പിന് മാററമ്പില്ല." (കുറുപ്പിനോട്) അയക്കരു
തെ നാലാളെ? ഒന്നിച്ചു പോട്ടെ.

കരു:— ആളെ അയക്കാം.

പാലു:— വലിയ സമൎത്ഥന്മാർ വേണ്ട. ഇവിടെ കാവലും ഉറപ്പും അധികം വേണ്ടതല്ലെ? തെരവു വക മതി. എത്രയായാലും ആ ഉടുപ്പു കണ്ടാൽ ആളുകൾക്കു് ഒരു ശങ്ക വേറെതന്നെയാണ്.

പ്ര: ന:— പാലുള്ളി വന്നേ ഞാൻ വിചാരണ തുടങ്ങു.

പാലു:—ഞാൻ വേഗം വരാം. എന്നാൽ ഇനി താമസിക്കുകയല്ല.

ഇങ്ങിനെ പറഞ്ഞ് സമ്മതപത്രം വാങ്ങി നാലു ഭടന്മാരെയും കൂട്ടി അവിടെനിന്നു പോയി.

പ്ര: ന:— പാലുള്ളി വരാതിരിക്കില്ലല്ലൊ? എമ്പ്രാൻെറ കൂടെ പൊയ്ക്കൂളയുമോ?

കരു:— അങ്ങിനെ വരില്ല. എന്നാൽ ഭടന്മാരെ കൊണ്ടുപോകേണ്ട കാൎയ്യമുണ്ടോ? നല്ല അഭ്യാസിയല്ലെ. തരംവരുമ്പോൾ ശൌൎയ്യങ്ങൾ കാണിപ്പാൻ വാസനയുണ്ടാകും. ഏതായാലും കാൎയ്യം നടക്കട്ടെ.

എന്നു പറഞ്ഞ് അവിടെനിന്നുപോയി, ദേഹബലവും, അഭ്യാസവും, തികഞ്ഞശൌൎയ്യവും ഉള്ള ഭടന്മാരെ തിരഞ്ഞെടുത്ത്, കാരാഗൃഹദ്വാരത്തിൻെറ ഇരുവശത്തും അണി നിരത്തി നിൎത്തി. കാൎയ്യാലോചനമന്ദിരം അവിടെ നിന്ന് ഒന്നരനാഴിക ദൂരത്താണ് നിൎമ്മിക്കപ്പെട്ടിട്ടുള്ളത്. ആയുധപാണികളായ ഇരുനൂറിൽപ്പരം ഭടന്മാരെ വിചാരണസമയത്ത് ആ മന്ദിരത്തിൻെറ രക്ഷക്കുവേണ്ടി കുറുപ്പ്, അങ്ങോട്ടയച്ചു. ആൾത്തിരക്കിൽ കലശലുകൾ ഉണ്ടാകാതിരിപ്പാൻ ഗദാപാണികളായ ഭടന്മാരെ വിചാര

ന്നസമയത്ത് അഞ്ജുമിഞ്ഞും നടന്നുകൊണ്ടിരിപ്പാനു ള്ള ഉപദേശത്തോടുകൂടി നിയമിച്ചു. കാൎയ്യാലോചന മന്ദിരത്തിൽ അപ്പോഴപ്പോഠം കഴിയുന്ന സംഗതികളു ടെ ഗതികളനുസരിച്ച് പൌരന്മാൎക്കുണ്ടാകുന്ന അഭി പ്രായങ്ങളെയും ഭാവഭേദങ്ങളെയും മററും ഉടനുടൻ വന്നറിയിക്കേണ്ടതിന്നു ചാരവിദ്യയിൽ ചതുരന്മാരാ യ ചില ഭടന്മാരെ സൈനികവസ്ത്രങ്ങഠം അണിയാ തെ സൎവ്വസ്ഥലങ്ങളിലും സഞ്ചരിപ്പാൻ ഏല്പ്പെടു ത്തി. ജനപ്രക്ഷോഭം കവിഞ്ഞ് ലഹളകളിൽ പ രിണമിച്ചാൽ പെട്ടെന്ന് ഒതുക്കുവാൻ മതിയായ ഒരു സൈന്യം തൻെറ അധീനതയിൽ തൽക്കാലം ഇല്ലെ ന്ന് കുറുപ്പിന് നിശ്ചയമുണ്ടായിരുന്നുവെങ്കിലും, ത ന്നാൽ തിരഞ്ഞെടുക്കപ്പെട്ട ഭടന്മാരെല്ലാവരും സാമ ൎത്ഥ്യമുള്ളവരും, ഹൃദയപുരസ്സരം തന്നെ സഹകരിക്കു ന്നവരും ആണെന്നുള്ള വിശ്വാസം അല്പമായുള്ള ചാ രിതാൎത്ഥ്യം ഉണ്ടാക്കി. അദ്ദേഹം അവസരോചിത ങ്ങളായ മററുകാൎയ്യങ്ങളും നിൎവ്വഹിച്ച് സ്വാധികാര ത്തിന്ന് ഉചിതങ്ങളായ വസ്ത്രായുധാദികഠം ധരിച്ച് പ്രമത്തൻ നമ്പൂതിരിയുടെ മുമ്പിൽ ചെന്നു നിന്നു.

പ്ര: ന:— എല്ലാം ഒരുക്കമായില്ലെ?

കുറു:— ഉവ്വ്. എന്നാൽ വിചാരണകഴിഞ്ഞ് പി ന്നെ വേണ്ട നടവടികഠംക്ക് ഇന്ന് ഇടയുണ്ടാവില്ല.

പ്ര: ന:— വിചാരണ ഇന്നു തന്നെ. ബാക്കി എല്ലാം നാളെ. ഭടന്മാർ ഒരുങ്ങിയില്ലെ?

കുറു:— എല്ലാവരും തെയ്യാറുണ്ട്.

ന്യായാധിപനുചിതമായ വേഷത്തോടുകൂടി യും, തൻെറ ദേഹരക്ഷക്ക് അന്ന് ആവശ്യമെന്നു

തോന്നിയ ഭടജനത്താൽ പരിവൃതനായും പ്രമത്തൻ നമ്പൂതിരി കാൎയ്യാലോചന മന്ദിരത്തിലേയ്ക്കു യാത്രപ്പെട്ടു. തടവുകാരെ അവിടെ ഹാജരാക്കാനായി ശേഖരക്കുറുപ്പും യാത്രയായി.

അന്നു വിചാരണകഴിഞ്ഞാൽ യഥാൎഹമായ ദണ്ഡം കുററക്കാരെ അനുഭവിപ്പിപ്പാൻ അവസരംകിട്ടുന്നതല്ലെന്ന് കുറുപ്പ് ആദ്യമേ കണ്ടിട്ടുണ്ടല്ലൊ. ജനപ്രകോപം പ്രചുരമായിരിക്കുന്ന സ്ഥിതിക്ക് ഭാവി സംഭവങ്ങളുടെ പരിണാമങ്ങളെപ്പററി ഒന്നും തന്നെ അപ്പോൾ ആലോചിക്കുക ശക്യമായിരുന്നില്ല. വിധി കഴിഞ്ഞതിന്നു ശേഷം ഒരു രാവുകൂടി കുററക്കാരെ കാരാഗൃഹത്തിൽ സൂക്ഷിക്കേണ്ടിവരും. വിധിപ്രകാരമുള്ള ദണ്ഡങ്ങൾ പ്രതികളിൽ പ്രവൎത്തിച്ചുകഴിയുന്നവരെക്കുമുള്ള ഓരോ നിമിഷവും കഴിച്ചുകൂട്ടുന്ന കാൎയ്യം അത്ര എളുപ്പമായിട്ടുള്ളതല്ല. അവരെ തിരിയെ കാരാഗൃഹത്തിലേയ്ക്കു കൊണ്ടുപോരുമ്പോൾ മാൎഗ്ഗമദ്ധ്യത്തിലോ മററ് എവിടെയെങ്കിലുമോ വെച്ച് അന്യന്മാരാൽ പ്രയോഗിക്കപ്പെടുന്ന തന്ത്രങ്ങൾ ഫലിക്കാതെ കഴിച്ചുകൂട്ടുവാൻ കുറുപ്പ് വഴികൾ ആലോചിച്ചു. "ജനങ്ങൾ ഇളകിയാലും എൻെറ നേക്കു ബലം പരീക്ഷിപ്പാൻ വരുമോ? രാമവൎമ്മൻ തമ്പുരാൻെറ ശിക്ഷ കഴിഞ്ഞ് അടിയോടിയുമായി ഇടയുന്നതായിരുന്നു അധികം ഗുണം. എന്നാൽ ഇത്ര ബുദ്ധിമുട്ട് നേരിടില്ലായിരുന്നു. ഞാൻ അതു പറയാഞ്ഞുയല്ല. തമ്പുരാനെ തടവിലിട്ടപ്പോൾ ജനങ്ങൾ കുറെ പിറുപിറുത്തതല്ലാതെ ഇങ്ങിനെ ഇളകിയില്ല. ഇനി നിവൃത്തിയില്ലല്ലൊ. ഗോദവൎമ്മൻ തമ്പുരാനെവിടെ?

ഇവിടെ എത്തിയിരിക്കുന്നു, എന്ന് ലോഗ്യത്തിൽ ഒരു കത്തയച്ചതല്ലാതെ പരാക്രമങ്ങളെപ്പററിയൊന്നും കേൾക്കുന്നില്ല! ഇത്ര അമാന്തത്തിന്നു സംഗതിയില്ലല്ലൊ. അദ്ദേഹത്തെ കണ്ടുപിടിപ്പാൻ ഞാൻ എന്തെല്ലാം ശ്രമങ്ങൾചെയ്തു! ഒന്നും ഫലിച്ചില്ലല്ലൊ. തരമല്ല എന്നു കണ്ട് പിൻമടങ്ങിയിരിക്കുമോ? എന്നാൽ എത്ര ഗുണം. അതുണ്ടാവില്ല. അതല്ല ശീലം. ഏതെങ്കിലും നല്ലവണ്ണം മനസ്സിരുത്തണം.''

ഇങ്ങിനെയുള്ള ആലോചനകളോടുകൂടി കാരാഗൃഹത്തിലെത്തി. വിസ്തരിക്കപ്പെട്ടവാനുള്ള കക്ഷികളുടെ സ്ഥിതിയും, അവരെപ്പററി പൌരന്മാക്കുള്ള ഹൃദയങ്ങളുടെ ഗതിയും വഴിപോലെ മനസ്സിലാക്കി വെച്ചതിനാൽ കാരാഗൃഹത്തിൽ നിന്നു് അവരെ പുറത്തിറക്കുന്നതിന്നു വേണ്ടത്തക്ക കരുതലുകൾ ചെയ്തു് അവരെ പുറത്തേയ്ക്കിറക്കി. സൈന്യങ്ങളെ നാലുപാട്ടും ഒരു മതിൽപോലെ അണിയിട്ടുനിത്തി അതിനുള്ളിൽ തടവുകാരെ സുരക്ഷിതന്മാരാക്കി നടത്തി. അവരെ പിന്തുടന്നും; മാഗ്ഗത്തിൽ അതാതിടങ്ങളിൽസംഘംകൂടിയും, കായ്യാലോചന മന്ദിരത്തിന്നകത്തും, പുറത്തും,നാലുപാട്ടും തിങ്ങിനിരന്നും കൂടിയ പൌരന്മാർ എവിടെയും ദുഃഖസൂചകങ്ങളായ ആചാരങ്ങളെ വെളിപ്പെടുത്തി ആ ദിവസത്തെ കഠിനമായ ഏതോ വ്രതാനുഷ്ഠാനത്തോടുകൂടി കഴിച്ചുകൂട്ടുവാൻ നിശ്ചയിച്ചു. കുറപ്പ് തടവുകാരെ കായ്യാലോചനമന്ദിരത്തിലെത്തിച്ചപ്പോഴയ്ക്കും പ്രമത്തൻനമ്പൂതിരി ന്യായാധിപസ്ഥാനത്തെ അലംകരിച്ചു കഴിഞ്ഞിരിയ്ക്കുന്നു.

ന്യായാധിപൻെറ വിചാരണാവസരത്തിലുള്ള

ളരിപ്പും നിലയും, കുററക്കാരുടെ ദോഷങ്ങളെ വെളിപ്പെടുത്തുവാൻ സാമർത്ഥ്യത്തോടും വാഗ്മിതയോടും കൂടി കുറപ്പു ചെയ്ത പ്രസംഗങ്ങളുടെ സമ്പ്രദായങ്ങളും, പൌരന്മാരിൽ വ്യക്തങ്ങളായിരുന്ന ഭാവഭേദങ്ങളും, വിചാരണമദ്ധ്യത്തിൽ കാൎയ്യസഭാമന്ദിരത്തിലേയ്ക്കുണ്ടായ പാലുള്ളിനമ്പൂതിരിയുടെ ഘോഷയാത്രയും, അദ്ധ്യാസനം കൊടുത്തു പ്രമത്തൻനമ്പൂതിരി അദ്ദേഹത്തെ ആദരിച്ചിരുത്തിയതും മററും വിസ്തരിക്കുന്നില്ല. വാദിഭാഗമുള്ള എല്ലാം തെളിവുകളും കഴിഞ്ഞതിന്നു ശേഷം രാമവൎമ്മൻതമ്പുരാനോടു "വല്ലതും ബോധിപ്പിപ്പാനുണ്ടോ" എന്നു ന്യായാധിപൻ ചോദിച്ചു.

രാമ തമ്പു:—എന്റെ പേരിൽ ആരോപിക്കപ്പെട്ട കുററങ്ങളിൽ, ഞാൻ പടപ്പുറപ്പാടിന്നൊരുങ്ങി എന്നുള്ള ഭാഗം നേരല്ല. പെരുമാളുടെ സന്നിധിയിൽ ചെന്നു ഞാൻ സങ്കടങ്ങൾ ബോധിപ്പിച്ചതു നേരാണ്. അധികാരസ്ഥന്മാർ കല്പിക്കുന്ന ഏതുവിധം ദണ്ഡവും ഞാൻ അനുഭവിപ്പാൻ തയ്യാറാണ്.

അതിന്നുശേഷം ന്യായാധിപൻ അടിയോടിയുടെനേക്കു തിരിഞ്ഞു മുൻക്രമത്തിൽ ചോദിച്ചു.

അടി:—തെളിവിൽ വന്ന സംഗതിക്കു് എതിരായി എനിക്കൊന്നു മാത്രമേ ബോധിപ്പിപ്പാനുള്ളൂ. ദേവകി എന്ന സ്ത്രീയെ തടവിൽനിന്നു വിടുവിക്കുവാൻ ഞാൻ ശ്രമിച്ചിട്ടില്ല. തമ്പുരാനെ വിടുവിപ്പാൻ ഞാൻ പരിശ്രമംചെയ്തു എന്നുള്ളതു നേരാണ്.

തമ്പുരാനും അടിയോടിയും മേൽപ്രകാരം ധീരമായി പറഞ്ഞതു കേട്ടപ്പോൾ ആ മന്ദിരത്തിന്നകമെല്ലാം നിശ്ശബ്ദമായി. ചിത്രത്തിലെഴുതപ്പെട്ടപോലെ അവിടെ കൂടിയവരെല്ലാം നിശ്ചേഷ്ടന്മാരായിനിന്നു.

വിചാരണയുടേയും തെളിവുകൾ കൊടുക്കുന്നതിൻെറയും ചടങ്ങുകളാലും മററും സമയം വളരെ വൈകിപ്പോയി. അസ്തമയം കഴിഞ്ഞ് നാലുനാഴിക രാവുചെന്നു. പ്രമത്തൻ നമ്പൂതിരി അപ്പോൾ ഇടംവലം കൈകളായി വിചാരിച്ചുവെച്ചിട്ടുള്ള പാലുള്ളി നമ്പൂരി, ശേഖരക്കുറുപ്പ്, ഇവരോട് ചിലതു മന്ത്രിച്ചതിൻെറ ശേഷം കാഠിന്യത്തെ ഭാവങ്ങളാൽ തന്നെ പുരസ്സരിച്ചുംകൊണ്ടു "രാമവൎമ്മൻതമ്പാനേയും കുമാരൻ അടിയോടിയേയും, രാജദ്രോഹക്കാരം അവരിൽ തെളിഞ്ഞിരിക്കയാൽ അടുത്തദിവസം നാലുനാഴിക പുലരുന്നതിന്നു മുമ്പു ശൂലാരോഹണം ചെയ്യിക്കേണമെന്നു നാം കല്പിക്കുകയും വിധിക്കുകയും ചെയ്യുന്നു" എന്നുള്ള ഗരളാക്ഷരങ്ങളെ വമിച്ചു. വിധി ഉച്ചരിച്ചതിന്നു ശേഷം ഭടന്മാരെക്കൊണ്ട് ഒരു വേലി കുററക്കാൎക്കു പരിവേഷമെന്നപോലെ രചിപ്പിച്ച്, കുറുപ്പ് പ്രമത്തൻ നമ്പൂതിരിയുടേയും പാലുള്ളി നമ്പൂരിയുടേയും സമീപത്തേയ്ക്കു ചെന്നു. മൂന്നുപേരും കൂടി മറെറാരു മുറിയിൽ കടന്നിരുന്നു.

പാലുള്ളി:—വിചാരണമദ്ധ്യത്തിലേ എത്താൻ കഴിഞ്ഞുള്ളു. ഭടന്മാരെ കിട്ടിയത് വലിയ ഉപകാരം. ഇല്ലെങ്കിൽ അപ്പോഴും എത്താൻ കഴിയില്ല. ജനങ്ങളുടെ തിരക്കു കലശല്.

പ്ര: ന:—ഇവരെ ഇന്നു തടവിൽ കൊണ്ടുപോയി സൂക്ഷിക്കണമല്ലൊ.

പാലു:—കുറുപ്പ് ഒരുക്കങ്ങൾ ചെയ്തിട്ടില്ലെ?

കുറുപ്പ്:— ഭടന്മാരൊക്കെ ഒരുക്കമുണ്ട്.

പ്ര:—ഇങ്ങോട്ടു കൊണ്ടുപോന്നില്ലേ? അങ്ങോട്ടു കൊണ്ടുപോവാൻ എന്താണിത്ര ആലോചിപ്പാനുള്ളത്?

കുറു:—രണ്ടും തമ്മിൽ കുറെ അന്തരമുണ്ട്.

പാലു:—അതുനേരാണ്. വിധി കഴിഞ്ഞില്ലേ? ഇനി അവക്ക് എന്തായാലെന്താ?

കുറു:—എങ്ങിനെയാണ് കൊണ്ടുപോകേണ്ടത്?

പാലു:—കാൽനടയായി വഴി. അതു തീർച്ച.

കുറു—ഞാൻ ഒന്നാണാലോചിക്കുന്നതു്. ഒരു കാളവണ്ടിയിൽ രണ്ടുപേരേയും ഇരുത്തി വണ്ടിയുടെ ഇരുവശങ്ങളിലും ഭടന്മാരെ അണിനിരത്തണം. മുമ്പിൽ കുറെ ഭടന്മാരോടുകൂടി നടക്കേണ്ട ഭാരം അവിടെ ഏൽക്കണം.

പ്ര: ന:—ഓഹോ! ധാരാളമാവാം.

കുറു:—പിന്നിൽ ഭടന്മാരോടുകൂടി പാലുള്ളി തിരുമേനിയും ഞാനും നിൽക്കാം.

പാലു:—വലിയ തരക്കേടു തോന്നുന്നില്ല.

പ്ര: ന:—എന്നാൽ അങ്ങിനെ ഉറയ്ക്കുക. വണ്ടി വേഗം വിളിച്ചുകൊണ്ടുവരട്ടെ.

ഭടന്മാരിൽ ഒരുവൻ അപ്പോഠതന്നെ അവിടെ അടുത്തു കണ്ട വണ്ടി വിളിച്ചുകൊണ്ടുവന്നു. തടവുകാരെ അതിലിരുത്തി മുൻ നിശ്ചയിക്കപ്പെട്ട സമ്പ്രദായത്തിൽ കാരാഗൃഹത്തിലേയ്ക്കു പുറപ്പെട്ടു. വണ്ടിയിൽ തടവുകാരുടെ ഇരുഭാഗത്തും ഓരോ ഭടൻ അടങ്ങിരിക്കുന്നതു് അധികം നന്നായിരിക്കും എന്നുള്ള പാലുള്ളിനമ്പൂരിയുടെ അഭിപ്രായം കുറുപ്പ് അഭിനന്ദിച്ചു. ദേഹപുഷ്ടിയുള്ള രണ്ടു ഭടന്മാരെ തിരഞ്ഞെടുത്ത് മേൽപ്രകാരം ഇരുത്തി.. കാഴ്ചക്കാരായും അടിയോടിയിൽ അനുകമ്പയുള്ളവരായും മററും അവിടെക്കൂടി അവരെ അനുഗമിച്ചിരുന്ന പൌരന്മാൎക്ക് സംഖ്യയുണ്ടായിരുന്നില്ല. ഭീരുക്കളും അടിയോടിയെത്തന്നെ അ-

വലംബമാക്കി നിത്യോപജീവനം നിവൎത്തിച്ചു പോരുന്നവരും ആയുള്ളവർ മാറത്തടിച്ചു് മുറവിളികൂട്ടിത്തുടങ്ങി. ആൾക്കൂട്ടത്തിന്നിടയിൽനിന്നു് അധികാരിജനങ്ങളെപ്പററി അവജ്ഞയോടുകൂടിയുള്ള സംഭാഷണങ്ങൾ ഉച്ചത്തിൽ പുറപ്പെട്ടു. പൌരപ്രധാനന്മാർ ഒന്നായിച്ചേൎന്നു, തമ്പുരാനും അടിയോടികളും വേണ്ടി, പ്രമത്തൻനമ്പൂതിരിയോടു ക്ഷമായാചനം ചെയ്യേണ്ടിവരുമോ എന്നു ചിലർ സംശയിച്ചു. അതുകൊണ്ടു ഗണ്യമായ ഫലമൊന്നും ഉണ്ടാകുന്നതല്ലെന്നും, കുററക്കാരുടെ ബന്ധമോക്ഷം സിദ്ധിക്കണമെങ്കിൽ നമ്പൂതിരിയേയും കുറുപ്പിനേയും നാമാവശേഷന്മാരാക്കിത്തീക്കുകയാണു് വേണ്ടതെന്നും ചില യുവസാഹസികന്മാർ അഭിപ്രായപ്പെട്ടു. രോഷരസംകൊണ്ടുള്ള വിലേപനത്താൽ വിരൂപീകരിക്കപ്പെടാതെയുള്ള മുഖം ഒരാളുടെയെങ്കിലും അവിടെ ദൃശ്യമാകുന്നില്ല. പ്രമത്തൻനമ്പൂതിരി ജനപ്രഭാഷണങ്ങളുടെ വിവരങ്ങളൊന്നും അറിയുന്നില്ല. കുറുപ്പിൻെറ അഭിപ്രായമനുസരിച്ചു് അലങ്കാരത്തിനെന്നപോലെ ഒരു ഖഡ്ഗം കയ്യിലേന്തി കുറെ ഭടന്മാരോടുകൂടി മുന്നണിയിൽ നടക്കുകയായിരുന്നുവല്ലോ. പയററുകളിലൊന്നും പരിചയം സിദ്ധിച്ചിട്ടില്ലാത്ത അദ്ദേഹത്തിൻെറ ഹസ്തസമ്പൎക്കത്താൽ അചേതനവസ്തുവായ ആ ഖഡ്ഗത്തിന്നുപോലും പക്ഷെ ജാള്യം ജനിച്ചിരിക്കണം. ശ്രവണകൂൎമ്മതയും ഗൃദ്ധ്രനേത്രതപവും കലൎന്ന കുറുപ്പു് ഇവയെല്ലാം മനസ്സിലാക്കി. അശനിപാതത്തെ അനുക്ഷണം അദ്ദേഹം ഭയപ്പെടുകയും ചെയ്തു. എന്നിട്ടും ഭീരുതപം കുറുപ്പിൻെറ മുഖവികാരത്തിൽ പ്രത്യക്ഷപ്പെ

ടുന്നില്ല. സാമാന്യനിലയിൽ കവിഞ്ഞുള്ള സ്വര വ്യത്യാസത്തോടുകൂടി സംഭാഷണങ്ങൾ പുറപ്പെടുന്ന ദിക്കിലും, തടവുകാർ ഇരിക്കുന്ന വാഹനത്തെ അനു ഗമിച്ചു പ്രവഹിക്കുന്ന ജനനിവഹത്തിൻെറ നിരന്ത രഗതി പ്രത്യൂഹപ്പെട്ടു നിലകൊള്ളുന്ന ദിക്കിലും, വാ ഹനത്തിൻെറ ഇരുഭാഗങ്ങളിലും മുന്നിലും പിന്നിലും എല്ലാം അദ്ദേഹത്തിൻെറ സാന്നിദ്ധ്യം സവിശേഷം പ്രത്യക്ഷപ്പെട്ടിരുന്നു. വാഹനത്തിന്നരികിലായി ദീ പയഷ്ടികൾ ഏന്തിയുള്ള ഭടന്മാർ അണിയിട്ടു നട ന്നിരുന്നുവെങ്കിലും നിബിഡമായുള്ള അന്ധകാരം ആ അവസരത്തെ തുലോം ഭയാനകമാക്കി.

ആൾത്തിരക്കുകൊണ്ടും മററും വണ്ടിയുടെ ഗതി പതുക്കെയായിരുന്നു. ഈ വിധത്തിൽ കുറെ ദൂരം പോയപ്പോൾ വണ്ടിക്കാരൻ പെട്ടെന്നു് "അയ്യോ!" എന്നൊന്നു നിലവിളിച്ചു വണ്ടി നിൎത്തി. പ്രമത്തൻ നമ്പൂതിരി ഭയപ്പെട്ടു തിരിഞ്ഞുനിന്നു. താൻ ശങ്കി ച്ചിരുന്ന സംഗതി സംഭവിച്ചുകഴിഞ്ഞുവോ എന്നു ശേഖരക്കുറുപ്പ് ഭയപ്പെട്ടു. ജാഗ്രതയോടുകൂടി സൂക്ഷി ച്ചുനില്പാൻ പിന്നിലുള്ള ഭടന്മാരെ ശാസിച്ചു്, പാലു ള്ളിനമ്പൂരിയേയും കൂട്ടി, കുറുപ്പ്, വണ്ടിക്കാരൻെറ കഥകളറിവാൻ അങ്ങോട്ടു ചെന്നു.

കുറു:—നീയെന്തിനാ നിലവിളിച്ചതു്?

വണ്ടിക്കാരൻ:—തമ്പുരാനെ! അടിയൻെറ തല ക്കൊരു കല്ലു വന്നുവീണു.

പ്ര: ന:—കല്ലെവിടെ?

വണ്ടി:—കല്ലു് അടിയൻ കയ്യിലെടുക്കണോ! വാടകവേണ്ട. അടിയന്നു വണ്ടി കിട്ടിയാൽ മതി.

കുറ:—നീയെന്താണിപ്പറയുന്നതു്?

പാലു:—അവൻ അസാരം ഉറങ്ങി എന്നാണു തോന്നുന്നതു്. കല്ലുവീണു എന്നും മററും സ്വപ്നം കണ്ടതായിരിക്കണം.

വണ്ടി:—ഉറക്കത്തിൽ കണ്ട കല്ലു തല നോവിക്കുമോ?

പാലു:—ആട്ടെ, സാരമില്ല. വണ്ടി തെളിച്ചോ.

വണ്ടി:—ഏറുകൊണ്ടതു് അടിയനല്ലേ? തമ്പുരാക്കന്മാക്കെന്തൊ കേടു്? അവർ അടിയൻെറ വണ്ടിയും പൊളിക്കും.

പ്രഃ നഃ—ആരു്?

വണ്ടി:—ലകളക്കാരു്.

പ്രഃ നഃ—എന്തു ലഹള? ഇവിടെ ലഹളക്കാരില്ല. വണ്ടി നടക്കട്ടെ.

പാലു:—ഞാൻ നിൻെറ ഒപ്പം നടക്കാം. ഇനി കല്ലെറിയട്ടെ.

പാലുള്ളിനമ്പൂരിയെ വണ്ടിക്കാരൻെറ സഹായത്തിന്നു നിത്തി കുറുപ്പു് പിന്നിലേയ്ക്കു മടങ്ങി. അനന്തരം വണ്ടി നടത്തി കാരാഗൃഹത്തിൻെറ മുമ്പിൽ എത്തി നിത്തി. വണ്ടിയിൽ ഇരുഭാഗത്തും ഇരുന്നിരുന്ന ഭടന്മാർ ഇറങ്ങി അണിയിലേയ്ക്കു നടന്നു.

കുറുപ്പു തടവുകാരോടു പുറത്തേയ്ക്കിറങ്ങുവാൻ ആജ്ഞാപിച്ചു. യാതൊരനക്കവും ഉണ്ടായില്ല. കുറുപ്പിൻെറ ഉള്ളിൽ ഒരു ഇടിത്തീ വീണു. പരിഭ്രമത്തോടുകൂടി വണ്ടിയുടെ അകത്തേയ്ക്കു തലയിട്ടു നോക്കി. അതു വെറും ഒഴിഞ്ഞ വണ്ടിയായിരുന്നു!! കുറുപ്പു് നിർജ്ജീവനായിനിന്നു. തടവുകാരെ കൊണ്ടുപോ

രുവാൻ താൻചെയ്ത മുൻകരുതലുകളിലും മററും ന്യൂനതകളൊന്നും വന്നുപോയിട്ടില്ലെന്നു് അദ്ദേഹത്തിന്നു നല്ല ഉറപ്പുണ്ടു്. അത്ര നിഷ്കൃഷ്ടതയോടുകൂടിയ ബന്ധനത്തിൽനിന്നു് തടവുകാൎക്കു് ഉടലോടുകൂടിയുള്ള മോക്ഷത്തിന്നു്, അദൃശ്യമൂൎത്തിയായി ഒരു അവതാരപുരുഷൻ അവിടെ ആവിൎഭവിച്ചു എന്നു വിചാരിപ്പാൻ കുറുപ്പിന്നു മനസ്സുവന്നില്ല. സംഭവം അത്യാശ്ചൎയ്യകരമായിരുന്നുതാനും. സംഗതികളുടെ പരിണാമത്താൽ സംഭവിച്ചിരിക്കുന്ന ജാള്യത്തിന്നു പുറമെ സൈന്യനേതാവിന്റെ നിലക്കുള്ള തന്റെ പ്രാപ്തിയെ സംബന്ധിച്ചു മേലധികാരസ്ഥന്മാൎക്കുണ്ടായേക്കാവുന്ന ആശയഗതിയെപ്പററിയും കുറുപ്പു് പരിചിന്തനം ചെയ്വാൻ തുടങ്ങി. ന്യായാധിപസ്ഥാനത്തിന്റെ ബാദ്ധ്യതകൾ, ആ കാൎയ്യം സംബന്ധമായി നിശ്ശേഷം നിൎവ്വഹിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ പ്രമത്തൻനമ്പൂതിരി സ്വാതന്ത്ര്യവാനായിരിക്കുന്നു. അദ്ദേഹത്തിന്റെ മുന്നണിയിലുള്ള യാത്ര കേവലം ആഡംബരത്തിന്നു മാത്രമെ ആയിരുന്നുള്ളു എന്നും ഉത്തരവാദിത്വങ്ങളെല്ലാം തന്നിൽത്തന്നെയാണു് ചുമത്തപ്പെട്ടിട്ടുള്ളതെന്നും കുറുപ്പിന്നു അറിവുണ്ടു്. എന്നാൽ, തടവുകാർ തിരസ്കരണിവിദ്യയാലെന്നപോലെ മറഞ്ഞതു വാസ്തവം നമ്പൂതിരിയുടെ മൎമ്മഭേദംതന്നെ ചെയ്യുമെന്നുള്ള ബോധം കുറുപ്പിന്റെ പൎയ്യാകുലതയെ പല്ലവിതമാക്കി. ഒട്ടും വൈകാതെ വസ്തുതകൾ നമ്പൂതിരിയെ ധരിപ്പിക്കതന്നെ, എന്നു നിശ്ചയിച്ചു അദ്ദേഹം കാരാഗൃഹത്തിലേയ്ക്കു നടന്നു.

പ്രമത്തൻനമ്പൂതിരി കാരാഗൃഹരക്ഷകനു വേണ്ടതക്ക കല്പനകൾ കൊടുപ്പാൻ വേണ്ടി, പാലുള്ളിന്ന

മ്പൂരിയോടുകൂടി തടവുമുറിയുടെ വാതിൽക്കൽ നിൽക്കയായിരുന്നു. കുറുപ്പ് അദ്ദേഹത്തിൻെറ മു മ്പിൽ ചെന്നുനിന്നു.

കുറുപ്പ്:—തടവുകാരെ—

പ്ര: ന:— നേരെ ഇങ്ങോട്ടുകൊണ്ടുപോരു. ഇ വിടെ എല്ലാം ഏൎപ്പാടാക്കീട്ടുണ്ടു്.

കുറു:—തടവുകാർ—വണ്ടിയിൽ—നിന്നു്—

പ്ര: ന:—ഇവിടെ എത്തിക്കഴിഞ്ഞില്ലെ? ഇനി എനിക്കു പരിഭ്രമമില്ല. പാലുള്ളിയും കൂടെചെല്ലു. വണ്ടിയിൽ നിന്നിറക്കാൻ കുറുപ്പിന്നു് അല്പം പരിഭ്ര മം കാണുന്നുണ്ടു്.

പാലു:—(കുറുപ്പിനോടു്) എന്നാൽ പോക യല്ലേ.

കുറു:—തടവുകാർ ചാടിയിരിക്കുന്നു. വണ്ടിയി ലില്ല.

പ്ര: ന:—എന്തു്! കുറുപ്പ് എന്താ പറയുന്നതു്!

കുറു:—എനിക്കൊന്നും പറയാൻ വയ്യ. ഞാൻ ഇനി ഇരിക്കുന്നില്ല.

പാലു:—കുറുപ്പ് എന്താണിത്ര പരിഭ്രമിക്കുന്ന തു്? വണ്ടിയിൽ ഇരുന്നിരുന്ന തടവുകാർ ഇവിടെ എത്തുമ്പോഴക്കും ഇല്ലാതാകുമോ? അവർ കസ്തൂരിയും കൎപ്പൂരവും ഒന്നും അല്ലല്ലൊ. (നമ്പൂതിരിയോടു) പരി ഭ്രമിക്കണ്ട. കുറുപ്പിൻെറ അന്ധാളിത്തമാണു്. ഒന്നു ചെന്നുനോക്കുകയല്ലെ?

പ്ര: ന:—ഞാൻ വരാം. പക്ഷെ കുറുപ്പ് പറ ഞ്ഞതുതന്നെയാവും കാൎയ്യവും. ഞാൻ വല്ല വഴിക്കും പൊയ്ക്കളയാം. ഇവിടെ ഇനി എങ്ങനെ തലപൊ ക്കി നടക്കും!

എന്നുപറഞ്ഞു മൂന്നു പേരുംകൂടെ വണ്ടിയുടെ സമീപത്തേയ്ക്കു ചെന്നു.

വണ്ടിക്കാരൻ:— തമ്പുരാനെ, വാടക കിട്ടീലല്ലൊ.

പ്രമത്തൻനമ്പൂതിരിക്കു കലശലായി കോപം വന്നു. "വാടക! നിൻെറ വാടക ഇതാണ്" എന്നു പറഞ്ഞ് അദ്ദേഹം വണ്ടിക്കാരനെ ഒരു തള്ളകൊടുത്തു. തള്ളകൊണ്ടപ്പോഠ വണ്ടിക്കാരൻ "വണ്ടി അതാ കിടക്കുന്നു. വാടക വേണ്ട. ഉന്തും തള്ളും കൊള്ളാഞ്ഞാൽ മതി" എന്നും പറഞ്ഞു തടവുകാരെ കാണാത്ത തെററിന്നു തന്നെ തടങ്ങൽചെയ്യേങ്കിലോ എന്നുള്ള ഭയംകൊണ്ടെന്നപോലെ അവിടെനിന്ന് ഓടി. വണ്ടി ആസകലം പരിശോധന കഴിഞ്ഞതിന്നു ശേഷം,

പ്ര: ന:— വണ്ടിയിൽ കാവലിരുന്നിരുന്ന ഭടന്മാരെവിടെ? അവർ ഇതിൻെറ സമാധാനം പറയട്ടെ.

കുറ:— ഞാൻ ഓരോരുത്തനേയും കണ്ടു ചോദിച്ചു. ഇരുന്നിരുന്നത് "ഞാനല്ല, ഞാനല്ല" എന്നു എല്ലാവരും പറയുന്നു.

പ്ര: ന:— ഇരുത്തിയത് കുറുപ്പല്ലെ?

കുറ:— അതെ. ബദ്ധപ്പാടിനിടയിൽ രണ്ടു ഭടന്മാരെ ഇരുത്തിയതല്ലാതെ ഇരുട്ടിൽ ആളെ ഞാൻ നല്ലവണ്ണം സൂക്ഷിച്ചില്ല.

പ്ര: ന:— (പാലുള്ളിനമ്പൂരിയോട്) പാലുള്ളിയുടെ ശങ്ക തീൎന്നില്ലെ?

പാലുള്ളിനമ്പൂരി മൂക്കത്തു വിരൽവെച്ചു മിണ്ടാതെനിന്നു.

പ്ര: ന:— എന്താ പാലുള്ളി മിണ്ടാതെ നില്ക്കുന്നതു്?

പാലു:— ഇതിൽ അസാരം ഉപ്പുവല എനിക്കും പററി, ഇല്ലത്തെ പാരമ്പയ്യം എന്നൊന്നുള്ളതു് ഞാനായിട്ടു കളഞ്ഞു.

പ്ര: ന:—പാലുള്ളി ഖേദിക്കണ്ട. ഗോദവമ്മ തമ്പാൻ ഇവിടെ എത്തിയതു് അറിഞ്ഞ മുതൽക്കുതന്നെ എനിക്കു പരിഭ്രമം തുടങ്ങീട്ടുണ്ടായിരുന്നു.

പാലു:— തമ്പാൻ വന്നാൽ രാജകാൎയ്യങ്ങളൊന്നും നടത്താൻ പാടില്ലെന്നോ?

പ്ര: ന:— ആ ബൌദ്ധൻെറ വഴി ഒന്നും പാലുള്ളി അറിഞ്ഞിട്ടില്ല. ദുഷ്ടനാണു്.

കുറു:— ഇവിടുന്നു തമ്പുരാനെ കണ്ടിട്ടുള്ള ആളല്ലെ? ഒരിക്കൽ കണ്ണിൻെറ മുമ്പിൽ കാണിച്ചുതരാൻ സാധിക്കുമോ?

പാലു:— ഓഹോ, ധാരാളം. ഇതുവരെ അതിനു് ഉത്സാഹിക്കേണ്ടിവന്നിട്ടില്ല. തമ്പാനാണു് അവരെ രക്ഷപ്പെടുത്തിയതെങ്കിൽ കുറച്ചുകാലത്തേക്കെങ്കിലും അവർ തമ്പാനെ വിട്ടുപോവില്ല. അതിനാൽ തടവുകാരോടുകൂടിത്തന്നെ പിടിക്കാം. വിഷാദിക്കണ്ട. ഒരു പക്ഷത്തിനുള്ളിൽ അവരെ കണ്ടുപിടിച്ചു നിങ്ങൾക്കറിവുതരാം.

കുറു:—അവിടുന്നു് ഏല്ക്കുന്നകാൎയ്യം വളരെ എളുപ്പമുള്ളതല്ല.

പാലു:—അതു ഞാൻ നിവൃത്തിച്ചുകൊള്ളാം. ഈ ബ്രഹ്മനാണു് ഞാൻ ഏററു.

പ്ര: ന:— അതുമതി— പാലുള്ളിക്കു് അതു സാധിക്കും.

പാലു:— എന്നാൽ എനിക്കനുവാദം തരണം. എൻെറ ആളോ അറിയിപ്പോ വന്നാൽ നിമിഷം താമസംകൂടാതെ കുറെ ഭടന്മാരോടുകൂടി ഒരുങ്ങി വരണം.

ഇങ്ങിനെ പറഞ്ഞു പാലുള്ളി നമ്പൂരി അവിടെ നിന്നു പോയി.

തടവുകാർ എവിടെ? ഗോദവൎമ്മൻ തമ്പുരാനോടുകൂടി, പെരുമാൾവാഴ്ചയുടെ അധികാരസ്ഥലത്തിൻെറ സീമകളെല്ലാം കടന്നു, തിരുവനന്തപുരത്തേയ്ക്കു പോകുന്ന ഒരു ബോട്ടിലാണ് അവരെ നാം പിന്നെ കാണുന്നതു്. അതിൽ തമ്പുരാനും തടവുകാരും അല്ലാതെ, കുഞ്ഞുകുട്ടി അമ്മ, ദേവകി, വയോധികയായ ദാസി, തമ്പുരാൻെറ സ്നേഹിതന്മാരായ നാരായണൻ തമ്പി, ശിവൻപണ്ടാല, കേശവൻപിള്ള, ഇവരും ഉണ്ട്.

ഗോ: തമ്പു:— പലപ്പോഴും ക്ഷണിച്ചിട്ടും പ്രമത്തൻെറ ഇല്ലത്ത് ഞാൻ ഊണുകഴിച്ചില്ല. ഇനി ഒരിക്കലാവാം.

അടി:— പോററിയായും പാലുള്ളി നമ്പൂരിയായും നടന്ന് ഇത്ര അസാദ്ധ്യമായ ഒരു കാൎയ്യം നിൎവ്വഹിപ്പാൻ അവിടേക്കല്ലാതെ സാധിക്കില്ല.

ഇതു കേട്ടപ്പോൾ കുഞ്ഞുകുട്ടിഅമ്മ ഒന്നു ഞെട്ടി.

കുഞ്ഞു:— കുട്ടൻെറ സമീപത്തേക്കു പോററി ആണെന്നു പറഞ്ഞ് പലപ്പോഴും വന്നിരുന്ന ആൾ അവിടുന്നാണോ? കഷ്ടം! എൻെറ കഥയില്ലായ്മ!

അടി:— എന്താ അമ്മ അങ്ങിനെ പറയുന്നത്?

കുഞ്ഞു:— അതൊന്നും പറയണ്ട, അവിടുന്നു വിചാരിച്ചാൽ കുട്ടനെ വിടുവിക്കാൻ കഴിയുമോ എന്നുതന്നെ ഞാൻ മുഖത്തുനോക്കി ചോദിച്ചു. എന്നിട്ടും അവിടുന്നു കാൎയ്യമൊന്നും പറഞ്ഞില്ല.

തമ്പുരാൻ ഇതു കേട്ടപ്പോൾ ചിരിച്ചു.

അടി:— ഭടന്മാരുടെ ഉടുപ്പുകൾ എങ്ങിനെ സമ്പാദിച്ചു? വണ്ടിയിൽ ഉണ്ടായിരിക്കും എന്നല്ലേ ഞങ്ങളോടു പറഞ്ഞുള്ളു?

ഗോ: ത:— എന്നോടു് വിചാരണക്കു് എത്തണം എന്നു് പ്രമത്തൻ നന്നെ നിർബന്ധമായി പറഞ്ഞു; ഞാൻ അല്പം പേടി നടിച്ചു. നാലു ഭടന്മാരെ എന്റെ ദേഹരക്ഷക്കു കിട്ടണം എന്നാവശ്യപ്പെട്ടു. അതിന്നല്പം യുക്തിയും ഉണ്ടായിരുന്നു. പ്രമത്തനും മററുമായുള്ള എന്റെ കൂട്ടുകെട്ടുകൊണ്ടു പൌരജനങ്ങൾ എന്നെ കുറെ വെറുത്തു. ആ സംഗതി അവൎക്കു മനസ്സിലായിട്ടുണ്ടു്. ഞാൻ ആവശ്യപ്പെട്ട ഭടന്മാരെ വേഗം തന്നു. ആ ഭടന്മാരെ ബന്ധിച്ചു് ഇട്ടു് അവരുടെ ഉടുപ്പുകൾ നമ്മുടെ ആവശ്യത്തിന്നുപയോഗിച്ചതാണു്.

കുഞ്ഞു:— കുട്ടനും മററും അവരുടെ ഇടയിൽനിന്നു ചാടിപ്പോന്നതെങ്ങിനെ?

അടി:— തമ്പുരാൻ തിരുമനസ്സുകൊണ്ടു വേണ്ട ഉപദേശങ്ങളെല്ലാം, ഞങ്ങൾ തടവിൽ ഇരിക്കുമ്പോൾതന്നെ തന്നിട്ടുണ്ടായിരുന്നു. വിചാരണ കഴിഞ്ഞു് തടവിലേക്കു വീണ്ടും ഞങ്ങളെ കൊണ്ടുപോകുവാൻ, അവരെക്കൊണ്ടു് ഒരു വണ്ടി ഏൎപ്പാടുചെയ്യിപ്പിക്കണം എന്നു് അവിടുന്നു മുൻകൂട്ടി നിശ്ചയി

ച്ചു. കേശവൻ പിള്ളയെ വണ്ടിക്കാരന്റെ വേഷം ധരിപ്പിച്ച്, ഒരു വണ്ടിയോടുകൂടി, കാൎയ്യാലോചനമന്ദിരത്തിന് ഏററവും അടുത്തു നിൎത്തി. ആ വണ്ടിയിലാണ് ഞങ്ങളെ ഇരുത്തിയത്. രണ്ടു ഭടന്മാർ ഞങ്ങളുടെ ഇരുപുറവും ഇരിക്കട്ടെ എന്ന് അഭിപ്രായപ്പെട്ടു, കുറുപ്പിനെക്കൊണ്ട് അങ്ങിനെ ചെയ്യിച്ചു. ആ ഭടന്മാർ തമ്പിയും പണ്ടാലയുമാണ്. ഞങ്ങൾ വണ്ടിയിൽ ഇരുന്ന് ഭടന്മാരുടെ ഉടുപ്പുകൾ ധരിച്ചുകഴിഞ്ഞപ്പോൾ വണ്ടിക്കാരൻ ഒന്നു നിലവിളിച്ച്, വണ്ടി പെട്ടെന്നു നിൎത്തി. അപ്പോൾ വണ്ടിയുടെ സമീപത്തു പൌരന്മാരും ഭടന്മാരുംകൂടി തിങ്ങി വന്നു നിന്നു. രാത്രിസമയവുമായിരുന്നുവല്ലൊ. അതാണ് ഞങ്ങൾക്ക് വണ്ടിയിൽനിന്നു പുറത്തേക്കു ചാടുവാനുള്ള അവസരം എന്ന് തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരുന്നു.

രാമ: തമ്പു:—വണ്ടിയിൽ ഞങ്ങളുടെ ഇരുവശത്തും ഇവരെത്തന്നെ ഇരുത്താൻ സാധിക്കുമെന്ന് എങ്ങിനെ നിശ്ചയിച്ചു?

ഗോദ: തമ്പു:— ദേഹപുഷ്ടിയുള്ളവരാണല്ലൊ വേണ്ടത്. ഇവൎക്കു അതിന്നു മാന്ദ്യമില്ല. പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്ക് എളുപ്പത്തിൽ ആളെ കിട്ടുവാൻ എന്റെ ചവിട്ടടിയിൽത്തന്നെ ഇവരെ നിൎത്തിയിരുന്നു. അവർ വന്ന് ഇരുന്നതുകൊണ്ടാണ് നിങ്ങൾക്കു വണ്ടിയിൽ ഇരുന്നു ഭടന്മാരുടെ ഉടുപ്പുകൾ ധരിപ്പാനും മററും തരംകിട്ടിയതു്. നിങ്ങൾ ചാടിപ്പോയിട്ടും വണ്ടിയിൽ ഭടന്മാർ മാത്രമേ ഉള്ളു എന്ന് അവരാരും അറിഞ്ഞില്ലല്ലൊ. ഭടന്മാരുടെ സംഖ്യ

അന്നു് അധികം ഉണ്ടായിരുന്നതിനാൽ, നിങ്ങൾക്കു് മററൊരു വേഷത്തിൽ പോരുന്നതിനേക്കാൾ ഇതായിരുന്നു അധികം എളുപ്പം.

രാമ: തമ്പു:—ഞാൻ എല്ലാംകൊണ്ടും ഒരു നിർഭാഗ്യവാനാണു്. എന്നെ രക്ഷപ്പെടുത്താൻ ഉത്സാഹിച്ചതുകൊണ്ടല്ലേ അടിയോടി ഇങ്ങിനെ ഒരാപത്തിൽ ചെന്നുചാടിയതു്! ഈ സ്ത്രീ ദേവകി എത്ര കഷ്ടപ്പെട്ടു! പക്ഷെ അങ്ങുന്നുണ്ടായതുകൊണ്ടു ഞങ്ങൾ എല്ലാവരുംജീവിച്ചു. ഞങ്ങൾക്കുവേണ്ടി ഇത്രമാത്രം ബുദ്ധിമുട്ടിയതിനും അമാനുഷതന്ത്രങ്ങളെടുത്തു് ഞങ്ങളെ രക്ഷിച്ചതിനും ഞങ്ങളുടെ ദേഹവും മനസ്സും അങ്ങക്കു് അധീനങ്ങളായിക്കഴിഞ്ഞു.

ഗോദ: തമ്പു:—ഇതിന്നിത്രയൊന്നും പറവാനില്ല. എനിക്കു് അവിടെ ഇരുന്നു് മുഷിച്ചൽ തോന്നിയപ്പോൾ ഒരു നേരംപോക്കിന്നുവേണ്ടി ഇവിടെ വന്നു് എന്തോ ചിലതൊക്കെ പ്രവൎത്തിച്ചു. അത്രമാത്രം.

അടി:— വണ്ടി നിന്നപ്പോൾ തമ്പിയോടും പണ്ടാലയോടും ചോദ്യമുണ്ടായില്ലേ?

തമ്പി:—അതിന്നിടകൊടുത്തില്ല. വണ്ടി നിന്ന ഉടനെ ഞങ്ങൾ ചാടി അണിയിൽ ചേൎന്നു. കുഴപ്പിന്റെ ആദ്യത്തെ പരിഭ്രമം കഴിഞ്ഞു ചോദ്യം വരുന്നതിന്നു മുമ്പിൽ അവിടംവിട്ടു പോന്നു.

അടി:—തമ്മിൽ പിരിയുമ്പോൾ പ്രമത്തൻ എന്തു പറഞ്ഞു?

ഗോദ: തമ്പു:—ഗോദവമ്മത്തമ്പാനെ പിടിച്ചുകൊടുപ്പാൻ എന്നെ ഭാരം ചുമത്തീട്ടുണ്ടു്. ഞാൻ വേ

ഗംപോന്നു. അധികം താമസിച്ചാൽ കുറുപ്പ് എന്നെ കണ്ടുപിടിക്കും. പാലുള്ളി ഞാൻതന്നെയാണെന്ന് ഇ പ്പോൾ അറിഞ്ഞിരിക്കും. കുറുപ്പു ബുദ്ധിമാനാണ്.

ഈ സല്ലാപത്തിന്നിടയിൽ അടിയോടി, ദേവ കിയെ കൂടക്കൂടെ നോക്കി ഉഷ്ണമായി നിശ്വസിക്കുന്ന തു തമ്പുരാൻ കണ്ടു. അടിയോടിക്കുള്ള ചില ധാരണ കളെ ശരിപ്പെടുത്തുവാനും ഇല്ലാത്തവയെ ഉണ്ടാക്കുവാ നും നിശ്ചയിച്ച് തമ്പുരാൻ:—"എനിക്ക് അടിയോ ടിയോട്ട് അല്പം ചിലതു ഗൂഢമായി പറയുവാനു ണ്ട്"എന്നു പറഞ്ഞു.

ഇവരുടെ സംഭാഷണം തുടങ്ങുന്നതിന്നുമുമ്പു ചി ല സംഗതികളെ വെളിപ്പെടുത്തട്ടെ. പാലുള്ളിന മ്പൂരിയുടെ നിലയിൽ എമ്പ്രാന്തിരിക്കും മററും അതൃ ത്തി കടന്നുപോകുവാനുള്ള അനുവാദപത്രം പ്രമത്തൻ നമ്പൂതിരിയോടു തമ്പുരാൻ വാങ്ങി എന്നു പറഞ്ഞുവ ല്ലോ. വിചാരണകേൾപ്പാൻ പുറപ്പെടുന്നതിന്നു മുമ്പാ യിതന്നെ കുഞ്ഞുകുട്ടിഅമ്മയേയും, ദേവകി, വയോ ധികയായദാസി, ഇവരേയും അടിയോടിയുടെ വീട്ടി ൽനിന്നു കൊണ്ടുപോന്ന് ഒരുസ്ഥലത്ത് ഇരുത്തി. അ ടിയോടിയും രാമവർമ്മൻതമ്പുരാനും വണ്ടിയിൽനി ന്നു രക്ഷപ്പെട്ട ഉടനെ ആ സ്ഥലത്തേക്കെത്തി, വേ ണ്ടതക്ക വേഷപരിഷ്കാരങ്ങൾ ചെയ്യാൻ ഉപദേശി ച്ചിട്ടുണ്ടായിരുന്നു. പ്രമത്തൻനമ്പൂതിരിയോടും മററും യാത്രപറഞ്ഞു തമ്പുരാൻ ആ സ്ഥലത്ത് എത്തുമ്പോ ഴക്കും അടിയോടിയും മററും അവിടെനിന്നു പുറപ്പെ ടുവാനുള്ള ഒരുക്കങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. അ

ടിയോടി അമ്മയെ കണ്ടപ്പോഠം രണ്ടുപേക്കും ഉണ്ടാ
യ ഉഠംക്കളിർമയെപ്പററി വിവരിക്കേണമോ? ദേവ
കിയോടു വെറും മൌനഭാവം മാത്രമാണ് അദ്ദേഹം
പ്രദശിപ്പിച്ചതു്. അവഠം അടിയോടിയെ കണ്ട
പ്പോഠം ആലിലപോലെ വിറച്ചു. പോററിയോടു
തനിക്കു പറവാനുണ്ടായിരുന്നതു പറഞ്ഞുകഴിഞ്ഞ ദി
വസംതന്നെ മാണിക്കം മരിച്ചുപോയി. മാണിക്ക
ത്തിൻെറ ചരമഗതിയെക്കുറിച്ചു് അമ്മ പറഞ്ഞു കേ
ട്ടപ്പോഠം അടിയോടിക്കു് അതികഠിനമായ ശോകാ
വേഗമുണ്ടായി. തമ്പുരാനും പിള്ളയും എത്തിയതി
നുശേഷം വിളംബമൊന്നും ഉണ്ടായില്ല. എമ്പ്രാന്തി
രിയും കുടുംബങ്ങളും എന്ന നിലയിൽ യാത്ര തുടങ്ങി.
തമ്പിയും പണ്ടാലയും ഭടന്മാരുടെ വേഷം വെടിയാ
തെ അവരെ അനുഗമിച്ചു. എല്ലാവരും അത്തുത്തിയി
ലെത്തി. അവിടെയുള്ള കാവൽഭടന്മാരെ കണ്ടപ്പോ
ഠം തമ്പി, സൈനികനിയമപ്രകാരമുള്ള ആചാരങ്ങ
ഠംചെയ്തു: "ഇവർ പാലുള്ളിനമ്പൂരിയുടെ ഇല്ലത്തേക്കു
പോകുന്നവരാണ്. നമ്മുടെ തിരുമനസ്സുകൊണ്ടു തൃ
ക്കൈവിളയാടി മുദ്രവെച്ചുകൊടുത്ത അനുവാദപത്ര
മാണിതു്." എന്നു പറഞ്ഞു് അതു അവക്കു കാണി
ച്ചു കൊടുത്തു. കാവൽക്കാർ അതു വാങ്ങി നല്ലവണ്ണം
പരിശോധിച്ചു നോക്കി.

തമ്പി:—ഇവക്കു് ഉപദ്രവം ഒന്നുംകൂടാതെ ബോ
ട്ടുകയററി മടങ്ങിച്ചെല്ലാനാണ് കുരുപ്പേമാൻെറ ക
ല്പന.

പാലുള്ളി നമ്പൂരിക്കു, രാജാധികാരികളോടുള്ള
സ്നേഹത്തെപ്പററിയും, അവക്കു് അദ്ദേഹത്തിനോ

ട്ടുള്ള ബഹുമാനാദരങ്ങളെപ്പററിയും, പൊതുവിൽ എല്ലാവക്കും അറിവുണ്ടല്ലോ. അതുത്തികാവൽക്കാർ ഉടനെ അവരെ കടന്നുപോകാൻ അനുവദിച്ചു.

ഇനി, തമ്പുരാനും അടിയോടിയും തമ്മിലുള്ള സംഭാഷണം എന്താണെന്നറിയുകതന്നെ.

ഗോദ: തമ്പു:— കാര്യമെല്ലാം കഴിഞ്ഞിട്ടും എന്താ മനസ്സിന്നൊരു തെളിവുതേട്?

അടി:— തെളിവുകേടൊന്നുമില്ല.

തമ്പു:— ഇല്ലെന്ന് അടിയോടി പറഞ്ഞാൽ മതിയോ? ആട്ടെ, ഇല്ലെങ്കിൽ വേണ്ട. ദേവകിയുടെ ഭാവിയെപ്പററി എന്തു വിചാരിക്കുന്നു? ആ സ്ത്രീ ഇപ്പോഠം നമ്മുടെ കൂട്ടത്തിൽ പോരുന്നുണ്ടല്ലോ.

അടി:— ഞാൻ എന്താണ് തീച്ചപ്പെടുത്താനുള്ളത്?

തമ്പു:— മുമ്പ് വീട്ടിൽവെച്ച് അടിയോടി ആ യുവതിയെപ്പററി, എന്നോട് ചിലതു പറഞ്ഞത് ഓമ്മയുണ്ടോ?

അടി:— ആ കാലമൊക്കെ കഴിഞ്ഞില്ലെ? അതിന്നുശേഷം എന്തെല്ലാം സംഗതികഠം നടന്നു!

തമ്പു:— നടന്ന സംഗതികഠം എല്ലാം അടിയോടി അറിഞ്ഞിട്ടില്ല. എന്നോട് ആ സാധു മാണിക്കം മരിക്കുന്നതിന്നുമുമ്പ് എല്ലാം പറഞ്ഞു.

അടി:— എന്തുതന്നെ പറഞ്ഞാലും എന്നെ ഇത്രത്തോളം ആപത്തിൽ അകപ്പെടുത്തിയ സ്ഥിതിക്ക്—

തമ്പി:— എന്താണ് അടിയോടിക്കുള്ള പരിഭ
വം? അതു പറയൂ.

അടി:— അവിടേക്ക് അതു ഞാൻ പറഞ്ഞുത
രേണമോ? അല്ലെങ്കിൽ പറയാം. എന്നെപ്പററി വാ
റോല അയച്ചില്ലേ? അതിന്നുശേഷം വീണ്ടും എന്നെ
പിടിച്ച് മരണശിക്ഷ വിധിപ്പിപ്പാൻ വഴിയെടു
ത്തില്ലേ?

തമ്പി:— വാറോലയിൽ പറഞ്ഞ രേഖകൾ
കുറുപ്പും മററും വരുന്നതിന്നു മുമ്പ് അടിയോടിതന്നെ
എടുത്തു നശിപ്പിച്ചിട്ടുണ്ടായിരുന്നുവോ?

അടി:—ഇല്ല. ഇങ്ങിനെ ചതിക്കുമെന്നു ഞാൻ
വിചാരിച്ചില്ല.

തമ്പി:—എന്നാൽ രേഖകൾ എവിടെ?

അടി:—അതെനിക്കു വിവരമില്ല.

തമ്പി:—അത് അന്വേഷിക്കണ്ടേ? ദേവകിത
ന്നെയാണ് അത് എടുത്തു നശിപ്പിച്ചതു്. ചന്തു
ക്കുറുപ്പ് ദേവകിയെക്കൊണ്ട് 'ജ്യേഷ്ഠനെക്കൊന്നതി
ന്ന് പ്രതിക്രിയ ചെയ്യും' എന്ന് സത്യം ചെയ്യിച്ചി
ട്ടുണ്ടായിരുന്നു. ആ ശപഥം, പേരിന്നുവേണ്ടി നിൎവ്വ
ഹിച്ചു. അടിയോടിയുടെ രക്ഷമാത്രമായിരുന്നു അ
വൾ കാംക്ഷിച്ചിരുന്നതു്. കുറുപ്പ് അന്നു മുററത്തെ
ത്തിയ നിമിഷം അവൾതന്നെ രേഖകളെടുത്തു നശി
പ്പിച്ചു. ഈ സംഗതികൾ എല്ലാം മാണിക്കത്തിന്നു്
അറിവുണ്ടായിരുന്നു.

അടി:—എന്നോടു പറഞ്ഞില്ലല്ലോ.

തമ്പി:—സംഗതികൾ മുഴുവൻ പറവാൻ, ക
ഷ്ടം!—ആ സാധുവിന്നു സാധിച്ചില്ലല്ലോ. ആ കാ
ൎയ്യങ്ങൾ ഒന്നും സ്മരിക്കകപോലും വയ്യ.

മാണിക്കത്തിൻെറ അനുരാഗസ്ഥിതികളെ അടിയോടി അറിഞ്ഞിട്ടില്ലാത്തതിനാൽ ആ ഭാഗം വെളിപ്പെടുത്തുന്നത് യുക്തമല്ലെന്നു തമ്പുരാനു തോന്നി,

തമ്പു:—ദേവകിക്കു വല്ലതെററും കല്പിപ്പാനുണ്ടെങ്കിൽ തന്നെ അതു കരുപ്പിൻെറ പരിശോധന കഴിഞ്ഞ് അടിയോടിയെ വിട്ടയച്ചതോടുകൂടി കലാശിച്ചുപോയി. പിന്നെ, മരണശിക്ഷ വിധിപ്പിച്ച കാര്യത്തിൽ അപരാധികഠം ഞാനും എൻെറ ഈ മൂന്നു സ്നേഹിതന്മാരുമാണ്.

അടി:—അതെങ്ങിനെ?

തമ്പു:—അടിയോടിയെ അവർ വീണ്ടും പിടിച്ചതെന്തിനാണ്?

അടി:—എനിക്കതു മനസ്സിലായില്ല. എന്നെ വിസ്തരിച്ച സമയത്ത് അവർ പറഞ്ഞപ്പോഴും കാര്യം വ്യക്തമായില്ല. ഞാൻ ദേവകിയെ വിടുവിപ്പാൻ ശ്രമിച്ചു എന്നാണ് അവർ പറഞ്ഞതു്.

തമ്പു:—എൻെറ ഈ മൂന്നു സ്നേഹിതന്മാർ, ദേവകിയെ തടവിൽ ഇട്ടദിവസം തന്നെ, എൻെറ ഉപദേശപ്രകാരം അടിയോടിയുടെ ആഠംക്കാരാണെന്നു നടിച്ചുംകൊണ്ട് കാരാഗൃഹത്തിൽ ചെന്ന് കാരാഗൃഹരക്ഷകനെ ഭീഷണിപ്പെടുത്തി. ആ സ്ത്രീയെ വിട്ടുകൊടുക്കണം എന്നു നിർബ്ബന്ധിച്ചു. അപ്പോഠം ഞാൻ അവിടെ എത്തി, ഇവരോട് ഒരു ചെറിയ യുദ്ധം നടത്തി കാരാഗൃഹരക്ഷകനെ രക്ഷപ്പെടുത്തി. അങ്ങിനെയാണ് എനിക്കു പ്രമത്തൻെറ സേവ കിട്ടിയതു്.

KOTTA... LIB...

അടി:—കഴുത്തറുക്കുന്ന ഈ ദുഷ്ടന്മാർക്ക് എന്നോ ബലികഴിച്ചിട്ടോ?

തമ്പു:—അടിയോടിയെ തടവിലേക്കു കിട്ടാതെ എൻെറ ഉദ്ദേശം മുഴുവൻ നടക്കില്ല. അല്ലെങ്കിൽ ദേവകിയെ തടവിലാക്കി പോരണം. രാമവർമ്മൻതമ്പാനും അടിയോടിയും ഒരു ദിക്കിലായാൽ രക്ഷിപ്പാൻ എളുപ്പമില്ലെ? ഒരു വാറോല അയച്ചതിന്നു ദേവകി വേണ്ടുവോളം പശ്ചാത്തപിച്ചിട്ടുണ്ട്. അതു മതി. ഇനി മുമ്പ് അടിയോടി നിശ്ചയിച്ച കാര്യങ്ങൾ നടക്കണം.

തക്ഷകദംശനത്താൽ ഭസ്മീഭൂതമായ വടദ്രുമം കശ്യപൻെറ മന്ത്രപ്രയോഗത്താൽ തെഴുത്തതുപോലെ, ദേവകിയുടെ കടുംക്രിയയെപ്പററിയുള്ള ദുശ്ശങ്കാവിഷത്താൽ നഷ്ടപ്രായമായ അടിയോടിയുടെ അനുരാഗദ്രുമം തമ്പുരാൻ ചെയ്ത പ്രസംഗമന്ത്രത്താൽ പുനർജ്ജീവിച്ചു.

അടി:—ഞാൻ കുറെ അധികം തെററിദ്ധരിച്ചു. ഇപ്പോൾ മാത്രമേ എല്ലാം സംഗതികളും എനിക്കു മനസ്സിലാകുന്നുള്ളു. ദേവകി അനപരാധിനിതന്നെ. അവിടുന്നു വന്നതുകൊണ്ട് എല്ലാം ഭംഗിയായി.

തമ്പു:— ആട്ടെ. എന്നാൽ കലാശം മംഗളമാകട്ടെ.

KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. MF2 Acc. No. 4595

This book should be returned on or before the date last stamped below.

18 JUN 1987

8 FEB 1988

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF2 4595

രാമൻനമ്പ്യാർ. കെ.

ഗോദവൎമ്മ